കോട്ടത്തറ ഗ്രാമപഞ്ചായത്ത്

വികസനരേഖ



ജനകീയാസൂത്രണം

139-1



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
കോട്ടത്തറ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

വികസന സെമിനാർ
1996 ഡിസംബർ 8, 9
എസ്.എ.എൽ.പി. സ്കൂൾ വെണ്ണിയോട്

എഡിറ്റോറിയൽ ബോർഡ്

പി. സുരേഷ്

വി. വിജയകുമാർ

സി.എസ്. അശോക് കുമാർ

പി. ഗംഗാധരൻ നായർ

എം. യൂസഫ്

എം.പി രാജേന്ദ്രൻ

പി.ഷംസുദ്ദീൻ മാസ്റ്റർ

പി. കൃഷ്ണദാസ്

മുഖചിത്രം

എ.കെ. ശിവദാസ്

Type Setting, Layout & Printing
SUPERTEC
Rajaji Road, Calicut-4
Phone: 723156.

ഉള്ളടക്കം

ആമുഖം	7
പഞ്ചായത്ത് പൊതുവിവരണം	9
ചരിത്രപശ്ചാത്തലം	10

സാമൂഹ്യ സാമ്പത്തിക മേഖലകൾ

1. കൃഷിയും ജലസേചനവും	14
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും	36
3. വ്യവസായം	39
4. വിദ്യാഭ്യാസം	44
5. കുടിവെള്ളവും പൊതുജനാരോഗ്യവും	52
6. ഗതാഗതം	61
7. ഊർജ്ജം	67
8. പാർപ്പിടം	69
9.സാമൂഹ്യ ക്ഷേമവും	72
10. സംസ്കാരം	76
11. വനിതാക്ഷേമം	79
12. സഹകരണം	81
13. പട്ടികജാതി പട്ടിക വർഗക്ഷേമം	84
14. വിഭവ സമാഹരണം	88
15. ഉപസംഹാരം	90

കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഭരണ സമിതി



വി.എസ്. അച്ചുതൻ
(പ്രസിഡന്റ്)



വി.ജെ. ജോസ്
(വൈസ് പ്രസിഡന്റ്)

ജുലജാ രാമചന്ദ്രൻ
(സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ)



സി.ടി. രഘുനാഥ്
(സെക്രട്ടറി)



പി.കെ. രാജൻ



വി, കുഞ്ഞബ്ദുള്ള

ഏ.കെ. ലക്ഷ്മിക്കുട്ടി

ബ്രിജിത്താ കൂര്യാക്കോസ്



വി.ജെ. ദേവസ്യ

കോട്ടത്തറ ഗ്രാമ പഞ്ചായത്ത്
ജനകീയാസൂത്രണ സമിതി അംഗങ്ങൾ

വി.സി. അച്ചപ്പൻ
(ചെയർമാൻ)

വി.ജെ. ജോസ്
(വൈ. ചെയർമാൻ)

പി. സുരേഷ്
(കൺവീനർ)

എം.യൂസഫ്
(ജോ. കൺവീനർ)

സി.ടി. രഘുനാഥ്
(സെക്രട്ടറി)

ജലജ രാമചന്ദ്രൻ

എ.കെ. ലക്ഷ്മിക്കുട്ടി

ബ്രിജീത്ത കുര്യാക്കോസ്

വി.ജെ. ദേവസ്യ

വി. കുഞ്ഞബ്ദുള്ള

പി.കെ. രാജൻ

എം. വേലായുധൻ

വി. ഡി. രാജു

കെ.ജി. ബിനു

പി. കൃഷ്ണദാസ്

കെ.എം. നാരായണൻ നായർ

വി. അബ്ദുൾ നാസർ

കെ.എ. വെള്ളൻ

ജോർജ് വാളായിൽ

പി.എൽ. ജോസ്

ആമുഖം

വികസന പ്രതിസന്ധിയെ സംബന്ധിച്ച ചർച്ചകൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. സാമ്പത്തിക രംഗത്ത് ആസൂത്രണമെന്ന ആശയം ലോകത്തിന് മുന്നിൽ ആദ്യമായി അവതരിപ്പിച്ച സോവിയറ്റ് യൂണിയന്റെ ചരിത്രം നമുക്ക് പാഠമാണ്. ഏഴ് പതിറ്റാണ്ട് മുമ്പ് സാമ്പത്തിക സാംസ്കാരിക രംഗത്ത് വളരെ താഴെ തട്ടിലായിരുന്ന സോവിയറ്റ് യൂണിയൻ സാമ്പത്തിക ആസൂത്രണത്തിലൂടെ അസൂയാവഹമായ പുരോഗതി കൈവരിച്ചു.

ഇതിന്റെ മാതൃകയിലാണ് നെഹൂറു ഇന്ത്യയിൽ പഞ്ചവത്സര പദ്ധതി തുടങ്ങിയത്. എട്ട് പദ്ധതികൾ ഇതിനകം പിന്നിട്ട് കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ വൈകല്യങ്ങൾ കാരണം നമ്മുടെ വികസന സ്വപ്നങ്ങൾ വേണ്ട വണ്ണം സാക്ഷാത്കരിക്കപ്പെട്ടില്ല. അതിരു കവിഞ്ഞ കേന്ദ്രീകരണം മൂലം ഭൂപ്രകൃതിക്കോ ജനകീയ ആവശ്യങ്ങൾക്കോ അനുസൃതമായ സ്കീമുകളല്ല നടപ്പാക്കപ്പെട്ടത്. ജന പങ്കാളിത്തമില്ലാത്തതിനാൽ പദ്ധതികളെല്ലാം ജനങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടു. ഇത് പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബ്ധിച്ചു.

കഴിഞ്ഞ 8 പദ്ധതികാലത്തും സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ കേരളം പിന്തള്ളപ്പെടുകയുണ്ടായി. നമ്മുടെ ആളോഹരി വരുമാനം ദേശീയ ആളോഹരി വരുമാനത്തിന്റെ 15 % പിന്നിലായി. എഴുപതുകളുടെ ആദ്യത്തിൽ നമ്മുടെ ദേശീയോത്പാദനം ഇന്ത്യയുടെ ന്റെ 4% മാത്രമായിരുന്നു. ഉൽപ്പാദന മേഖലയിലെ മന്ദതയും സേവന തുറകളിലെ നിലവാരത്തകർച്ചയും നമ്മുടെ വികസന സാധ്യതയെ മങ്ങലേൽപ്പിക്കുന്നു.

ദേശീയ സ്വാതന്ത്ര്യ സമരക്കാലത്ത് തന്നെ നമ്മുടെ നേതാക്കൾക്ക് ചില വികസന സങ്കൽപങ്ങളുണ്ടായിരുന്നു. ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണെന്നായിരുന്നു ഗാന്ധിജി വീശ്വസിച്ചിരുന്നത്. ഗ്രാമങ്ങളെ ഉയർത്തുകയും സ്വയം ഭരണം നൽകുകയും ചെയ്യാതെ ഭാരതത്തിന് വിജയിക്കാനാകില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. സ്വാതന്ത്ര്യത്തിന് 47 വയസ്സ് തികഞ്ഞപ്പോഴാണ് അദ്ദേഹത്തിന്റെ സ്വപ്നത്തിലുണ്ടായിരുന്ന ഗ്രാമ പഞ്ചായത്തുകൾ നിലവിൽ വന്നത്. നിലവിലുള്ള യാഥാസ്തിക വികസന സങ്കൽപങ്ങൾ തിരുത്തുകയും ജനാധിപത്യത്തിന്റെ കാവലാളുകളായ സാധാരണക്കാരിലേക്ക് വികസന പ്രക്രിയയുടെ ചുക്കാൻ നൽകുകയും ചെയ്തെങ്കിലേ 'ഗ്രാമ പഞ്ചായത്തുകൾ' എന്ന ഗാന്ധിയൻ സ്വപ്നം സഫലമാവുകയുള്ളു. ഇതിന് വേണ്ടിയാണ് ഇന്ത്യൻ ആസൂത്രണ ചരിത്രത്തിലെ നാഴികക്കല്ലായ ജനകീയാസൂത്രണ പ്രസ്ഥാനം.

ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണല്ലോ വികസനം. വികസനത്തെ സംബന്ധിച്ച ഏറ്റവും പുതിയ കാഴ്ചപ്പാടിൽ ആസൂത്രണ പ്രക്രിയക്ക് നേതൃത്വം കൊടുക്കേണ്ടത്. ജനങ്ങളാണ് വികസനം മുകളിൽ നിന്ന് താഴോട്ട് എന്നത് താഴെ നിന്നു മുകളിലോട്ട് എന്നതിന് വഴിമാറുന്നു. ഗ്രാമസഭയിലൂടെ ഓരോ ആൾക്കും ഈ പദ്ധതിയെക്കുറിച്ച് അഭിപ്രായം പറയാൻ അവസരമുണ്ടായിരുന്നു. അങ്ങനെ ഈ പദ്ധിതി ഒരു ജനകീയ പദ്ധതിയായി തീരുന്നു.

9-ാം പദ്ധതിയുടെ മുഖമുദ്ര വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവുമാണ്. പദ്ധതി അടങ്കൽ തുകയുടെ 40% പഞ്ചായത്തുകൾക്ക് നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം എപ്രകാരം പെട്ടെന്ന് നടപ്പാക്കാം എന്നതിനെകുറിച്ച് പഠിക്കാൻ സെൻ കമ്മീഷനെ നിയോഗിച്ചിരിക്കുകയാണ്. 35-40 % പദ്ധതികൾ അതത് സ്ഥലത്തെ പ്രാദേശിക സ്വയംഭരണ

സ്ഥാപനങ്ങളാണ് രൂപപ്പെടുത്തി നടപ്പാക്കുക. വിവിധ വകുപ്പുകളിലൂടെ നടത്തുന്ന മറ്റ് പ്രവർത്തനങ്ങൾ ഗ്രാമ തലത്തിലെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പുനക്രമീകരിക്കും.

വികസന പ്രശ്നങ്ങളോട് ജനങ്ങൾ പുലർത്തുന്ന നിസ്സംഗമനോഭാവം മാറ്റുകയും ഗ്രാമതലത്തിലെ സാമ്പത്തിക-ഭൗതിക-തൊഴിൽ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തെങ്കിലേ ഈ പദ്ധതി വിജയിപ്പിക്കാനാവൂ. ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ പണം, വിഭവം, അദ്ധ്വാനം എന്നിവ നൽകി ഈ പദ്ധതി വിജയിപ്പിക്കാൻ ജനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. കേരളവും ഗ്രാമ പഞ്ചായത്തുകളും അനുഭവിക്കുന്ന വികസന പ്രതിസന്ധി പരിഹരിക്കാനും പദ്ധതികൾ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുവാനും എല്ലാ വിഭാഗം ജനങ്ങളും മുന്നോട്ടു വരേണ്ടതുണ്ട്.

കേരളത്തിലെ മറ്റ് പഞ്ചായത്തുകളെ പോലെ കോട്ടത്തറ പഞ്ചായത്തിലും ആസൂത്രണ പ്രസ്ഥാനത്തിന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകാണ്. വിവിധ രാഷ്ട്രീയ പാർട്ടികളിലും യുവജന സംഘടനകളിലും പ്രവർത്തിക്കുന്നവർ സർക്കാർ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ ഇതുമായി സഹകരിക്കുന്നുണ്ട്.

1996- സെപ്തംബർ 16 ന് നടന്ന പഞ്ചായത്ത് റിസോഴ്സ് പേഴ്സൺ ക്യാമ്പിൽ 8 സ്ത്രീകൾ ഉൾപ്പെടെ 57 ആളുകൾ പങ്കെടുത്തു. 27-9-96 മുതൽ 22-10-96 വരെ 8 വാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ 616 സ്ത്രീകൾ ഉൾപ്പെടെ 2341 പേർ പങ്കെടുത്തു. ഇതിൽ 637 പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രാമസഭകളിൽ 6 ഗ്രൂപ്പുകളായി തിരിഞ്ഞ് ജനങ്ങൾ ചർച്ചകളിൽ പങ്കെടുത്തു. ഗ്രാമസഭ സംഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള ചെലവുകൾ അതാത് സ്ഥലത്തെ സ്വാഗത സംഘമാണ് വഹിച്ചത്. Nov.2 ന് രണ്ടാം ഘട്ട പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺ പരിശീലനം നടന്നു. 14 സ്ത്രീകളുൾപ്പെടെ 94 പേർ പങ്കെടുത്തു. വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും പങ്കാളികളായി. അതേ ദിവസം തന്നെ ദ്വിതീയ വിവരശേഖരണത്തിനും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും 9 ഗ്രൂപ്പുകൾ രൂപീകരിച്ചു. നവം: 8 ന് പഠന പര്യടനം നടന്നു. കുറുമ്പാലക്കോട്ട് മുതൽ പാലൂക്കര വരെയുള്ള യാത്രയിൽ ഭൂപ്രകൃതി, മണ്ണിനങ്ങൾ, കൃഷി, നീരൊഴുക്ക് എന്നിവ പഠന വിധേയമാക്കി.

നവംബർ 1 ന് നടന്ന പുനരർപ്പണ ദിനത്തിൽ എല്ലാ വാർഡിലും ഓരോ പ്രവൃത്തികൾ തുടങ്ങുകയുണ്ടായി. 5-ാം വാർഡിലെ വീട്ടിയേരി- കരിഞ്ഞകുന്ന് റോഡിന്റെ നിർമ്മാണം എടുത്ത് പറയേണ്ടതാണ്. 15 ദിവസംകൊണ്ട് 250 മനുഷ്യാധ്വാനം അതിനായി വിനിയോഗിച്ചു. ലക്ഷക്കണക്കിന് രൂപയുടെ കാർഷിക വിഭവങ്ങൾ വെട്ടിമാറ്റിയാണ് ഈ റോഡ് നിർമ്മിച്ചത്. ഈ റോഡിന്റെ പ്രവർത്തനം മറ്റ് വാർഡുകൾക്ക് മാതൃകയാണ്.

നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കാൻ പോകുന്ന വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാന രേഖയാണിത്. ഇതിൽ തെറ്റുകളില്ലെന്ന് അവകാശവാദമൊന്നുമില്ല. വിശദമായ ചർച്ചയും പഠനവും ഇതാവശ്യപ്പെടുന്നു. ഇത് തയ്യാറാക്കാൻ സഹായിച്ചവരെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഈ റിപ്പോർട്ട് വികസന സെമിനാറിന് മുന്നിൽ സമർപ്പിക്കുന്നു.



പഞ്ചായത്ത്- പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്:	കോട്ടത്തറ ഗ്രാമ പഞ്ചായത്ത്
2. ഉൾപ്പെടുന്ന വില്ലേജുകൾ :	കോട്ടത്തറ
3. ബ്ലോക്ക് പഞ്ചായത്ത്:	കൽപ്പറ്റ
4. താലൂക്ക്:	വൈത്തിരി
5. അസംബ്ലി മണ്ഡലം:	കൽപ്പറ്റ
6. വിസ്തീർണ്ണം:	31.75 ച.കി.മി.
7 അതിരുകൾ	
വടക്ക്:	പനമരം പഞ്ചായത്ത്
കിഴക്ക്:	കണിയാമ്പറ്റ മുട്ടിൽ പഞ്ചായത്ത്
തെക്ക് :	കൽപ്പറ്റ മുൻസിപ്പാലിറ്റി, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത്.
പടിഞ്ഞാറ്:	പടിഞ്ഞാറത്തറ, തരിയോട് പഞ്ചായത്തുകൾ
8. ജനസംഖ്യ:	14494
പുരുഷന്മാർ:	7248
സ്ത്രീകൾ:	7246
9. ജനസാന്ദ്രത:	355
10. അക്ഷരാഭ്യാസമുള്ളവർ:	10227
പുരുഷന്മാർ:	5507
സ്ത്രീകൾ:	4720
11. വാർഡുകൾ:	8

ചരിത്രപശ്ചാത്തലം

"കോട്ടത്തറ" ഗ്രാമത്തിന് ഈ പേര് എങ്ങിനെ വന്നു എന്ന് പല ഐതിഹ്യങ്ങളുമുണ്ട് കുറുമ്പാലക്കോട്ട കേന്ദ്രീകരിച്ചുണ്ടായ പേരാണ് കോട്ടത്തറ. കോട്ടയം രാജാവായിരുന്ന കേരളവർമ്മ പഴശ്ശിത്തമ്പുരാന്റെ അധീനതയിലായിരുന്ന വയനാട് പിടിച്ചടക്കാൻ വേണ്ടി ബ്രിട്ടീഷ് കമ്പനി സൈന്യം പഴശ്ശിക്കെതിരെ യുദ്ധം ആരംഭിച്ചു. വയനാട് വിട്ടു കൊടുക്കില്ല എന്ന വാശിയിൽ പഴശ്ശിസൈന്യം ഒളിപ്പോരാട്ടം നടത്തി കമ്പനിയുമായി ഏറ്റുമുട്ടി. പഴശ്ശിയുടെ സൈന്യം വയനാട്ടിലെ പലകേന്ദ്രങ്ങളിലും ഒളിത്താവളങ്ങളുണ്ടാക്കി. ആ കേന്ദ്രങ്ങളിൽ ഒന്ന് കുറുമ്പാലക്കുന്ന് എന്ന് ചരിത്ര രേഖകളിൽ കാണുന്ന ഇന്നത്തെ കുറുമ്പലക്കോട്ടയാണ്. ഈ കോട്ട കേന്ദ്രീകരിച്ചു ശക്തമായ പോരാട്ടം നടത്തിയിരുന്നു. കോട്ടയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന 'പടവെട്ടി' എന്ന സ്ഥലം ഈ ഏറ്റുമുട്ടലിന് സാക്ഷ്യം വഹിച്ചതായി തെളിവുകളുണ്ട്. പഴശ്ശിയുടെ മരണത്തിനുശേഷം ഈ ഒളിത്താവളങ്ങളിൽ താമസിച്ചിരുന്ന സൈന്യവും, താവഴിക്കാരും തെക്കുംതറ കുപ്പാടിത്തറ, പടിഞ്ഞാറെതറ തുടങ്ങിയ സ്ഥലങ്ങളിലേക്ക് താമസം മാറ്റി. ഇവിടങ്ങളിൽ പിന്നീട് ദേവാലയങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ചു.

വയനാട്ടിലെ ആദിമനിവാസികളിൽ ചില വിഭാഗങ്ങളായ വയനാടൻ പുലയൻ, ഊരാളിക്കുറുമൻ, പണിയൻ, നായ്ക്കൻ എന്നിവർ കോട്ടത്തറയിൽ പണ്ടുമുതലേ ഉണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. പ്രാചീന ശതകങ്ങളിൽ വയനാട് വാണിരുന്ന വേടരാജാവിന്റെ പിൻമുറക്കാരാണ് വയനാടൻ പുലയൻ എന്നു പറയപ്പെടുന്നു.

ബ്രിട്ടീഷ് കമ്പനി സൈന്യവുമായുള്ള പോരാട്ടത്തിനുവേണ്ടി പഴശ്ശിത്തമ്പുരാന്റെ ആവശ്യാർത്ഥം കുറ്റിപ്പുറം രാജാവിന്റെ സൈന്യവിഭാഗത്തിലെ തെക്കാനാരി നായർ പടയാളികളായ വില്ലാളി വീരൻമാരെ 'പെരുമ്പടവത്ത്' കേന്ദ്രീകരിപ്പിച്ചു. തമ്പുരാന്റെ കല്പന പ്രകാരം പേര്യായിൽ കൃത്യനിഷ്ഠതയിൽ ആകൃഷ്ടനായ പഴശ്ശിത്തമ്പുരാൻ സൈന്യത്തെ 'കുറിച്യർ' എന്ന് സംബോധന നല്കി എന്നാണ് സങ്കല്പം.

സൈന്യത്തിൽ ഒരു വിഭാഗം കുറുമ്പാലക്കോട്ടയിലും പഴശ്ശിക്ക് വേണ്ടി ഒളിത്താവളം ഉണ്ടാക്കി. കോട്ടത്തറയിൽ ഇന്ന് എല്ലാ പ്രദേശങ്ങളിലും കാണപ്പെടുന്ന ഈ കുടുംബാംഗങ്ങൾ പഴശ്ശിയുടെ സൈന്യത്തിന്റെ പിൻഗാമികളാണ്.

ആ കാലഘട്ടത്തിലെ ജീവിതം വളരെ ദുസ്സഹമായിരുന്നു. കൊടും തണുപ്പും, വന്യമൃഗങ്ങളുടെ ശല്യവും മൂലം ജനജീവിതം നരകയയാതനകൾ നിറഞ്ഞതായിരുന്നു. മലമ്പനിയും, പകർച്ചവ്യാധികളും ബാധിച്ചു എത്രയോപേർ മരിച്ചു പോയിട്ടുണ്ട്. പ്രകൃതിക്ഷോഭം കാരണവും ഇവിടുത്തെ കൃഷിക്കും ജീവിതത്തിനും നാശം സംഭവിച്ചിട്ടുണ്ട്.

ഇതിനൊക്കെ മുമ്പേ ഈ ഗ്രാമത്തിൽ കർണ്ണാടകക്കാരായ ജൈനമതക്കാർ വെണ്ണിയോട്, കരിങ്കുറ്റി കേന്ദ്രീകരിച്ചു ജീവിച്ചിരുന്നു. ഈ മതക്കാരുടെ വെണ്ണിയോടുള്ള ശാന്തിനാഥക്ഷേത്രത്തിന് ആയിരത്തിലധികം വർഷത്തെ പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

പഴശ്ശിയുടെ പോരാട്ടങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ ഹിന്ദുമുസ്ലീം വിഭാഗക്കാരുടെ കുടിയേറ്റവും ഉണ്ടായിട്ടുണ്ട്. കുറ്റ്യാടി, പേരാമ്പ്ര, കടത്തനാട്, വടകര, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് മുസ്ലീംകളും ഹിന്ദുക്കളും ഈ ഗ്രാമത്തിൽ കുടിയേറി പാർത്തിരുന്നു. 1921 ലെ ബ്രിട്ടീഷ് സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ഇവരാണ് കോട്ടത്തറ ദേശത്തെ ആദ്യ കാല ഭൂവുടമകൾ എന്നു കാണക്കാവുതാണ്.

അവിഞ്ഞാട്ടുനായർ, കുത്താളിനായർ, മണിയങ്കോട്ടു കൃഷ്ണനായർ, തേനമംഗലത്ത് ചാപ്പൻ നായർ, നീലഞ്ചേരി രാമൻ നായർ, ചെറക്കര കുറിച്യൻ കേളു : കുതിയൻ മൊയ്തു, തേത മംഗലത്ത്

ചന്തുക്കുട്ടിനായർ, ചക്കരതറുവയി, പത്തായക്കോടൻ മമ്മു, ബ്രഹ്മയ്യതരകൻ, മന്ദ്യത്ത് ഗോവിന്ദൻ നായർ, കരീങ്കുറ്റി സുദകകൗണ്ടൽ, കോട്ടൂർ കൗണ്ടൻ, തോണിക്കടവിൽ എങ്കിട്ട കൃഷ്ണ ഗൗഡർ, കോരം കുന്നൻ അമ്മോട്ടി, മൊയ്തു, കുട്ട്യാലി, കുനിങ്ങരത്ത് കുഞ്ഞാമിന ഉമ്മ, അനന്തയ്യൻ മകൻ കൃഷ്ണപ്പട്ടർ, കരീമ്പിച്ചി കുങ്കൻ തുടങ്ങിയവർ ഈ ഭൂവുടമകളിൽ ചിലരാണ്. കൂടാതെ നീരൂർ ദേവസ്വം, വസ്തിദേവസ്വം, കുറുങ്ങാലൂർ ദേവസ്വം, അയ്യോത്ത് കാവ് ദേവസ്വം, കുറുമ്പാലക്കോട്ട എന്നിവയുടെ വകയായും ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു.

1921 ലെ ബ്രീട്ടിഷ് സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം കോട്ടത്തറ ദേശത്ത് 1132 പുരുഷന്മാരും 973 സ്ത്രീകളുമടക്കം 2105 ആയിരുന്നു ജനസംഖ്യ. ഹിന്ദുക്കൾ 1617 ഉം മുസ്ലീംകൾ 374 ഉം മറ്റുള്ളവർ 114 ഉം ആയിരുന്നു. അക്കാലത്ത് നെൽകൃഷി 1291 ഏക്കർ സ്ഥലത്തും മുത്താറി 225 ഏക്കറിലും കുരുമുളക് 348 ഏക്കറിലും കരിമ്പ് 4 ഏക്കറിലും കാപ്പി 50 ഏക്കറിലും വാഴ 125 ഏക്കറിലും ആയി മൊത്തം 2043 ഏക്കർസ്ഥലത്ത് കൃഷികൾ നടത്തിയിരുന്നു എന്ന് രേഖകളുണ്ട്.

ഭൂമിയുടെ മൊത്തം വിസ്തൃതി 7834 ഏക്കർ ആയിരുന്നു. ഏതാണ്ട് 5000 ഏക്കർസ്ഥലം നിബിഡ വനമായിരുന്നു. എന്നിരുന്നാലും കാളകളും പോത്തുകളും കൂടി 660 എണ്ണവും പശുക്കൾ 389 ഉം എരുമകൾ 213 ഉം കന്നുകിടാങ്ങൾ 629 ഉം കോലാട് ചെമ്മരിയാട് എന്നിവ 28 ഉം ഉണ്ടായിരുന്നതായി രേഖയിൽ കാണുന്നുണ്ട്. കലപ്പകൾ 315 ഉം കാളവണ്ടികൾ 3 ഉം ആകാലത്ത് ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. സർക്കാർ നികുതി ഇനത്തിൽ 4420 രൂപ 8 അണയും ഈ ഗ്രാമത്തിൽ നിന്നു പിരിച്ചതായ റിക്കാർഡുകൾ ഉണ്ട്. 107 സ്വന്തം പട്ടയം കിട്ടിയവരും 268 കൂട്ടുപട്ടയം കിട്ടിയവരും അക്കാലത്ത് ഇവിടെ ഉണ്ട്ടായിരുന്നു.

വയനാട് താലൂക്ക് ബോർഡിന്റെ വകയായി 2 സ്ക്കൂളുകൾ ഈ ഗ്രാമത്തിൽ സ്ഥാപിക്കുകയുണ്ടായി. അതാണ് ഇന്നത്തെ ഗവ. യു. പി. സ്ക്കൂൾ കോട്ടത്തറയും ഗവ. എൽ. പി. സ്ക്കൂൾ മടക്കിമലയും. കോട്ടത്തറ ദേശം നിലവിൽ വന്നതിനുശേഷം തേതമംഗലത്ത് ചന്തുക്കുട്ടി നായരായിരുന്നു അംശം അധികാരി. ഇക്കാലത്താണ് വെണ്ണിയോട് കേന്ദ്രമായി കോട്ടത്തറപോസ്റ്റാഫീസ് നിലവിൽ വന്നത്.

1940 മുതൽ ഈ ഗ്രാമത്തിലെ മാടക്കുന്ന്, അരമ്പറ്റക്കുന്ന്, മെച്ചന, കുറുമ്പാലക്കോട്ട, മൈലാടി, പള്ളിക്കുന്ന്, വണ്ടിയാമ്പറ്റ,, ചീരാത്ത് എന്നിവിടങ്ങളിൽ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും മറ്റും ധാരാളം കുടിയേറ്റക്കാർ വന്നു താമസമാക്കി. ഇവരുടെ വരവ് ഇവിടുത്തെ ജനസംഖ്യയിൽ വർദ്ധനവ് ഉണ്ടാക്കി. കൃഷി മേഖലയിൽ മാറ്റങ്ങളുണ്ടായി എന്നതിന് പുറമെ കൊടുംകാടുകൾ വെട്ടിത്തെളിച്ചു കൃഷിഭൂമികളാക്കുകയും ചെയ്തു.

മധുരനാരങ്ങ, മരച്ചീനി, വാറ്റുപുല്ല്, മലനെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ വ്യാപകമായി കൃഷി ചെയ്തു. അതേ സമയത്തു തന്നെ ജന്മി കുടിയാൻ മേഖലയിലും പ്രശ്നങ്ങളുണ്ടായി. കുടികിടപ്പവകാശത്തിനും, കൃഷിഭൂമിയിൽ സ്ഥിരാവകാശത്തിനും വേണ്ടിയുള്ള സമരങ്ങളും മറ്റും അങ്ങിങ്ങായി ഉണ്ടായിരുന്നു. കൂട്ടക്കൽ സമരം, കിളക്കിമൊട്ടൻകുന്ന് പണിയരുടെ സമരം ഇതിന്നുദാഹരണങ്ങളായിരുന്നു. ഈ ഘട്ടത്തിൽ നടന്ന സമരങ്ങളുടെ പേരിൽ പലർക്കും ജയിൽ വാസം വരെ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കുറുമ്പാലക്കോട്ടയിലെ നെടുമലയിൽ ദേവസ്യ, മുഴങ്കാട്ടിൽ തോമസ് എന്നിവരുടെ ചരിത്രം ഇതിന്നുദാഹരണങ്ങളാണ്.

സാമ്രജത്വവിരുദ്ധ, ജന്മിത്വവിരുദ്ധ പോരാട്ടത്തിൽ പങ്കെടുത്തവരും ഭരണകൂടത്തിന്റെ ധിക്കാരനയങ്ങൾക്കെതിരെ പടനയിച്ചവർക്ക് ഒളിത്താവളങ്ങൾ നൽകിയ ഈ ഗ്രാമത്തെക്കുറിച്ച് നമുക്ക് അഭിമാനിക്കാം.

സാമ്രാജ്യത്ത വിരുദ്ധ, ജന്മിത്വ വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം കൊടുത്ത E.K. നായനാർ, M.V രാഘവൻ, പുത്തലത്ത് നാരായണൻ തുടങ്ങിയവർ കോട്ടത്തറ-മന്ദലം ഭാഗത്ത് ഒളിവിൽ കഴിഞ്ഞിട്ടുണ്ട്.

ഐക്യകേരളപ്പിറവിക്കു ശേഷം ജന്മിത്വം അവസാനിപ്പിക്കുകയും കൃഷിഭൂമിയിൽ കൃഷിക്കാരന് സ്ഥിരാവകാശം കിട്ടുകയും ചെയതതോടു കൂടി പല മാറ്റങ്ങളും ഈ ഗ്രാമത്തിനുണ്ടായി. 1963 ൽ പുതിയ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. M.A. ധർമ്മരാജയ്യരായിരുന്നു ഈ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട്. ഇന്നത്തെ കുപ്പാടിത്തറ, വെങ്ങപ്പള്ളി കോട്ടത്തറ എന്നീ മൂന്നു വില്ലേജുകൾ ഉൾപെടുന്നതായിരുന്നു കോട്ടത്തറ പഞ്ചായത്ത്. അന്നും വാർഡുകൾ 8 ആയിരുന്നു. പിന്നീട് പ്രസിഡണ്ട് ധർമ്മരാജയ്യർ രാജിവെച്ച ഒഴിവിൽ കുപ്പാടിത്തറക്കാരനായ P. J.ജോസഫ് പ്രസിഡണ്ടായി നിയമിതനായി. 1968 ൽ പടിഞ്ഞാറത്തറ കുപ്പാടിത്തറ വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ട് പടിഞ്ഞാറത്തറ പഞ്ചായത്ത് നിലവിൽ വരികയും കോട്ടത്തറ പഞ്ചായാത്തിന്റെ പ്രസിഡണ്ടായിരുന്നു പി. ജെ. ജോസഫ് പടിഞ്ഞാറത്തറ പഞ്ചായത്തിന്റെ പ്രസിഡണ്ടായി. പിന്നീട് കോട്ടത്തറ

വേങ്ങപ്പള്ളി വില്ലേജുകൾ ഉൾപ്പെട്ട കോട്ടത്തറ പഞ്ചായത്തിന്റെ പ്രസിഡന്റായി പി. സി. മാധവൻ നായർ നിയമിതനായി. വീണ്ടും 1978ൽ വെങ്ങപ്പള്ളി കോട്ടത്തറ വില്ലേജുകൾ വിഭജിച്ചു. രണ്ടു പഞ്ചായത്തുകൾ നിലവിൽ വന്നു. കോട്ടത്തറ പഞ്ചായത്ത് പ്രസിഡണ്ടായി വള്ളി ഇബ്രാഹിം ഹാജി നിയമിതനായി. നീണ്ട 16 വർഷത്തിനുശേഷം 1979ൽ പഞ്ചായത്ത് തിരഞ്ഞെടുപ്പു നടക്കുകയും ശ്രീ. വി. ഡി. തോമസ് പ്രസിഡണ്ടായും കോട്ടത്തറ പഞ്ചായത്ത് നിലവിൽ വന്നു. പിന്നീട് 1988ൽ നടന്ന തിരഞ്ഞെടുപ്പിൽ ജോർജ് വാളായിൽ പ്രസിഡണ്ടായി പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റെടുത്തു.

ഈ പഞ്ചായത്തിന്റെ കാർഷിക, വിദ്യാഭ്യാസ, സാമൂഹ്യസാംസ്കാരിക രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ നാളിതുവരെ ഉണ്ടായിട്ടുണ്ട്. കാർഷിക മേഖലയിൽ പുതിയ പരിഷ്കരണങ്ങളും രീതികളും സ്വീകരിച്ചു. കാർഷിക വികസന സമിതികൾ, കൃഷിഭവൻ എന്നിവയുടെ പ്രവർത്തനം കൃഷിക്കാരിലെത്തി. വിദ്യാഭ്യാസമേഖലയിൽ മങ്കുഴി വി. അബൂബക്കർ സ്ഥാപിച്ച വാളൽ A U P സ്കൂൾ, കസ്തൂർ ബാട്രസ്റ്റിന്റെ വെണ്ണിയോട്, കരിങ്കുറ്റി എന്നിവിടങ്ങളിലെ 2 S A L P സ്കൂൾ, കരിങ്കുറ്റി ഗവ: ഹൈസ്കൂൾ എന്നിവ കൂടി നിലവിൽ വന്നു. സാംസ്കാരിക രംഗത്ത് വായനാശാലകൾ, ക്ലബ്ബുകൾ, നാടകസംഘങ്ങൾ എന്നിവ രൂപംകൊണ്ടു. മൺമറഞ്ഞു പോയവരായ കളത്തിൽ ചാപ്പുണ്ണിനായർ, മങ്കുഴി അബൂബക്കർ, ബ്രഹ്മസൂരയ്യ തരകൻ, ആദിരാജ് തരകൻ, വി. ബി. പത്മരാജയ്യ, മലക്കോട്ടൂർ അപ്പച്ചൻ, മുണ്ടോളി സൂപ്പി മാസ്റ്റർ, ഇബ്രാഹിംഹാജി, മുല്ലൂർ ഉതുപ്പാൻ, എം. പത്മനാഭൻ നായർ, ടി. എം. മാത്യു, കിണ്ണംപാടി വിജയരാജു തരകൻ, പാത്തിക്കൽ ഗോപാലൻ നായർ തുടങ്ങിയവരും ഇന്ന് ജീവിച്ചിരിപ്പുള്ള ആനേരി ചന്തു, കെ. ചന്ദ്രപ്രഭ ഗൗഡർ, വളവനാൽ സ്കറിയ, വി. കെ. ശ്രീധരൻ എന്നിവരുടെ സാമൂഹ്യ സാംസ്കാരിക മേഖലകളിലെ സേവനം കോട്ടത്തറയുടെ വികസനത്തിന് സഹായിച്ചിട്ടുണ്ട്.

വികസനത്തിന്റെ കാര്യത്തിൽ വലിയ നേട്ടങ്ങളൊന്നും കോട്ടത്തറക്കാർക്ക് നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ചില നേട്ടങ്ങൾ ഈ ഗ്രാമത്തിന്റെ വികസനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് വാളൽ പ്രൈമറി ഹെൽത്ത് സെന്റർ, വെണ്ണിയോട് ഹോമിയോ ഡിസ്പെൻസറി, ആയുർവേദത്തിന് ചീറാകത്ത്, മെച്ചന എന്നിവിടങ്ങളിലെ ഡിസ്പെൻസറികൾ 4 സബ്സെന്ററുകൾ എന്നിവ നമുക്കുണ്ട്.

യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും വെണ്ണിയോട് വലിയ പുഴക്കും, ചെറിയ പുഴക്കും രണ്ടു മേജർ പാലങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഊട്ടുപാറ-പെരുലോട്ട് റോഡ്, PWD ഏറ്റെടുത്തിട്ടുണ്ട്. വലിയ രണ്ടു പുഴകൾ എട്ടു വാർഡുകളേയും തൊട്ടു കടന്നുപോകുന്നുണ്ടെങ്കിലും അനുഗ്രഹീതമായ ജലസമ്പത്ത് നമുക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഉയർന്ന കുന്നിൻ പ്രദേശങ്ങളും, വയലേലകളും നിറഞ്ഞ ഈ ഗ്രാമത്തിന്റെ ഭൂപ്രകൃതി ശരിയായരീതിയിൽ നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയണം. ജനസംഖ്യയിൽ നല്ലൊരു വിഭാഗമായ പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്ക് വിവിധ ഏജൻസികളിലൂടെ ധാരാളം വീടുകൾ ഇക്കാലയളവിൽ അവർക്ക് ലഭിച്ചിട്ടുണ്ട്. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും, കുടിവെള്ളം, വൈദ്യുതി എന്നീ കാര്യത്തിലും ഒരു പരിധിവരെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇവരുടെ മേഖലകളിൽ പ്രശ്നങ്ങൾ ഇനിയും ധാരാളം പരിഹരിക്കാനുണ്ട്. കോട്ടത്തറയിലെ ജനങ്ങളുടെ കുടിവെള്ളം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഗ്രാമീണ ശുദ്ധജല പദ്ധതി ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിന്റെ ഇന്നത്തെ പേരായ്മ പരിഹരിക്കപ്പെടേണ്ടതാണ്. പ്രകൃതിസമ്പത്ത് ഇനിയും നമ്മുടെ ഈ ഗ്രാമത്തിൽ മനുഷ്യ ഉപയുക്തമാകാതെ കിടക്കുന്നുണ്ട്. കുറുമ്പാലക്കോട്ടയിലെ പ്രകൃതിദത്ത ജലസ്രോതസ്സ്, മടക്കിമലയിലെ പ്രകൃതിദത്ത ജലസ്രോതസ്, കള്ളംവെട്ടിയിലെ പ്രകൃതിദത്തമായ കരിങ്കുളം എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്.

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന ഇന്നത്തെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ജനങ്ങളുടെ കൂട്ടായ സഹകരണത്തിലൂടെ ഈ ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റാനുള്ള യജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം.



സമുദ്ര സമസ്യകൾ

ഇടപെടലുകൾ



കൃഷിയും ജലസേചനവും

a കൃഷി

കോട്ടത്തറ ഗ്രാമ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയാണ്. കുന്നിൻ പ്രദേശങ്ങളും നെൽവയലുകളും ഇടവിട്ട് കാണപ്പെടുന്നു എന്നുള്ള താണ് ഇവിടുത്തെ ഒരു പ്രത്യേകത. നെൽവയലുകൾ പാലക്കാട്ടേയോ കുട്ടനാട്ടിലെയോ പോലെ വളരെ വിസ്തൃതമായ രീതിയിൽ ഇവിടെ കാണപ്പെടുന്നില്ല. ജനങ്ങളുടെ മുഖ്യ ജീവനോപാധി പഴയകാലത്തും ഇന്നും കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു മേഖലകളുമാണ്. സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം അടിയിലധികം ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ഭൂപ്രദേശമാണിത്. പഞ്ചായത്തിലെ കുറുമ്പാലക്കോട്ട പ്രദേശം വീണ്ടും 500 അടികൂടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. കബനീ നദിയുടെ പോഷക നദികളായ ചെറിയ പുഴയും വലിയ പുഴയും കൽപ്പറ്റയിൽ നിന്നും വൈത്തിരിയിൽ നിന്നും ആവിർഭവിച്ച് പഞ്ചായത്തിന്റെ നടുവിൽക്കൂടി യഥാക്രമം അഞ്ചും നാലും കിലോമീറ്റർ ഒഴുകി പനമരം പുഴയിൽ ചേരുന്നു.

പഞ്ചായത്തിൽ ആകെയുള്ള 4374 ഭൂഉടമകളിൽ 3072 പേർ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. ബാക്കിയുള്ള 1275 പേരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളാണ്. ഇതു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

(അവലംബം കൃഷിഭവൻ രേഖകൾ)

ആദ്യകാലത്ത് പഞ്ചായത്തിൽ കൃഷി എന്നതു കൊണ്ട് വിവക്ഷിച്ചിരുന്നത് നെൽകൃഷിയെ ഉദ്ദേശിച്ചു മാത്രമായിരുന്നു. അക്കാലത്ത് കൃഷിക്കാരന്റെ മുഖ്യ വരുമാന മാർഗ്ഗവും നെൽകൃഷി തന്നെയായിരുന്നു. ജലസേചന സൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്ത് കൃഷിക്കാർ മഴയെ മാത്രം ആശ്രയിച്ചായിരുന്നു നെൽകൃഷി നടത്തി വന്നിരുന്നത്. അക്കാലത്ത് കൃഷിക്കാർ തങ്ങളുടെ പെൺമക്കളെ കല്യാണം കഴിച്ചയക്കുമ്പോൾ ആൺ വീട്ടിലെ വൈക്കോൽത്തുറുവിന്റെ വലിപ്പവും തൊഴുത്തിലെ കന്നുകാലികളുടെ എണ്ണവും അന്വേഷിപ്പിക്കുന്ന പതിവുണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. നെൽകൃഷിക്ക് കൃഷിക്കാർ എന്തുമാത്രം പ്രാധാന്യം അക്കാലത്ത് കൽപ്പിച്ചിരുന്നു എന്നുള്ളതിലേക്ക് വിരൽ ചൂണ്ടുന്ന ഉദാഹരണമായി ഇതു കണക്കാക്കാവുന്നതാണ്. ഇന്നു നെൽ വയലുകൾ നേന്ത്രവാഴക്കു മറ്റു നാണ്യവിളകൾക്കും വഴിമാറിയതു കാണുമ്പോൾ പഴയകാലത്തെ ഇതുപോലുള്ള പല സംഭവങ്ങളും പഴമക്കാർ നെടുവീർപ്പോടെ വിവരിക്കുന്നതു കേൾക്കാം.

ഏതാണ്ട് 40-50 വർഷങ്ങൾക്കു മുൻപുവരെ ഇവിടുത്തെ ഭൂമി മുഴുവനും വിരലിലെണ്ണാവുന്ന ജന്മിമാരുടെ കൈവശത്തിലായിരുന്നു. ഭൂപരിഷ്ക്കരണം നടപ്പിലായതോടു കൂടി കൃഷി ഭൂമി കൃഷിക്കാരന് സ്വന്തമാവുകയും കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവ്വ് തന്നെ പ്രകടമാവുകയും ചെയ്തു.

വില്ലേജ്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ			ഉടമസ്ഥതരുടെഎണ്ണം					
	പുരയിടം	നിലം	പുറമ്പോക്ക്	1-10 സെന്റ്	10-50 സെന്റ്	50-100 സെന്റ്	1-2ഏക്കർ	2-5	5മേൽ
കോട്ടത്തറ	5628	1919	323	1275	476	636	753	950	433

പഴയ കാലത്ത് വളരെയേറെ രോഗപ്രതിരോധ ശേഷി ആർജ്ജിച്ചിരുന്നതും പ്രതികൂല കാലാവസ്ഥയെ നേരിടുന്നതിനുള്ള കഴിവും ഉണ്ടായിരുന്ന നാടൻ നെൽ വിത്തിനങ്ങളായ വെളിയൽ, തൊണ്ടി, ചോമാല, ചെന്നെല്ല്, കല്ലടിയാര്യൻ, കൊച്ചുവിത്ത്, വെള്ളപ്പുഞ്ച, നവരനെല്ല്, ചെമ്പത്തി, കർത്തൻ എന്നിവയും വയനാടിന്റെ തനതു സുഗന്ധ നെൽ വിത്തിനങ്ങളായ ഗന്ധക ശാല, ജീരക ശാല തുടങ്ങിയവയുമായിരുന്നു കൃഷിക്കാർ ഉപയോഗിച്ചു വന്നിരുന്നത്. രാസവളമൊ കീടനാശിനിയൊ ഉപയോഗിക്കാത്തതികച്ചും പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന കൃഷി രീതികളായിരുന്നു അക്കാലത്ത് അവലംബിച്ചു വന്നിരുന്നത്. വളപ്രയോഗത്തിനു വേണ്ടി ജൈവവളങ്ങൾ മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. കീടബാധക്കെതിരെ ചില നടൻ രീതികൾ അവലംബിച്ചു വന്നിരുന്നു. അതായത് കാട്ടു കർപ്പൂരം, കാട്ടുപുകയില, തേരകത്തിന്റെ ഇല തുടങ്ങിയവയും ചാരം വിതറൽ തുടങ്ങിയവ ഇന്നത്തെ യൂറിയ പ്രയോഗത്തിനു പകരം അന്നു ചാണകം കലക്കിയൊഴിക്കുന്ന രീതിയായിരുന്നു നിലവിവുണ്ടായിരുന്നത്.

ഇന്നത്തെ പരിഷ്കൃത ലോകത്തിന് സങ്കല്പിക്കാൻ പോലും കഴിയാത്ത ചില കൂട്ടായ കാർഷിക പ്രവർത്തനങ്ങൾ ഇവിടങ്ങളിൽ നിലവിവുണ്ടായിരുന്നത് പഴമക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞത് ഇവിടെ ചേർക്കുന്നു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ നൃത്തവും പാട്ടുമായി നൂറുക്കണക്കിന് ആദിവാസി ത്തൊഴിലാളികൾ ഒന്നിച്ചണിനിരക്കുന്ന നടീൽ ഉത്സവം(കമ്പളം) ഇന്നത്തെ പുത്തൻ തലമുറക്ക് കേൾക്കാൻ ഇമ്പമുള്ള കഥകളായി മാത്രം അവശേഷിച്ചിരിക്കുകയാണ്.

ഇക്കാലത്ത് പലവർഷങ്ങളിലും കൊടും വരൾച്ചയുടെ പിടിയിൽ അമരുന്ന നമ്മൾ അക്കാലത്തെ ജല സംഭരണ രീതിയെക്കുറിച്ച് ഓർക്കുന്നതു നന്നായിരിക്കും. 'തലക്കുളങ്ങൾ' എന്ന പേരിൽ എല്ലാ പാടശേഖരങ്ങളിലും നിറഞ്ഞൊഴുകുന്ന കുളങ്ങൾ സംരക്ഷിച്ചു വന്നിരുന്നു. ഇതിൽ നിന്നുള്ള ജലം വേനൽക്കാലം മുഴുവൻ അതാതു പാടശേഖരങ്ങളിലെ കൊടും വരൾച്ചയെ ചെറുക്കുന്നതിനു മതിയാകുമായിരുന്നു. ഇന്ന് ഇത്തരം കുളങ്ങൾ മുഴുവൻ നികത്തി നേന്ത്രവാഴയും കമുകും നട്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

ട്രാക്ടറുകളും മറ്റു മെതി യെന്ത്രങ്ങളും ഇല്ലാതിരുന്ന അക്കാലത്ത് ഏക്കറുകളോളം വരുന്ന വയലിലെ നെല്ല് ഒന്നിച്ചു മെതിച്ചെടുക്കുന്നതിന് 'ഒക്കൽ' എന്ന പേരിൽ കന്നുകാലികളെ കുറെയെണ്ണത്തിനെ കൂട്ടിക്കെട്ടി നടത്തിച്ചിരുന്ന രീതി ഇക്കാലത്ത് ഇവിടങ്ങളിൽ വളരെ അപൂർവ്വമായി മാത്രമെ കാണാൻ കഴിയുന്നുള്ളു.

കച്ചവട സ്ഥാപനങ്ങളൊന്നും ഇവിടങ്ങളിൽ ഇല്ലാതിരുന്ന ആദ്യകാലങ്ങളിൽ കൃഷിക്കാർ തങ്ങളുടെ ഉല്പന്നങ്ങൾ തലച്ചുമടായി കല്പറ്റ ആഴ്ച ചന്തയിൽ എത്തിക്കുകയും ഒരാഴ്ചത്തേക്ക് തങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ വാങ്ങി തലച്ചുമടായി ത്തന്നെ തിരിച്ചു പോരികയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ രീതി മാറുകയും ആദ്യം കാളവണ്ടിയും കുറച്ചു കൂടി കഴിഞ്ഞപ്പോൾ മോട്ടോർ വാഹനങ്ങളും ഉപയോഗത്തിൽ വരികയും ചെയ്തു.

കാലം മുന്നോട്ടു പോവുകയും ഇന്നാട്ടിലെ കൃഷി രീതികളിലും ജീവിത സമ്പ്രദായങ്ങളിലും കാതലായ മാറ്റങ്ങൾ വന്നു തുടങ്ങുകയും ചെയ്തു. പല മാറ്റങ്ങളും നാടിന്റെ മൊത്തത്തിലുള്ള വികസനത്തെ ഗണ്യമായി സഹായിച്ചുവെങ്കിലും പഴയ കാല വിത്തിനങ്ങളും കൃഷിരീതികളും അപ്രത്യക്ഷമായതോടെ കാർഷിക രംഗത്ത് പുത്തൻ പ്രശ്നങ്ങളും പ്രതിസന്ധികളും ഉടലെടുക്കുകയും ചെയ്തു. പുതിയയിനം വിത്തിനങ്ങളുടെ വരവോടെ രോഗപ്രതിരോധ ശേഷി കൂടിയ നമ്മുടെ നാടൻ വിത്തിനങ്ങൾ വിസ്മരിക്കപ്പെട്ടു. അതു പോലെ രാസവളങ്ങളുടേയും കീടനാശിനികളുടേയും ആവിർഭാവത്തോടെ ജൈവ വളങ്ങളുടേയും കീടനിയന്ത്രണത്തിനായുള്ള നാടൻ രീതികളുടെ പ്രയോഗത്തേയും കൃഷിക്കാർ കുറച്ചുകൊണ്ടു വരികയും ചെയ്തു. അതു നമ്മുടെ പരിസ്ഥിതിയേയും മണ്ണിനേയും കാര്യമായി ദുഷിപ്പിച്ചു എന്നു പറയാതെ നിവൃത്തിയില്ല.

വന നശീകരണവും പരിസ്ഥിതിയെ പാടെ മറന്നു കൊണ്ട് നാമവലംബിച്ച കൃഷിരീതികളും മൂലം പണ്ട് വയനാടൻ കാപ്പിത്തോട്ടങ്ങളിൽ സമൃദ്ധമായി കായിച്ചു നിന്നിരുന്ന ഓറഞ്ചു മരങ്ങൾ ഒന്നു പോലുമവശേഷിക്കാതെ നാമാവശേഷമായത് നമുക്കേവർക്കും എന്നു മൊരു പാഠമായിരിക്കേണ്ടതാണെന്ന് തോന്നുന്നു.

ഒരു കാലത്ത് വിദേശികളെപ്പോലും ഇങ്ങോട്ടാകർഷിക്കുകയും കേരളത്തിന് ധാരാളം വിദേശനാണ്യം നേടിത്തരികയും ചെയ്ത കറുത്ത പൊന്നെന്ന പേരിൽ അറിയപ്പെട്ടിരുന്ന കുരുമുളക് തോട്ടങ്ങൾ ഒന്നൊന്നായി വയനാട്ടിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതും അമിതമായ രാസവള പ്രയോഗവും പരിസ്ഥിതിയെ ദുഷിപ്പിക്കുന്ന രീതിയിലുള്ള കൃഷി രീതികളും മൂലം നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന ആപത്തുകളിൽ ഒന്നാണ്.

കാലാവസ്ഥ : കേരളത്തിൽ മാത്രം കാണപ്പെടുന്ന വേനൽ മഴ എന്ന പ്രതിഭാസം ഇവിടെ സാധാരണയായി മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിലായി ലഭിച്ചു വരുന്നു. തെക്കുപടിഞ്ഞാറൻ കാലവർഷം സാധാരണയായി ജൂൺ ആദ്യവാരത്തിൽ ആരംഭിച്ച് ഒക്ടോബർ ആദ്യം വരെ ലഭിക്കാറുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിൽ സമൃദ്ധമായും ഡിസംബറിൽ അപൂർവ്വമായും തുലാവർഷവും ലഭിക്കാറുണ്ട്. ഇതിൽ മുൻവർഷങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടുത്തെ ശരാശരി വാർഷിക വർഷപാതം 200-300 CM ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

ആകെയുള്ള മഴയുടെ അളവ് കൂടുതലാണെങ്കിലും ഇന്നാട്ടിലെ കൃഷികൾക്കനുയോജ്യമായ വിധത്തിൽ ഓരോ മാസത്തിലും വേണ്ടത്ര അളവിലല്ല മഴ ലഭിക്കുന്നത് എന്നത് വലിയൊരു പോരായ്മയായി അനുഭവപ്പെടുന്നുണ്ട്. ദീർഘമായ വേനലും അതിനു ശേഷമുള്ള പെരും മഴയും മഴ വെള്ളം പാഴാവുന്നതിന് കാരണമാകുന്നുണ്ട്. വാർഷിക താപനില, കുറഞ്ഞ ഊഷ്മാവ് 18 C ഉം കൂടിയ താപനില 23 C-28 C ഉം ആയി കണക്കാക്കിയിരിക്കുന്നു.

മൺതരങ്ങൾ

ചെമ്മണ്ണ്, പശിമരാശി മണ്ണ്, കല്ലും ചരലും കലർന്ന മണ്ണ്, എക്കൽ മണ്ണ്, മണൽ കലർന്ന എക്കൽ മണ്ണ് എന്നിവയാണ് പ്രധാനമായും കാണപ്പെടുന്ന മൺതരങ്ങൾ. ഇതിൽ കല്ലും ചരലും കലർന്ന മണ്ണ് പ്രധാനമായും കാണപ്പെടുന്നത് പഞ്ചായത്തിലെ 3ാം വാർഡിൽപ്പെടുന്ന കുറുമ്പാലക്കോട്ട ഭാഗത്താണ്. മറ്റുള്ള കുന്നിൻ പ്രദേശങ്ങളിൽ അധികവും കാണപ്പെടുന്നത് ചെമ്മണ്ണും പശിമരാശി മണ്ണുമാണ്. കേരളത്തിൽ മറ്റു ജില്ലകളിലേതുപോലെ, വയനാട്ടിൽ പൊതുവെയും കോട്ടത്തറ ഭാഗത്തും ഒരു പ്രദേശത്തു മുഴുവനായും ഒരേ തരം മണ്ണ് കാണപ്പെടുന്നില്ല എന്നത് എടുത്തു പറയേണ്ടതാണ്.

ഒരു കുന്നിൻ പ്രദേശത്തിന്റെ തന്നെ വിവിധ ചെരിവുകളിൽ വിവിധ തരം മണ്ണാണ് കാണപ്പെടുന്നത്. അതുപോലെ തന്നെ വിവിധ മൺ തരങ്ങൾ ഒരേസ്ഥലത്തു തന്നെ വിവിധ അടുക്കുകളിലായി കാണപ്പെടുന്ന ഒരു പ്രത്യേക പ്രതിഭാസവും ഇവിടങ്ങളിലുണ്ട്. പൊതുവെ പറഞ്ഞാൽ ജലസംഗ്രഹണ ശേഷി കുറഞ്ഞ എളുപ്പത്തിൽ ഉറച്ചു പോകുന്ന പശിമരാശി മണ്ണാണ് പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്നത്. വേണ്ടത്ര കുമ്മായമൊ ജൈവവളങ്ങളൊ ഉപയോഗിക്കാതെയുള്ള തുടർച്ചയായ രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം പടിപടിയായി വർദ്ധിച്ചു വരുന്ന ആപൽക്കരമായ സ്ഥിതി വിശേഷം ഇവിടങ്ങളിൽ നിലവിലുണ്ട് എന്നു തന്നെ പറയാം. അതായത് മണ്ണിന്റെ 'പി.എച്ച്' വർഷം ചെല്ലും തോറും കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു.

പഞ്ചായത്തിൽ ആകെ 1540 ഹെക്ടർ കരഭൂമി കൃഷിയോഗ്യമായുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. ഇതു കൂടാതെ 850 ഹെക്ടറോളം വയലുകളും ഇവിടെയുണ്ട്. കരഭൂമിയിൽ ഏറ്റവുമധികം കൃഷി ചെയ്യപ്പെടുന്ന വിളകൾ മുൻഗണനാക്രമത്തിൽ കാപ്പി, കുരുമുളക്, തെങ്ങ്, റബ്ബർ, കമുക് മുതലായവയാണ് ഇതിൽ തന്നെ പലതും ഇടവിളയായും തനിവിളയായും കൃഷിചെയ്യപ്പെടുന്നുണ്ട്. കരഭൂമിയിൽ പലതരം വിളകൾ ഒരേ സമയം കൃഷിചെയ്യുന്ന സമ്മിശ്ര കൃഷി രീതിയാണ് കൂടുതലും കാണണപ്പെടുന്നത്

ആകെയുള്ള വയലുകളിൽ ഭൂരിഭാഗവും ഒരുപ്പു നിലണളാണ് ജലസേചനസൗകര്യത്തിന്റെ കുറവു നിമിത്തമാണ് പലസ്ഥലച്ചും രണ്ടാം കൃഷി ചെയ്യാൻ കഴിയാതിരിക്കുന്നത്. നെൽ വയലുകൾ നേന്ത്ര വാഴ കൃഷിക്കായി വഴിമാറിക്കൊണ്ടിരിക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി അത്ഭുതപ്പെടുന്ന വിധം വളർന്നുകൊണ്ടിരിക്കുകയാണ് നെൽകൃഷിയിൽ നിന്നുള്ള ആദ്ദായക്കുറവും നേന്ത്ര വാഴകൃഷിയിൽ നിന്നുള്ള പ്രലോഭിപ്പിക്കുന്ന രീതിയിലുള്ള വരുമാനവും കൃഷിക്കാരെ ഇതിനായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ നെൽവയലുകൾ സ്ഥിരമായി നികത്തി ഗൃഹനിർമ്മാണവും കമുകു തുടങ്ങിയ തോട്ടവിളകളും കൃഷിചെയ്യുന്നതിനുള്ള പ്രവണത മറ്റു ജില്ലകളുടെ യത്രയില്ലങ്കിലും ഇവിടെയും കുറച്ചൊക്കെ കാണപ്പെടുന്നുണ്ട്.

വിവിധ വിളകൾ

1. കാപ്പി.

നാണ്യ വിളകളിൽ വയനാട്ടിൽ വ്യാപകമായി കൃഷി ചെയ്യപ്പെടുന്ന ഒന്നാണ് കാപ്പി. പഞ്ചായത്തിലെ കാപ്പിത്തോട്ടങ്ങളിൽ ഇടവിഴയായി കുരുമുളക്, തെങ്ങ്, കമുക് തുടങ്ങിയ അനേകം കൃഷികൾ ഇടവിളയായി ചെയ്തു വരുന്നു. ഒരു കാലത്ത് വയനാട്ടിൽ എല്ലാ പ്രതീക്ഷയോടും കൂടി ആരംഭിച്ച കാപ്പികൃഷി കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കു മുൻപു വരെ വലിയ പ്രതിസന്ധിയിലൂടെ കടന്നു പോവുകയായിരുന്നു. അറുപതുകളിൽ ഇവിടെ വ്യാപകമായി ആരംഭിച്ച കാപ്പികൃഷി ഇക്കാലം വരെ ഇവിടെ നില നിന്നു എന്നുള്ളതു തന്നെ കൃഷിക്കാരന്റെ സഹന ശേഷിയെ കാണിക്കുന്ന ഒന്നായി

കരുതാം. കാരണം സംഭരണത്തിന്റെ കുത്തകാവകാശം കൈവശം വെച്ചിരുന്ന കോഫി ബോർഡ് ഉല്പാദനച്ചിലവു പോലും മുതലാകാത്ത വിലയായിരുന്നു അടുത്ത കാലം വരെ കൃഷിക്കാർക്ക് നല്കിവന്നിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കു മുൻപ് ബോർഡ് കാപ്പിയുടെ കുത്തകസംഭരണം നിർത്തുകയും കാപ്പി പൊതുവിപണിയിൽ വിൽക്കാൻ അനുവദിക്കുകയും ചെയ്തു. താൽക്കാലികമാണോ എന്നു നിശ്ചയമില്ലങ്കിലും കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളായി കാപ്പികൃഷിക്കാർക്ക് സാമാന്യം നല്ല വിലലഭിച്ചു എന്നു തന്നെ പറയാം. ഇതേത്തുടർന്ന് വ്യാപകമായി വെട്ടിനശിപ്പിക്കാൻ തുടങ്ങിയിരുന്ന കാപ്പി കോട്ടത്തറ പഞ്ചായത്തിൽ വീണ്ടും കൃഷിചെയ്യാനാരംഭിച്ചിട്ടുണ്ട്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചുള്ള അജ്ഞതയും സമയത്തു വളമിടൽ പോലെ സാമ്പത്തിക ചിലവുള്ള കൃഷിപ്പണികൾ നടത്തുന്നതിനുള്ള ശേഷിക്കുറവും മൂലം പഞ്ചായത്തിലെ കാപ്പിയുടെ ശരാശരി ഉൽപ്പാദനം രണ്ടു കിന്റലിലും തഴെയാണ് എന്നുള്ളതാണ് ദുഃഖകരമായ വസ്തുത. ഒരേക്കറിൽ ശാസ്ത്രീയമായി ഉൽപ്പാദിപ്പിച്ചാൽ ഒരു ടണ്ണിലധികം വിളയിക്കാൻ കഴിയുന്ന വിളയാണ് കാപ്പി എന്ന കാര്യം ഈയവസരത്തിൽ സ്മരിക്കേണ്ടതാണ്.

പൊതുവെ രോഗ പ്രതിരോധ ശേഷി കൂടിയ റോബസ്റ്റ ഇനത്തിൽ പെട്ട കാപ്പിയാണ് പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്യപ്പെട്ടു വരുന്നത്. കായതുരപ്പൻ, മീലി മൂട്ട എന്നിവയൊഴിച്ചാൽ കാര്യമായ കീട രോഗബാധയൊന്നും ഇവക്കുണ്ടാവാറില്ല. ചെറുകിട കൃഷിക്കാർക്ക് റബ്ബർ ബോർഡ് നടപ്പിലാക്കുന്നതു പോലെയുള്ള പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ഉദ: പുതുകൃഷിക്ക് സാമ്പത്തിക സഹായം, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക ആനുകൂല്യങ്ങൾ, ചെറുകിട കൃഷിക്കാരുടെ സഹകരണ സമിതികൾ രൂപീകരിക്കൽ മുതലായവ.

കോഫി ബോഡിന്റെ ഗവേഷണ വിഭാഗത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷിക്കാരുടെയിടയിൽ ക്രമമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഇതിനു വേണ്ടി പ്രാദേശികമായിത്തന്നെ സെമിനാറുകളും മറ്റും സംഘടിപ്പിക്കം. കാപ്പിത്തോട്ടങ്ങളിലെ കൃഷിപ്പണികൾ യഥാസമയം നടത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വഴി കുറഞ്ഞ പലിശക്കു വായ്പ ലഭ്യമാക്കണം.

കാപ്പികൃഷിയെക്കുറിച്ച് പറയുമ്പോൾ ഈ കൃഷി നില നിർത്തേണ്ടതിന്റേയും പരിപോഷിപ്പിക്കേണ്ടതിന്റേയും അവശ്യകത ഊന്നിപ്പറയുന്ന മറ്റൊരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. റബ്ബർ, തെങ്ങ്, തുടങ്ങിയ കൃഷികൾക്കു വേണ്ടി തോട്ടത്തിലെ മറ്റു വൃക്ഷങ്ങൾ ഏതാണ്ടു മുഴുവനായിത്തന്നെ നശിപ്പിക്കാൻ ഉദ്യോഗസ്ഥർ ശുപാർശ ചെയ്തു വരുന്നു. റബ്ബറിന്റെ കാര്യത്തിൽ അഞ്ചോ, ആറോ മറ്റു വൃക്ഷങ്ങളിൽ കൂടുതൽ തോട്ടത്തിൽ നിലനിർത്തുന്നവർക്ക് യതൊരനുകൂല്യവും ബോർഡിൽ നിന്നു ലഭിക്കുകയുമില്ല. എന്നാൽ കാപ്പികൃഷിക്ക് നിയന്ത്രിതമായ തണൽ ആവശ്യമായി വരുന്നതിനാൽ വൻമരങ്ങൾ ഒന്നും തന്നെ മുറിച്ചു മറ്റേണ്ടി വരുന്നില്ല. 40 അടിയിലധികം ഉയരത്തിലുള്ള തണൽ കാപ്പികൃഷിക്ക് അത്യന്താപേക്ഷിതവുമാണ്. അതിനാൽ അപൂർവ്വ മരങ്ങളും സസ്യങ്ങളും വംശനാശം വരാതെ തോട്ടത്തിൽ നിലനിർത്താനും കഴിയുന്നു. പടിപടിയായി മഴ കുറഞ്ഞുവന്ന് വയനാട് മരുഭൂമിയായി മാറാതിരിക്കാൻ പരിസ്ഥിതി സംരക്ഷണത്തിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള കാപ്പികൃഷി നില നിർത്തേണ്ടത് വയനാടിന്റെ തന്നെ ആവശ്യമാണെന്ന് പറയാം.

വയനാട്ടിലെ കാപ്പികൃഷിക്കാർക്ക് ഒരു പ്രോത്സാഹനം എന്ന നിലയിൽ കേരളത്തിന് അനുവദിച്ച ഇൻസ്റ്റന്റ് കാപ്പിപ്പൊടി നിർമ്മാണ ഫാക്ടറി കോട്ടത്തറ സ്ഥാപിക്കേണ്ടതാണ്. കേരളത്തിൽ, ഏറ്റവും അധികം കാപ്പി ഉൽപാദിപ്പിക്കുന്ന ജില്ല എന്നത് ഈ വാദത്തിനു ഉപോൽബലകമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

നെല്ല്

ഏകദേശം 850 ഹെക്ടറോളം നെൽവയലുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ നല്ലൊരു ഭാഗം താൽക്കാലികമായി മറ്റു കൃഷികൾക്കായി ഉപയോഗപ്പെടുത്തി വരുന്നുണ്ടെങ്കിലും അത്തരം വയലുകളും നെൽകൃഷിക്കനുയോജ്യമായ തന്നെയാണ്. ആദ്യകാലങ്ങളിൽ നാടൻ വിത്തിനങ്ങളായിരുന്നു ഭൂരിഭാഗം കൃഷിക്കാരും ഉപയോഗിച്ചു വന്നിരുന്നത്. ഇതിൽത്തന്നെ വയനാടിന്റെ തനത് സുഗന്ധ നെൽവിത്തിനങ്ങളായ ഗന്ധകശാല ജീരകശാല തുടങ്ങിയവയും ഉൾപ്പെട്ടിരുന്നു. കാര്യമായ രാസവള കീടനാശിനി പ്രയോഗങ്ങളൊന്നും ആവശ്യമില്ലാതിരുന്ന നാടൻരീതിയായിരുന്നു അക്കാലത്തേത്. പിൽക്കാലത്ത് ഹരിതവിപ്ലവമെന്ന പേരിൽ ഉല്പാദന വർദ്ധനവിനു വേണ്ടി അത്യുൽപാദനശേഷിയുള്ള നെൽവിത്തുകൾ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിലെ

പോലെ ഇവിടെയും പ്രചാരത്തിൽ വരുകയും രാസ വളങ്ങളും രാസകീടനാശിനികളും ഒഴിവാക്കാനാ വാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. ജന സംഖ്യ വർദ്ധിച്ചതോടെ പഴയതുപോലെ ഏക്കർക ണക്കിന് ഭൂമിയുള്ള കൃഷിക്കാർ ചുരുങ്ങുകയും ഭൂരി ഭാഗവും ചെറുകിട നാമമാത്ര കൃഷിക്കാരായി മാറു കയും ചെയ്തു. ഈ അവസ്ഥയിലാണ് മറ്റെ ന്തൊക്കെ ദൂഷ്യവശങ്ങളുണ്ടായിരുന്നാലും രാസവ ളങ്ങളും കീടനാശിനികളും അത്യുൽപാദന ശേഷി യുള്ള നെൽവിത്തിനങ്ങളും ഉപയോഗിച്ച് ശാസ്ത്രീയ കൃഷി നടത്തുന്നതിന് കൃഷിക്കാർ നിർബന്ധിതരാ യത്. ഇതിന്റെ ഫലമായി ടൺ കണക്കിന് രാസവള ങ്ങളും കീടനാശിനികളും മണ്ണിനും പരിസ്ഥിതിക്കും നാശം വരുത്തി വച്ചു കൊണ്ട് കൃഷി ഭൂമിയിൽ പ്രയോഗിക്കപ്പെടുകയാണ്. മറ്റു ജില്ലകളിലേതു പോലെ ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ പോലും ഇവിടെ മൂന്ന് കൃഷി ചെയ്യാൻ സാധ്യമല്ല എന്ന വിവരം കൃഷി വിദഗ്ദരുടെ ശ്രദ്ധയിൽ പെടേ ണ്ടതാണ്. കാലാവസ്ഥയിലുള്ള പ്രത്യേകതകളാവാം ഇതിനു കാരണം.

ജൂൺ ജൂലൈ മാസങ്ങളിൽ നടത്തുന്ന ഒന്നാം കൃഷിയും ജനുവരി മാസത്തിൽ നടത്തുന്ന പുഞ്ച കൃഷിയുമാണ് ഇവിടുത്തെ നെൽകൃഷികൾ. ഒന്നാം വിളക്ക് മദ്ധ്യകാല മൂപ്പുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ ജയ, IR.8, ഭാരതി, പവിഴം, ഇട വക തുടങ്ങിയ ഇവിടുത്തെ കാലാവസ്ഥക്ക് വളരെ യോജിച്ചതായി കണ്ടു വരുന്നു. അത്യുൽപാദന ശേഷിയുള്ളവയിൽ ആദ്യകാലത്ത് പുറത്തിറങ്ങിയ തൈച്ചുണ്ട്, IR8 തുടങ്ങിയവയും ചിലയിടങ്ങളിൽ ഉപ യോഗിച്ചു വരുന്നുണ്ട്. ഗന്ധകശാല, ജീരകശാല തുട ങ്ങിയ സുഗന്ധ നെൽ വിത്തിനങ്ങളും ഒന്നാം വിളക്കു തന്നെയാണ് കൃഷി ചെയ്യുന്നത്. അപൂർവ്വം ചിലർ മാത്രമേ ഈ വിത്തുകൾ ഇപ്പോൾ കൃഷി ചെയ്യു ന്നുള്ളു. രാസവള പ്രയോഗം മൂലം ഇതിന്റെ സവി ശേഷതയായ സുഗന്ധം ഇന്ന് കുറഞ്ഞുവരുന്നതായി കൃഷിക്കാർ പരാതിപ്പെടുന്നുണ്ട്. ജയ, ഭാരതി തുട ങ്ങിയ നെൽവിത്തിനങ്ങൾ ഹെക്ടറിന് 11000 KG വരെ വിളവു തരുന്നതായി ഇവിടെ കൃഷി ചെയ്തതിൽ നിന്നും തെളിഞ്ഞിട്ടുണ്ട്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

നെൽകൃഷിയെ ഈ പ്രദേശത്ത് ബാധിക്കുന്ന പ്രധാന രോഗങ്ങൾ ബ്ലാസ്റ്റ്, ബ്ലൈറ്റ് തുടങ്ങിയവ യാണ്. കൂടാതെ മുഞ്ഞ, ശല്കകീടങ്ങൾ, കുഴൽപുഴു, ഓലചുരുട്ടിപ്പുഴു, തണ്ടു തുരപ്പൻ തുട ങ്ങിയ കീടങ്ങളും ഈ പ്രദേശങ്ങളിൽ കണ്ടുവരാ റുണ്ട്. വിപണിയിൽ ലഭ്യമായ കീട കുമിൾനാശിനി കൾ ഉപയോഗിച്ച് മുൻപറഞ്ഞ കീടരോഗങ്ങളെ ഫല പ്രദമായി നിയന്ത്രിക്കാവുന്നതാണ്.

നെല്ലിന് ഇപ്പോൾ അനുവദിക്കുന്ന ഉല്പാദന ബോണസ് 1000 രൂപയാക്കി വർദ്ധിപ്പിച്ച യഥാസമയം വിതരണം ചെയ്യണം.

രാസവളങ്ങളും കീടനാശിനികളും നെൽകൃ ഷിക്കു മാത്രമെങ്കിലും വിലകുറച്ചു നൽകുന്ന സംവി ധാന മുണ്ടാകണം.

ഇന്ന് ഒരുപ്പൂ നിലങ്ങളായി മാത്രം കൃഷിക്കുപ യോഗപ്പെടുത്തുന്ന വയലുകളിൽ രണ്ടാം കൃഷിക്കാ വശ്യമായ ജലസേചന സൗകര്യമുണ്ടാക്കുന്നതിനു വേണ്ട നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. പാടശേഖര സമിതികൾക്ക് കാർഷിക യന്ത്രങ്ങൾ ടില്ലർ, ട്രാക്ടർ, മെതിയന്ത്രം, സ്പെയറുകൾ എന്നിവ സൗജന്യനിരക്കിൽ നൽകണം. ഓരോ പാടശേഖരത്തിനും അനുയോജി ച്ചവയാവണമെന്നില്ല. മണ്ണിന്റെ ചേറ്റാഴപ്പും മറ്റും വ്യത്യാസപ്പെട്ടിരിക്കുന്നതിലാണിത്.

'സീഡ് ഗ്രോവോഴ്സ് സ്കീം' പുനരാരംഭിക്കണം മുൻപ് നിലവിലുണ്ടായിരുന്നതും ഇടക്കാലത്ത് നിർത്തിയതുമായ ഒരു പദ്ധതിയാണിത്. ഇതുവഴി വിത്തുൽപാദന കാര്യത്തിൽ നമുക്ക സ്വയം പര്യാ പ്തത കൈവരിക്കാം.

ജൈവ വളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പി ക്കുന്നതിനുവേണ്ടി പച്ചില [illegible] പൂടികളുടെ വിത്തു കൾ കർഷകർക്ക് കൃഷിഭവൻ വഴി വിതരണം ചെയ്യണം. കമ്പോസ്റ്റ് കുഴി, ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗുണമേന്മ യുള്ള ജൈവവളങ്ങൾ ലഭ്യമാക്കാവുന്നതാണ്.

രാസവള സബ്സിഡിക്കു സർക്കാർ നൽകുന്ന പ്രാധാന്യം ജൈവ വളങ്ങളായ പിണ്ണാക്കുകൾ എല്ലു പൊടി മുതലായവയുടെ കാര്യത്തിലും ഉണ്ടാകേണ്ട താണ്.

പാടശേഖര സമിതികൾ മുഖേന ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ സാങ്കേതിക സാമ്പത്തിക സഹായം നൽകണം.

കീടരോഗ നിയന്ത്രണത്തിന് കഴിയുന്നത്ര രാസ കീടനാശിനികൾ ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കണം.

അനിയന്ത്രിതമായ തോതിലുള്ള കീടനാശിനി പ്രയോഗം മൂലം കർഷകന്റെ മിത്ര കീടങ്ങളാ തവള,

മണ്ണിര, ചേര എന്നിലയും ചെടികളുടെ വളർച്ചയെ സഹായിക്കുന്ന അനവധി സൂക്ഷ്മാണുക്കളും ചത്തൊടുങ്ങിയത് മണ്ണിന്റെ ഫലഭൂയിഷ്ഠത നശിക്കാൻ കാരണമായിട്ടുണ്ട്. മണ്ണിലുണ്ടായിരുന്ന മണ്ണിരകളെ കൊന്നൊടുക്കിയതിനുശേഷം നാമിപ്പോൾ മണ്ണിര കമ്പോസ്റ്റ് കൃത്രിമമായി ഉണ്ടാക്കാൻ പാടുപെടേണ്ടി വന്നിരിക്കുകയാണ്. അതുപോലെ തവള, ചേര, എലി തുടങ്ങിയ ഉപദ്രവകാരികളായ കീടങ്ങളെ കൊന്നൊടുക്കാറുണ്ടായിരുന്നു. ഇതിന്റെയെല്ലാം നാശം വഴിയായി പ്രകൃതി തന്നെ ക്രമീകരിച്ചിരുന്ന കീടരോഗ നിയന്ത്രണ സംവിധാനം നാം സ്വയം തകർത്തിരിക്കുകയാണ്.

കുരുമുളക്

ഒരു കാലത്ത് ഇൻഡ്യക്കു തന്നെ ധാരാളം വിദേശ നാണ്യം നേടിത്തന്നിരുന്ന 'കറുത്തപൊന്ന്' എന്നറിയപ്പെട്ടിരുന്ന കുരുമുളക് കേരളത്തിൽ ഏറ്റവുമധികം ഉല്പാദിപ്പിച്ചിരുന്ന ജില്ലകളിൽ ഒന്നായിരുന്നു വയനാട്. കോട്ടത്തറ പഞ്ചായത്തിലും ധാരാളം കുരുമുളക് ഇടവിളയായും തനിവിളയായും കൃഷി ചെയ്തു വന്നിരുന്നു. 1960 നു ശേഷം പഞ്ചായത്തിലെ കുറുമ്പാലക്കോട്ട, വാങ്ങിയാമ്പറ്റ എന്നിവിടങ്ങളിൽ തനിവിളയായിത്തന്നെ ധാരാളം കുരുമുളക് തോട്ടങ്ങൾ ഉയർന്നു വരികയുണ്ടായി. ധ്രുതവാട്ടം മൂലം ധാരാളം കൃഷി നശിച്ചുവെങ്കിലും ഇപ്പോഴും പഞ്ചായത്തിൽ ധാരാളം കുരുമുളകു തോട്ടങ്ങൾ ഉണ്ട്. നാടൻ ഇനങ്ങളായ വാലൻകോട്ട, കരിങ്കോട്ട, കല്ലുവള്ളി, വെള്ളമുണ്ടി, തുടങ്ങിയവയായിരുന്നു ആദ്യ കാലത്ത് കൃഷിക്കുപയോഗിച്ചിരുന്നത്. ഇതിൽ വാലൻകോട്ട, കല്ലുവള്ളി തുടങ്ങിയ കൃഷി വിദഗ്ദരെപ്പോലും അത്ഭുതപ്പെടുത്തുന്ന ഗുണവിശേഷങ്ങളോടു കൂടിയവയായിരുന്നു. ഈ ഇനങ്ങൾ വളരെ വലിപ്പത്തിൽ വളരുകയും കുറച്ചു വളം മാത്രം വലിച്ചെടുത്ത് ചില വർഷങ്ങളിൽ വമ്പിച്ച വിളവു തരുന്നവയുമായിരുന്നു. ഇപ്പോൾ വ്യാപകമായി കൃഷി ചെയ്തു വരുന്ന പന്നിയൂർ ഇനങ്ങൾക്കും, കരിമുണ്ട എന്ന ഇനത്തിനും നല്ല വിളവു തരാൻ കഴിവുണ്ട് എങ്കിലും ശാസ്ത്രീയമായ കൃഷി രീതികളും അവലംബിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 600 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുള്ളതായി കണക്കാക്കപ്പെടുന്നു. ഹെക്ടറിലെ വിളവ് ഒരു ടൺ എന്ന് കണക്കാക്കി പഞ്ചായത്തിൽ ആകെ 600 ടൺ കുരുമുളക് ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു.

പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

കുരുമുളകു കൃഷിയിലെ പ്രധാന പ്രശ്നം ധ്രുതവാട്ടം, സാവധാനവാട്ടം, മഞ്ഞളിപ്പുരോഗം എന്നിവ മൂലമുണ്ടായിക്കൊണ്ടിരിക്കുന്ന കൃഷിനാശം തന്നെയാണ്. അമിതമായ രാസവളപ്രയോഗവും അശാസ്ത്രീയമായ കൃഷി രീതികളും മൂലം വന്നു ചേർന്ന രോഗം ഇന്നും വിനാശകരമായിത്തന്നെ തുടർന്നു കൊണ്ടിരിക്കുകയുമാണ്. പ്രകൃതിക്കിണങ്ങാത്ത രൂപത്തിൽ നാമവ ലംബിച്ചു വരുന്ന കൃഷി രീതികൾ മൂലം വയനാട്ടിലെ പഴയ കാലത്തെ ഓറഞ്ചു തോട്ടങ്ങളെപ്പോലെ കുരുമുളകിനേയും നാമാവശേഷമാക്കുമോ എന്നു ഭയപ്പെടേണ്ടതായിട്ടുണ്ട്. കുമിൾ, വൈറസ്, നിമവിര, മണ്ണിലെ സൂക്ഷ്മാണുക്കളുടെ കുറവ് തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ കുരുമുളകിന്റെ രോഗാണു ബാധയ്ധയ് കാരണമായിട്ടുണ്ട്. മഞ്ഞളിപ്പു രോഗത്തിന് രാസനിയന്ത്രണമാർഗ്ഗങ്ങൾ ഒട്ടും തന്നെ പര്യാപ്തമല്ല. മറ്റുരോഗങ്ങൾക്കും രാസനിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുന്നുണ്ട് എന്ന് പരിചയ സമ്പന്നരായ ഒരൊറ്റ കൃഷിക്കാരും സമ്മതിക്കുന്നില്ല.

താഴെ പറയയുന്ന ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ വഴി ഒരളവുവരെ രോഗങ്ങളെ ചെറുത്തു നിൽക്കാൻ കഴിയുന്നതാണെന്ന് കൃഷി വിദഗ്ദർ അഭിപ്രായപ്പെടുന്നു.

1. ചെടി ഒന്നിന് 10. കി. ഗ്രാം കാലിവളം വർഷം തോറും നല്കുക.
2. ഔഷധ മൂല്യമുള്ളതായ വേപ്പിൻ പിണ്ണാക്ക് ചെടി ഒന്നിന് ഒരു കിലോഗ്രാം നൽകുക.
3. തോട്ടത്തിലെ തണൽ നിയന്ത്രിക്കേണ്ടതാവശ്യമാണെങ്കിലും വേനൽക്കാലത്ത് മുഴുവൻ തണലും നീക്കാതിരിക്കുക
4. ചുവട്ടിൽ പുതയിടുക.
5. അനാവശ്യമായ മണ്ണിളക്കൽ ഒഴിവാക്കുക
6. കൃത്യമായ അകലം പാലിച്ച വിവിധ വിളകൾ സമ്മിശ്രമായി കൃഷി ചെയ്യുക.
7. കൃത്യമായ മണ്ണു പരിശോധനയ്ക്കു ശേഷം അത്യാവശ്യം വേണ്ടതായ രാസവളങ്ങൾ മാത്രം ചേർക്കുക.
8. കൃത്യമായ മണ്ണു പരിശോധനക്കു ശേഷം അത്യാവശ്യം വേണ്ടതായ രാസവളങ്ങൾ മാത്രം ചേർക്കുക.

(a). ധ്രുതവാട്ടത്തിനെതിരെ ഉപയോഗിക്കുന്നതിന് കൃഷിവകുപ്പ് ചിലതരം കുമിൾ നാശിനികൾ വർഷങ്ങളായി വിതരണം നടത്തി വരുന്നുണ്ട്. തരിശു, കുമ്മായം, കോപ്പർ ഓക്സി ക്ലോറൈഡ് മുതലായവ, അജ്ഞത കൊണ്ടോ, കൃഷിനാശം കണ്ടു കൊണ്ടുള്ള നിരാശ കൊണ്ടോ ഏതായാലും 5% കൃഷിക്കാർ പോലും ഈ സാധനങ്ങൾ ഉപയോഗിക്കുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. ഉപയോഗിച്ചവർ തന്നെ ഇതുകൊണ്ട് എന്തെങ്കിലും ഗുണമുള്ളതായി പറയുന്നുമില്ല. സർക്കാറിന്റെ കോടികൾ വെറുതെ പാഴായി എന്നു തന്നെ പറയാം. ഇതേക്കുറിച്ച് ഉന്നതതലത്തിൽ തന്നെ ഒരു പുത്തൻ വിചിന്തനം ആവശ്യമുണ്ട്. കൃഷിക്കാർക്കാവശ്യമില്ലാത്ത ഈ വിതരണ പാടി ഉടൻ നിർത്തലാക്കി പകരം ഔഷധഗുണമുള്ള വേപ്പിൻ പിണ്ണാക്ക് പോലുള്ള ജൈവവളങ്ങൾ വിതരണം നടത്തേണ്ടതാണ്. ഗ്രാമസഭ നടന്ന എട്ടു വാർഡുകളിൽ നിന്നും ഒരു പോലെ ഉയർന്നുകേട്ട നിർദ്ദേശമാണിത്.

(b). കുരുമുളകിന്റെ നല്ലയിനം നടീൽ വസ്തുക്കൾ വ്യാപകമായി വിതരണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാവണം.

(c). തെങ്ങിനും മറ്റും നൽകുന്നതുപോലെ രോഗം ബാധിച്ച ചെടികൾ പൂർണ്ണമായി വെട്ടി നശിപ്പിച്ച് പുതിയവ നടുന്നതിനാവശ്യമായ നടീൽ വസ്തുക്കളും സാമ്പത്തിക സാങ്കേതിക സഹായങ്ങളും സ്വന്തമായി നൽകേണ്ടതാണ്.

(d). ഇതിനെല്ലാം പുറമെ ബോധവൽക്കരണ പരിപാടികളും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

(e). പ്രാദേശികമായി ഏതാനും മാതൃകാ പ്രദർശനത്തോട്ടങ്ങൾ കൃഷി ഭവൻ നേരിട്ട് ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതുവഴി കൃഷിക്കാർക്ക് സസ്യസംരക്ഷണ നടപടികളുടെ ഫലങ്ങൾ നേരിട്ടു ബോധ്യപ്പെടുന്നതിനുള്ള സംവിധാനവും ഉണ്ടാക്കാൻ കഴിയുന്നതാണ്.

തെങ്ങ്

പഞ്ചായത്തിൽ ആകെ 120 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ തെങ്ങ് തനിവിളവായി കൃഷി ചെയ്യുന്ന കുറച്ചു തോട്ടങ്ങൾ മാത്രമേയുള്ളു. കാപ്പി, കുരുമുളക്, തോട്ടങ്ങളിൽ ഇടവിളയായാണ് മിക്കവരും തെങ്ങ് കൃഷി ചെയ്യുന്നത്. നാടൻ ഇനത്തിൽപ്പെട്ട തെങ്ങുകൾ കായ്ക്കാൻ അല്പം താമസിക്കുമെങ്കിലും തീരപ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ ഉയർന്ന വിളവ് തരുന്നുണ്ട്. വെസ്റ്റ് കോസ്റ്റ് ടോൾ ഇനത്തിൽപ്പെടുന്ന തെങ്ങുകളാണ് ഇവിടെ അധികം കാണപ്പെടുന്നത്. മറ്റു ജില്ലകളിൽ കൃഷിക്കാർ എന്തുകൊണ്ടോ തീരെ ഉപയോഗിക്കാത്ത ഈ ഇനങ്ങളുടെ തൈകൾക്ക് കോട്ടത്തറ ഉൾപ്പെടെയുള്ള വയനാട്ടിലെ കൃഷി ഭവനുകളിൽ ധാരാളം ആവശ്യക്കാരുണ്ട്. ആവശ്യമുള്ളതിന്റെ നാലിലൊരു ഭാഗം തൈകൾപോലും ഇവിടെ ലഭ്യമല്ല. അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്. T*D, D*T തുടങ്ങിയ സങ്കര ഇനം തെങ്ങുകളും ഇവിടെ കൃഷി ചെയ്യുന്നുണ്ട്. വയനാട്ടിലെ മാറി വരുന്ന കാലാവസ്ഥ തെങ്ങു കൃഷിക്ക് അനുയോജ്യമായാണ് വരുന്നത്. തെങ്ങിന്റെ കായിക വളർച്ച മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ കൂടുതലായതിനാൽ തെങ്ങുകൾ തമ്മിലുള്ള അകലം കൂടുതൽ നല്കേണ്ടതാണ്. ഈർപ്പം പെട്ടെന്ന് നഷ്ടപ്പെടുന്ന മൺതരങ്ങളുള്ള ഈ പഞ്ചായത്തിൽ ശരിയായ തോതിൽ ജലസേചന സൗകര്യം നല്കാൻ കഴിഞ്ഞാൽ തെങ്ങുകൃഷി വളരെയധികം പുരോഗമിക്കുന്നതാണ്. പുഴയോര പ്രദേശങ്ങൾ ഇവിടെ തെങ്ങുകൃഷിക്ക് വളരെ അനുയോജ്യമാണ്. തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കൂമ്പു ചീയൽ ചെന്നീരൊലിപ്പ് തുടങ്ങിയവയാണ്. വേണ്ട വിധത്തിൽ സംരക്ഷണ പ്രവർത്തനങ്ങളും പ്രതിവിധികളും ചെയ്താൽ ഇത് നിയന്ത്രണ വിധേയമാക്കാവുന്നതേയുള്ളു.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മറ്റു ജില്ലകളിൽ തെങ്ങുകൃഷിക്ക് നൽകുന്ന മുഴുവൻ പ്രോത്സാഹന സഹായങ്ങളും ഇവിടെയും ലഭ്യമാക്കണം. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇന്ന് നാമമാത്രമായ സഹായങ്ങൾ മാത്രമേ നൽകി വരുന്നുള്ളു. ഇത് വർദ്ധിപ്പിച്ച് മുഴുവൻ കൃഷിക്കാർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

2. സ്വകാര്യവ്യക്തികളിലൂടെയുള്ള തെങ്ങിൻ തൈ വില്പന നിരുൽസാഹപ്പെടുത്തി പഞ്ചായത്തുതലത്തിൽത്തന്നെ ഒരു നഴ്സറി ആരംഭിച്ച് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യണം.

3. തെങ്ങ് പുതുകൃഷിക്ക് നൽകുന്ന ധനസഹായം കൃഷിവകുപ്പിന്റെ നഴ്സറികളിൽ ഉൽപാദിപ്പിച്ച തൈകൾ ഉപയോഗിക്കുന്നവർക്കു മാത്രമേ നിലവിൽ ലഭിക്കുന്നുള്ളു. ഈ വ്യവസ്ഥ മാറ്റി എല്ലാ കൃഷിക്കാർക്കും ലഭ്യമാക്കണം.

4, തെങ്ങിനെ നിശ്ശേഷം നശിപ്പിക്കുന്ന ഒരു കുമിൾരോഗമാണ് കൂമ്പുചീയൽ. വർഷത്തിൽ രണ്ടുതവണയെങ്കിലും മണ്ടവൃത്തിയാക്കി ബോർഡോ മിശ്രിതം തളിച്ചാൽ ഈ രോഗം വരാതെ സംരക്ഷിക്കാവുന്നതാണ്.

5. രോഗം വന്നു നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങു നടുന്നത് മറ്റു ജില്ലകളിൽ നല്കുന്ന ധനസഹായം വയനാട് ജില്ലയിൽ നൽകേണ്ടതാണ്.

6. രോഗം ബാധിച്ച തെങ്ങുകൾക്ക് വിള ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ്.

7. തെങ്ങിന്റെ 'കാറ്റുവീഴ്ച' രോഗം ഇവിടെ ബാധിച്ചിട്ടില്ല. എങ്കിൽ കൂടിയും അതിനെ ചെറുക്കാനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

8. തെങ്ങുകൃഷി വർദ്ധിച്ചുവരുന്ന ഈ പഞ്ചായത്തിൽ തെങ്ങുസംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിലോ സഹകരണാടിസ്ഥാനത്തിലോ ഓയിൽ മില്ലുകൾ ആരംഭിക്കേണ്ടതാണ്. അടുത്ത പ്രദേശങ്ങളിലൊന്നും തന്നെ മില്ലുകൾ ഇല്ലാത്തതിനാൽ കൃഷിക്കാർ ദൂരെസ്ഥലങ്ങളിലുള്ള മില്ലുകളെയാണ് ആശ്രയിച്ചുവരുന്നത്.

കമുക്

പഞ്ചായത്തിൽ കരഭൂമിയിലും വയലുകളിലുമായി 90 ഹെക്ടറോളം കൃഷിസ്ഥലങ്ങളിൽ വ്യാപിച്ചുവരുന്ന ഒരു കൃഷിയാണ് കമുക്. നെൽകൃഷിയേക്കാൾ അഞ്ചും ആറും ഇരട്ടി ആദായം ഇതിൽനിന്നും ലഭിക്കുന്നു എന്നതിനാൽ ചില കൃഷിക്കാർ നെൽവയലുകളിൽ കമുകുകൃഷി തുടങ്ങിയിട്ടുണ്ട്. കരഭൂമിയിൽ നാടൻ ഇനങ്ങളും വയലുകളിൽ മംഗള, സുമംഗള, മൊഹിത്നഗർ എന്നീ ഇനങ്ങളും കൂടുതലായി കൃഷിചെയ്തുവരുന്നു. കൃഷിക്കാവശ്യമായ വിത്തടക്ക കൃഷിക്കാർ സ്വന്തം ചിലവിൽ മറ്റു ജില്ലകളിൽ നിന്നും കൊണ്ടുവരികയാണ് പതിവ്. കൃഷിഭവൻ മുഖേന ഇത് ലഭ്യമാക്കേണ്ടതാണ്. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പരിമിതമായ തോതിൽ തൈകൾ ഉല്പാദിപ്പിച്ച് നൽകുന്നുണ്ട് എങ്കിലും ഇത് മൊത്തം ആവശ്യത്തിന്റെ 2% പോലും ആകുന്നില്ല എന്നുള്ളതാണ് സത്യം.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. കമുക് കൃഷിയുടെ വിളവിനെ ബാധിക്കുന്ന ഒരു പ്രധാനരോഗമാണ് 'മഹാളി' രോഗം. ഇതിന് 1% വീര്യമുള്ള ബോർഡോ മിശ്രിതം പ്രതിവിധിയായി കാണാറുണ്ട്. കൃഷിഭവൻ മുഖേന ഗുണമേന്മയുള്ള തുരിശും കുമ്മായവും സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

2. പഞ്ചായത്ത് പരിധിയിൽതന്നെ നഴ്സറികൾ സ്ഥാപിച്ച് നല്ലയിനം കമുകിൻ തൈകൾ വിതരണം ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ വിത്തടക്ക സർക്കാർ ഫാമുകളിൽ നിന്നും ലഭ്യമാക്കണം.

3. സഹകരണാടിസ്ഥാനത്തിൽ അടക്കാ സംസ്കരണകേന്ദ്രങ്ങൾ സ്ഥാപിച്ചാൽ ഇവിടുത്തെ കർഷകർക്ക് അത് വളരെ ഉപകാരപ്രദമാകുന്നതാണ്.

റബ്ബർ

ഏകദേശം 100 ഹെക്ടർ സ്ഥലത്ത് ഈ പഞ്ചായത്തിൽ റബ്ബർ കൃഷി ചെയ്തുവരുന്നു. മുൻകാലങ്ങളിലെ കാലാവസ്ഥ റബ്ബർ കൃഷിക്കനുയോജ്യമല്ലാത്തതിനാൽ ഈയടുത്ത കാലത്താണ് ഇവിടെ റബ്ബർ കൃഷിക്ക് കൂടുതൽ പ്രചാരം ലഭിച്ചു തുടങ്ങിയത്. മറ്റു ജില്ലകളിലെപ്പോലെ ഉത്പാദനം ഇവിടെ ലഭിക്കുന്നില്ലെങ്കിലും മറ്റു വിളകളെ അപേക്ഷിച്ച് റബ്ബർ കൃഷിയിൽ നിന്നുള്ള ആദായം കൂടുതലാണ്. നാടൻ, ക്ലോണൽ ഇനങ്ങളായിരുന്നു കുറച്ചുകാലം മുൻപുവരെ കൃഷിചെയ്തിരുന്നത്. ഇതിൽ ക്ലോണൽ ഇനം രോഗബാധ കൂടുതലാണെങ്കിൽപോലും ഉത്പാദനം കൂടുതൽ ലഭിച്ചിരുന്നു. അടുത്ത കാലത്തായി അത്യുത്പാദനശേഷിയുള്ള RRI. 105 തുടങ്ങിയ ഇനങ്ങളാണ് കൃഷിചെയ്തു വരുന്നത്. ഇനിയും റബ്ബർ കൃഷിക്ക് ഇവിടെ സാധ്യതകളുണ്ട്.

1. പൊടിക്കുമിൾ രോഗം അകാല ഇലപൊഴിച്ചിൽ, പട്ടമരപ്പ് മുതലായവയാണ് റബ്ബറിന് ബാധിക്കുന്ന പ്രധാന രോഗങ്ങൾ. പൊടിക്കുമിൾ രോഗം ഗന്ധകം തളിച്ചും അകാല ഇലപൊഴിച്ചിൽ ബോർഡാമിശ്രിതം തളിച്ചും നിയന്ത്രിക്കാവുന്നതാണ്. പട്ടമരപ്പിന് ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രം ടാപ്പുചെയ്യുക എന്നതാണ് പരിഹാരമാർഗ്ഗം.

2. റബ്ബർ തോട്ടങ്ങളിൽ മറ്റു മരങ്ങൾ കാര്യമായി പാടില്ല എന്ന നിബന്ധന റബ്ബർ ബോർഡ് ഗവേഷണം നടത്തി പുനഃപരിശോധിക്കേണ്ടതാണ്. റബ്ബറിന് ദോഷകരമല്ലാത്ത ഇടവിളകളും അനുവദിക്കേണ്ടതാണ്.

3. വലിയ വില നൽകി ബഡ് തൈകൾ കർഷകർ മറ്റു ജില്ലകളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇതൊഴിവാക്കാൻ വേണ്ടി റബ്ബർ ബോർഡ് നേരിട്ട് പഞ്ചായത്ത് തലത്തിൽ തന്നെ നഴ്സറികൾ

സ്ഥാപിച്ച് തൈകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൃഷികൾക്ക് നഴ്സറികൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ നൽകേണ്ടതാണ്.

റബ്ബർ കൃഷിക്ക് കീടനാശിനി തളിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കേണ്ടതാണ്.

5. ചിലയിടങ്ങളിൽ കാപ്പി, റബ്ബർകൃഷിയിൽ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി റബ്ബർ ബോർഡ് ഗവേഷണം നടത്തേണ്ടതാണ്.

മൾബറികൃഷിയും പട്ടുനൂൽപ്പുഴു വളർത്തലും

ചെറുകിട കൃഷിക്കാർക്കും മറ്റും ആദായകരമായ ഒരു കൃഷിയാണ് മൾബറികൃഷിയും പട്ടുനൂൽപുഴു വളർത്തലും. വീട്ടമ്മമാരുടെയും കുട്ടികളുടെയും ഒഴിവുസമയങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി ഈ കൃഷി ചെയ്യാവുന്നതാണ്. കുറഞ്ഞ ചിലവിൽ നല്ലൊരു വരുമാനം ഇടത്തരക്കാർക്ക് ഈ കൃഷിയിലൂടെ നേടാൻ കഴിയും. ഏതാണ്ട് ഒരേക്കറിൽ നിന്ന് 20000 രൂപയിലധികം അറ്റാദായം ഈ കൃഷിയിലൂടെ നേടാം. കേരളാ സ്റ്റേറ്റ് സെറികൾച്ചർ സഹകരണ ഫെഡറേഷൻ ഈ സംരംഭങ്ങൾ എല്ലാവിധ സഹായസഹകരണങ്ങളും നൽകിവരുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇത്തരം കൃഷികൾക്ക് വലിയ സാധ്യതകളാണുള്ളത്.

സെറിഫെഡ് മുഖേന ലഭിക്കുന്ന സഹായങ്ങൾ

i) മൾബറി വിത്ത് കമ്പുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

ii) 250 രൂപ നൽകി ഒരു മാസത്തെ ട്രെയിനിംഗ് നൽകുന്നതാണ്.

iii) സെറിഫെഡ് ജില്ലാ ഓഫീസുകൾ വിപണന സൗകര്യം നൽകിവരുന്നു.

iv) കൃഷിക്കാവശ്യമായ വിദഗ്ദോപദേശങ്ങൾ ഫീൽഡ്സ്റ്റാഫിലൂടെ നൽകി വരുന്നു.

സബ്സിഡികൾ

1. കൊക്കൂണിന് കിലോക്ക് 105 രൂപ പ്രകാരം താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്.

2. റെയിറിംങ്ങ് ഉപകരണങ്ങൾക്ക് 4000 രൂപ സബ്സിഡി നൽകിവരുന്നു.

3. റെയറിംഗ് ഷെഡ് നിർമ്മാണത്തിന് 5000 രൂപ സബ്സിഡി നൽകിവരുന്നു.

4. വായ്പയായി 29000 രൂപ ഏക്കറിന് നൽകിവരുന്നു.

വാഴ

പൂവൻ, ഞാലിപൂവൻ, പൂജകദളി, മണ്ണൻ, പാളയം കോടൻ, കരിങ്കദളി, മലമ്പൂവൻ, മൊന്തൻ, റോബസ്റ്റ് തുടങ്ങിയ വിവിധ ഇനത്തിലുള്ള വാഴകൾ ഇവിടെ പ്രചാരത്തിലുണ്ട് എങ്കിലും നേന്ത്രവാഴയാണ് ഇവിടെ വ്യാപകമായി കൃഷിചെയ്തുവരുന്നത്. ഓരോ വർഷം കഴിയുന്തോറും പഞ്ചായത്തിലെ നെൽവയലുകൾ വാഴകൃഷിക്ക് വഴിമാറിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. നെൽകൃഷിയെ അപേക്ഷിച്ച് വാഴകൃഷിയിൽ നിന്നും ലഭിക്കുന്ന അധിക ആദായമാണ് കർഷകരെ ഇതിനു പ്രേരിപ്പിക്കുന്നത്. ധാരാളം കർഷകർ വയലുകൾ പാട്ടത്തിന് എടുത്തും ഈ കൃഷി ചെയ്തുവരുന്നു. ശാസ്ത്രീയമായി കൃഷി ചെയ്താൽ ഒരേക്കറിലെ വാഴകൃഷിയിൽനിന്നും 20000 രൂപയിലധികം അറ്റാദായം ലഭിക്കാറുണ്ട്. കഴിഞ്ഞ സീസണിൽ നല്ല വില ലഭിച്ചത് വാഴകൃഷിക്കാർക്ക് പ്രോത്സാഹജനകമായിട്ടുണ്ട്. രണ്ട് സീസണുകളിലായാണ്- ഫെബ്രുവരി-മാർച്ച്, ഓഗസ്റ്റ്-സെപ്തംബർ, ഇവിടെ വാഴകൃഷി ആരംഭിക്കുന്നത്. കൂടുതലായും ഓഗസ്റ്റ്-സെപ്തംബർ മാസങ്ങളിൽ തുടങ്ങുന്ന കൃഷിയാണ് കർഷകർ കൂടുതലും പ്രാധാന്യം നൽകുന്നത്. വിദഗ്ദനിർദ്ദേശങ്ങളൊന്നും പാലിക്കാതെ അഥവാ അതിനു കാലാവസ്ഥയും സാഹചര്യങ്ങളും അനുവദിക്കാതെ നൂറുകണക്കിനു ഹെക്ടർ സ്ഥലത്തു വിജയകരമായി നേന്ത്രവാഴകൃഷി നടത്തി വരുന്ന കാഴ്ച വിദഗ്ദരുടെ പ്രത്യേക പഠനം ആവശ്യമായ സംഗതിയാണ്. ചിട്ടയായ കൃഷികൾ മൂലം മണ്ണിന്റെ ഈർപ്പം നഷ്ടപ്പെടുത്തി വേനൽക്കാലത്തുപോലും രാസവളപ്രയോഗം മുടങ്ങാതെ നടത്തുന്ന കാഴ്ച ഇവിടുത്തെ കൃഷിയുടെ മാത്രം സവിശേഷതയാണ്.

ഈർപ്പം അധികരിച്ച മണ്ണിൽ ആരംഭിക്കുന്നതു നിമിത്തം ആദ്യത്തെ മൂന്നു നാലു മാസക്കാലം വാഴക്ക് പലവിധ കുമിൾ രോഗങ്ങളും ഉണ്ടാകാറുണ്ട്. പുതിയ ചില കീട ആക്രമണം ഏതാനും അടുത്ത ചില വർഷങ്ങളിലായി വാഴയെ ബാധിച്ചതായി കാണുന്നുണ്ട്. തണ്ടുതുരപ്പൻ പുഴുവാണ് ഇതിൽ പ്രധാനപ്പെട്ടത്. തോട്ടം വൃത്തിയായി സൂക്ഷിക്കുന്നതുകൊണ്ടും കൃത്യമായി മരുന്നു തളിക്കുന്നതുകൊണ്ടും ഇതിനെ പരിധിവരെ നിയന്ത്രിക്കാം.

*.ഇവിടെ ഉത്പാദിപ്പിക്കുന്ന വാഴക്കുലകൾ മുഴു

വനും മറ്റു ജില്ലകളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ഇതിന് ഈ ജില്ലയിൽതന്നെ വിപണി ഉണ്ടാക്കേണ്ടിയിരിക്കുന്നു. കൂടാതെ ഇവ സംസ്കരിച്ച് പലവിധി ഉപഉൽപന്നങ്ങളായും വപണനം നടത്താവുന്നതാണ്. ഇതിനായി സഹകരണമേഖലയിലോ അല്ലാതെയോ ആയി ചെറുകിട യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഉദാ: ചിപ്സ് നിർമ്മാണം, ജാം നിർമ്മാണം, വാഴനാരുകൾ കൊണ്ടുള്ള കരകൗശല വസ്തുക്കളും മറ്റും നിർമ്മിക്കുക തുടങ്ങിയവ.

പ്രശ്നങ്ങളും പരിഹാരങ്ങളും

1. കൃഷിവകുപ്പ് നിർദ്ദേശിക്കുന്ന വിധത്തിലുള്ള രാസവള കീടനാശിനി പ്രയോഗങ്ങൾ ഭയാനകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉയത്താനിടയുണ്ട്. ഇതിനു പകരമായി ജൈവവളങ്ങളും ശക്തികുറഞ്ഞ സസ്യകീടനാശിനികളും മറ്റും ഉപയോഗിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് കൃഷിക്കാരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിനും ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2. നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിലും കൃഷിപ്പണികളിലും ശ്രദ്ധപതിപ്പിച്ചാൽ അമിത കീടനാശിനി പ്രയോഗങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്.

3. വാഴകൃഷിക്കായി മറ്റു കൃഷികളെ അപേക്ഷിച്ച് കാര്യമായ സഹായങ്ങൾ ഉണ്ടാകുന്നില്ല. അവരെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം.

4. പ്രകൃതിക്ഷോഭമാണ് വാഴകൃഷിക്കാരുടെ പേടിസ്വപ്നം. ഇതിനെതിരായിട്ടുള്ള വിള ഇൻഷുറൻസിലെ വികലമായ ചില നിബന്ധനകൾ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് പരിശോധിച്ച് പരിഹരിക്കേണ്ടതാണ്.

ഇഞ്ചി

അടുത്ത കാലംവരെ വയനാട്ടിലെ തന്നെ സമ്പദ്ഘടനയിൽ ഗണ്യമായ പങ്കുവഹിച്ചിരുന്ന ഒന്നായിരുന്നു ഇഞ്ചകൃഷി. ഇപ്പോഴും നല്ല ഒരു ശതമാനം കൃഷിക്കാരും ചെറിയ തോതിലാണെങ്കിലും ഇഞ്ചികൃഷി തുടങ്ങിവരുന്നുണ്ട്. ഇഞ്ചികൃഷിയെ മാരകമായ രീതിയിൽ ബാധിച്ച ബാക്ടീരിയൽ വാട്ടം (മഹാളി) ഇവിടുത്തെ ഇഞ്ചികർഷകരെ അയൽ സംസ്ഥാനങ്ങളിലേക്ക് കുടിയേറാൻ പ്രേരിപ്പിച്ചു. ഏക്കറുകളോളം ഇഞ്ചികൃഷിയാണ് ബാക്റ്റീരിയൽ വാട്ടം മൂലം കഴിഞ്ഞവർഷങ്ങളിൽ നശിച്ചുപോയത്. അമിതമായ രാസവളപ്രയോഗങ്ങളും ജൈവവള പ്രയോഗത്തിന്റെ കുറവുമാണ് ഈ ദുരന്തത്തിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പ്രധാനമായും നാടൻ ഇനങ്ങളാണ് ഇവിടെ വ്യാപകമായി കൃഷി ചെയ്തുവന്നിരുന്നത്. മാരൽ, ഹിമാചൽപ്രദേശ്, ഏറനാടൻ, വള്ളുവടാൽ, റിയോഡി ജനിറോ തുടങ്ങിയവയാണ് പ്രധാന ഇനങ്ങൾ. ഇതിൽ റിയോഡി ജനിറോ വമ്പിച്ച വിളവു നൽകുന്നുവെങ്കിലും ഉപയോഗിക്കാത്ത ഒരിനമാണ്. മാർച്ച്-ഏപ്രിൽ മാസത്തിൽ നടുന്ന ഇഞ്ചി ഡിസംബർ-ജനുവരി മാസത്തോടെ വിളവെടുപ്പിന് പാകമാവുന്നു.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ഇഞ്ചിയുടെ പ്രധാന രോഗങ്ങളാണ് മൂടുചീയലും ബാക്ടീരിയൽ വാട്ടവും. ഫലപ്രദമായ വനൃസംരക്ഷണ നടപടികളിലൂടെ മൂടുചീയൽ നിയന്ത്രിക്കാവുന്നതാണ്. ഇഞ്ചികൃഷിയെ നാമവിശേഷമാക്കും എന്നുതന്നെ ഭയപ്പെടേണ്ടുന്ന ബാക്ടീരിയൽ വാട്ടത്തിന് ഇതുവരെയായും ഫലപ്രദമായയാതൊരു പ്രതിവിധിയും കണ്ടുപിടിച്ചിട്ടില്ല. കൃഷി അധികൃതർ ഗവേഷണങ്ങളും മറ്റും നടത്തി ഈ രോഗത്തിന് പ്രതിവിധി കണ്ടുപിടിക്കേണ്ടതാണ്. ഖേദകരമെന്നു പറയട്ടെ ഈ രോഗം ഇന്നുവരെ ഗവേഷകർ പരിഗണിക്കുകപോലും ചെയ്യാത്ത ഒന്നായി അവശേഷിക്കുകയാണ്.

2. കൃഷിഭവൻ വഴിയായി പല പ്രോത്സാഹനപദ്ധതികളും ഇഞ്ചികൃഷിക്കായി നടപ്പിലാക്കി വരുന്നുണ്ട്. അതു തുടരുന്നതോടൊപ്പം ശക്തമായ ബോധവൽക്കരണപരിപാടികളും നടത്തേണ്ടതാണ്.

3. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഒരു ഇഞ്ചിസംസ്കരണ ഫാക്ടറി ആരംഭിക്കേണ്ടതാണ്.

4. രോഗപ്രതിരോധശക്തിയുള്ള ഇഞ്ചിവിത്തിനങ്ങൾ കൃഷിവിദഗ്ദർ ഗവേഷണം നടത്തി ഉരുത്തിരിച്ചെടുക്കേണ്ടതാണ്.

പച്ചക്കറികൃഷികൾ

ശീതകാല പച്ചക്കറികൃഷികളടക്കമുള്ള ഏതാണ്ടെല്ലാ ഇനം പച്ചക്കറികളും ഇവിടെ നന്നായി വിളയുന്നുണ്ട്. വ്യാപകമായ ജലലഭ്യതയും തരിശുഭൂമികളും ഒന്നാംവിളക്കുശേഷം തരിശായിക്കിടക്കുന്ന നെൽവയലുകളും പച്ചക്കറികൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. വിപുലമായ തോതിൽ പച്ചക്കറികൃഷി ഇവിടെ ഇല്ല എന്നുതന്നെ പറയാം. പഞ്ചാ

യത്തിലേക്കാവശ്യമുള്ള പച്ചക്കറികൾ കർണ്ണാടകയിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കല്പറ്റ, മാനന്തവാടി, ബത്തേരി തുടങ്ങിയ സ്ഥലങ്ങളിലെ മൊത്തക്കച്ചവടക്കാർ മുഖേനയാണ് എത്തിച്ചേരുന്നത്. ഇവിടുത്തെ പച്ചക്കറികൃഷിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയാൽ നമുക്ക് സ്വയം പര്യാപ്തത നേടാൻ സാധിക്കും. പാവൽ, പടവലം, പയറുവർഗ്ഗങ്ങൾ, വെള്ളരി, മഞ്ഞൾ, കുമ്പളം, ശീതകാല പച്ചക്കറിയിനങ്ങളായ കാബേജ്, ബീൻസ്, കാരറ്റ്, കോളിഫ്ളവർ തുടങ്ങിയവയും കിഴങ്ങുവർഗ്ഗങ്ങളിൽപെടുന്ന ചേമ്പ്, ചേന, കാച്ചിൽ, കൂർക്ക തുടങ്ങിയവയും ഇവിടെ നന്നായി വളരുന്നുണ്ട്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. പച്ചക്കറികൃഷിയുടെ പ്രധാനപ്രശ്നം നല്ലയിനം വിത്തുകളുടെ ദൗർലഭ്യമാണ്. കൃഷിഭവൻ മുഖേന വ്യാപകമായ തോതിൽ പച്ചക്കറി വിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. മാത്രമല്ല നിലവിലുള്ള കർഷകരിൽനിന്നും വിത്തുകൾ ശേഖരിച്ച വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.

2. ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം ഉണ്ടാകണം. വീട്ടമ്മമാർക്ക് ഇതിനാവശ്യമായ പരിശീലനവും നൽകേണ്ടതാണ്. കൂടാതെ വിപുലമായ തോതിൽ പച്ചക്കറികൃഷി നടത്തുവാനാവശ്യമായ പ്രോത്സാഹന നടപടികൾ ഉണ്ടാവണം.

3. പഞ്ചായത്തിലെ വിശാലമായ പുഴയോരം പച്ചക്കറികൃഷികൾക്കായി ഉപയോഗിക്കേണ്ടതാണ്.

4. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വൈദ്യുതിയും പമ്പുസെറ്റുകളും കൃഷി പരിചരണത്തിനാവശ്യമായ സ്പ്രെയർ തുടങ്ങിയവയും സൗജന്യനിരക്കിൽ വിതരണം നടത്തണം.

മരച്ചീനി (കപ്പ)

ആദ്യകാലങ്ങളിൽ മരച്ചീനികൃഷിക്ക് ഇവിടങ്ങളിൽ വലിയ പ്രാധാന്യമാണുണ്ടായിരുന്നത്. വയനാട്ടിലേക്ക് കുടിയേറ്റം ആരംഭിച്ചതുമുതൽ ഏതാനും വർഷങ്ങൾ കഴിയുന്നതുവരെ മുഴുവൻ ജനങ്ങളും പ്രധാന ഭക്ഷണസാധനം മരച്ചീനിക്കിഴങ്ങായിരുന്നു എന്നു പഴമക്കാർ പറയാറുണ്ട്. അക്കാലത്തെ മറ്റു ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യവും ജനങ്ങളുടെ സാമ്പത്തിക ശേഷിയില്ലായ്മയും അവരെ അതിനു നിർബ്ബന്ധിതരാക്കുകയും ചെയ്തു. എന്നാൽ ഇന്ന് മരച്ചീനിക്കിഴങ്ങ് വി. ഐ. പി. കളുടെ തീൻ മേശയിൽ മാത്രമൊതുങ്ങി വരികയാണ് എന്നു പറഞ്ഞാൽ അതിൽ വലിയ അതിശയോക്തിയില്ല.

എഴുപതുകളിൽ അനേകം ലോഡ് ഉണക്കിയ മരച്ചീനിക്കിഴങ്ങ് സ്റ്റാർച്ച് നിർമ്മാണത്തിനുവേണ്ടി ദിവസേനയെന്നോണം ഈ പഞ്ചായത്തിൽ നിന്നും കോഴിക്കോട്ടേക്ക് കയറ്റിയയച്ചിരുന്നുവത്രെ. എന്നാൽ തോട്ടങ്ങൾ വ്യാപകമായി ഉയർന്നുവരികയും തരിശുഭൂമി തീരെ കുറയുകയും ചെയ്തപ്പോൾ വ്യാപകമായ മരച്ചീനികൃഷി ഉപേക്ഷിക്കപ്പെട്ടു. വാണിജ്യാടിസ്ഥാനത്തിൽ ഇന്നീകൃഷി പഞ്ചായത്തിൽ നിലവിലില്ല എന്നുതന്നെ പറയാം. ചുരുക്ക കൃഷിക്കാർ സ്വന്തമാവശ്യത്തിനു മാത്രമുള്ളവ ഉല്പാദിപ്പിച്ചു വരുന്നുണ്ട്. പല അത്യുല്പാദനശേഷിയുള്ള ഇനങ്ങളും ഇപ്പോൾ നിലവിലുണ്ട്. അതിൽ രുചിയിലും വിളയിലും ഒരുപോലെ മുൻപിൽ നിൽക്കുന്ന ഒരിനമാണ് ആമ്പക്കാടൻ. ഒരു ചുവടിൽനിന്നും 70-80 കി. ഗ്രാം. വരെ ഈയിനം ഉല്പാദിപ്പിച്ച കൃഷിക്കാർ ഇവിടങ്ങളിലുണ്ട്. കപ്പയും മീനുമാണ് പാവപ്പെട്ടവൻ സമീകൃതാഹാരം എന്നു വിദഗ്ദ്ധർ പറയാറുണ്ടായിരുന്നത് നാം വിസ്മരിച്ചുകൂടാ. ഈ കൃഷിക്ക് പഞ്ചായത്തിൽ ഇനിയും ശോഭനമായ ഭാവിയുണ്ട്. ഇതിനു വേണ്ട പ്രോത്സാഹനസഹായങ്ങൾ അധികൃതരുടെ ഭാഗത്തു നിന്നുണ്ടാവണം.

അത്യുല്പാദനശേഷിയുള്ളവയുടെ നടീൽ വസ്തുക്കൾ ശേഖരിച്ച് വിതരണം നടത്താനുള്ള സംവിധാനം കൃഷിഭവൻ കേന്ദ്രീകരിച്ച് ഉണ്ടാവണം.

മധുരക്കിഴങ്ങ്

ഒന്നാം വിളക്കുശേഷം തരിശിടുന്ന നെൽവയലുകളിലും പൊയിൽ പ്രദേശങ്ങളിലും വിജയകരമായി കൃഷിചെയ്യാവുന്ന ഒരു വിളയാണ് മധുരക്കിഴങ്ങ്. എന്തുകൊണ്ടോ നമ്മുടെ പഞ്ചായത്തിൽ ഇതിനു തീരെ പ്രാചാരം ലഭിച്ചിട്ടില്ല. നാലഞ്ചുമാസംകൊണ്ട് വിളവെടുക്കാമെന്നതിനാൽ ഡിസംബർ മാസത്തിലെ കൊയ്ത്തിനുശേഷം പാടത്തു കൃഷിചെയ്താൽ മഴക്കാലത്തിനു മുൻപുതന്നെ വിളവെടുക്കാവുന്നതാണ്. ഭക്ഷണമായും കാലിത്തീറ്റയായും ഇതു ഉപയോഗിക്കാവുന്നതാണ്. കൂടാതെ പഞ്ചസാര സ്റ്റാർച്ച് എന്നിവ നിർമ്മിക്കുന്നതിനും ഇത് ഉപയോഗപ്പെടുത്താവുന്നതാണ്. പ്രത്യേക കീട-രോഗബാധകൾ ഒന്നുംതന്നെ ഏല്ക്കാറില്ല. അല്പം ശ്രദ്ധാപൂർവ്വം കൃഷിചെയ്താൽ ഹെക്ടറിന് 40 ടൺ വരെ വിളവു ലഭിക്കാറുണ്ട്.

ഇഞ്ചിപ്പുല്ല് (തെരുവപ്പുല്ല്)

ആദ്യകാല കുടിയേറ്റ കർഷകരാണ് പഞ്ചായ

ത്തിൽ ആദ്യമായി ഇഞ്ചിപ്പുൽകൃഷി ആരംഭിച്ചത്. കുറുമ്പാലക്കോട്ടയിലും മാടക്കുന്നിലുമായിരുന്നു ഇത് കൂടുതലായും കൃഷി ചെയ്തിരുന്നത്. ഈ പുല്ലിൽ നിന്നും വാറ്റി എടുക്കുന്ന തൈലമാണ് ഇതിന്റെ ഉൽപന്നം. ഇതിനു ധാരാളം വിറക് ആവശ്യമാണ്. വിറകിന്റെ ലഭ്യത കുറഞ്ഞതോടെ കർഷകർ ഈ കൃഷി പാടെ ഉപേക്ഷിച്ചു. ഇന്ന് ഈ കൃഷി പഞ്ചായത്തിൽ നിലവിലില്ല.

ഔഷധചെടികൾ

പലതരം ഔഷധച്ചെടികൾ ഈ പ്രദേശത്ത് വളരുന്നുണ്ട്. അവയെ സംരക്ഷിക്കുകയും വിപണന സാധ്യതകളുള്ള ചിറ്റാമൃത്, തിപ്പലി, കൊടുവേലി, കരിംകുറിഞ്ഞി, പാൽമുളക്, അടപൊതിയൽ, വയമ്പ് തുടങ്ങിയ വിവിധ ഔഷധച്ചെടികൾ കൃഷിചെയ്യാവുന്നതുമാണ്. ഇവക്ക് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് പുറമ്പോക്ക് ഭൂമികൾ ഇത്തരം കൃഷികൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

രാസവളം, കീടനാശിനി ഉപയോഗവും വിപണനവും

പഞ്ചായത്തിലെ ആകെ മൂന്നു വളം ഡിപ്പോകൾ പ്രവർത്തിച്ചു വരുന്നു. ഇവയെല്ലാം സ്വകാര്യമേഖലയിലാണ് പ്രവർത്തിച്ചുവരുന്നത്. സഹകരണ മേഖലയിൽ ഒരൊറ്റ വളംഡിപ്പോ പോലും പ്രവർത്തിക്കുന്നില്ല. കീടനാശിനികളുടെയും രാസവളങ്ങളുടേയും ഉപയോഗം അമിതവും അശാസ്ത്രീയവുമായി ഇവിടങ്ങളിൽ കണ്ടുവരുന്നു. നിസ്സാരമായ രോഗങ്ങൾക്കു പോലും വീര്യംകൂടിയ മരുന്നുകൾ തളിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ചെടികളും കായകളും വലിച്ചെടുക്കുന്ന കീടനശിനികളും സ്പർശനം മൂലം കീടങ്ങൾ നശിക്കുന്ന കീടനാശിനികൾ എന്നിങ്ങനെ കീട-കുമിൾ നാശിനികൾ പലവിധത്തിൽ വിപണിയിൽ ലഭ്യമാണ്. എന്നാൽ യാതൊരു മടിയും കൂടാതെ കച്ചവടക്കാരന്റെ ഉപദേശത്തിനനുസരിച്ചാണ് പലരും സസ്യസംരക്ഷണ മരുന്നുകൾ ഉപയോഗിച്ചുവരുന്നത്.

നാം ചാഴിപ്പൊടിയെന്ന പേരിൽ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തുവരുന്ന 'ബി. എച്ച്. സി.' വിദേശങ്ങളിൽ നിരോധിച്ചിട്ട് വർഷങ്ങൾ തന്നെ കഴിഞ്ഞിരിക്കുകയാണത്രെ. ഇതിന്റെ അവശിഷ്ടവിഷം മനുഷ്യശരീരത്തിൽ ഒരിക്കൽ പ്രവേശിച്ചാൽ ഒരിക്കലും പുറത്തുപോകാതെ മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്ന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കും എന്നു ശാസ്ത്രീയമായിത്തന്നെ തെളിഞ്ഞു കഴിഞ്ഞതാണ്. ഇന്ത്യയിലും ഇത് ഏതാനും വർഷങ്ങൾക്കകം നിരോധിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. വൻകിട കമ്പനികൾ ഉല്പാദിപ്പിച്ച ഉല്പന്നം കുറച്ചുവർഷംകൂടി വിറ്റുകൊള്ളട്ടെ എന്ന തികച്ചും ക്രൂരമായ ചിന്തയാവാം ഇപ്രകാരം ചിന്തിക്കാൻ സർക്കാറിനെ പ്രേരിപ്പിച്ചത്. ഇതിനെതിരെ കൃഷിക്കാർതന്നെ ബോധവാന്മാരാകേണ്ടിയിരിക്കുന്നു.

അതുപോലെതന്നെ ജൈവവളങ്ങൾ പാടെ ഒഴിവാക്കിക്കൊണ്ട് ഭൂരിഭാഗം കൃഷിക്കാരും ഇന്നു നടത്തിവരുന്ന രാസവളപ്രയോഗംമൂലം മണ്ണിലെ സൂഷ്മാണുക്കളുടെ പ്രവർത്തനം നിലക്കുകയും മണ്ണിന്റെ ജലസംഗ്രഹണശേഷിയും ഫലഫൂയിഷ്ടതയും നശിച്ച് കൃഷി തന്നെ അസാദ്ധ്യമായിത്തീരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തേക്കാം. ഇതിനെതിരെയും ശക്തമായ ബോധവൽക്കരണ പരിപാടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

കോട്ടത്തറ ഗ്രാമപഞ്ചായത്ത് രാസവള കീടനാശിനി വിപണനം
(അവലംബം. കൃഷിഭവൻ രേഖകൾ)

ക്രമനമ്പർ	സ്ഥാപനം	1993–94			1994–95			1995–96		
		രാസവളം	കീടനാശിനി		രാസവളംകീടനാശിനി			രാസവളം	കീടനാശിനി	
		കി.	ദ്രവം	ഖരം	കി. ഗ്രാം	ദ്രവം	ഖരം	കി. ഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1	സഹകരണം	ഇല്ല	1		ഇല്ല			ഇല്ല		
2	സ്വകാര്യം	1500 M. T.	800 Lt.	3400 K. G.	1700 M. T.	1200 Lt.	4000 K. G.	2200 M.T.	1600 Lt.	6000 K. G.

ഇതിനുവേണ്ടി ജൈവവളങ്ങൾ ലഭിക്കാൻ പ്രയാസമനുഭവപ്പെടുന്ന ഇക്കാലത്ത് പ്രാദേശികമായി ധാരാളം ലഭ്യമായ ചപ്പുചവറുകൾ, കാപ്പിത്തൊണ്ട്, ചകിരിച്ചോറ്, വാഴയുടെ അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ജൈവവളനിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചാൽ വിലകുറഞ്ഞ ജൈവവളങ്ങളും ഏതാനും തൊഴിലവസങ്ങളും ലഭ്യമാകുന്നതാണ്. കോട്ടത്തറ പഞ്ചായത്തിൽ ഏതാനും യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടാവണം.

കാർഷിക ഉപകരണങ്ങൾ

പഞ്ചായത്തിലെ കൃഷിവകുപ്പ് മുഖാന്തിരം ചിലയിനം കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിലും സൗജന്യമായും ഇതിനകം സമിതികൾക്കും, വ്യക്തികൾക്കും നൽകിക്കഴിഞ്ഞിട്ടുണ്ട്. ഒരു ട്രാക്ടർ, 5 പവ്വർ ടില്ലറുകൾ, 105 ഓളം റോക്കർ സ്പ്രെയറുകൾ, പതിനൊന്ന് നാപ്സാക്സ്പ്രെയറുകൾ തുടങ്ങിയവ ഇതിൽപ്പെടുന്നു. ഇതുകൂടാതെ ഏതാനും ട്രാക്ടറുകളും പവ്വർട്രില്ലറുകളും കുറെയേറെ സ്പ്രെയറുകളും പഞ്ചായത്തിൽ കൃഷിക്കാർ സ്വന്തം നിലയിൽ വാങ്ങിയവയും ഉപയോഗത്തിലുണ്ട്. ഇവയെല്ലാം മറ്റുകൃഷിക്കാർ വാടകക്കു വാങ്ങി ഉപയോഗിച്ചുവരുന്നുമുണ്ട്.

നിർദ്ദേശങ്ങൾ

ഇനിയും ധാരാളം കൃഷിക്കാർ ട്രാക്ടർ, ട്രില്ലർ, സ്പ്രെയറുകൾ തുടങ്ങിയ കാർഷികോപകരണങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്നവരായുണ്ട്. ഇവർക്കും ഇവ സബ്സിഡിയോടുകൂടി വാങ്ങുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. ഇപ്പോൾ ഓരോ വർഷവും പരിമിതമായ തോതിൽ മാത്രമേ ഇവ വാങ്ങാൻ സബ്സിഡി അനുവദിച്ചു വരുന്നുള്ളൂ.

. ഓരോ പാടശേഖരത്തിനും ഒന്ന് എന്ന തോതിൽ ട്രില്ലറുകൾ സൗജന്യമായി നൽകണം. ഉഴവുകാലികൾക്കു വിലയും സംരക്ഷണച്ചിലവും വളരെ കൂടുതലായിരിക്കുന്ന ഇക്കാലത്ത് കൃഷിക്കാർക്ക് ഇതു വളരെ പ്രയോജനകരമായിരിക്കും.

കാർഷിക യന്ത്രം വാങ്ങുന്നതിനുള്ള സബ്സിഡി സമിതികൾക്കു പുറമെ വ്യക്തികൾക്കും ലഭ്യമാക്കണം. ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും വേണം.

നാമമാത്ര കർഷകർക്കു മാത്രം തൂമ്പ, കത്തി, പിക്കാസ് തുടങ്ങിയ കാർഷികോപകരണങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

വായ്പാസൗകര്യങ്ങൾ

പഞ്ചായത്തിലെ കർഷകർക്ക് പ്രധാനമായും കാർഷിക വായ്പകൾ ലഭിക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോട്ടത്തറ ബ്രാഞ്ച്, മടക്കിമല സർവ്വീസ് സഹകരണബാങ്ക്, വൈത്തിരി കാർഷിക ഗ്രാമീണബാങ്ക് എന്നിവിടങ്ങളിൽ നിന്നുമാണ്.

നിർദ്ദേശങ്ങൾ

1. ബാങ്കുകളിൽ നിന്നും കാർഷിക വായ്പകൾ നൽകുന്നതിനുള്ള നിബന്ധനകൾ ഉദാരവൽക്കരിക്കേണ്ടതാണ്.

2. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന വർഷങ്ങളിൽ വായ്പയുടെ പലിശനിരക്ക് ലഘൂകരിക്കുക.

3. കാർഷിക വായ്പകൾ, കാർഷികാവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. കോട്ടത്തറ പഞ്ചായത്തിലെ കർഷകരുടെ ഉന്നമനത്തിനായി ഒരു സർവ്വീസ് സഹകരണബാങ്ക് അനുവദിക്കേണ്ടതാണ്.

5. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് നേരത്തെയുണ്ടായിരുന്ന പലിശ സബ്സിഡി പുനഃസ്ഥാപിക്കണം.

സമിതികൾ

കോട്ടത്തറ പഞ്ചായത്ത് കൃഷിഭവൻ പരിധിയിൽ 18 പാടശേഖര സമിതികളും 8 കുരുമുളകു സമിതികളും നിലവിലുണ്ട്. കൂടാതെ ഒരു തെങ്ങുസംരക്ഷണസമിതിയും പ്രവർത്തിക്കുന്നു. ചില പ്രദേശങ്ങളിലെ സമിതികളിൽ ചിട്ടയായ പ്രവർത്തനം നടക്കുന്നില്ല. കൃഷിഭവനിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുക എന്നതിലപ്പുറം കൃഷി പരിപോഷിപ്പിക്കുന്നതിന് യാതൊരു നടപടിയും സമിതികളുടെ ഭാഗത്തുനിന്നും ഉണ്ടാകാറില്ല. ലഭിക്കുന്ന ആനുകൂല്യങ്ങൾ തന്നെ കൃത്യസമയത്തു വിതരണം ചെയ്യുന്നതിന് പല സമിതികൾക്കും കഴിഞ്ഞിട്ടില്ല. കുരുമുളക് പരിപാലന സമിതികളിൽ വാർഷിക പൊതുയോഗം നടത്താത്തതായി അഞ്ചും ആറും വർഷം കഴിഞ്ഞവയുമുണ്ട്. പല സമിതികളിലും കൃഷിഭവൻ വഴി നൽകിയ റോക്കർ സ്പ്രെയറുകൾ ഉപയോഗശൂന്യമായിരിക്കുകയാണ്. ആവശ്യമായ പ്രവർത്തന മൂലഘനമുണ്ടായിരുന്നിട്ടും സ്പ്രെയ

റുകൾ റിപ്പയർ ചെയ്ത് മെമ്പർമാർക്ക് വാടകക്കു നൽകുന്നതിന് ചില സമിതികൾക്ക് കഴിയുന്നില്ല. ആകെയുള്ള പ്രവർത്തനം കീടനാശിനികളും സബ്സിഡിയും വിതരം ചെയ്യുക എന്നതിൽ ഒതുങ്ങിയിരിക്കുന്നു. മിക്ക സമിതികളും കണക്കുകൾ കൃത്യമായി ഓഡിറ്റു ചെയ്യാറില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലൊക്കെ സമിതികളുടെ നിർജീവാവസ്ഥ വെളിപ്പെടുന്നതാണ്.

പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ മുൻപ് രൂപീകരിച്ച 8 കേരസംരക്ഷണസമിതികൾ ഇപ്പോൾ ഏകോപിപ്പിച്ച് ഒരു സമിതിയായി തൃപ്തികരമായിത്തന്നെ പ്രവർത്തനം നടത്തിവരുന്നു.

നിർദ്ദേശങ്ങൾ

1. കൃഷിഭവൻ അധികൃതർ സമിതികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കണം.
2. ഭരണസമിതി കാലാവധി കഴിഞ്ഞവയിൽ, പൊതുയോഗം വിളിച്ചുചേർത്ത് ഉടനടി തിരഞ്ഞെടുപ്പുകൾ നടത്തണം.
3. സമിതികളുടെ കണക്കുകൾ കൃത്യമായി ഓഡിറ്റു ചെയ്യണം. ക്രമക്കേടുകൾ ഉള്ള പക്ഷം ഭരണസമിതി പിരിച്ചുവിട്ട് അന്വേഷണം നടത്തണം.
4. സ്പ്രെയറുകൾ, ടില്ലറുകൾ തുടങ്ങിയവ സമയാസമയങ്ങളിൽ റിപ്പയർ ചെയ്യണം.
5. സമിതികളുടെ പ്രവർത്തനം ആനുകൂല്യങ്ങൾ വിതരണം ചെയ്യുക എന്നതിൽ ഒതുക്കിനിർത്താതെ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്താൻ കഴിയണം.
6. എല്ലാ സമിതികളിലും വാർഡ് മെമ്പർമാർ അംഗങ്ങളായിരിക്കുകയും പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുകയും വേണം.
7. പ്രവർത്തനരഹിതമായതും തിരഞ്ഞെടുപ്പ് നടത്താത്തതുമായ സമിതികളുടെ പ്രവർത്തനം കൃഷി ഓഫീസർ താല്ക്കാലികമായി ഏറ്റെടുക്കണം.
8. നെൽകൃഷി ചെയ്യുന്നവർക്കു മാത്രമേ പാടശേഖരങ്ങൾ മുഖേനയുള്ള ആനുകൂല്യങ്ങൾ നൽകാവൂ.
9. സമിതിയുടെ വരവുചിലവു കണക്കുകൾ ഏതവസരത്തിലും ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം കൃഷി ഉദ്യോഗസ്ഥർക്ക് നൽകണം.

കൃഷിഭവൻ ഉപദേശകസമിതി

ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കർഷക പ്രതിനിധികൾ ക്രിയാത്മക നിർദ്ദേശങ്ങൾ നല്കാൻ കഴിയുന്നവരായിരിക്കണം. ഉപദേശകസമിതിയുടെ അംഗസംഖ്യ 21 ൽ നിജപ്പെടുത്തുകയും അംഗങ്ങളുടെ സിറ്റിംഗ് ഫീസ് നിർത്തലാക്കുകയും വേണം. ഒരു സേവനമെന്ന നിലയിൽ സമിതി അംഗങ്ങൾ പ്രവർത്തിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വിള ഇൻഷുറൻസ്

കഴിഞ്ഞ വർഷം മുതൽ നടപ്പിലാക്കിയ വിള ഇൻഷൂറൻസ് പദ്ധതി കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവ്വും സുരക്ഷിതത്വബോധവും ഉണ്ടാവാൻ കാരണമായിട്ടുണ്ട്. 25 ഓളം കാർഷികവിളകൾ ഓരോന്നിനും നിശ്ചിത പ്രീമിയം അടച്ച് ഇൻഷൂർ ചെയ്യാവുന്നതാണ്. ഹൃസ്വകാല വിളകൾക്ക് വിളവെടുപ്പ് തുടങ്ങുന്നതുവരെയും മറ്റുള്ളവർക്ക് ഇൻഷ്വർ കാലാവധി തീരുന്നതുവരെയും പ്രകൃതിക്ഷോഭംമൂലം പൂർണ നാശം ഉണ്ടായാൽ അതു സംബന്ധിച്ച ഗവ: ഉത്തരവിൽ പറയുന്ന പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതാണ്. പദ്ധതി ആരംഭിച്ച് ഒരു വർഷം കഴിഞ്ഞുവെങ്കിലും പഞ്ചായത്തിലെ വാഴകൃഷി ഒഴിച്ച് മറ്റു കൃഷികളൊന്നും വ്യാപകമായി ഇൻഷ്വർ ചെയ്തു തുടങ്ങിയിട്ടില്ല. അറിവില്ലായ്മയും പദ്ധതി നടത്തിപ്പിലുള്ള വിശ്വാസക്കുറവുമാണ് ഇതിനു കാരണം.

നിർദ്ദേശങ്ങൾ

1. വാഴയുടെ ഇൻഷുറൻസ് പ്രീമിയം ഒരു രൂപയായി ചുരുക്കണം.
2. നഷ്ടപരിഹാരം വിതരണം നടത്തുന്നതിനു വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ ജീവനക്കരെ കൃഷിഭവനുകളിലും ജില്ലാ ഓഫീസുകളിലും നിയമിക്കണം.
3. ഹ്രസ്വകാല വിളകൾക്ക് വിളവെടുപ്പ് ആരംഭിക്കുന്നതുവരെമാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. ഈ നിബന്ധന ഒഴിവാക്കി 60% മെങ്കിലും വിളവെടുപ്പ് നടത്തുന്നതുവരെ എന്നാക്കി മാറ്റണം. ഇപ്പോൾ 2% വിളവെടുപ്പ് നടത്തിക്കഴിഞ്ഞാൽ ബാക്കി 98% ഉം പ്രകൃതിക്ഷോഭത്തിൽ നശിച്ചാലും നഷ്ടപരിഹാരം ലഭിക്കുകയില്ല.
4. നഷ്ടം വിലയിരുത്തുന്നതിന് ജനപ്രതിനിധികളും

ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപികരിക്കണം.

5. ഇൻഷ്വറൻസ് പരിരക്ഷ കാർഷികവിളകളുടെ രോഗങ്ങൾക്കെതിരെ കൂടി നൽകേണ്ടതാണ്.

6. നഷ്ടം സംഭവിച്ചാൽ ഒരു മാസത്തിനകം നഷ്ടപരിഹാരം കൃഷിക്കാരനു ലഭിക്കുന്നതിനുള്ള സംവിധനമുണ്ടാക്കണം.

തൊഴിൽദാന പരിപാടി

'കാർഷികരംഗത്ത് ലക്ഷം പേർക്ക് തൊഴിൽ' എന്ന പേരിൽ ഒരു പദ്ധതി കഴിഞ്ഞ വർഷം മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതിൽ അംഗമാകുന്ന എസ്. എസ്. എൽ. സി. വരെയെങ്കിലും പഠിച്ചിട്ടുള്ള തൊഴിൽ അന്വേഷകർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കാർഷികരംഗവുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു തൊഴിൽ സംരംഭത്തിൽ ഏർപ്പെടുന്നതിന് സബ്സിഡിയോടുകൂടിയ ലോണും മറ്റു സാങ്കേതിക സഹായങ്ങളും നൽകുന്നതണ് എന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. കൂടാതെ ഇവർക്ക് അറുപതു വയസിനു ശേഷം പ്രതിമാസം 1000 രൂപ വീതം പെൻഷൻ നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇടക്കുവെച്ച് മരണം സംഭവിച്ചാൽ അവകാശികൾക്ക് നിശ്ചിത തുക നഷ്ടപരിഹാരം നൽകുന്നതുമാണ്. കോട്ടത്ത പഞ്ചായത്തിൽ 100ൽ അധികം പേർ 1100 രൂപ വീതം അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

* തൊഴിൽ പദ്ധതികൾ മുകളിൽ നിന്നും അടിച്ചേൽപ്പിക്കതെ തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽപദ്ധതി തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ സ്വാതന്ത്ര്യം അവർക്ക് നൽകേണ്ടതാണ്. നിലവിൽ നിർദ്ദേശിക്കപ്പെട്ട തൊഴിൽപദ്ധതികളൊന്നും തന്നെ ഒരു വരുമാനമാർഗ്ഗമായി കാണാൻ കഴിയാത്ത വിധത്തിലുള്ളതാണ്.

കൃഷിഭവൻ പ്രവർത്തനങ്ങൾ

കൃഷിഭവൻ കൃഷിക്കാർക്ക് ഏറ്റവും ബന്ധപ്പെടേണ്ടുന്ന ഒരു ഓഫീസായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനശൈലിയിലും നടപടിക്രമങ്ങളിലും വളരെയേറെ മാറ്റങ്ങൾ ആവശ്യവുമാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും ഇപ്പോൾ കൃഷിഭവന്റെ ഗുണഭോക്തക്കളായി മാറികഴിഞ്ഞിട്ടുണ്ട്. പദ്ധതികളും വിജ്ഞാനവ്യാപനപ്രവർത്തനവും വർദ്ധിച്ചതനുസരിച്ച് കൃഷിഭവനിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ഉള്ള ഒഴിവുകൾ നികത്തപെടാതെ കിടക്കുന്നു. ഒരു വിരോധാഭാസമെന്നു പറയട്ടെ നാമമാത്രമായ വികസനപ്രവർത്തനങ്ങളും പദ്ധതികളും ഉണ്ടായിരുന്ന കാലത്ത് (10 വർഷം മുൻപ്) ഉണ്ടായിരുന്നത്ര ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഇപ്പോൾ നിലവിലില്ല. 10 വർഷം മുൻപ് ഒരു ഓഫീസിൽ രണ്ട് ഓഫീസർ 5-6 കൃഷി അസിസ്റ്റന്റുമാർ ഒരു ക്ലാർക്ക് ഒരു പ്യൂൺ എന്നിങ്ങനെ 8-9 ജീവനക്കാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഒരു ഓഫീസറും 2-3 കൃഷി അസിസ്റ്റന്റുമാരുമായി ചുരുങ്ങി. ഇതുകൊണ്ട് വർദ്ധിച്ചുവരുന്ന കൃഷിക്കാരുടെ ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം കണുന്നതിനോ പദ്ധതികൾ വേണ്ട വിധത്തിൽ നടപ്പിലാക്കുന്നതിനോ സാധിക്കാതെ വരുന്നു. ഇത് കാർഷിക മേഖലയിലെ പുരോഗതിക്ക് തടസ്സമെന്ന് മാത്രമല്ല വളരെയേറെ പ്രശ്നങ്ങൾക്ക് വഴിവെക്കുകയും ചെയ്യുന്നു. മാത്രമല്ല ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രവർത്തനം ഓഫീസിലെ ക്ലറിക്കൽ ജോലി, കോൺഫ്രൻസ്, ട്രഷറി, ജില്ലാ-ബ്ലോക്ക് ഓഫീസുകളിലേക്കുള്ള യാത്ര, സബ്സിഡി വിതരണം അതിന്റെ കണക്കുകൾ എന്നിവയിൽ മാത്രം ഒതുങ്ങേണ്ടിവന്നിട്ടുണ്ട്. മറ്റെല്ലാ രംഗത്തുമെന്നപോലെ കർഷികശാസ്ത്രരംഗത്തു വന്ന കുതിച്ചുചാട്ടങ്ങളെ കൃഷിക്കാരനിൽ എത്തിക്കുന്നതിനോ കർഷികമേഖലയിൽ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും സർക്കാറിന്റെ ശ്രദ്ധയിലും ഗവേഷണരംഗത്തും എത്തിക്കാനോ ഇപ്പോൾ യാതൊരു സംവിധാനങ്ങളും ഇല്ലാതിരിക്കുന്നു. ഇതിന്റെ ഫലമായി കമ്പനിക്കാരന്റെയും കച്ചവടക്കാരന്റെയും തന്ത്രങ്ങളിലും പരസ്യത്തിലുമകപ്പെട്ട് അനാവശ്യവും അമിതവുമായ രാസവളങ്ങളും കീട-കുമിൾ നാശിനികളുമെല്ലം ഉപയോഗിക്കേണ്ടിവരുന്നുണ്ട്. ഇത് കൃഷിക്കരുടെ സാമ്പത്തിക നഷ്ടത്തിനും, ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും തകർച്ചക്കും കാരണമാകുന്നു.

നിർദ്ദേശങ്ങൾ

1. ജനസംഖ്യടിസ്ഥനത്തിൽ കൃഷി ഓഫീസും ജീവനക്കാരും എന്ന ഇപ്പോഴത്തെ തത്വം മാറ്റി കൃഷിയും കൃഷിഭൂമിയുടെ വിസ്തീർണ്ണം എന്ന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുക.

2. 1000 ഏക്കർ കൃഷിഭൂമി എന്ന കണക്കിൽ ഓരോ കാർഷിക ക്ലിനിക്ക് സ്ഥാപിക്കുക.

3. ഒരു കൃഷിഭവനിൽ കുറഞ്ഞത് അഞ്ച് സങ്കേതിക ഉദ്യോഗസ്ഥരെ നിയമിക്കുക.

4. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും കാർഷികക്ലിനിക്കിൽ, കൃഷി ഉദ്യോഗസ്ഥർ ഉണ്ടായിരിക്കുക ഈ കൃഷിക്ലിനിക്ക് കൃഷിവികസന സമിതിയുടെ ഓഫീസുകൂടിയായി പ്രവർത്തിക്കുന്നു.

5. കാർഷിക ഉപകരണങ്ങളുടെ റിപ്പയർ വളരെ വേഗത്തിൽ ചെയ്തുകൊടുക്കാൻ മൊബയിൽ യൂണിറ്റ് ഉണ്ടാക്കും. കാർഷികക്ലിനിക്കിൽ ഇതിനു ഇതു സൗകര്യം ഏർപ്പെടുത്തുക.

6. വളരെ അടിയന്തിരമയും ശ്രദ്ധാപൂർവ്വവും ചെയ്യേണ്ടുന്ന മരുന്നുതളി, കാർഷിക ഉപകരണങ്ങളുടെ റിപ്പയർ, പ്രവർത്തിപ്പിക്കൽ, തെങ്ങുകയറ്റം കവുങ്ങ് കയറ്റം എന്നിവയിൽ പരിശീലനംനല്കി തൊഴിലില്ലാത്ത യുവക്കളുടെ ഒരു സന്നദ്ധസേന രൂപീകരിക്കാവുന്നതാണ്.

7. ഇവർക്ക് ആവശ്യമായ പരിശീലവും ഉപകരണങ്ങളും സർക്കാർ സൗജന്യമായി നൽകുക. ഇവരുടെ സേവനം വേതനം നൽകി കൃഷിക്കാർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

8. കൃഷിഭവൻ വഴിയുള്ള സബ്സിഡികൾ വിതരണം ചെയ്യുമ്പോൾ കൃഷിക്കാരന്റെ അർഹതയും ആവശ്യവും കണക്കിലെടുക്കേണ്ടതാണ്.

9. കൃഷിക്കരന് താൽപര്യവും ആവശ്യവുമില്ലാത്ത പദ്ധതികൾ ഒരിക്കലും അടിച്ചേൽപ്പിക്കരുത്.

10. തുടർച്ചയായ പദ്ധതികളിൽ ഗുണഭോക്താവുന്ന കൃഷിക്കാരൻ ദുരുപയോഗം ചെയ്താൽ പിന്നീടുള്ള ഗഡുക്കൾ ക്യാൻസൽ ചെയ്യേണ്ടതാണ്.

11. ദുരുപയോഗം ചെയ്യുന്ന കൃഷിക്കാരനിൽ നിന്നും നഷ്ടം ഈടാക്കാനുള്ള നിയമം കൊണ്ടുവരണം.

12. നടപ്പിലക്കുന്ന ഓരോ പദ്ധതികളെക്കുറിച്ചും വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തി ഫലപ്രദമല്ലെന്നു കണ്ടാൽ പദ്ധതികൾ നിർത്തൽ ചെയ്യേണ്ടതാണ്.

13. പല സബ്സിഡിതുകകളും വളരെ തുച്ഛമാണ്. ഇത് കാലോചിതമായി വർദ്ധിപ്പിച്ചുകൊടുക്കേണ്ടതാണ്. (ഉദാ: കമ്പോസ്റ്റുകുഴി, ഇടക്കയ്യാല മുതലായവ)

കൃഷി പൊതുനിർദ്ദേശങ്ങൾ

* മറ്റു ജില്ലകളിൽ നിന്നുവരുന്ന നടീൽ വസ്തുക്കൾ ഇവിടുത്തെ കാലവസ്ഥക്കും മണ്ണിനും യോജിച്ചതയി കാണുന്നില്ല. അതിനാൽ ഈ ജില്ലയിലേക്കാവശ്യമായ നടീൽ വസ്തുക്കൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

* ജില്ലാ കൃഷിത്തോട്ടം നിലവിലില്ലത്ത ഏക ജില്ല വയനാട് മാത്രമാണ്. എത്രയും പെട്ടന്ന് ജില്ലാ കൃഷിത്തോട്ടം സ്ഥാപിക്കുന്നതിള്ള നടപടി സ്വീകരിക്കുക. അതോടനുബന്ധിച്ച് ഒരു വിത്തുല്പാദനകേന്ദ്രം കൂടി സ്ഥാപിക്കേണ്ടതാണ്.

* വയനാട്ടിൽ ഒരു വെറ്റിനറി കോളേജ് ഉടൻ ആരംഭിക്കണം.

* വയനാട് ജില്ലയിൽ ഒരു ബോട്ടണിക്കൽ ഗാർഡൻ ആരംഭിക്കുക. വയനാട് ജില്ലയിലെ മണ്ണും കാലാവസ്ഥയും ഇതിനു വളറെ അനുയോജ്യമാണ്. കോട്ടത്തറ പഞ്ചായത്തിൽ തന്നെ ഇതിനനുയോജ്യമായ ഭൂമി ലഭ്യമാണ്.

* പഞ്ചായത്ത് തലത്തിൽ വിദഗ്ദരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ആസൂത്രണസമിതി രൂപീകരിക്കുക.

* നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുക.

* ഏതെങ്കിലും ഒരു കാർഷികോല്പന്നത്തിന് പെട്ടെന്ന് വിലയിടുന്നപക്ഷം സർക്കാർ നേരിട്ട് ഉല്പന്നങ്ങൾ വാങ്ങി സൂക്ഷിക്കുക. വിപണനം നടത്തുമ്പോൾ സർക്കാരിനുണ്ടാകുന്ന നഷ്ടം സബ്സിഡി വഴി നികത്തുക.

* രാസവളങ്ങളുടെ വില സ്ഥിരമായി നിയന്ത്രിച്ചു നിർത്തുക.

* നെല്ലിന്റെ ഉല്പാദന ബോണസ്സ് ഏക്കറിന് 1000 രൂപയെങ്കിലുമാക്കി പുതുക്കി നിശ്ചയിക്കുക.

* കാർഷികവായ്പകൾക്ക് നാമമാത്ര പലിശ മാത്രം ഈടാക്കുക. (6% ൽ കവിയാതെ ശ്രമിക്കണം)

* അനാവശ്യവും അമിതവുമായ കീട-കുമിൾ നാശിനി പ്രയോഗത്തിനെതിരെ നിയമം കൊണ്ടുവരിക. വിവിധ കമ്പിനികൾ ഇറക്കികൊണ്ടിരിക്കുന്ന അനേകം കുമിൾ കീടനാശിനികൾ വളരെ അത്യവശ്യമായതു മാത്രമേ കൃഷിവകുപ്പ് ശുപാർശ ചെയ്യാവു. ഇല്ലാത്ത ഗുണവിശേഷങ്ങൾ

വർണ്ണിച്ചുകൊണ്ടുള്ള കമ്പനികളുടെ പ്രചരണം നിയന്ത്രിക്കുക.

* പഴയ പരിശീലന–സന്ദർശന പരിപാടിയുടെ മാതൃകയിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കൃഷിക്കാരുടെ തോട്ടങ്ങൾ ഇടക്കിടെ സന്ദർശിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. ഇതിനുവേണ്ടി സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത ജോലികളിൽ നിന്നും കൃഷി അസിസ്റ്റന്റുമാരെയും ഓഫീസറെയും ഒഴിവാക്കി മറ്റു സംവിധാനം ഏർപ്പെടുത്തുക.

* കൃഷികളെയും കാർഷിക സംരംഭങ്ങളേയും പരിപോഷിപ്പിക്കാനെന്ന പേരിൽ നിരവധി സബ്സിഡി ആനുകൂല്യങ്ങൾ ഇന്നു കൃഷിഭവൻ വഴി നടപ്പിലാക്കേണ്ടി വരുന്നുണ്ട്. കോട്ടത്തറ കൃഷിഭവന്റെ കീഴിൽ തന്നെ ലക്ഷക്കണക്കിനു രൂപ ഓരോ വർഷവും ഈയിനത്തിൽ ചിലവാക്കി വരുന്നുണ്ട്. കൃഷിഭവനിലെ കാർഷിക വിദഗ്ദരായ ജീവനക്കാരുടെ ജോലി സമയത്തിന്റെ ഭൂരിഭാഗവും ഇത്തരം സബ്സിഡി വിതരണത്തിനു വേണ്ട പ്രവർത്തനത്തിനായി മാറ്റിവെക്കേണ്ടി വരുന്നുണ്ട്. ഈ പദ്ധതികളെല്ലാം പുനരാലോചനക്ക് വിധേയമാക്കേണ്ടതാണ്.

* വിത്ത്, തൈകൾ എന്നിവ സർക്കാരിന് നേരിട്ട് കൃഷിഭവൻ വഴി വിതരണം ചെയ്യാൻ സാധിക്കാതെ വരുമ്പോൾ ശീതകാല പച്ചക്കറി വിത്തുകൾ തുടങ്ങിയവ ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ട് വിതരണം നടത്തേണ്ടതാണ്.

* കോട്ടത്തറ കൃഷിഭവന്റെ കീഴിൽ എല്ലാ വർഷവും കൃത്യമായി വിവിധ വിളകൾക്ക് വിളമത്സരം സംഘടിപ്പിക്കാവുന്നതാണ്. ഇതിനു നേതൃത്വം നൽകാൻ സഹകരണ ബേങ്കുകളോ, കർഷകസമിതികളോ മുൻപോട്ടുവരാൻ സാധ്യതയുണ്ട്. അതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും കൃഷിഭവൻ തന്നെ മുന്നോട്ടു വരണം. ഇപ്രകാരം ചെയ്യുന്നതായാൽ കാർഷികമേഖലയിൽ ഒരു പുത്തൻ ഉണർവ്വും മത്സരബുദ്ധിയും ഉണ്ടാവുകയും അതു വഴി കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്യും.

തെക്കൻ കേരളത്തിൽ തൊടുപുഴക്കടുത്ത് ആലക്കോട് പഞ്ചായത്തിൽ വർഷംതോറും നടത്തിവരാറുള്ള ഈ പരിപാടി നമുക്കും അനുകരിക്കാവുന്നതാണ്. അവിടെ സഹകണ ബേങ്കാണ് ഈ പരിപാടിക്ക് നേതൃത്വം നൽകുന്നത്. കൃഷിഭവൻ അധികൃതരും ഏതാനും പുരോഗമന കർഷകരും ഒത്തു ചേർന്ന് ഇതേക്കുറിച്ച് നേരിൽചെന്ന് പഠിക്കുന്നത് നന്നായിരിക്കും. വിളമത്സരം ബേങ്കുകൾ, സമിതികൾ, ക്ലബുകൾ, വ്യക്തികൾ എന്നിവർക്കെല്ലാം കൂടി സ്പോൺസർ ചെയ്യാവുന്നതാണ്.

* കൃഷിഭവന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും താൽപര്യമുള്ള കൃഷിക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ കാർഷിക ഗവേഷണ കേന്ദ്രത്തിലേക്കും മറ്റ് ജില്ലാ കൃഷി തോട്ടങ്ങളിലേക്കും പഠനയാത്രകൾ സംഘടിപ്പിക്കാവുന്നതാണ്. ഇത് കൃഷിക്കാർക്ക് ആവേശകരമായ അനുഭവമായി മാറുമെന്നതിൽ സംശയമില്ല.

* പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ കർഷക സമിതികളുടെ സഹായത്തോടെ വിവിധ ഭാഗങ്ങളിൽ കൃഷിഭവന്റെതായി ഓരോ നോട്ടീസു ബോർഡുകൾ സ്ഥാപിക്കണം. കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള നോട്ടീസുകൾ മാസത്തിൽ ഒരു തവണ എന്നതോതിലെങ്കിലും പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.

* ഏതൊരു കൃഷിയുടെ കാര്യത്തിലും കർഷകന് താൽപര്യം ജനിപ്പിക്കാനുതകുന്ന പ്രധാനപ്പെട്ട കാര്യം അതതു ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കും എന്നുറപ്പു വരുക്കുകയാണ്. ഈ ഉത്തരവാദിത്വം പൂർണ്ണമായും സർക്കാർതന്നെ ഏറ്റെടുക്കണം. ഫലപ്രദമായ രീതിയിലുള്ള സംഭരണ വിതരണ സംവിധാനങ്ങൾ സർക്കാർ തലത്തിൽ തന്നെയുണ്ടാവണം.

കൃഷി പരിപോഷിപ്പിക്കുന്നതിനുള്ള മറ്റു പദ്ധതികൾ നടപ്പിലാക്കി തുടങ്ങുന്നതിനു മുമ്പേ ഇതേക്കുറിച്ച് ഗൗരവമായി അധികൃതർ ആലോചിക്കണം. മുൻപ് കോക്കോ കൃഷിക്ക് വയനാട്ടിൽ വ്യാപകമായ പ്രചരണം നൽകുക വഴി കൃഷി പെട്ടെന്ന് പെരുകുകയും ഉല്പന്ന വിപണത്തിന് സംവിധാനമില്ലാതെ കർഷകർ ബുദ്ധിമുട്ടുകയും അവസാനം കൊക്കോതോട്ടങ്ങൾ കൃഷിക്കാർ ഒന്നൊന്നായി നശിപ്പിക്കുകയും ചെയ്തത് ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്.

* പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിയിൽ അഭിരുചിയുള്ള യുവാക്കളെ സംഘടിപ്പിച്ച് ഓരോ 'കാർഷിക ക്ലബുകൾ' രൂപീകരിക്കുന്നതിന് പ്രോത്സാഹനം നൽകണം. ചർച്ചാക്ലാസുകൾ, സെമിനാറുകൾ കാർഷിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കൽ എന്നിവ ഇതോടൊപ്പം സംഘടിപ്പിക്കാവുന്നതാണ്.

ചുരുക്കത്തിൽ ഈ ക്ലബ്ബുകൾ ഓരോ കൃഷി വിജ്ഞാനകേന്ദ്രങ്ങൾ ആയി പ്രവർത്തിക്കുന്നതി നുള്ള സാഹചര്യം സൃഷിക്കാവുന്നതാണ്.

* ജില്ലാ തലത്തിൽ ഒരു മൊബൈൽ മണ്ണുപരിശോ ധനാ യൂണിറ്റ് ആരംഭിച്ച് കൊല്ലത്തിൽ ഒരു മാസ ക്കാലമെങ്കിലും പ്രസ്തുത യൂണിറ്റ് കോട്ടത്തറ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ക്യാമ്പു ചെയ്തു കൃഷിക്കാരുടെ മണ്ണു സാമ്പിളുകൾ അപ്പോൾ തന്നെ പരിശോധിച്ച് നൽകണം.

* കോട്ടത്തറ പഞ്ചായത്തിലെ നിർദ്ദിഷ്ഠ 'ഫാം ക്ലബ്ബിന്റെ' നിർമ്മാണം ഉടൻ ആരംഭിക്കേണ്ടതാണ്.

* കുട്ടികളിൽ കാർഷികാഭിരുചി വളർത്തിയെടുക്കു ന്നതിനു വേണ്ടി വിദ്യാലയങ്ങളിൽ കാർഷിക ക്ലാസുകൾ ആരംഭിക്കണം.

* സ്ക്കൂളുകളിൽ കൃഷി പാഠവിഷയമായി അംഗീക രിക്കണം. ഇതിനാവശ്യമായ സാങ്കേതിക പരി ജ്ഞാനമുള്ള അദ്ധ്യാപകരെ പ്രൈമറി സ്ക്കൂൾ മുതൽ നിയമിക്കണം.

* കർഷകരുടെ താല്പര്യത്തിനു വിപരീതമായി കാപ്പി, റബ്ബർ തുടങ്ങി കാർഷികോൽപന്നങ്ങൾ ബഹുരാഷ്ട്ര കുത്തകകളുടെ സമ്മർദ്ദത്തിനു വഴങ്ങി ഇറക്കുമതി ചെയ്യാനുള്ള സർക്കാർ തീരു മാനം ഉപേക്ഷിക്കേണ്ടതാണ്.

പൊതുവായി പറയുമ്പോൾ ഭൂമിശാസ്ത്രപരമാ യിത്തന്നെ ഒരുപാടു വ്യത്യാസങ്ങൾ മറ്റു ജില്ലകളിൽ നിന്നും നമ്മെ വേർതിരിച്ചു നിർത്തുന്നതായി കാണാം. കാലാവസ്ഥയും മണ്ണും ഭൂപ്രകൃതിയും കൃഷിരീതികളും പരിശോധിച്ചാൽ ഇക്കാര്യം വ്യക്ത മാവുന്നതാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് എല്ലാ വിളകൾക്കും തന്നെ വിളവ് ലഭിച്ചു തുടങ്ങുന്നതിനും വിളവെടുപ്പിനും കാലദൈർഘ്യം കൂടുതലാണ്. അതു പോലെത്തന്നെ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടാക്കി യാലും ഇവിടെ നെല്ലിന് ഒരു മൂന്നാംവിള കൃഷി സാദ്ധ്യമല്ല. എന്നാൽ നെല്ലിന് ഏറ്റവും കൂടുതൽ ഉൽപ്പാദനക്ഷമത കൈവരുത്താൻ കഴിയുന്ന ജില്ല വയനാടാണ്. വയനാട് ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ ജലലഭ്യതയും നെൽവയലുകളും ഉള്ള പഞ്ചായത്തുകളിൽ ഒന്നാണ് കോട്ടത്തറ. മാരക രോഗം ബാധിച്ച് കുരുമുളകു ചെടികൾ നശിച്ചുകൊ ണ്ടിരിക്കുമ്പോഴും ഒരു പക്ഷെ ലോകത്തിൽ തന്നെ ഏറ്റവുമധികം ആയുർദൈർഘ്യമുള്ള കുരുമുളക് ചെടികൾ ഇവിടെ നിലനില്ക്കുന്നുണ്ട് എന്നു പറയാം. താഴ്വരകളിലും കുന്നിൻ പ്രദേശങ്ങളിലും വയലുകളിലും ഉഷ്ണമേഖലകളിലും മിതശീ തോഷ്ണ മേഖലകളിലും വളരുന്ന ഏതാണ്ടെല്ലാ കൃഷികളും വിജയകരമായിത്തന്നെ ഇവിടെ കൃഷി ചെയ്യാൻ സാധിക്കുന്നതാണ്. സുഗന്ധദ്രവ്യ വിളക ളുടെ തറവാടുതന്നെയാണിവിടം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ജനങ്ങളുടെ കൃഷിരീതികളും ആചാ രങ്ങളും സഹിഷ്ണുതയോടെ സ്വീകരിച്ച് വിജയക രമായി അവയിൽ ചിലതൊക്കെ സംയോജിപ്പിച്ച് നില നിർത്തിക്കൊണ്ടിരിക്കുന്ന നാടാണ് നമ്മുടെ നാട്. അപ്പോൾ നമ്മുടെ വികസന പദ്ധതികളിൽ മേൽപ്പ റഞ്ഞ കാര്യങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനങ്ങളും ഗവേഷണങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. ഒരു കാര്യം തീർച്ചയാണ് പഴയകാല കൃഷി രീതികൾ എത്ര മെച്ചപ്പെട്ടതായിരുന്നെങ്കിലും അവയിലേക്ക് തിരിച്ചുപോക്കോ പുനരാവിഷ്ക്കരണമോ സാധ്യമല്ല. കാരണം കാലവും ഭൂപ്രകൃതിയും ജീവിത സാഹച ര്യങ്ങളും അപ്പാടെ മാറിക്കഴിഞ്ഞിരിക്കുകയാണ്. നമുക്ക് പ്രകൃതിയിൽ നിന്നും പൂർവ്വികരിൽ നിന്നും ലഭിച്ച സനാതനങ്ങളായ അറിവും നന്മകളും ഇപ്പോ ഴത്തെ ശാസ്ത്രസാങ്കേതിക വിദ്യകളും കൂട്ടിയോജി പ്പിച്ചുകൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥ യേയും ജീവ സമുച്ചയത്തേയും തകർക്കാത്ത ഒരു വികസന പദ്ധതിക്കു രൂപം കൊടുത്തുകൊണ്ടുള്ള ഉണർത്തുപാട്ടുമായി നമുക്കൊരു മുന്നേറ്റം ആരം ഭിക്കാം.



4. ജലസേചനം

കൃഷിയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നാണ് ജലം. ഇതിനാൽ ജലശ്രോതസുകൾ സംരക്ഷിക്കുകയും ശ്രദ്ധയോടെ വിനിയോഗിക്കുക എന്നതും അതിപ്രധാനമായ കാര്യങ്ങളാണ്.

'തിരുവാതിര' തിരിമുറിയാതെ പെയ്യണം. പണ്ടത്തെ നമ്മുടെ കൃഷിതന്നെ ഞാറ്റുവേലകളെ അടിസ്ഥാനമാക്കിയായിരുന്നല്ലോ. മഴയുടെ വിതരണത്തിലെ താളം മറിച്ചിലുകൾ ഭൂപ്രകൃതിയുടെ പ്രാദേശികമായ പ്രശ്നങ്ങൾ എന്നിവകൊണ്ട് നമ്മുടെ പഞ്ചായത്തിൽ കുന്നിൻ ചരിവുകളിലും താഴ്വരകളിലും പെയ്തുവീഴുന്ന മഴവെള്ളം മണിക്കൂറുകൾക്കകം പുഴകളിലൂടെ ഒഴുകിപ്പൊകുന്നു. കൃഷി പ്രവർത്തികൾകൊണ്ട് മണ്ണിന്റെ ഘടനയിൽ വന്ന മാറ്റം മൂലം ഈ വെള്ളത്തിന്റെ ചെറിയൊരു അംശം മാത്രമേ ഭൂമിയിൽ സംഭരിക്കപ്പെടുന്നുള്ളു. അതുകൊണ്ട് തന്നെ നീരുറവകളും വളരെ കുറഞ്ഞുപോയിരിക്കുന്നു.

പാഴായിപ്പോകുന്ന മഴവെള്ളവും പുഴകളിലെ ജലവും കുടിവെള്ളത്തിനും കൃഷി ആവശ്യത്തിനും വേണ്ടവിധം വിനിയോഗിക്കുവാൻ നമുക്കാവുന്നില്ല.

ഇവിടെ മൊത്തം പെയ്യുന്ന മഴയുടെ 70 % ഇടവപ്പാതിക്കും 20% തുലാവർഷക്കാലത്തുമാണ്. ശേഷം 10% വേനൽ മഴയായും ലഭിക്കുന്നു. ഇതിൽ തന്നെ ഇടവപ്പാതി ജൂൺ, ജൂലൈ - രണ്ട് മാസത്തിൽ ആകെ മഴയുടെ 50% പെയ്യുന്നതാണ് വെള്ളപ്പൊക്കത്തിന്റെ പ്രധാന കാരണം.

പരിഷ്കാരത്തിന്റെ ജാടകൾ തീണ്ടാത്ത ഉൾനാടൻ ഗ്രാമങ്ങളിലൂടെ കരയോട് കിന്നാരം പറഞ്ഞു കൊണ്ടൊഴുകുന്ന കമ്പനിപുഴയുടെ പോഷക നദികളായ ചെറുപുഴ, വലിയ പുഴ എന്നീ പുഴകളിലെ ജല സമൃദ്ധികൊണ്ട് അനുഗ്രഹീതമാണ് കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ എട്ട് വാർഡുകളുമെന്ന് എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്. ഈ പുഴകളിലെ വെള്ളം ഉപയോഗിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിയും, വ്യക്തികൾക്ക് സ്വന്തമായി പമ്പ്സെറ്റുകൾ പ്രവർത്തിപ്പിച്ചും. ഇന്ന് ഉപയോഗശൂന്യമായ കുളങ്ങളിൽ കനാൽ വഴി വെള്ളം എത്തിച്ചും കുളങ്ങൾ പ്രവർത്തനക്ഷമമാക്കി നെൽ വയലുകൾക്കും തോട്ടവിളകളായ കാപ്പി, തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ എന്നിവയും പച്ചക്കറികളും കൃഷിചെയ്ത് പഞ്ചായത്തിൽ വിളവുകൾ വർദ്ധിപ്പിക്കുവാൻ സാധിക്കും.

കോട്ടത്തറ ഗ്രാമ പഞ്ചായത്തിന്റെ 8-ാം വാർഡിലെ മലന്തോട്ടം എന്ന സ്ഥലത്ത് 122 ഏക്കർ വനഭൂമിയുണ്ട്. ഇത് കയറ്റങ്ങളിൽ നിന്നും മരംമുറി, കാട്ടുതീ, എന്നിവയിൽ നിന്നും വളരെ പ്രധാനത്തോടുകൂടി സംരക്ഷിക്കപ്പെടേണ്ടതാണ്. കോടികൾ വിലമതിക്കുന്ന വൻമരങ്ങളും വംശനാശം വന്നുകൊണ്ടിരിക്കുന്ന അപൂർവ്വ ഔഷത സസ്യങ്ങളും പക്ഷികളും ഇവിടെയുണ്ട്. ഇത് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി സംരക്ഷിക്കപ്പെടണം.

കുറുമ്പാലക്കോട്ട മലകളിലെ വനങ്ങൾ നശിപ്പിക്കപ്പെട്ടതുകാരണം ഈ പ്രദേശങ്ങളിലെ കാലാവസ്ഥയിൽ വളരെയധികം മാറ്റങ്ങൾ വന്നതായി കാണുന്നു.

അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

പുഴ, തോട്, കുളം, എന്നിവയുടെ പാർശ്വങ്ങൾ സംരക്ഷിക്കുക എന്നതാണ്. ഇതിനായി വനംവകുപ്പിന്റെ സഹായത്തോടുകൂടി പുഴ, തോട് തീരങ്ങളിൽ മുള, ഓട, നാടൻ മരങ്ങൾ എന്നിവ വെച്ചുപിടിപ്പിക്കേണ്ടതാണ്. വയലുകളും കരയും വരുന്ന ഭാഗങ്ങളിൽ ഓട, മുള എന്നിവ കൃഷിക്കാർ വളർത്തിയാൽ നല്ലൊരു ആദായമാർഗവും നീരുറവകൾ വർദ്ധിക്കുന്നതിനും കാരണമാകും. ചെരിവുള്ള സ്ഥലങ്ങളിൽ കഴിയുന്നത്ര കല്ല്, മൺകയ്യാലകൾ നിർമ്മിക്കുക. മണ്ണിൽ ജലം സംഭരിക്കുന്നതിനായി ചെറിയ ചാലുകൾ കൃഷിഭൂമികളിലും കിണർ, കുളങ്ങൾ മുതലായവയുടെ മുകൾ ഭാഗങ്ങളിൽ കാര്യമായ ചിലവുകൾ

ഇല്ലാതെ കൃഷിക്കാർക്ക് നിർമ്മിക്കാവുന്നതാണ്. ഇതിനെണ്ടി നല്ല പ്രചാരണങ്ങളും മണ്ണ്, കല്ല്, കയ്യാലകൾ നീർച്ചാലുകൾ എന്നിവ നിർമ്മിക്കുന്നതിന് സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്താൽ ചെറിയ മുതൽമുടക്ക്കൊണ്ട് വളരെയധികം ഗുണം ലഭിക്കുന്നതാണ് മണ്ണിൽ നേരിട്ട് സൂര്യപ്രകാശം ഏറ്റ് മണ്ണ് ഉണങ്ങുന്നതിന് പുതയിടൽ നടത്തുക.

മരങ്ങൾ മുറിച്ച് മാറ്റപ്പെട്ട തോട്ടങ്ങളിൽ പ്ലാവ്, നാടൻ മാവ്, താന്നി, മാഹാഗണി, തേക്ക്, മരുത്, ചീമക്കൊന്ന, വെൻതേക്ക്, ഈട്ടി എന്നിവ നട്ടുവളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുക. ഇവകൊണ്ട് പച്ചിലവളം, വിറക്, മരം എന്നിവ ആവശ്യത്തിന് ലഭിക്കും. മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുവാൻ കഴിയും കാലിതീറ്റക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരവുമാണ്.

തോടുകൾ: പ്രധാന തോടുകളിൽ നിന്നും ജനുവരി ഫെബ്രുവരി മാസങ്ങൾ വരെ മാത്രമേ വെള്ളം ലഭിക്കുകയുള്ളു. വെള്ളപ്പൊക്കം കാരണം കൃഷി നശിക്കുന്ന ഭാഗങ്ങളിൽ തോടുകൾ വീതികൂട്ടി റിപ്പയർ ചെയ്തു നീരൊഴുക്ക് ഉണ്ടാക്കി വെള്ളം കെട്ടി നിൽക്കുന്നത് തടയുവാൻ സാധിക്കും. പഞ്ചായത്തിലെ ചില തോടുകൾക്ക് ചീർപ്പുകളും തടയണകളും കെട്ടിയാൽ വെള്ളത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുവാൻ സാധിക്കും. ആഴംകുറഞ്ഞതും വീതികൂടിയതുമായ തോടുകളിൽ ഒഴുക്കിനു കുറുകെ അടുത്തടുത്തായി സസ്യങ്ങൾ നട്ടുവളർത്തിയും തടയണ നിർമ്മിക്കാം.

കുളങ്ങൾ: പുതിയ കുളങ്ങൾ ആവശ്യമുണ്ടെങ്കിലും മുൻപ് ലഭ്യമുള്ള കുളങ്ങളിൽ നിന്നും വേനൽകാലത്ത് വെള്ളം ലഭിക്കുന്നില്ല. ആദിവാസികളടക്കം ഏക്കർ കണക്കിന് ഭൂമി നഷ്ടപ്പെടുത്തി ലക്ഷക്കണക്കിനു രൂപ മുടക്കി നിർമ്മിച്ച കുളങ്ങൾ ഇന്ന് ഉപയോഗ്യ ശൂന്യമാണ്. ഇവ ആഴം വർദ്ധിപ്പിച്ച് റിപ്പയർ ചെയ്തു ജലസേചന സൗകര്യങ്ങൾക്കും മത്സ്യം വളർത്തുന്നതിനും ഉപയോഗപ്പെടുത്തുവാൻ പ്രത്യേക പരിഗണന നൽകേണ്ടതാണ്.

കുളങ്ങൾ ആവശ്യമുള്ള വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകിയാൽ അത് കാര്യക്ഷമമായി ഉപയോഗപ്പെടുന്നതായിരിക്കും. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ വെള്ളം കനാലുകളിലൂടെ കുളങ്ങളിലെത്തിച്ച് കുളങ്ങൾ ജലസംഭരണികളാക്കി മാറ്റാവുന്നതാണ്.

വരൾച്ചക്കെതിരെ തടയണകൾ

അടുത്ത കാലത്തായി പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ജലസംരക്ഷണ മാർഗ്ഗമാണ് തടയണകൾ. തോടുകളിലെയും പുഴകളിലെയും വെള്ളം ഭാഗികമായി തടഞ്ഞു നിർത്തി ജല ശേഖരം ഉണ്ടാക്കുകയും അങ്ങനെ ഭൂഗർഭ ജല നിരപ്പുയർത്തുകയുമാണ് തടയണകൾ കൊണ്ട് ലഭിക്കുന്നത്.

വെള്ളപ്പൊക്കം

വർഷ കാലങ്ങളിൽ വയനാട്ടിലേ പുഴകളിലൂടെ ഒഴുകി പോകുന്ന മഴ വെള്ളം ഉപയോഗിച്ച് കൊണ്ട് കുറ്റ്യാടി പദ്ധതി പ്രദേശത്ത് കനാലുകൾ വഴി എത്തിച്ച് വൈദ്യുതി ഉണ്ടാക്കുന്നതിനെപ്പറ്റി സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക. മൂന്ന് നാലു മാസ കാലം ഈ വെള്ളം ലഭിക്കുന്നതാണ്.

വെള്ളപ്പൊക്കം കാരണം സ്ഥിരമായി താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കയറി കൃഷി നശിച്ചു കൊണ്ടിരിക്കുന്ന പ്രദേശമാണ് കോട്ടത്തറ.

കർഷകത്തൊഴിലാളികളും ആദിവാസികളുമടക്കം ജനങ്ങൾ രണ്ടുമാസക്കാലം ദുരിതങ്ങൾ നേരിടുന്നു ഇതിന് സ്ഥിരമായ പുനരധിവാസ കേന്ദ്രങ്ങളും, മറ്റു സംവിധാനങ്ങളും നടപ്പിൽ വരേണ്ടതാണ്.

ജലവിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശുദ്ധജലത്തിനും ജലസേചനത്തിനും ശാസ്ത്രീയമായ ജലപരിപാലനം ആവശ്യമാണ്. ജലം മിച്ചമുള്ളിടത്തു നിന്നും ആവശ്യമുള്ളടുത്തെക്ക് കൊണ്ടു പോകുന്നതിനുള്ള പദ്ധതികളാണ് നമുക്കാവശ്യം.

നിലവിലുള്ള പദ്ധതികൾ

കോട്ടത്തറ ചെറുപുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ചെറുപുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്ത കനാൽ വഴി 200 ഏക്കറോളം വരുന്ന വെണ്ണിയോട് 5-4 വാർഡുകളിലെ പാടശേഖരങ്ങൾ ഇരുപ്പു കൃഷി ചെയ്യുന്നതിനുവേണ്ടി നടപ്പാക്കിയ ഈ പദ്ധതി 1967 കാലം ചെറുപുഴക്ക് അണകെട്ടി വെള്ളം തടഞ്ഞു നിർത്തി കനാൽ വഴി തിരിച്ചുവിടുന്നതിന് രൂപം നൽകിയ പദ്ധതി ആസൂത്രണത്തിലെ പാളിച്ചകൾ കാരണം അണക്കെട്ടിന്റെ ബലക്കുറവും കണക്കിലെടുത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി മാറ്റി. കനാലുകൾ ആദ്യ കല്ലുകൾകൊണ്ട് കെട്ടുകയാണ് ചെയ്തിരുന്നത്. കല്ലുകൾ കെട്ടിയ ഭാഗങ്ങളിൽ ചോർച്ച കാരണം വെള്ളം നഷ്ടപ്പെട്ടുപോകുന്നു. കര ഭാഗത്തുകൂടി ഉയരത്തിൽ കനാൽ നിർമ്മിക്കാത്തതു കാരണം മീറ്റർ കണക്കിൽ വെള്ളം കെട്ടി നിന്നാൽ മാത്രമേ കനാൽ വഴി വെള്ളം താഴേക്ക് ഒഴുകുകയുള്ളു. ഇവിടെ കല്ലു കെട്ടിയ ഭാഗങ്ങൾ കോൺഗ്രീറ്റ് ചെയ്ത് ചോർച്ച തടയുകയും താഴ്ന്ന ഭാഗങ്ങൾ ഉയർത്തുകയും ചെയ്യേണ്ടതാണ്. ഇതിന്റെ കനാ

ലിന്റെ പണികൾ മുഴുവൻ പൂർത്തീകരിച്ചിട്ടില്ല. ഇപ്പോഴുള്ള കനാലിന്റെ എതിർഭാഗത്തുകൂടി ഒരു കനാൽ നിർമ്മിച്ചാൽ കൃഷിക്കാർക്ക് പ്രയോജനം ലഭിക്കും. പമ്പ്ഹൗസ് സ്ഥിതിചെയ്യുന്ന പുഴയോരം 500 മീറ്റ റോളം അരിക് കല്ല് കെട്ടി സംരക്ഷിക്കുകയും പുഴ യോരങ്ങളിൽ നാടൻ മരങ്ങളും മുള ഓട എന്നിവയും നട്ടുപിടിപ്പിക്കണം. മണൽ വാരൽ നിരോധിക്കേണ്ട താണ്. കോട്ടത്തറ പ്രദേശക്കാർക്ക് സ്വന്തം ആവശ്യ ത്തിന് മണൽ എടുക്കുന്നതിന് ഫീസ് ഈടാക്കാവു ന്നതാണ്.

ചെറുപുഴയിൽ വരൾച്ച കാരണം പുഞ്ചകൃഷിക്ക് മാർച്ച് മാസം മുതൽ പമ്പ് ചെയ്യുവാൻ വെള്ളം ലഭി ക്കാത്തതു കാരണം രണ്ടു മൂന്നു വർഷങ്ങളായി കൃഷി നശിച്ചുപോയിരുന്നു. ഈ പ്രശ്നത്തിന് വലിയ പുഴയിലെ വീട്ടിയേരി പദ്ധതികളിൽ നിന്നും മന്ദലം പ്രദേശത്തുകൂടി കനാൽ നിർമ്മിച്ച് ചെറുപുഴ കനാ ലിൽ ഒഴുക്കിയാൽ 200 ഏക്കറോളം വരുന്ന ഇവിടത്തെ നെൽവയലുകളിലെ ജലദൗർലഭ്യത്തിന് ഒരു പരി ധിവരെ പരിഹാരമാകും.

വെള്ളത്തിന്റെ ദുർവിനിയോഗം കൃഷിക്കാരുടെ ഇടയിൽ കണ്ടുവരുന്നു. വെള്ളം വേണ്ടതിലധികമാ യാൽ രാസവളങ്ങളും ജൈവ വളങ്ങളും വയൽ വിട്ടു പുറത്തേക്ക് ഒഴുകിപോകുന്നതായി കാണുന്നു. ഇതിന് കൃഷിക്കാരെ ബോധവൽക്കരിക്കുന്നതിനും ജലം സംരക്ഷിക്കുന്നതിനും ഗ്രാമ പഞ്ചായത്തിൽ ഒരു ജല സംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

2. വലിയകുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി., ചെറുപുഴ

പ്രധാനമന്ത്രിയുടെ പ്രത്യേക നെല്ലുല്പാദന പദ്ധതിപ്രകാരം 1995ൽ 8 ഹെക്ടർ നെൽവയലു കൾക്ക് ഇരിപ്പൂ കൃഷി ചെയ്യുന്നതിനുവേണ്ടി ആരം ഭിച്ച പദ്ധതിയാണ് വലിയകുന്ന്, കാരക്കുന്ന് ഭാഗത്ത് പമ്പ് ഹൗസ് സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കാര ക്കുന്ന് ആൽമരത്തിന്റെ അടുത്ത് ഒരു തടയണ കെട്ടി യാൽ വെള്ളം പമ്പ് ചെയ്യുന്നതിന് സഹായകമായി രിക്കും.

ചെല്ലാക്കുനി പദ്ധതി

പ്രധാനമന്ത്രിയുടെ പ്രത്യേക നെല്ലുല്പാദന പരി പാടി പ്രകാരം 1995 ൽ പൂർത്തീകരിച്ച ഒരു പദ്ധതി യാണിത്. ഇതിന് മൈലാടി പാലത്തിനു താഴെ ഒരു പമ്പ്ഹൗസ് കൂടിയുണ്ട്. 13 ഹെക്ടർ സ്ഥലത്ത് ഇരിപ്പൂ കൃഷിചെയ്യുന്നു. മൈലാടിതാഴെ ഇതിന് ഒരു തടയണ നിർമ്മിക്കണം.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

1. അമ്പലക്കടവ് (വലിയപുഴ)

LI സ്കീം (LI-ലിഫ്റ്റ് ഇറിഗേഷൻ)

4ാം വാർഡിൽ അമ്പലക്കടവിൽ ഒരു പമ്പ് ഹൗസ് ഉപയോഗിച്ച് നടപ്പാക്കുന്ന ഈ ലിഫ്റ്റി ഇറി ഗേഷൻ പദ്ധതി 49 ഹെക്ടർ സ്ഥലത്ത് ഇരിപ്പൂ കൃഷി യാണ് ഇതിന്റെ ലക്ഷ്യം. 94 കൃഷിക്കാർക്ക് നേരിട്ട് ഇതിന്റെ പ്രയോജനം ലഭിക്കും. വൈദ്യുതി, വെള്ളം ലഭ്യത എന്നിവയുമുണ്ട്.

2. വെള്ളമ്പാടി (വലിയപുഴ)

LI സ്ക്രീം.

വെണ്ണിയോട് 4 ാം വാർഡിൽ നടപ്പാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ് 48 ഹെക്ടർ സ്ഥലത്ത് ഇതിന്റെ പ്രയോജനം ലഭിക്കും. ലക്ഷ്യം ഇരിപ്പൂ കൃഷി, വൈദ്യുതി, വെള്ളം എന്നിവയുണ്ട്.

3. വീട്ടിയേരി (വലിയപുഴ)

LI സ്കീം

കോട്ടത്തറ പഞ്ചായത്തിലെ 5 ാം വാർഡിലുള്ള വീട്ടിയേരി എന്ന സ്ഥലത്ത് നടപ്പാക്കുന്ന പദ്ധതി യാണ് 100 ഹെക്ടർ സ്ഥലത്ത് ഇരിപ്പൂ കൃഷി ലക്ഷ്യം.

ഈ പദ്ധതി നടപ്പിൽ വ[illegible]യാണെങ്കിൽ ചെറു പുഴയിലെ ജലദൗർലഭ്യത്തിന് ഒരു പരിധിവരെ ഒഴി വാക്കുവാൻ സാധിക്കും.

4. വാളംവയൽ – പുഴക്കം വയൽ (ചെറുപുഴ)

LI സ്കീം.

ചെറുപുഴയിൽ പുഴക്കംവയൽ നടപ്പാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ്. 40 ഹെക്ടർ സ്ഥലത്ത് ഇരിപ്പൂ കൃഷി സക്ഷ്യം ഇതിന് പുഴക്കം വയൽ എന്ന സ്ഥലത്ത് ഒരു തടയണ ആവശ്യമാണ്. വെള്ളപ്പൊക്കമുണ്ടാകുന്ന ഒരു പ്രദേശമാണ് പുഴക്കം വയൽ. ചെറുപുഴക്ക് പുഴക്കം വയൽ താഴ്ന്ന ഭാഗ ങ്ങളിൽ പുഴയോരം 500 മീറ്ററോളം ഭാഗം കല്ല് കെട്ടി ഉയർത്തിയാൽ വെള്ളപ്പൊക്കം കാരണം കൃഷി നശി ക്കുന്നത് ഒഴിവാക്കുവാൻ സാധിക്കും.

5. വണ്ടിയാമ്പറ്റ (ചെറുപുഴ)

LI സ്കീം.

കോട്ടത്തറ പഞ്ചായത്തിലെ 7 ാം വാർഡിലുള്ള ഈരംകൊല്ലി എന്ന സ്ഥലത്ത് പമ്പ് ഹൗസ് നിർമ്മിച്ച് ഇടപ്പഴം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് കനാൽ വഴി തിരിച്ചുവിടുന്ന പദ്ധതിയാണ്. 45 ഹെക്ടർ ഇരിപ്പു കൃഷി ലക്ഷ്യം. ഇതിന് ഒരു തടയണ നിർമ്മിക്കേണ്ടതാണ്.

6. കാക്കച്ചാൽ (ചെറുപുഴ)

LI സ്കീം.

5 ാം വാർഡിലുള്ള കാക്കച്ചാൽ എന്ന സ്ഥലത്തെ പാടങ്ങൾ ഇരിപ്പു കൃഷി ചെയ്യുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. 24 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കും.

7. കാരക്കുന്ന്. (ചെറുപുഴ)

കാരക്കുന്ന്, ചെമ്പന്നൂർ പാടശേഖരങ്ങൾ ഇരിപ്പു കൃഷി ചെയ്യുന്നതിന് വേണ്ടി യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയാണ്. ഈ പദ്ധതികൊണ്ട് 125 ഏക്കറോളം യലുകൾക്ക് പ്രയോജനം ലഭിക്കും. ഈ പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് ഉടനെ തുറന്ന അനുമതി കൊടുത്തുകൊണ്ട് പണികൾ ആരംഭിക്കാൻ ശ്രമിക്കണം.

പുതിയ പദ്ധതികൾ

1. വാളൽ പുതുശ്ശേരിക്കുന്ന് (വലിയ പുഴ)

LI സ്കീം.

10ം വാർഡിലേ വാളൽ പുതുശ്ശേരിക്കുന്നിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ 200 ഏക്കറോളം നെൽവയലുകൾക്ക് ഇരിപ്പു കൃഷി ലക്ഷ്യം.

2. കാക്കോണിക്കടവ് (പുഴക്കിലിടം) (വലിയപുഴ)

2 ാം വാർഡിലെ ചുണ്ടംകോട് കുന്നിൽ ടാങ്ക് നിർമ്മിച്ച് കനാൽ വഴി കുഴിവയൽ തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളം എത്തിച്ച് ഇരിപ്പു കൃഷി ലക്ഷ്യം. 200 ഏക്കറോളം സ്ഥലത്ത് പ്രയോജനം ലഭിക്കും.

3. എടക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (വലിയപുഴ)

3-ാം വാർഡിലെ എടക്കുന്ന് എന്ന സ്ഥലത്ത് പമ്പ്ഹൗസ് നിർമ്മിച്ച് കുരിശുത്തോട്ടിയിൽ ടാങ്ക് നിർമ്മിച്ച് കനാൽ വഴി എടക്കുന്നം മരവയൽ കുറുമ്പാലക്കോട്ട് എന്നിവിടങ്ങളിൽ 125 ഏക്കറോളം നെല്ല്കൃഷിയും 150 ഏക്കറോളം കരഭൂമിയിലും ജലസേചന സൗകര്യം ലഭിക്കും. ഈ പദ്ധതി യുടെ ഉപഭോർതാക്കളിൽ നല്ലൊരു ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്.

4. തോട്- തടയണ 8-ാം വാർഡ്.

8ാം വാർഡിലെ മലത്തോട്ടത്തിൽ നിലവിലുള്ള സ്വകാര്യ വ്യക്തിയുടെ തോടിൽ കെട്ടിയുണ്ടാക്കിയ അണക്കെട്ട്, പൊതു ആവശ്യത്തിനു കിട്ടുന്നതിനു വേണ്ടി ശ്രമം നടത്തുകയും ചെയ്താൽ ഈ പദ്ധതി പാലപ്പോയിൽ വരെ കനാൽ നീട്ടുകയും ചെയ്താൽ ഇവിയെയുള്ള നെൽകൃഷി മെച്ചപ്പെടുത്തുവാൻ സാധിക്കും.

മൈലാടി

മൈലാടി ഒരു ചെക്ക് ഡാമ് നിർമ്മിച്ച് പമ്പ് ഹൗസ് സ്ഥാപിച്ച് ജലസേചനസൗകര്യം ചെയ്താൽ മൈലാടിക്കുന്ന്- കരസ്ഥലത്തും താഴ്വാരങ്ങളിലെ വയലുകൾക്കും ജലസൗകര്യം ലഭിക്കും.

ബാണാസുരസാഗർ പദ്ധതി

ഈ പദ്ധതിയുടെ പരിതിയിൽ 1,2 വാർഡുകളിലെ കരഭൂമിയും നെൽ വയലുകൾക്കും കൂടി ജലസേചന സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ശ്രമങ്ങൾ നടത്തണം.

പഞ്ചായത്ത്- പൊതു റോഡുകളുടെ സൈഡുകളിലും പുറംപോക്ക് ഭൂമികളിലും നാടൻ മരങ്ങൾ വച്ചുപിടിപ്പിക്കുക. ഗവ. ഓഫീസുകൾ പഞ്ചായത്തു ഓഫീസ് എന്നിവിടങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കുക

മൃഗസംരക്ഷണവും മത്സ്യബന്ധനവും

കോട്ടത്തറ പഞ്ചായത്തിൽ ആദ്യകാലത്ത് ധാരാളം കന്നുകാലി സമ്പത്ത് ഉണ്ടായിരുന്നു. 1960 കളിൽ നാണ്യവിളയും നെല്ലും ഇവിടെ വ്യാപകമാകുന്നതുവരെ കന്നുകാലികളെ തുറസ്സായ സ്ഥലത്ത് അഴിച്ചുവിട്ട് വളർത്തുന്ന രീതിയായിരുന്നു നിലവിലുണ്ടായിരുന്നത്. തരിശുഭൂമി കുറഞ്ഞു വന്നതുകൊണ്ടും കൃഷിഭൂമി തുണ്ടം തുണ്ടമായി വീതിച്ചതുകൊണ്ടും നിയന്ത്രതമായ തോതിലുള്ള കന്നുകാലി വളർത്തൽ നിലവിൽ വന്നു.

ആദ്യകാലത്ത് കന്നുകാലികളെ രാത്രിയിൽ സംരക്ഷിച്ചിരുന്ന കൗതുകകരമായ ഒരു രീതി ഇവിടെയുണ്ടായിരുന്നു. ഇന്ന് താറാവിൻ കൂട്ടത്തെ വയലിൽ രാത്രിയിൽ കൂടുന്നതുപോലെ സംരക്ഷിക്കുന്ന രീതിയായിരുന്നു അത്. അന്നത്തെ രോഗപ്രതിരോധശേഷി കൂടിയ നാടൻ ഇനം കന്നുകാലികൾക്കു മാത്രമേ ഈ രീതി അനുയോജ്യമായിരുന്നുള്ളൂ. 'പ്ടാവ്' എന്നായിരുന്നു ഇത്തരം കൂട്ടിന് നാട്ടുകാർ വിളിച്ചിരുന്ന പേര്. ഇങ്ങനെ കൂട്ടുകൂടുന്ന സ്ഥാനം ഇടക്കിടെ മാറ്റുന്നതുകൊണ്ട് കൃഷിക്കാരന്റെ വയൽ മുഴുവൻ ഫലപുയിഷ്ടമാക്കാൻ ഈ രീതി സഹായിച്ചിരുന്നു.

പശു, ആട്, പോത്ത്, കാള, എരുമ തുടങ്ങിയവ വ്യാപകമായും, പന്നി, താറാവ്, മുയൽ തുടങ്ങിയവ ചെറിയ തോതിലും ഇവിടെ വളർത്തപ്പെടുന്നു. പരിമിതമായ തോതിൽ കോഴി വളർത്തൽ മിക്ക വീടുകളിലുമുണ്ട്. പഴയ നാടൻ പശുക്കൾ മിക്കവാറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സങ്കര ഇനങ്ങളായ സിന്ധി, ജേഴ്സി, സിസ്ബ്രൗൺ തുടങ്ങിയ പശു ഇനങ്ങളാണ് ഇവിടെ കാണപ്പെടുന്നത്. ഈ ഇനങ്ങൾക്ക് പാലുല്പാദനത്തിൽ വളരെ മുൻപിലാണെങ്കിലും രോഗപ്രതിരോധശേഷിയുടെ കാര്യത്തിൽ വളരെ പിറകിലാണ്. കുറഞ്ഞ തീറ്റച്ചെലവും രോഗപ്രതിരോധശേഷി കൂടുതലുമുള്ള ഒരിനം 'വയനാടൻ' പശുക്കൾ എന്ന പേരിൽ ഇവിടെ അപൂർവ്വമായി കാണപ്പെടുന്നു. മൃഗങ്ങളെ ഉപയോഗിച്ച് വയലുകളിൽ കൃഷിപ്പണി നടത്തുന്നവരിൽ ഒരു വിഭാഗം കൃഷിപണിക്ക് തൊട്ടുമുമ്പേ മൃഗങ്ങളെ വാങ്ങുകയും പണികഴിയുന്നതോടെ വിൽക്കുകയും ചെയ്യുന്ന രീതിയും ഇവിടെ നിലവിലുണ്ട്.

കോഴിവളർത്തലിന് വളരെ അനുകൂലമായ സാഹചര്യമാണ് ഇവിടെയുള്ളത്. എന്നാൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഇറച്ചി മുട്ടക്കോഴി വളർത്തലിന് അധികം ആളുകൾ മുന്നോട്ടു വരുന്നില്ല. പല വിധത്തിലുള്ള ആനുകൂല്യങ്ങൾ കൊടുത്ത് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ കഴിയണം.

ആടിനെ വളർത്തിവരുന്ന വളരെയധികം കർഷകർ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരെല്ലാം തന്നെ ഏറിയാൽ ഒന്നോ രണ്ടോ എന്ന തോതിൽ ആടിനെ വളർത്തുന്നവരാണ്. വിപുലമായ തോതിലുള്ള ആടുവളർത്തൽ വളരെ ലാഭകരമാണെങ്കിലും തരിശുഭൂമിയുടെ ദൗർലഭ്യവും തീറ്റയുടെ ദൗർലഭ്യവും നിമിത്തം ആരും മുന്നോട്ടു വരുന്നതായി കാണുന്നില്ല. ചുരുക്കം ചില കർഷകർ പന്നിവളർത്തൽ ഇവിടെ നടത്തിവരുന്നുണ്ട്. പന്നിവളർത്തലിന് ഇവിടെ വളരെ അനുകൂലമായ സാഹചര്യമാണുള്ളത്. തീറ്റചെലവും അല്പം ശ്രദ്ധിച്ചാൽ മറ്റു ജില്ലകളിലുള്ളത്ര വരില്ല. പന്നിയിറച്ചിയുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നൽകുന്ന തീറ്റക്കനുസരിച്ച് വളരെ വേഗത്തിൽ വളരുന്ന ഒരു മൃഗമാണ് പന്നിയെന്നത് എടുത്തു പറയേണ്ട കാര്യമാണ്. വളർത്തു മൃഗത്തിൽ ഏറ്റവുമധികം രോഗപ്രതിരോധശേഷിയുള്ള ഒരു മൃഗമാണ് പന്നി എന്നത് എടുത്തപറയേണ്ടതാണ്.

കോട്ടത്തറ പഞ്ചായത്തിൽ ഒരു ക്ഷീരോത്പാദക സഹകരണസംഘം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. 285 ലിറ്റർ പാലാണ് ഒരു ദിവസം സംഘം സംഭരിച്ച് വിൽപന നടത്തുന്നത്. ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഘം വിലക്കുവാങ്ങി വിപണനം നടത്തുന്നുണ്ടെങ്കിലും സംഘം നിലനിൽക്കുന്നതിനാവശ്യമായ പാല് കോട്ടത്തറയിൽ ഉത്പാദിപ്പിക്കുന്നില്ല.

ഐ. ആർ. ഡി. പി. സർവ്വേയിൽ പെട്ട എല്ലാ ആളുകൾക്കും ലോൺ അടിസ്ഥാനത്തിൽ പശുവിനെ നൽകാൻ കഴിയണം. കൃഷിയുമായി ബന്ധപ്പെട്ട ഒരു തൊഴിൽ എന്ന നിലയിൽ പശു വളർത്തൽ കോട്ടത്തറ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

നിർദ്ദേശങ്ങൾ:

a) ചെറുകിട കൃഷിക്കാരാണ് തൊഴുത്ത് നിർമ്മിക്കുന്നതിനും പശുക്കളെ വളർത്തുന്നതിനുമാവശ്യമായ സാമ്പത്തികസഹായം കുറഞ്ഞ പലിശ നിരക്കിൽ എളുപ്പത്തിൽ ലഭ്യമാക്കണം.

b) മൃഗാശുപത്രിയുടെ കീഴിലുള്ള ഉപകേന്ദ്രങ്ങൾ എല്ലാ പ്രധാന കേന്ദ്രങ്ങളിലും സ്ഥാപിക്കണം. (കോട്ടത്തറ, മെച്ചന, മാടക്കുന്ന്, കുരിക്കുറ്റി, കുറുസാലക്കോട്)

c) കാലി വളർത്തൽ പരിപോഷിപ്പിക്കണമെങ്കിൽ എല്ലാ കൃഷിക്കാർക്കും സൗജന്യനിരക്കിൽ കാലിതീറ്റ ലഭ്യമാക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിൽ ഒരു കാലത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം. ഇതിനുള്ള അസംസ്കൃത വസ്തുക്കളായ മരച്ചീനിക്കിഴങ്ങ്, മധുരക്കിഴങ്ങ്, തവിട്, കാപ്പിതൊണ്ട് എന്നിവ ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നതുമാണ്.

d) കാലിത്തീറ്റക്ക് ക്ഷാമം അനുഭവപ്പെടുന്ന ഇക്കാലത്ത് അതിനുവേണ്ടി തീറ്റപ്പുൽ കൃഷി വ്യാപകമായി കൃഷി ചെയ്യുന്നതിന് കൃഷിക്കാരെ പ്രേരിപ്പിക്കുകയും വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുകയും വേണം.

e) ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന്റെ സബ്സിഡി വർദ്ധിപ്പിക്കണം. മുൻപ് 65% സബ്സിഡി ഉണ്ടായിരുന്നത് അടുത്ത കാലത്ത് 35% മായി ചുരുക്കി. പ്ലാന്റു നിർമ്മാണം പരിപോഷിപ്പിക്കുന്നതിനു വേണ്ടി സബ്സിഡി തോത് പഴയ നിലയിലേക്കുതന്നെ ഉയർത്തേണ്ടതാണ്.

f) ഇറച്ചികോഴി നിർമ്മാണ യൂണിറ്റിന് ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതികോപദേശവും താൽപര്യമുള്ളവർക്കെല്ലാം ലഭ്യമാക്കണം.

g) അടുക്കളമുറ്റത്തെ രീതിയിൽ വളർത്തുന്നതിന് രോഗപ്രതിരോധശേഷി കൂടിയ മുട്ടക്കോഴി ഇനങ്ങളായ ഗിരിരാജ, ഗൃഹലക്ഷ്മി തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ മൃഗാശുപത്രികൾ വഴിയായി വിതരണം നടത്തണം.

h) കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനം വിളഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ മൃഗാശുപത്രി തലത്തിൽ ഉണ്ടാക്കി നടപടിക്രമങ്ങൾ ലഘൂകരിക്കണം.

i) അടുത്ത കാലത്തായി പഞ്ചായത്തിൽ പേപ്പട്ടി ശല്യം വളരെയധികം വർദ്ധിച്ചു വരുന്നുണ്ട്. വളർത്തു മൃഗങ്ങൾക്കും മനുഷ്യർക്കും ഇതു ഒരു പോലെ ഭീഷണിയായി വന്നിരിക്കയാണ്. അതിനാൽ ഇതു നിയന്ത്രിക്കുന്നതിനുവേണ്ടി വളർത്തു നായ്ക്കൾക്ക് ഫീസ് ചുമത്തുകയും ലൈസൻസ് കർശമാക്കുകയും വേണം. കൂടാതെ അലഞ്ഞു തിരിയുന്ന നായകളെ നശിപ്പിക്കുന്നതിനുള്ള തീവ്രയത്ന പരിപാടിതന്നെ സംഘടിപ്പിക്കണം. പഞ്ചായത്തിൽ ഇന്നുള്ള സംവിധാനം ഒട്ടും കാര്യക്ഷമമല്ല.

j) പഞ്ചായത്തു തലത്തിൽ എല്ലാ വർഷവും ഓരോ കന്നുകാലി പ്രദർശനനവും, മത്സരവും ആണ്ട് ചന്തയും സംഘടിപ്പിക്കണം.

k) പഞ്ചായത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ശാസ്ത്രീയ അറവുശാല സ്ഥാപിക്കേണ്ടതാണ്. കശാപ്പു ചെയ്യുന്നതിന് കൊണ്ടുവരുന്ന മുഴുവൻ മൃഗങ്ങളെയും പരിശോധിച്ച് രോഗം ബാധിച്ചവയല്ല എന്ന് ഉറപ്പുവരുത്തണം.

l) എല്ലാവിധ കന്നുകാലി രോഗങ്ങൾക്കും എതിരെയുള്ള കുത്തിവെപ്പുകൾ പ്രാദേശികമായി സൗജന്യമായി നടത്തിക്കൊടുക്കേണ്ടതാണ്. കോട്ടത്തറ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

മത്സ്യബന്ധനം, മത്സ്യകൃഷി

കടലോരമോ കായലോരമോ ഇല്ലാത്ത കോട്ടത്തറ പഞ്ചായത്തിൽ മത്സ്യബന്ധനം മുഖ്യവരുമാനമാർഗ്ഗമായിട്ടുള്ള ആരും തന്നെയില്ല. എന്നാൽ കാലവർഷത്തിനു തൊട്ടു മുൻപുപെയ്യുന്ന മഴയെ തുടർന്നു പുഴകളിലും തോടുകളിലും വെള്ളം ഉയരുമ്പോൾ ചുരുങ്ങിയ ദിവസങ്ങളിൽ മാത്രം വ്യാപകമായ പുഴമത്സ്യം ലഭിക്കാറുണ്ട്. പുഴകളിൽ തെരികെട്ടിയും പല തരത്തിലുള്ള വലകൾ ഉപയോഗിച്ചും മത്സ്യം പിടിക്കാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന മത്സ്യം പലപ്പോഴും അടുത്ത പട്ടണപ്രദേശങ്ങളിൽ വരെ കൊണ്ടുപോയി വില്ക്കാറുണ്ട്. കാവൂരി, മെച്ചൻ, വരാൽ, വാള ചെമ്പച്ചി, മുള്ളൻ തുടങ്ങിയ തദ്ദേശി

യമായ പേരുകളിൽ ഇവ അറിയപ്പെടുന്നു.

മത്സ്യബന്ധനത്തിനുള്ള സൗകര്യങ്ങൾ ഇല്ലെങ്കിലും പഞ്ചായത്തിൽ ശുദ്ധജല മത്സ്യങ്ങളെ വളർത്തുന്നതിനുള്ള വിപുലമായ സാധ്യതകളാണുള്ളത്. സ്വകാര്യ വ്യക്തികളുടെ പക്കൽ ഇപ്പോൾ തന്നെ ധാരാളം കുളങ്ങൾ നിലവിലുണ്ട്. ഈ കുളങ്ങളിൽ നിന്നുള്ള വെള്ളം പലപ്പോഴും ജലസേചനാവശ്യത്തിന് മതിയാവില്ലെങ്കിലും മത്സ്യം വളർത്തുന്നതിന് തികയുന്നതാണ്. നിലവിൽ വിപുലമായി മത്സ്യകൃഷി നടത്തുന്നവർ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. വളരെ ചെറിയ തോതിൽ പലരും മത്സ്യകൃഷി നടത്തിവരുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. ശുദ്ധജല മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം.

2. ചെറുകുളങ്ങൾ കുഴിക്കുന്നതിനും മത്സ്യകൃഷി നടത്തുന്നതിനുമാവശ്യമായ വഴി ലഭ്യമാക്കണം. ആദിവാസികളടക്കമുള്ള ധാരാളമാളുകൾക്ക് എളുപ്പത്തിൽ ഒരു വരുമാന മാർഗ്ഗമായി മത്സ്യകൃഷി മാറ്റാവുന്നതാണ്.

3. നല്ല ഇനം മത്സ്യകുഞ്ഞുങ്ങളെ വ്യാപകമായി വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം.

4. പഞ്ചായത്തിലെ പല ആദിവാസി മേഖലകളിലും ജലസേചനത്തിനു വേണ്ടി സർക്കാർ മുൻപു പണിതീർത്തിട്ടുള്ള വൻകുളങ്ങൾ നിലവിലുണ്ട്. ഇവയിലൊന്നുംതന്നെ ജലസേചനത്തിനാവശ്യമായ വെള്ളം ലഭ്യമല്ല. അത്തരം കുളങ്ങൾ മുഴുവൻ റിപ്പയർ ചെയ്ത് മത്സ്യകൃഷി നടത്തുവാൻ ആദിവാസികളെ സഹായിക്കണം.

5. ഇതിനായി ആദിവാസികളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

6. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മത്സ്യകൃഷിയെക്കുറിച്ച് പഞ്ചായത്തിലെ ജനങ്ങൾക്കുള്ള അറിവില്ലായ്മയാണ്. ഇതിനായി പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം.

7. പുഴയിൽ നഞ്ചുകലക്കുന്നവരെയും തോട്ട പൊട്ടിക്കുന്നവരേയും കണ്ടുപിടിച്ച് കടുത്ത ശിക്ഷകൾ നല്കേണ്ടതാണ്. കൂടാതെ കനത്ത പിഴയും ഈടാക്കേണ്ടതുണ്ട്.

*. പ്രകൃതിദത്തമായ കോട്ടത്തറ കള്ളംവെട്ടിച്ചിറ ഒരു മിനി ടൂറിസ്റ്റ് കേന്ദ്രമായി മീൻവളർത്തൽ കേന്ദ്രത്തോടുകൂടി വികസിപ്പിച്ചെടുക്കാവുന്നതാണ്.'തെരി' മുതലായ മത്സ്യബന്ധനമാർഗ്ഗങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

വ്യവസായം



കാർഷികമേഖലയെ പ്രധാനമായും ആശ്രയിക്കുന്ന ഈ പഞ്ചായത്തിൽ നാളിതുവരെ പിന്നിട്ടിട്ടും വ്യവസായ മേഖലയിൽ കാര്യമായ പുരോഗതി കൈവന്നിട്ടില്ല. ചുരുക്കം ചില ചെറുകിട വ്യവസായങ്ങൾ ഒഴിച്ചുനിർത്തിയാൽ പൊതുമേഖലയിലോ സഹകാര്യമേഖലയിലോ വൻവ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. വിവിധ മേഖലകളിലായി നമ്മുടെ പഞ്ചായത്തിൽ 1033 പേർ ജോലി ചെയ്യുന്നു. ഇതിൽ 560 പുരുഷന്മാരും 473 സ്ത്രീകളുമാണ്.

പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകളിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത് ഇഷ്ടിക നിർമ്മാണമാണ്. പതിനഞ്ചോളം വരുന്ന ഇഷ്ടിക കളങ്ങളിൽ 450 പേർ ജോലി ചെയ്യുന്നു. ഇതിനു പുറമെ വനിത ഇൻഡസ്ട്രിയൽ സൊസൈറ്റി, ഫർണിച്ചർ ഷോപ്പുകൾ, സുഗന്ധദ്രവ്യങ്ങളുടെ സംസ്കരണ യൂണിറ്റ് (രാമച്ചം, യൂക്കാലി), കോഴി വളർത്തൽ യൂണിറ്റ് തുടങ്ങിയ ചില സ്ഥാപനങ്ങളും നടക്കുന്നുണ്ട്. എന്നാൽ ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയും വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും നിമിത്തം പലതും നാമമാത്രമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്.

വിവിധ സമുദായങ്ങളിൽ പെട്ട കുലത്തൊഴിലുകൾ അറിയുന്ന ധാരാളം ജനങ്ങൾ ഇവിടെ താമസിക്കുന്നുണ്ടെങ്കിലും പരമ്പരാഗത കുടിൽ വ്യവസായ രംഗത്ത് പിന്നോക്കാവസ്ഥയാണ്. ഒരു കാലത്ത് നല്ല രീതിയിൽ നടന്ന മൺപാത്ര നിർമ്മാണം അവശ്യ സാധനങ്ങളുടെ ദൗർബല്യം മൂലം ശേഷിച്ചുകൊണ്ടിരിക്കയാണ്. കുടിൽ വ്യവസായത്തിൽ നിലവിലുള്ള ഏക വ്യവസായം പപ്പടനിർമ്മാണമാണ്. പഞ്ചായത്തിൽ രണ്ടു കുടുംബങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള എല്ലാ തൊഴിൽ മേഖലകളിലും പുരുഷന്മാരോടൊപ്പം തന്നെ സ്ത്രീകളുടെയും സജീവപങ്കാളിത്തം ദൃശ്യമാണ്. പഞ്ചായത്തിലെ വിവിധ വ്യവസായങ്ങളുടെ ഏകദേശ ചിത്രം ഇവിടെ സൂചിപ്പിക്കുന്നു.

ചെറുകിട വ്യവസായ യൂണിറ്റുകൾ

ഇഷ്ടിക നിർമ്മാണം

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി 15 ഓളം വരുന്നു ഇഷ്ടി കളങ്ങൾ ഉണ്ട്. ഇതിൽ ഒന്നൊഴികെ മറ്റുള്ളവയെല്ലാം തന്നെ സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. സ്റ്റാൻഡേർഡ് ഇഷ്ടികകൾ നിർമ്മിക്കുന്ന രണ്ടു കളങ്ങളും ഇക്കൂട്ടത്തിൽ പെടും. ഇവിടെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഏക നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റ് കാരക്കുന്നിലുള്ള ആദിവാസി ഇഷ്ടിക നിർമ്മാണ വ്യവസായ സഹകണസംഘം. 1985–86 സ്ഥാപിതമായ ഈ സ്ഥാപനത്തിൽ 15 തൊഴിലാളികൾ ഉണ്ട്.

ഒരു നാടൻ ഇഷ്ടികനിർമ്മാണ യൂണിറ്റിലെ പ്രാഥമിക വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഉത്പാദന ചിലവ്: 1,00,000 ഇഷ്ടികകൾക്ക് 65,000 രൂപ

ശരാശരി തൊഴിലാളികൾ: 4500 ഇഷ്ടിക നിർമ്മിക്കുന്നതിന്

പുരുഷന്മാർ – 5 എണ്ണം

സ്ത്രീകൾ – 4 എണ്ണം

കുട്ടികൾ – 3 എണ്ണം

ദിവസ വേതന നിരക്ക്:

പുരുഷന്മാർ– 90 രൂപ

സ്ത്രീകൾ– 45 ”

കുട്ടികൾ – 35 ”

ഒരു വർഷത്തിൽ ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ – 180 . ശരാശരി വരുമാനം – 1000 ഇഷ്ടികകൾക്ക് – 1200 രൂപ

പ്രശ്നങ്ങളും സാധ്യതകളും:

ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് തുടർച്ചയായ നിർമ്മാണ മേഖല അല്ലാത്തതാണ്. ഒരു വർഷത്തിൽ ശരാശരി 180 തൊഴിൽ ദിനങ്ങൾ മാത്രമേ ലഭിക്കുകയുള്ളൂ. ഈ ചുരുങ്ങിയ കാലം കൊണ്ട് കാര്യമായ ഉത്പാദനം ഉണ്ടാക്കാൻ മിക്ക യൂണിറ്റുകൾക്കും സാധിക്കാതെ വരുന്നു.

മറ്റൊരു പ്രധാന പ്രശ്നം അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തതയാണ്. ഉല്പാദനത്തിനാവശ്യമായ നല്ലയിനം മണ്ണിന്റെ പോരായ്മ, വിദഗ്ദ പരിശീലനം ലഭിച്ച തൊഴിലാളികളുടെ കുറവ്, ഇഷ്ടിക വേവിക്കുന്നതിനാവശ്യമായ ഇന്ധനത്തിന്റെ ക്ഷാമം, ഇവയെല്ലാം ഈ രംഗത്ത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കെട്ടിട നിർമ്മാണ രംഗത്ത് വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഇഷ്ടികകൾ നിലവിലുള്ള സാഹചര്യങ്ങൾ പരമാവധി ഉപയോഗിക്കുകയും ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച് വിപണനം നടത്താൻ സാധിക്കുകയാണെങ്കിൽ ഈ രംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കുമെന്നതിൽ തർക്കമില്ല.

സിമന്റ് ഇഷ്ടിക നിർമ്മാണം

പരമ്പരാഗത കെട്ടിട നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിലുള്ള കുറവും വിലയിലുണ്ടായ ക്രമാതീതമായ വർദ്ധനവും കെട്ടിട നിർമ്മാണരംഗത്ത് പുതിയ മാറ്റങ്ങൾ നേടേണ്ട ഈ കാലഘട്ടത്തിൽ സിമന്റ് ഇഷ്ടികക്കുള്ള പ്രാധാന്യം എടുത്തു പറയതക്കതാണ്. അടുത്ത കാലത്ത് നമ്മുടെ പഞ്ചായത്തിൽ IV-ാം വാർഡിൽ സിമന്റ് ബ്ലോക്ക് നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവൃത്തനമാരംഭിച്ചിട്ടുണ്ട്. തുടക്കത്തിലായതുകൊണ്ട് കാര്യമായ ഉൽപാദനക്ഷമത കൈവരിച്ചിട്ടില്ലെങ്കിലും സമീപകാലം കൊണ്ടുതന്നെ മികച്ച ഒരു വ്യവസായ യൂണിറ്റായി മാറ്റാൻ സാധിക്കുമെന്ന് സംശയാതീതമായ വസ്തുതയാണ്.

വനിതാ ഇൻഡസ്ട്രിയൽ സൊസൈറ്റി

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കികൊണ്ട് 1986 ആരംഭിച്ചിട്ടുള്ളതാണ്അ, II-ാം വാർഡിൽ പ്രവർത്തിക്കുന്ന വനിതാ ഇൻസ്ട്രിയൽ സൊസൈറ്റി. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 56 പേർ അംഗങ്ങളാണ്. വിവിധ സ്ഥാപനങ്ങളിലേക്കാവശ്യമായ നോട്ട്ബുക്ക്, എക്കൗണ്ട് ബുക്ക്, ഫയൽപാഡ്, കവർ മുതലായ സ്റ്റേഷനറി സാധനങ്ങളാണ് പ്രധാനമായും ഇവിടെ നിർമ്മിക്കുന്നത്.

വിവിധ ഭാഗങ്ങളിൽപ്പെട്ട 10 തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. 56 അംഗങ്ങളിൽ 11 പേർ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ പെട്ടവരും 45 പേർ മറ്റു വിഭാഗങ്ങളിൽ പെട്ടവരുമാണ്. സൊസൈറ്റിയുടെ പ്രാരംഭചിലവുകൾക്കായി സർക്കാർ ധനസഹായം കൂടാതെ 8200 രൂപയോളം അംഗങ്ങളിൽ നിന്നും സ്വരൂപിച്ചു. സ്ഥിരമായ വേതന വ്യവസ്ഥ നിശ്ചയിട്ടില്ലാത്ത ഈ സ്ഥാപനത്തിൽ ഉല്പാദനത്തിന് ആനുപാതികമായ പ്രതിഫലമാണ് തൊഴിലാളികൾക്ക് നൽകി പോരുന്നത്.

തുടക്കത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈ സൊസൈറ്റി ഇപ്പോൾ പ്രതിസന്ധിയെ നേരിടുകയാണ്. ഇതിന് പ്രധാന കാരണം ഉല്പാദനത്തിന് ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതയാണ്. ബന്ധപ്പെട്ട ഏജൻസികളുടെ ധനസഹായവും, വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും ലഭ്യമാക്കാൻ കഴിഞ്ഞാൽ ധാരാളം വനിതകൾക്ക് തൊഴിൽ നൽകാൻ സാധിക്കുന്നതോടൊപ്പം ഈ പഞ്ചായത്തിലേക്കാവശ്യമായ സ്റ്റേഷനറി സാമഗ്രികൾ മിതമായ ചിലവിൽ ഉല്പാദിപ്പിക്കാനും സാധിക്കും.

DIAMOND Polishing Unit

ഈ പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന ചുണ്ടക്കര, കമ്പളക്കാട് പ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്ന മൂന്ന് Diamond polishing unit കളിലായി ഈ പഞ്ചായത്തിലെ അഭ്യസ്ഥവിദ്യരായ നിരവധി യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്നു. പൂർണ്ണമായും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിൽസംരക്ഷണം ലഭ്യമാകുന്നില്ല എന്നുള്ളത് ഗുരുതരമായ ഒരു പോരായ്മയാണ്.

വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ക്ഷേമപദ്ധതികൾ ഇവിടെ നടപ്പിലാക്കിയിട്ടില്ല. സേവനത്തിനനുസരിച്ച് പ്രതിഫലം ലഭിക്കുന്ന ഈ സ്ഥാപനങ്ങളിൽ തൊഴിൽ സുരക്ഷ ഏർപ്പെടുത്തുകയാണെങ്കിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതോടൊപ്പം സഹായകമാകുകയും ചെയ്യും.

ഫർണിച്ചർ നിർമ്മാണ യൂണിറ്റ്

കെട്ടിടങ്ങൾക്കാവശ്യമായ മരസാമഗ്രികൾ നിർമ്മിക്കുന്നന 3 ഓളം യൂണിറ്റുകൾ ഈ പഞ്ചായ

ത്തിൽ പള്ളിക്കന്ന് കരിങ്കുറ്റി, മടക്കിമല എന്നിവിടങ്ങളിലായി സ്ഥിതിചെയ്യുന്നു. മരത്തിന്റെ ലഭ്യത അനുസരിച്ച് ആകർഷകമായ ഫർണ്ണിച്ചറുകൾ നിർമ്മിച്ച് വിപണനം നടത്തുന്ന ഈ സ്ഥാപനങ്ങൾ എല്ലാംതന്നെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഈ മേഖലയിൽ പ്രവീണ്യം ലഭിച്ച 20 ഓളം തൊഴിലാളികൾ വിവിധ സ്ഥാപനങ്ങളിലായി ജോലി നോക്കുന്നു. ആവശ്യക്കാരുടെ താല്പര്യാർത്ഥം ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന ഈ സ്ഥാപനങ്ങൾ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നവയാണ്.

മറ്റു വ്യവസായങ്ങൾ

മേൽപറഞ്ഞ വ്യവസായ യൂണിറ്റുകൾക്ക് പുറമെ ചെറുകിട മേഖലയിൽ പ്രവൃത്തിക്കുന്ന കോഴിവളർത്തൽ യൂണിറ്റ് സുഗന്ധദ്രവ്യങ്ങളുടെ സംസ്കരണയൂണിറ്റ് എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഉല്പാദനത്തിനാവശ്യമായ സാമ്പത്തിക വൈഷമ്യങ്ങളും, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും നിമിത്തം ഈ സ്ഥാപനങ്ങളുടെയൊന്നും പ്രവർത്തനം കാര്യക്ഷമമല്ല.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

വിവിധ സമുദായങ്ങളിലായി കുലത്തൊഴിലുകൾ അറിയുന്ന 50 ഓളം വരുന്ന കുടുംബങ്ങൾ പഞ്ചായത്തിൽ താമസിക്കുന്നു. പായനിർമ്മാണം, മൺപാത്ര നിർമ്മാണം, മുള, ഈറ്റ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കുട്ട നിർമ്മാണം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പക്ഷേ ഈ രംഗത്ത് കാര്യമായ ഒരു പുരോഗതി കൈവന്നിട്ടില്ല. ഇതിന് പ്രധാനകാരണം ഇതിനാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിലുള്ള കുറവും, ഉല്പാദനത്തിനു അനുപാതികമായ വരുമാനമില്ലായ്മയും മൂലം ഈ മേഖല പാടെ തകർച്ചയിലേക്ക് നീങ്ങുകയാണ്. ഈ അവസ്ഥയിൽ ഈ രംഗത്ത് ഗണ്യമായ ഒരു പുരോഗതി കൈവരണമെങ്കിൽ ഈ മേഖലകളിലെ വിദഗ്ദ്ധ തൊഴിലാളികളെ കണ്ടെത്തി വേണ്ടത്ര പരിശീലനം ലഭ്യമാക്കുകയും വേണം. മാത്രമല്ല അനുബന്ധ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മേൽപറഞ്ഞ നിർമ്മാണ കേന്ദ്രങ്ങൾ ആരംഭിക്കുകയും അതിനുള്ള വിപണന മേഖല കണ്ടെത്തുകയും ചെയ്താൽ ഭൂരിഭാഗം ആദിവാസി തൊഴിലാളികൾ വരുന്ന ഈ മേഖലയിൽ കാതലായ മാറ്റം പ്രതീക്ഷിക്കാം.

വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളെയും ബന്ധിപ്പിച്ചൊഴുകുന്ന പുഴയും ഭൂപ്രകൃതിയിലുള്ള സവിശേഷതയും, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും വ്യവസായ മേഖലയുടെ ഗണ്യമായ പുരോഗതിക്ക് തടസമായി തീർന്നിട്ടുള്ളത്. 31.75 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ താമസിക്കുന്ന ഭൂരിഭാഗം കുടുംബങ്ങളും കാർഷിക മേഖലയെ ആശ്രയിക്കുന്നവരാണ്. ഇത് ഒരു പരിധിവരെ വ്യവസായ വൽക്കരണത്തിന് തടസമായി തീർന്നിട്ടുണ്ട്. ഈ രംഗത്ത് മറ്റു പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കപ്പ, വാഴ, അടയ്ക്ക, ഇഞ്ചി തുടങ്ങിയ പ്രധാനപ്പെട്ട പല കാർഷികോല്പന്നങ്ങളും വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.
2. സാമ്പത്തികമായ പോരായ്മയും, ഭരണസ്ഥിരതയുടെ അഭാവവുംമൂലം സൊസൈറ്റികൾക്കുണ്ടായ നിലവാരതകർച്ച.
3. സാങ്കേതിക പരിജ്ഞാനകുറവ്.
4. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
5. വിപണന സാദ്ധ്യതയിലുള്ള കുറവ്.
6. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈതൊഴിലുകൾക്കും പരിശീലനം ലഭിക്കാനുള്ള സാധ്യതകുറവ്.
7. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.
8. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണകുറവ്.
9. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള കുറവ്.
10. കുറഞ്ഞ കൂലി നിരക്ക്.

വിവിധ മേഖലകളിലെ ശരാശരി കൂലിനിരക്ക്.

ക്രമനമ്പർ	ഇനം	പുരുഷൻ	സ്ത്രീ
1	ഇഷ്ടികനിർമ്മാണം	90	65
2	ആശാരി	150	–
3.	കൊല്ലപ്പണി	150	–
4.	കെട്ടിടനിർമ്മാണം		
	വിദഗ്ദ്ധർ	150	–
	അവിദഗ്ദ്ധർ	90	65
5.	പപ്പടനിർമ്മാണം	75	40
6.	കല്ല് പൊട്ടിക്കൽ	150	100
7.	മറ്റു പണികൾ	80	50

സാധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസപരമായും സാമൂഹ്യസാംസ്കാരിക രംഗങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന യുവതീയുവാക്കളിൽ ഭൂരിപക്ഷവും ഉപജീവനത്തിന്റെ കാര്യത്തിൽ വളരെ പുറകിലാണ്. ഇതിൽ നല്ലൊരു ശതമാനം ആളുകളും വരുമാനത്തിനായി മറ്റു പഞ്ചായത്തുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. കേരളത്തിനു പുറത്ത് ഇന്ത്യയിലും, വിദേശങ്ങളിലുമായി ഏകദേശം 100 ഓളം ആളുകൾ ജോലി ചെയ്യുന്നു. പരമ്പരാഗത മേഖലയിലും ജോലിചെയ്യുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന വാഴക്കുല, ഇഞ്ചി, കാപ്പി, അടയ്ക്ക മുതലായ കാർഷിക വിളകൾ ഉപയോഗിച്ച് പ്രവൃത്തിപ്പിക്കാവുന്ന വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവൃത്തിപ്പിക്കുന്നില്ല.

ഈ രംഗത്ത് വേണ്ടത്ര ബോധവൽക്കരണം നടത്തുകയും അതിനാവശ്യമായ സാമ്പത്തിക സേവന മേഖലകൾ കണ്ടെത്തുന്നതും അനിവാര്യമായിരിക്കുന്നു.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് തുടങ്ങാവുന്നതും, പഞ്ചായത്തിൽ തന്നെ വിപണന സാധ്യതകൾ കണ്ടെത്താവുന്നതുമായ പല ചെറുകിട വ്യവസായങ്ങളെക്കുറിച്ചും ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധേയമാണ്.

അവയെക്കുറിച്ചുള്ള ലഘു വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 1

വിഭാഗം	നമ്പർ	ഇനം
എല്ലാ വിഭാഗങ്ങളും	1	ചിപ്സ് നിർമ്മാണം നേന്ത്രക്കായ, മരച്ചീനി
	2	ഈർച്ചമിൽ- ഫർണീച്ചർ
	3	അടക്ക, ഇഞ്ചി സംസ്കരണം
	4	ഇഷ്ടിക നിർമ്മാണം
	5	ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണവും, വിതരണവും
	6	ഓട് വ്യവസായം
	7	സിമന്റ് ഇഷ്ടിക നിർമ്മാണം
	8	സിമന്റ് കൊണ്ടുള്ള ജനാല വാതിൽകട്ടിൽ തുടങ്ങിയവ
	9	Soft wood- ഉപയോഗിച്ചുള്ള വിവിധ വസ്തുക്കൾ
	10	ബാഗ് മുതലായ റെക്സിൻ ഉൽപ്പന്നങ്ങൾ
	11	കരിങ്കല്ല് ഉടച്ച് ജില്ലിയാക്കൽ
	12	എണ്ണ ആട്ടു കേന്ദ്രം

പട്ടിക 2

വിഭാഗം	നമ്പർ	ഇനം
വനിത	1	റെഡിമെയ്ഡ് വസ്ത്രനിർമ്മാണം വായനാർ ഉൽപ്പന്നങ്ങൾ
	2	കൈത്തറി വ്യവസായം
	3	സോപ്പ്, സോപ്പ്പൊടി നിർമ്മാണം
	4	മെഴുകുതിരി, ചന്ദനതിരി നിർമ്മാണം
	5	കുട, കരകൗശലവസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണം
	6	കറിപൗഡറുകൾ, അച്ചാർ, സ്കാഷ്, ജാം മുതലായവയുടെ നിർമ്മാണം
	7	പപ്പട നിർമ്മാണം
	8	കോഴിവളർത്തൽ കേന്ദ്രം
	9	ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണം
	10	പന്നി, മുയൽ, ആട് മാട് വളർത്തൽ
	11	നോട്ട്ബുക്ക്, കവർ, ഫയൽ തുടങ്ങിയവയുടെ നിർമ്മാണം

പട്ടിക 3

വിഭാഗം പട്ടികജാതി	നമ്പർ	ഇനം
പട്ടിക വർഗ്ഗം	1	ഈറ്റ, മുള, ചൂരൽ, കൈതഓല ഉപയോഗിച്ചുകൊണ്ടുള്ള കുട്ട, മുറം, പായ മുതലായവയുടെ നിർമ്മാണം
	2	പ്ലാസ്റ്റിക്, ചൂരൽ ഇവ ഉപയോഗിച്ചു കൊണ്ടുള്ള ഫർണിച്ചർ നിർമ്മാണം
	3.	കിടക്ക, തലയിണ നിർമ്മാണം
	4	റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം
	5	മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം
	6	നോട്ട്ബുക്ക്, ഫയൽ മുതലായവയുടെ നിർമ്മാണം

വൻകിട വ്യവസായങ്ങൾ

പഞ്ചായത്തിന്റെ നിലവിലുള്ള വിഭവശേഷിയുടെ അപര്യാപ്തത നിമിത്തം വൻകിട വ്യവസായങ്ങൾക്ക് നിലവിൽ സാധ്യത വിരളമാണ്. കാലക്രമേണ പഞ്ചായത്തിന്റെ സമഗ്രപുരോഗതിയുടെ പാതയിൽ ദീർഘ വീക്ഷണത്തോടെയുള്ള ആസൂത്രണം വഴി ഭാവിയിൽ ഇതിനുള്ള സാധ്യത കൈവരുമെന്ന് പ്രത്യാശിക്കാം.

ടൂറിസം വികസനം

പഞ്ചായത്തിലെ നാലാം വാർഡിൽ പെട്ട വയലുകളാൽ ചുറ്റപ്പെട്ട പ്രദേശങ്ങളിൽ കുളങ്ങളും മറ്റും നിർമ്മിച്ചു മത്സ്യം വളർത്തുന്നതിനോടൊപ്പം കുന്നിൻ പ്രദേശങ്ങളിൽ വിപുലമായ പൂന്തോട്ടനിർമ്മാണവും ആരംഭിച്ച് വ്യാവസായിക പുരോഗതി കൈവരിക്കുന്നതോടൊപ്പം ആ പ്രദേശത്തെ ഒരു ടൂറിസ്റ്റ് വികസന കേന്ദ്രമാക്കി മാറ്റാവുന്നതാണ്. കുമ്പലക്കോട്ടയുടെ മനോഹാരിത, പ്രകൃതിദത്തചിറയായ കള്ളംവെട്ടിച്ചിറ ഇവിടങ്ങളിലും ഇതിൽ സാധ്യതയുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റ്

സമഗ്രമായ വ്യവസായ പുരോഗതിക്ക് പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന രീതി നടപ്പിൽ വരുത്താവുന്നതാണ്.

നിർദ്ദേശങ്ങൾ

1. വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പഞ്ചായത്തിലെ ഭക്ഷ്യവിഭവങ്ങളുടെ ഒരു മാർക്കറ്റും അതോടനുബന്ധിച്ച് ഒരു സംസ്കരണ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ പഞ്ചായത്ത് തല ഭക്ഷ്യവിഭവങ്ങളുടെ ഉപയോഗക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

2. പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ചു വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാവുന്നതാണ്.

3. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുകയും, വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകുകയും പരിശീലനം നൽകുന്നതിന് ഒരു സ്ഥിരം പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്യുക.

4. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽകണ്ട് മനസ്സിലാക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കുക.

5. വ്യവസായവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുന്നതോടൊപ്പം, സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെതന്നെ ലഭ്യമാക്കാൻ എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാൻ കഴിയും.

ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്കും തൊഴിൽ നല്കാൻ കഴിയും പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സർവ്വോത്മകമായ പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ ഇടയാകുകയും ചെയ്യും.

വിദ്യാഭ്യാസം

സമ്പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിന് നാന്ദികുറിക്കുന്ന കളരിയാണ് വിദ്യാലയങ്ങൾ. സംസ്കാര സമന്വയത്തിനും ജീവിതായോധനത്തിനും ഈ കാലഘട്ടം സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ടു തന്നെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ മർമ്മസ്ഥാനം വിദ്യാലയങ്ങളാകുന്നു. കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ എല്ലാ വിദ്യാലയയങ്ങളിലും എത്തിപ്പെട്ട് സ്വരൂപിച്ചെടുത്ത വിവരങ്ങൾ സമന്വയിപ്പിച്ച നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പേരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും ഈ റിപ്പോർട്ടിലുണ്ട്.

ലോവർ പ്രൈമറി വിദ്യാലയങ്ങൾ:

ഗവ: എൽ. പി. സ്ക്കൂൾ മടക്കിമല: പഞ്ചായത്തിലെ മൂന്ന് എൽ. പി. സ്ക്കൂളിൽ സർക്കാർ വിദ്യാലയമായിട്ടുള്ളത് ഗവ. എൽ. പി. സ്ക്കൂൾ മടക്കിമല മാത്രമാണ്. 122 വിദ്യാർത്ഥികളും 5 അധ്യാപകരും ഇവിടെയുണ്ട്. 28 വിദ്യാർത്ഥികൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട്. മത്സരയിനങ്ങളിൽ വിദ്യാർത്ഥികൾ നിലവാരം പുലർത്തുന്നില്ല. ആരും തന്നെ പഠനം നിർത്തിയിട്ടില്ല. അക്കാദമിക്ക് സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെയില്ല. ഭൗതിക സാഹചര്യങ്ങളായ കെട്ടിടം, കളിസ്ഥലം, കക്കൂസ്, മൂത്രപ്പുര, കിണർ എന്നിവയും ഉണ്ടായില്ലെങ്കിൽ വിദ്യാലയത്തിന്റെ വളർച്ച് മന്ദഗതിയിലാവും. തൊഴിലാളി മേഖലയായതിനാൽ നിർദ്ധനരായ രക്ഷാകർത്താക്കൾക്ക് സജീവമായ PTA യ്ക്ക് നേതൃത്വം കൊടുക്കാനും സാധിക്കുന്നില്ല. കുടിവെള്ളം പോലും 500 മീറ്ററിനപ്പുറത്തുനിന്നാണ് ലഭിക്കുന്നത്.

2. എസ്. എ. എൽപി. സ്ക്കൂൾ കരിംങ്കുറ്റി : 143 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്ന ഈ വിദ്യാലയത്തിൽ 4 അധ്യാപകർ സേവനം ചെയ്യുന്നു. പാഠ്യനുബന്ധ പ്രവർത്തനങ്ങൾ പറയപ്പെടുന്ന രീതിയിൽ നിലവാരം പുലർത്തിക്കാണുന്നില്ല. 99 ആദിവാസി വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഇതിൽ 5 പേർ പഠനം നിർത്തിപ്പോയിട്ടുണ്ട്. അക്കാദമിക്കൽ സൗകര്യങ്ങൾ ഒന്നും തന്നെയില്ല എന്നു പറയാം. ഭൗതിക സാഹചര്യങ്ങളിൽ കളിസ്ഥലവും മൂത്രപ്പുരയും ഫർണീച്ചറുകളും നൽകേണ്ടതാണ്. PTA ശക്തമല്ലാത്തതിനാൽ വിദ്യാലയം ജീർണാവസ്ഥയിലാണ്.

3. എസ്. എ. എൽപി സ്ക്കൂൾ വെണ്ണിയോട് : സ്വകാര്യ മേഖലയിലെ ഈ സ്ക്കൂളിൽ 165 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 5 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. സജീവമായ അധ്യാപക-രക്ഷാകർത്തൃബന്ധം ഇവിടെയുണ്ട്. 82 ആദിവാസി വിദ്യാർത്ഥികൾ ലംപ്സം ഗ്രാന്റ് വാങ്ങി പഠിക്കുന്നു. എന്നാൽ മെറിറ്റ് സ്കോളർഷിപ്പിന് ആരും അർഹത നേടിയിട്ടില്ല. കലാമത്സരങ്ങളിൽ ജില്ലാതരം വരെ എത്തിയിട്ടുണ്ട്. എന്നാൽ കായിക മേഖല തളർച്ചയിലാണ്. 3 ST വിദ്യാർത്ഥികളടക്കം 4 പേർ അധ്യയനം നിർത്തിയിട്ടുണ്ട്. 10% പോലും അക്കാദമിക്ക് സൗകര്യങ്ങൾ ഇവിടെയില്ല. ഇവിടെ കക്കൂസ് ഇല്ല. കുടിവെള്ളം ലഭ്യമാണെന്നത് ഒരനുഗ്രഹമാണ്. മാതൃ സംഗമം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. 60% ത്തിൽ മാർക്കുനേടുന്നവർ ഇല്ലെന്നു തന്നെ പറയാവുന്നതാണ്. ആദിവാസി വിദ്യാർത്ഥികളാണധികവും പഠനത്തിനെത്തുന്നത്.

അപ്പർ പ്രൈമറി വിദ്യാലയങ്ങൾ

കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ രണ്ട് അപ്പർ പ്രൈമറി വിദ്യാലയങ്ങളുണ്ട്. സർക്കാർ യു.പി. സ്ക്കൂളായ കോട്ടത്തറയും സ്വകാര്യമേഖയിലെ എ.യുപി സ്ക്കൂൾ വളൽ ഉം പ്രശസ്തമായ വിദ്യാലയങ്ങളാണ്.

1. ഗവ. യു.പി. സ്ക്കൂൾ കോട്ടത്തറ: ഏറെ പരാധീനതകളനുഭവിക്കുന്ന ഈ വിദ്യാലയത്തിന് ഒരു നൂറ്റാണ്ടിലധികം ചരിത്രമുണ്ട്. 330 വിദ്യാർത്ഥികളിൽ 4 പട്ടികജാതി വിദ്യാർത്ഥികളും ഇരുനൂറോളം മുസ്ലീം വിദ്യാർത്ഥികളുമാണു ഉള്ളത്. 12 അധ്യാപകർ വേണ്ട ഇവിടെ 11 പേർ മാത്രമെ ഉള്ളൂ. കലാ-കായിക രംഗങ്ങളിൽ താൽപര്യം ഉള്ളവർ ഉണ്ടെങ്കിലും വേണ്ട

കോട്ടത്തറ ഗ്രാമപഞ്ചായത്ത് – സ്ക്കൂളിന്റെ പൊതുവിവരം

സ്ക്കൂളിന്റെ പേര്	ഹൈ സ്ക്കൂൾ യുപി/ എൽ.പി. പ്രീ. പ്രൈമറി	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്കൂൾ കൃാമ്പിസിന്റെ മൊത്തം വിസ്തീർണം	കളി സ്ഥലത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം	മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റ പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്
		സർക്കാർ	എയിഡഡ്	അൺ എയിഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘ കാല ലീവിലുള്ളത്				
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
G.L.P.S.മടക്കിമല	L.P.	✓	-	-	-	51	71	122	5	5	-	-	39cents	10 cet.	5 Cents	
S.A.L.P.S കോട്ടത്തറ	L.P.	-	✓	-	-	73	70	143	4	4	-	-	1Acre	ഇല്ല	50Cents	
S.A.L.P.S. വെണ്ണിയോട്	L.P.	-	✓	-	-	77	88	165	5	5	-	-	50Cents	30 Cents	-	
A.U.P.S. വാളൽ	UP	-	✓	-	-	265	267	532	19	19	-	-	1.15Acre	50 Cents	-	
GUPS കോട്ടത്തറ	UP	✓	-	-	-	171	159	330	12	1	1	-	1.50 Acre	ഇല്ല	50 Cents	
G.H.S. കരിക്കുറ്റി	HS	✓	-	-	-	129	87	216	10	10	-	-	3 Acre	20Cents	2 Acre	

കോട്ടത്തറ ഗ്രാമ പഞ്ചായത്ത്
കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

	ആൺകുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ *						
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	126	100	226	48	40	88	-	-	-	-	-	-	13	13	26	5	5	10	36
II	126	130	256	46	57	103	7	3	10	4	1	5	12	7	19	2	2	4	23
III	109	124	233	39	56	95	3	4	7	4	2	6	15	8	23	3	0	3	26
IV	105	115	220	30	33	63	1	6	7	3	3	6	9	4	13	1	1	2	15
V	67	61	128	20	18	38	4	1	5	2	2	4	9	8	17	3	1	4	21
VI	70	89	159	23	28	51	6	3	9	2	0	2	10	6	16	6	2	8	24
VII	78	67	145	27	24	51	5	5	10	4	3	7	8	7	15	7	2	9	24
VIII	31	20	51	13	10	23	4	1	5	3	1	4	-	-	-	-	-	-	-
IX	34	20	54	18	13	31	3	3	6	1	-	1	-	-	-	-	-	-	-
X	20	16	36	6	6	12	-	-	-	-	-	-	-	1	1	-	-	-	1
ആകെ	766	742	1508	270	285	555	33	26	59	23	12	35	76	54	130	27	13	40	170

കോട്ടത്തറ ഗ്രാമപഞ്ചായത്ത് – സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള ക്കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ ക്കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്- ഇല്ല കിണർ, പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകമുറി	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ?	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം													ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
GLPS മടക്കിമല	4	1	-	-	ഹാൾ	-	-	2	ഉണ്ട്	ഇല്ല	-	2	ഇല്ല	-	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	10	25	5	5	2
SALPS കോട്ടത്തറ	4	1	-	-	3	-	1	2	ഉണ്ട്	1	10	1	1	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	12	1	2	ഇല്ല
SALPSവെണ്ണിയോട്	4	1	-	-	-	4	-	-	ഉണ്ട്	1		2	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	6	2	4	ഉണ്ട്
AUPS വാളൽ	14	2	2	-	8	8	-	-	ഇല്ല	2	10	-	2	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	40	20	5	10	2
GUPS കോട്ടത്തറ	9	3	1	-	-	-	7	9	ഉണ്ട്	ഇല്ല	-	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	30	125	7	7	ഇല്ല
GHS കരിങ്കുറ്റി	8	2	-	3	5	ഇല്ല	6	0	ഉണ്ട്	2	10	2	2	1	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	25	10	10	5

കോട്ടത്തറ ഗ്രാമപഞ്ചായത്ത് -സ്കൂളുകളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

സ്കൂളിന്റെ പേര്	ചെലവ്								വരവ് എ			വരവ് ബി.				ആകെ വരവ്
	കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക്	ഉപകരണങ്ങൾ ഫർണിച്ചറുകൾ അറ്റകുറ്റ പണിക്ക്	ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തനുള്ള സാധനങ്ങൾ	സ്പോർട്ട്സ്	കലാ-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചയ ക്കഞ്ഞിക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദേശ സ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ. ഫണ്ട്	മറ്റു മാർഗ്ഗത്തിലുള്ള വരവ്	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
GLPS മടക്കിമല	-	-	-	-	-	-	15,000	-	1,0000	-	10000	-	-	-	-	1,0000
SALPS കോട്ടത്തറ	1000	500	-	150	-	-	2,378	-	1650	-	1650	-	-	-	-	1650
SALPSവെണ്ണിയോട്	780	-	-	-	60	-	4500	-	-	-	-	-	-	4000	-	4000
AUPS വാളൽ	4000	4000	500	400	1000	200	12000	1143	2500	-	2500	1845	300	3500	2000	10145
GUPS കോട്ടത്തറ	-	-	-	500	1000	-	10000	-	-	-	-	512	-	15000	-	16512
GHS കരിങ്കുറ്റി	20000	20000	10000	5000	10000	1000	8000	-	5,66952	-	566952	1126	-	6000	-	574078

ഭൗതിക സാഹചര്യം

ലഭിക്കുന്നില്ല. 3 കെട്ടി
ടങ്ങൾ ഇന്നും വാടക
യിലാണ് പ്രവർത്തി
ക്കുന്നത്. അതു
കൊണ്ട് പല സൗക
ര്യങ്ങളും ഇല്ലാതെ
വിദ്യാർത്ഥികൾ
ബുദ്ധിമുട്ടുന്നു. PTA
യുടെ സഹാ
യത്തോടെ കെട്ടിടമു
ണ്ടാക്കുവണ്ടതാണ്.
കക്കൂസ്, മൂത്രപ്പുര,
കളിസ്ഥലം എന്നിവ
യുടെ അഭാവം നില
വിലുണ്ട്. കിണറിൽ
ശുദ്ധജലം ലഭിക്കാൻ
ബുദ്ധിമുട്ടുള്ള ഒരു
പ്രദേശമാണ് ഇത്.
ഓവർഫ്ലോയുള്ള ലഭ്യ
മാക്കിയാലെ ശുദ്ധ
ജല ക്ഷാമം പരിഹരി
ക്കുകയുള്ളൂ. പരീക്ഷ
ണശാല, ഗ്രന്ഥാ
ലയം ഇവ അനുദിന
മാറ്റില്ല.
വിദ്യാർത്ഥികൾക്ക്
എത്താവുന്ന
വളരെ ദുർഘട വഴി
കളെ ശരണമുള്ളൂ.
ചേലാക്കുന്നിക്കുന്നിൽ
നിന്നും PWD റോഡു
മായി ബന്ധിക്കുന്ന
നടപ്പാത നിർമ്മി
ച്ചാൽ ഇതിനൊരുപ
വരെ പരിഹാര
മാവും. PTA മായി
സംഗമം എന്നിവ
വളരെ സജീവമാ
ണ്ടായിൽ എത്തിയി
ട്ടില്ല. നിലവാരം
ഉയർത്താൻ അധ്യാ
പകർ സ്വന്തം വിദ്യ
കൾ ആസൂത്രണം
ചെയ്യുന്നുണ്ട്.

കോട്ടത്തറ ഗ്രാമപഞ്ചായത്ത് -അക്കാദമിക് നിലവാരം (പഞ്ചായത്തിന്റെ മൊത്തം കണക്ക്)

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					SSLC -വിജയശതമാനം				
		30% താഴെ കുട്ടികൾ	30-40 മാർക്ക് നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ത്തിൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	213	57	40	69	22	25	-	-	-	-	-
4	217	46	51	71	14	31	-	-	-	-	-
5	127	29	14	50	11	23	-	-	-	-	-
6	157	65	17	40	10	25	-	-	-	-	-
7	141	73	12	34	5	17					
8	51	39	9	3	-	-					
9	54	41	1	2	4	6					
10	34	23	4	3	2	2					
SSLC പരീക്ഷ എഴുതിയവർ	34	-	-	-	-	-	14.28%	28.57%	21.87%	11.26%	24%

2. വാളൽ എ. യുപി സ്ക്കൂൾ : പഞ്ചായത്തിലെ സ്വകാര്യ മേഖലയിലുള്ള ഏക യു.പി വിദ്യാലയം 1950 ൽ സ്ഥാപിതമായതാണ്. പരേതനായ മങ്കുഴി അബൂബക്കർ ആണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. ഈ സ്ഥാപനത്തിൽ നിന്നും പുറത്തു വരുന്ന വിദ്യാർത്ഥികളിൽ 80% പേരും SSLC വിജയിക്കുകയും 5-ൽ കുറയാത്ത ഒന്നാം ക്ലാസ്സ് കരസ്ഥമാക്കുകയും ചെയ്യാറുണ്ട്. മെറിറ്റ് സ്കോളർഷിപ്പിന് അർഹരാവുന്ന വിദ്യാർത്ഥികൾ ഇവിടെയുണ്ട്. കലാ-കായിക -ശാസ്ത്ര-മേഖലകളിൽ അൽപമെങ്കിലും സ്ഥാനം നേടുന്നുണ്ട്. 532 വിദ്യാർത്ഥികളിൽ 228 എണ്ണം ഗിരിവർഗ്ഗക്കാരാണ്. PTA മാതൃസംഗമം എന്നിവ വിദ്യാലയത്തിന്റെ പുരോഗതിക്ക് മാതൃകാപരമായ നേതൃത്വം നൽകുന്നുണ്ട്. എന്നാൽ അക്കാദമിക്ക് കാര്യങ്ങൾ അപര്യാപതമാണ്. 2 സ്ഥിരം കെട്ടിടവും 2 അർദ്ധസ്ഥിരം കെട്ടിടവും ഉണ്ട്. 18 അധ്യാപകരാണ് ഉള്ളത്. വേണ്ടത്ര കളിസ്ഥലം, ചുറ്റുമതിൽ, ഫർണീച്ചർ എന്നിവ ഉണ്ടാവേണ്ടത് നിർബന്ധമായിരുന്നു. കഴിഞ്ഞ വർഷങ്ങളിൽ പൊതിവെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്. ഇതിന്റെ വളരെ സമീപത്തായി ഒരു എൽ. പി. സ്ക്കൂൾ അനുവദിച്ചതായ സ്ഥിതി നിലവിലുള്ള ഈ വിദ്യാലയത്തിന്റെ പ്രവർത്തനത്തിനെ എതിരായി ബാധിക്കുമെന്ന് സ്ക്കൂൾ അധികൃതർ അഭിപ്രായപ്പെടുന്നു. മെച്ചന വാളൽ നടപ്പാത നിർമ്മിച്ചാൽ കുട്ടികളുടെ യാത്ര എളുപ്പമാക്കാൻ സാധിക്കും.

ഹൈസ്ക്കൂൾ : പഞ്ചായത്തു പരിധിയിൽ ഉൾപ്പെടുന്ന ഏക ഹൈസ്ക്കൂൾ കരിങ്കുറ്റിയിൽ സ്ഥിതിചെയ്യുന്നു. വിദ്യാർത്ഥികൾക്ക് സുഗമമായി എത്തിച്ചേരാൻ നിവൃത്തിയില്ലാത്ത പഞ്ചായത്തിന്റെ അതിർത്തിയിലാണ് ഇതുള്ളത്. ഹൈസ്ക്കൂൾ ആണെങ്കിലും ഒരു പ്രാഥമിക വിദ്യാലയത്തിന്റെ സൗകര്യം പോലും ഇവിടെയില്ല. 216 വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. 10 അധ്യാപകർ ജോലി ചെയ്യുന്നു. 3 ഏക്കർ സ്ഥലം ഉണ്ടെങ്കിലും സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. വിജയ ശതമാനം 24-ൽ നിന്നും ഉയർന്നിട്ടില്ല. നിലവിലുള്ള സാഹചര്യങ്ങളിൽ നിന്നും ഈ റിസൾട്ടു തന്നെ പ്രതീക്ഷിക്കപ്പുറത്താണ്. 108 പേർ ആദിവാസികളാണ്. ഒരു കുട്ടി പഠനം നിർത്തിയിട്ടുണ്ട്. തോൽക്കുന്നവരിൽ ഭൂരിഭാഗം ഗിരിവർഗ്ഗക്കാരാണ്. ജില്ലാതല മത്സരങ്ങളിൽ ഈ വിദ്യാലയം അർഹമായ സ്ഥാനങ്ങളൊന്നും നേടിയിട്ടില്ല. 8 ഡിവിഷൻ പ്രവർത്തിക്കുന്നത് 5 സ്ഥിരം കെട്ടിടത്തിലും 3 ഓലഷെഡിലുമാണ്. വേണ്ടത്ര ഭൗതിക സാഹചര്യങ്ങളില്ല. ലാബ്, ലൈബ്രറി, കുടിവെള്ളം, കളിസ്ഥലം, വൈദ്യുതി, മൂത്രപ്പുര,-കക്കൂസ്സ്, ഫർണിച്ചർ എന്നിവ അത്യാവശ്യമായി ഉടനെ ഉണ്ടാവേണ്ടതാണ്. PTA മാതൃസംഗമം എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സർക്കാരിന്റെ അവഗണന ഏറ്റുവാങ്ങുന്ന ഒരു വിദ്യാലയമാണിത്.

നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ അൺ എയിഡഡ് വിദ്യാലയങ്ങൾ, ഇംഗ്ലീഷ് മീഡിയം നേഴ്സറികൾ എന്നിവ അനുവദിക്കരുത്.
2. വിദ്യാലയത്തിന് നീക്കിവെക്കുന്ന പദ്ധതി വിഹിതം വിദ്യാലയത്തിന്റെ സ്ഥലമെടുപ്പിനായി ഉപയോഗിക്കരുത്.
3. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമായും പ്രയോഗതലത്തിൽ എത്തിക്കാൻ സർക്കാർ പുതിയ നിയമ നിർമ്മാണം നടത്തുക.
4. ഒരു വിദ്യാലയം അനുവദിക്കുമ്പോൾ അടുത്തുള്ള വിദ്യാലയത്തിന് ഭീഷണി ഉയർത്തില്ലെന്നുറപ്പു വരുത്തുക.
5. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് പഠനോപകരണങ്ങളായി മാത്രം വിതരണം ചെയ്യുക.
6. അധ്യാപകരുടെ സ്ഥലം മാറ്റം, നിയമനം പുസ്തക വിതരണം എന്നിവ അവധിക്കാലത്തു ചെയ്തു തീർക്കുക. പഞ്ചായത്തുതല സൊസൈറ്റി രൂപീകരിച്ച് പുസ്തക വിതരണം കാര്യക്ഷമമാക്കണം.
7. ഉച്ചക്കഞ്ഞി വിതരണം [illegible]കരമാവണം
8. പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ച് പ്രവർത്തിക്കണം.
9. പ്രാഥമിക തലത്തിൽ 5-ാം വാർഡിൽ ഡാംസൈറ്റിൽ ഒരുവീട്ടിയേരി, വണ്ടിയാമ്പറ്റ, ഈരംകൊല്ലി, ചീര ഒരു ലോവർ പ്രൈമറി സ്ക്കൂൾ സ്ഥാപിച്ചാൽ കത്ത്കുന്ന്, കോട്ടത്തറ എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്ക് പഠിക്കാനുള്ള സഹായം ലഭിക്കുകയും അതോടൊപ്പം 3 കിലോ മീറ്ററോളം കൊച്ചു കുട്ടികൾക്ക് ഇന്ന് സ്ക്കൂളിൽ പോകുന്ന അവസ്ഥമാറുകയും ചെയ്യും.
10. നിലവിലുള്ള ഗവ. യു.പി. സ്ക്കൂൾ കോട്ടത്തറ അപ്ഗ്രേഡ് ചെയ്താൽ 1, 2, 3, 4, 5 വാഡുകളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്ക്കൂൾ പഠനത്തിന് വളരെ സഹായമാകും. ഇന്ന് പഞ്ചായത്തിലെ 85% വിദ്യാർത്ഥികളും പഞ്ചായത്തിന് പുറത്തുള്ളതും 5 കിലോ മീറ്ററിലധികം വിദൂരമായ തരിയോട്, നിർമ്മല ഹൈസ്ക്കൂൾ, ഏച്ചോം ഹൈസ്ക്കൂൾ,

കൽപ്പറ്റ S. KMJHS, പിണങ്ങോട് ഓർഫനേജ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിലേക്കാണ് പോകുന്നത്. സൗകര്യക്കുറവു മൂലം പെൺകുട്ടികൾ പഠനം നിർത്തുകയും ചെയ്യുന്നു.

സമീപ പഞ്ചായത്തുകളിൽ പോലും സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളില്ലാത്തതിനാലും, ആദിവാസികൾ ഭൂരിപക്ഷമുള്ളതിനാലും പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗം സജീവമാകണമെങ്കിൽ വയനാട് ജില്ലയിൽ ഇനി അനുവദിക്കുന്ന ട്രൈബൽ റസിഡൻഷ്യൽ സ്ക്കൂളും, ടെക്നിക്കൽ സ്ക്കൂളും ഈ പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് പ്രാധാന്യം കൊടുത്ത് ഉടൻ നടപ്പിലാക്കേണ്ട പദ്ധതികൾ-പ്രാധാധാനക്രമത്തിൽ താഴെ കൊടുക്കുന്നു:

1. കരിങ്കുറ്റി ഗവ. ഹൈസ്ക്കൂളിന്റെ ശോച്യാവസ്ഥ മാറ്റിയെടുക്കുക. PTA യുടെ പങ്കാളിത്തം ഉറപ്പു വരുത്തി കെട്ടിടം, കളിസ്ഥലം, മറ്റു ഭൗതിക സാഹചര്യങ്ങൾ എന്നിവ ഉണ്ടാക്കിയെടുത്ത് പഠന നിലവാരം ഉയർത്തുക.

2. കരിങ്കുറ്റി ഗവ. ഹൈസ്ക്കൂൾ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർത്തുക.

3. ഗവ. യു. പി. സ്ക്കൂൾ കോട്ടത്തറ ഹൈസ്ക്കൂളായി അപ് ഗ്രേഡ് ചെയ്യുകയും, കെട്ടിടം, കളിസ്ഥലം, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ് എന്നിവ നടപ്പിൽ വരുത്തുക. PTA യുടെ പങ്കാളിത്തം ഇതിന് ഉറപ്പുവരുത്തണം.

4. ഗവ. എൽ.പി സ്ക്കൂൾ മടക്കിമല, SALP കരിങ്കുറ്റി, SALP വെണ്ണിയോട് എന്നിവിടങ്ങളിൽ കെട്ടിടം, കളിസ്ഥലം, കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര എന്നിവ എത്രയും പെട്ടെന്ന് നിർമ്മിക്കുക.

5. AUPS വാളലിൽ കളിസ്ഥലം, ചുറ്റുമതിൽ പഠനോപകരണങ്ങൾ എന്നിവ PTA യുടെയും മാനേജുമെന്റിന്റേയും സഹായത്തോടെ നടപ്പാക്കുക.

6. മെച്ചന – വാളൽ നടപ്പാത നിർമ്മിക്കുക

7. ഗവ. യു. പി സ്ക്കൂളിലേക്ക് നടപ്പാത നിർമ്മിക്കുക.

8. ആവശ്യം പരിഗണിച്ച് ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക.

9. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സംരക്ഷണ സമിതി രൂപീകരിക്കുക.

10. ഓരോ വിഷയത്തിനും ഓരോ അക്കാദമിക്ക് കൗൺസിൽ രൂപീകരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശീലന പരിപാടി നടത്തുകയും, അധ്യാപന രീതി കാര്യക്ഷമതമാക്കണം.

11. സ്ക്കൂൾ സന്ദർശന പരിപാടി നടത്തുകയും ഗൈഡൻസ് പ്രോഗ്രാമാക്കി മാറ്റുകയും ചെയ്യുക.

12. SSLC വിജയശതമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം.

13. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ നിധി സമാഹരിക്കുക.

14. അധ്യാപക രക്ഷാകർതൃസമിതികൾ, മാതൃസംഗമ പ്രതിനിധികൾ, ഹെഡ്മാസ്റ്റർമാർ എന്നിവർ ഉൾപ്പെടുന്ന വേദികൾ കൂടണം. അക്കാദമിക്ക് നിലവാരം ചർച്ച ചെയ്യണം.

15. ഓരോ വിദ്യാലയത്തിനും വിദ്യാലയ വികസന സമിതി

16. പാഠ്യാനുബന്ധ പ്രവർത്തനങ്ങളായ കലാ-കായിക പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ കഴിവുള്ള കുട്ടികളെ കണ്ടു പിടിച്ച് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രത്യേകം ക്ലാസ്സുകളും കോച്ചിങ്ങ് ക്യാമ്പുകളും നടത്തണം.

ഏതു സ്ഥാപനത്തിനും ബീജാവാപം നടത്താൻ എളുപ്പമാണ്. പക്ഷെ നിലനിർത്തി വളർത്തിയെടുക്കാൻ പ്രയയാസവുമാണ്. വിദ്യാലയങ്ങളിലും ഈ തത്വം ശരിയാണെന്നിരിക്കെ പുതിയ വിദ്യാലയങ്ങൾ അനുവദിക്കാതെ ഉള്ളതിന്റെ നന്നാക്കി, വളരാനുള്ള സാഹചര്യം ഒരുക്കാനായിരിക്കണം പ്രാധാന്യം നൽകേണ്ടത്. ഇതിനു വേണ്ടി ജനകീയാസൂത്രണം ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കുടിവെള്ളവും പൊതുജനാരോഗ്യവും

1. കുടിവെള്ളം

"ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്ത്" എന്നാണല്ലോ? കോട്ടത്തറ ഗ്രാമ പഞ്ചായത്ത് പ്രദേശം പുഴകൾ കൊണ്ടും നീരൊഴുക്കുകൊണ്ടും അനുഗ്രഹീതമാണ്. "വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിക്കാൻ ഇല്ല....." എന്നതിന് തുല്യവുമാണ് ഇവിടുത്തെ അവസ്ഥ !

2730 കുടുംബങ്ങൾ ഇവിടെ താമസിക്കുന്നു. എങ്കിലും സാനിറ്ററി സൗകര്യമുള്ള കിണർ ഉള്ള കുടുംബങ്ങൾ തുലോം കുറവാണ്. പൊതു കിണറുകളിൽ നിന്ന് ജലം ഉപയോഗിക്കുന്നവർക്ക് അത് എങ്ങിനെ നില നിർത്തണം എന്നതിനെക്കുറിച്ച് ശരിയായ അറിവ് ഇല്ല. അതിനാൽ പഞ്ചായത്തിന് കീഴിൽ പൊതു കിണർ, പൈപ്പ് വെള്ളം തുടങ്ങിയവയുടെ മുഴുവൻ പ്രയോക്താക്കളെയും ഉൾപ്പെടുത്തി, ഓരോ കിണറിനും ഓരോ ജല സംരക്ഷണ സമിതി (കുടിവെള്ളം സംരക്ഷണ സമിതികൾ) രൂപീകരിക്കേണ്ടതാണ്. ഒരു കിണറിൽ നിന്ന് എത്ര പേർ വെള്ളമുപയോഗിക്കുന്നുണ്ടെങ്കിലും അവർക്ക് പൊതുവായി ഒരു ബക്കറ്റും കയറും എന്ന തത്വം പ്രാവർത്തികമാക്കേണ്ടതാണ്. കിണറുകളുടെ പിരസര ശുചീകരണം ജല ശുദ്ധികരണ പ്രവർത്തനങ്ങൾ എന്നിവയും കാലാകലങ്ങളിലെ അറ്റകുറ്റപ്പണികളും അതാത് സംരക്ഷണ സമിതികളെ ഏൽപ്പിക്കാവുന്നതാണ്. ഇത്തരം കാര്യങ്ങൾ ശരിയായ വിധത്തിൽ നടപ്പാക്കുകയാണെങ്കിൽ ശുദ്ധ ജല സ്രോതസ്സുകളിൽ നിന്ന് പകരാനിടയുള്ള നിരവധി രോഗങ്ങളെ തടഞ്ഞു നിർത്താനാവും.

പഞ്ചായത്തിലെ ചെറിയ ശതമാനം ആളുകളെങ്കിലും നദീജലം കുടിക്കാനും മറ്റുമായി ഉപയോഗിച്ച് വരുന്നു. കൽപ്പറ്റ നഗരസഭയിലെ മുഴുവൻ അഴുക്കുചാലുകളും തുറന്നു വിടുന്നത് കോട്ടത്തറയിലൂടെ ഒഴുകുന്ന പുഴകളിലേക്കാണ്. അതുകൊണ്ട് പുഴയിലേക്കുള്ള മലിന ജല [illegible]ജനം അവസാനിപ്പിക്കുവാൻ കല്പറ്റ നഗര[illegible]ാട് ആവശ്യപ്പെടേണ്ടതാണ്.

വാർഡ് തലത്തിൽ കുടുംബങ്ങളുടെ എണ്ണവും വിവിധ തരം ശുദ്ധജല ഉപയോഗ രീതിയും പട്ടിക

വാർഡ	കുടുംബങ്ങൾ	സാനിറ്ററി കിണർ	സാധാരണ കിണർ	കേണി	പൈപ്പ്	നദി കുളം	പൊതു കിണർ
1	363	30	125	10	25	2	83
2	385	10	185	15	15	5	49
3	370	15	132	18	18	13	35
4	314	24	30	17	10	1	35
5	274	49	96	16		12	28
6	353	71	56	19	28	30	57
7	360	25	173	20	-26	18	57
8	311	106	69	21		8	46

യിൽ ചേർത്തിരിക്കുന്നു.

കോട്ടത്തറ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി

കോട്ടത്തറ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി പ്രകാരം, കേരള വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ടു അനുസരിച്ച് കോട്ടത്തറ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടേണ്ടതാണ്. ഇതനുസരിച്ച് കോട്ടത്തറ വലിയ പുഴയിൽ കിണർ കുഴിച്ച് ഏകദേശം 2.5 കി.മീറ്റർ അകലെ നിരൂർ കുന്നിന് മുകളിൽ ടാങ്ക് നിർമ്മിച്ചു പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ശുദ്ധ ജലം വവിതരണം ചെയ്യാനാണ് പദ്ധതി. 30 കി.മീറ്റർ ദൂരത്തിൽ ജലം എത്തിക്കാൻ ഈ പദ്ധതി പ്രകാരം സാധിക്കും എന്നാണ് കണക്ക്. എന്നാൽ ഇപ്പോൾ നിലവിൽ 74 പൊതു ടാപ്പുകളും 6 ഗാർഹിക ടാപ്പുകളും മാത്ര മാണ് ഉള്ളത്. ഈ പദ്ധതി പൂർണ്ണ രീതിയിൽ നട പ്പിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിലെ ഏക ദേശം 60% പ്രദേശങ്ങളിലേയും കുടിവെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്. മാത്രമല്ല ഈ പദ്ധതി പൂർണ്ണ അർത്ഥത്തിൽ നടപ്പിൽ വരുത്തുകയാണെ ങ്കിൽ ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി രണ്ടോ മൂന്നോ കുടുംബങ്ങൾക്ക് മാത്രം ഉപയോഗിക്കാൻ കഴിയുന്ന ആഴം കൂടിയ കിണറുകൾ എന്ന പരിപാടി തന്നെ ഉപേക്ഷിക്കാവുന്നതാണ്.

74 പൊതു ടാപ്പുകൾ ഉണ്ട് എന്ന് റിപ്പോർട്ട് ചെയ്തെങ്കിലും ഇവയിൽ വളരെക്കുറച്ച് മാത്രമേ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നുള്ളു. ഇതിന് പറയുന്ന കാരണങ്ങളാകട്ടെ ഗുണനിലവാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചതു മൂലം പല സ്ഥലങ്ങളിലും വെള്ളം ലീക്ക ചെയ്ത് പാഴായി പോവുന്നത് മൂലമാണ്. ആവശ്യത്തിന് ശുദ്ധ ജലം ടാങ്കിലേക്ക് പമ്പ് ചെയ്ത് വിതരണത്തിന് സജ്ജമാ ക്കുന്നില്ല. എന്നും മനസ്സിലാക്കാൻ കഴിയുന്നു. ഇങ്ങി നെയാണെങ്കിലും 1993 ൽ ഈ പദ്ധതി ആരംഭിച്ചതിന് ശേഷം ഒരു പൊതു ടാപ്പിന് 875 രൂപ വീതം പ്രതി വർഷം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നല്കേ ണ്ടതാണ്. എന്നാൽ 1993 ഈ പദ്ധതി പ്രവർത്തി ആരംഭിച്ചു എന്ന് വാട്ടർ അതോറിറ്റി അധികൃതർ പറ യുന്നുണ്ടെങ്കിലും കോട്ടത്തറ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയോ അത്തരത്തിൽ ഒരു ചടങ്ങ് നടത്തു കയോ ചെയ്തതായി ഇവിടെ അറിയില്ല. ഇക്കാലയ ളവിനുള്ളിൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിന് ശുദ്ധ ജലവിതരണത്തിന് വേണ്ടി സർക്കാർ അനുവദിച്ചു തന്നുകൊണ്ടിരുന്ന തുക മുഴുവനും പഞ്ചായത്തിലെ പൊതു ടാപ്പിന്റെ വാടകയിനത്തിൽ വാട്ടർ അതോ റിറ്റി പോകയാണ്. ഇത് പ്രതിഷേധാർഹമാണ്. ജന ങ്ങൾക്ക്. ഉപകരിക്കാത്ത ഈ പദ്ധതിക്കുവേണ്ടി പഞ്ചായത്തിന്റെ പണം പിടിച്ചെടുക്കുന്നത് നിർത്തു ന്നതിനു വേണ്ടി സർക്കാർ ഇടപെടണം.

കോട്ടത്തറ പഞ്ചായത്തിലെ വിവിധ വാർഡുക ളിൽ നിന്ന് ഉയർന്ന് വന്നിട്ടുള്ള കിണറുകളുടെയും ചെറുകിട ജല വിതരണ പദ്ധതികളുടെയും ആവശ്യ ങ്ങളുടെ എണ്ണം 25% കണ്ട് കുറയ്ക്കാൻ കോട്ടത്തറ ഗ്രാമീണ ശുദ്ധ ജല പദ്ധതി കൊണ്ട് മാത്രം സാധി ക്കുമെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

വാർഡ്	ആവശ്യപ്പെട്ട കിണറുകൾ	
	റിപ്പയർ	പുതിയത്
1	2	20
2	1	19
3	2	25
4	7	11
5	1	6
6	8	16
7		9
8	4	5

എന്നാൽ കോട്ടത്തറ ഗ്രാമീണ ശുദ്ധജല വിത രണ പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ മുകളിൽ പറഞ്ഞ കിണറുകളുടെയും കുളങ്ങളുടെയും ആവശ്യം ഇനിയും കുറക്കാൻ സാധിക്കും.

വാർഡു തലത്തിൽ ഉയർന്നു വന്ന പ്രധാന ആവ ശ്യങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

വാർഡ് I

1. നീരൂർകുന്ന് കോളനിയിൽ ടാപ്പു വാട്ടർ എത്തി ക്കണം
2. മാടക്കുന്ന് പ്രദേശത്തേക്ക് ആവശ്യമായ ശുദ്ധജലം വിതരണം ചെയ്യാൻ കല്ലട്ടിക്കടവിൽ നിന്നും ജലം പമ്പ് ചെയ്ത് മാടക്കുന്ന് ടാങ്ക് നിർമ്മിച്ച് മാടക്കുന്ന് പ്രദേശം മുഴുവൻ ജലവിതരണം നടപ്പാക്കുന്നത് മൂന്നോ, നാലോ കിണർ കുഴിക്കുന്നതിനേക്കൾ പ്രായോഗികമാണ്.
3. നീരൂർകുന്ന് പണിയ കോളനിയിൽ ഇപ്പോഴുള്ള രണ്ട് കിണറും അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോ

ഗ്യമാക്കുക.

വാർഡ് II

1. ഊട്ടുപാറ- ചെന്നലോട് റോഡ് പണി മൂലം തക രാറിലായ വാട്ടർ സപ്ലൈ പുനസ്ഥാപിക്കുക.

2. വൈപ്പടി ഭാഗത്തേക്ക് ടാപ്പു വാട്ടർ ലൈൻ നീട്ടുക

3. അരംപറ്റ മുതൽ വൈപ്പടിവരെ ടാപ്പ് വാട്ടർ ലൈൻ സ്ഥാപിക്കുക

4. മതോത്ത് വട്ടിയോട്ടുകുന്ന്, മെച്ചന കുരിശ് പള്ളിക്ക് സമീപം പടവെട്ടി, ചെറുകണകുന്ന്, കുറു മണികുന്ന്, തിരവോത്ത്കുന്ന്, ആശാരികുന്ന്, തിരുവോത്ത് കുന്ന് പണിയ കോളനി, അടുവൻ കുന്ന്, എലിക്കോട്ട് കുന്ന്, കുലവയൽ കുറിച്യ കോളനി, മലരോട്ട് കുന്ന്-അടിയാനകുന്ന് അടു വൻകുന്ന് പണിയ കോളനി, പാടിയോട്ടു കുന്ന് പണിയകോളനി, കാശാംകുറ്റിക്കുന്ന്, മാങ്ങോട്ടു കുന്ന് കളരിക്കൽ കുന്ന് നടയ്ക്കൽ (പൊയിൽ) എന്നിവിടങ്ങളിലായി 19 കിണറുകളും വൈപ്പടി ഭാഗത്തിന് സ്വന്തമായി കുളം കുഴിച്ച് ടാപ്പുവാട്ടർ സിസ്റ്റവും ഏർപ്പെടുത്തേണ്ടതാണ്.

വാർഡ് III

1. കോട്ടത്തറ ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി യുടെ ഭാഗമായി ഇട്ടിരുന്ന ടാപ്പു വാട്ടർ ലൈൻ ശരീക്കും പ്രവർത്തിപ്പിക്കുകയാണെങ്കിൽ വാർഡിലെ ജലക്ഷാമം അനുഭവിക്കുന്നവരിൽ ഏകദേശം 50% ശതമാനം ജനങ്ങൾക്കും ഇത് ഉപ യോഗപ്പെടുന്നു.

2. കുറുമ്പാലക്കോട്ട ക്ഷേത്ര പ്രകൃതി ദത്ത ജലസ്രോ തസ്സ് തടഞ്ഞ് നിർത്തി വിതരണം ചെയ്യാൻ കഴി ഞ്ഞാൽ ഏകദേശം 50 കുടുംബങ്ങൾക്ക് പ്രയോ ജനപ്പെടുന്നു. ഇതിന് സാമ്പത്തിക ചിലവും തുലോം കുറച്ച് മാത്രം മതിയാകും.

3. കുറുമ്പാലക്കോട്ട ഐ. പി. പി. സബ്സെന്ററിന്റെ കിണർ ഫെബ്രുവരി മാർച്ച് മാസങ്ങളോടെ വറ്റി പ്പോകുന്നതിനാൽ ഇതിന്റെ ആഴം വർദ്ധിപ്പിച്ച് ഉപ യോഗ പ്രദമാക്കാവുന്നതാണ്.

4. കള്ളിപ്പാറ കുറിച്യ കോളനി, താഴെ കള്ളിപ്പാറ കുറിച്യ കോളനി, കാരക്കുന്ന് പണിയ കോളനി, മരവയൽ കുറിച്യ കോളനി ഇടക്കുന്നത്ത് കുറിച്യ കോളനി, ചുള്ളിമൂല കോളനി, താഴെ കുറിച്യ കോളനി താങ്ങെ മൂല കുറിച്യ കോളനി, ചെമ്പ ന്നൂർ പണിയ കോളനി (കിണർ റിപ്പയർ) മരവ യൽ SC കോളനി, കുറുമ്പാലകോട്ട അംഗനവാടി, കള്ളംതോട് മൈലാടി ടൗൺ, മൈലാടി കാപ്പ് എന്നിവിടങ്ങളിലായി 12 പുതിയ കിണറുകൾ അനു വദിക്കാവുന്നതാണ്.

വാർഡ് IV

1. കരിഞ്ഞകുന്ന് ലക്ഷം വീട് സമീപ പ്രദേശങ്ങളും മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ഉയരം കൂടിയ പ്രദേ ശമായതിനാൽ ഈ ഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കോട്ടത്തറ ഗ്രാമീണ ശുദ്ധ ജല പദ്ധതിയുടെ പൈപ്പ് വാട്ടർ സപ്ലൈ നടപ്പിൽ വരുത്തുക മാത്രമാണ് ഉചിതം. അഞ്ചാം വാർഡിലെ ധാരാളം കുടുംബങ്ങൾക്കും പ്രയോ ജനപ്പെടും.

2. വലിയകുന്ന് ലക്ഷം വീട് കോളനി, ചേലാകുനി ക്കുന്ന് കോളനി, മാങ്ങോട്ടു കുന്ന് കോളനി, വലി യകുന്ന് ഹരിജൻ കോളനി എന്നിവിടങ്ങളിലേക്കും ടാപ്പു വാട്ടർ ലൈൻ നീട്ടി ഇവിടങ്ങളിലെ കുടി വെള്ള പ്രശ്നം പരിഹരിക്കാവുന്നതാണ്.

വാർഡ് V

1. കാലാറപ്പണിയ കോളനിയിലെ കിണർ അല്പം കൂടി വലുതാക്കി മോട്ടോർ വെച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുകയാണെങ്കിൽ കോള നിയിലെ അൻപതോളം കുടുംബങ്ങൾക്കും, പുതു തായി അനുവദിച്ച വീട്ടിയേരി ട്രൈബൽ കോള നിയിലെ ജനങ്ങൾക്കും ഉപയോഗപ്പെടുത്തണം. ഇപ്പോൾ കാലാറ കോളനിയിൽ വൈദ്യുതി ഉള്ള തിനാൽ പമ്പിംഗ് എളുപ്പമാക്കാനാവുകയും ചെയ്യും.

2. ചോയി മൂല കോളനിക്കാർക്ക് സ്വകാര്യ വ്യക്തി നൽകിയ കിണർ റിപ്പയർ ചെയ്ത് ഉപയോഗപ്രദ മാക്കുക നടുക്കുനി കോളനി, കള്ളം വെട്ടി കോളനി, വീട്ടിയേരി കുരിച്യ കോളനി, വാളറ റോഡ് കോളനി, മന്ദലം, പൊയിൽ പീടിക കോളനി തുടങ്ങി ആറോളം പുതിയ കിണറുകൾ അനുവദിക്കേണ്ടതാണ്

വാർഡ് vi

താഴെ മൈലാടി പ്രദേശത്തെ 15 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കാൻ 2 കേണികൾ ആവശ്യ മാണ്

1. മേലെ മൈലാടി 10 കുടുംബങ്ങൾക്ക് പ്രയോജന പ്പെടുന്നതിൽ 1 കേണി നിർമ്മിക്കുക

2. പുത്തൻ മിറ്റം കോളനിയിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് 1 കിണർ നിർമ്മിക്കുക

3. കാച്ചും കൊല്ലി കോളനിയിൽ ഒരു കിണർ നിർമ്മിക്കുക.

4. പുലിയുണ്ട കുറിച്യകോളനിയിൽ ഒരു കിണർ നിർമ്മിക്കുക

5. കാപ്പും കൊല്ലി പണിയ കോളനിയിൽ ഒരു കിണർ നിർമ്മിക്കുക.

6. കാപ്പും കൊല്ലി കുറിച്യകോളനിയിൽ ഒരു കിണർ നിർമ്മിക്കുക

7. കാപ്പും കൊല്ലി അംഗൺവാടിയിൽ കിണർ നിർമ്മിക്കുക

8. കണ്ണമ്മൂൾ കുന്നിൻ കിണർ നിർമ്മിക്കുക

9. പുഴക്കം വയൽ കുന്നിൻ കിണർ നിർമ്മിക്കുക

10. വാടാവള്ളിക്കുന്നിൻ കിണർ നിർമ്മിക്ക്കുക

11. ചീരാകത്ത് പ്രദേശത്ത് 2 കേണികൾ നിർമ്മിക്കുക.

25 മുതൽ 100 വരെ കുടുംബങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു ജലവിതരണപദ്ധതിക്കാണ് ഈ വാർഡ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

1. താഴെ മൈലാടിയിൽ ഒരു കുളം നിർമ്മിച്ച് ടാങ്ക് നിർമ്മിച്ച് മോട്ടോർ വച്ച പൈപ്പ് ലൈൻ വഴി 60 കുടുംബങ്ങൾക്ക് കുടി വെള്ളമെത്തിക്കാം. ഇവിടെ കിണറിനെ മാത്രം ആശ്രയിക്കുകയാണെങ്കിൽ ഏകദേശം പത്തോളം കിണർ മാത്രം വേണ്ടി വരുന്നതാണ്.

2. മുള്ളൻ കുന്ന് വാട്ടർ സപ്ലേ സ്കീം : കണ്ണും മൂലയിൽ ഒരു പുതിയ കുളം നിർമ്മിക്കുകയും ടാങ്കും, പൈപ്പ് ലൈൻ സ്ഥാപിച്ച് ജല വിതരണം നടപ്പാക്കിയാൽ ഏകദേശം 25 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നു.

3. വാടാവള്ളിക്കുന്ന്: വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയാൽ 30 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാവുന്നതാണ്

4. കുറ്റിപ്പുളുക്കൽ : ഇവിടെയും മുകളിൽപ്പറഞ്ഞതു പോലെ വാട്ടർ സപ്ലൈ നടപ്പിൽ വരുത്തിയാൽ 25 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കാം

5. മേലെ മൈലാടിയിൽ 100 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പുത്തൻ മിറ്റം കോളനിയിൽ ഒരു കുളം നിർമ്മിക്കുകയും ഏകദേശം 200 മീറ്റർ അകലെ ടാങ്ക് കെട്ടി ജലവിതരണം ഏർപ്പെടുത്താവുന്നതാണ്.

6. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ മലക്കോട്ടൂർ കോളനിയിലേക്ക് നീട്ടണം.

വാർഡ് vii

1. ആലിക്കുനി, അത്തിക്കൽ, പൂളക്കൊല്ലി, ഈരംകൊല്ലി, കരികൊല്ലി, കൊല്ലി മൂട്ടിൽ, കുംഭക്കൽക്കുന്ന് എന്നിവിടങ്ങളിൽ പൊതു കിണർ ഒഴിച്ച് ടാപ്പു വാട്ടർ സിസ്റ്റം നടപ്പിൽ വരുത്തുകയാണ് ഈ ഭാഗത്തുള്ള മുഴുവൻ ആളുകളുടെയും കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള ഏറ്റവും എളുപ്പമായ മാർഗ്ഗം

2. കരിക്കൊല്ലി നായ്ക്കകോളനി, പൂവ്വാച്ചുള്ളി പണിയ കോളനി പൂളക്കൊല്ലി പണിയക്കോളനി, ആലക്കുനി താഴെ കുറിച്യകോളനി, തോട്ടമ്പാടി പണിയക്കോളനി എന്നിവിടങ്ങളിൽ കേണികൾ നിർമ്മിച്ചാൽ ഇവിടങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി.

വാർഡ് viii

1. കരിംക്കുറ്റി കോളനിയിലെ പൂർത്തികരിക്കാത്ത കിണർ പണി ഉടനെ പൂർത്തിയാക്കുക

2. പാലൂക്കരക്കോളനി, താഴെ ആനേരി, പൂവനാരിക്കുന്ന് എന്നിവിടങ്ങളിലെ കിണറുകൾ അറ്റകുറ്റപ്പണികൾ ചെയ്തു ഉപയോഗയോഗ്യമാക്കുക.

3. പാലൂക്കര പൊയിൽ ഭാഗത്തുള്ള ടാപ്പിൽ ശുദ്ധ ജലം എത്താനുള്ള സ്ഥിരം സംവിധാനമുണ്ടാവുക.

4. കമ്പളക്കാട്- കുതിരക്കുണ്ട് റോഡ്, കമ്പളക്കാട്-കോക്കുഴി റോഡ് എന്നിവയുടെ ഓരങ്ങളിൽ പൊതു ടാപ്പ് ഏർപ്പെടുത്തുക.

5. ആനേരി, മലന്തോട്ടം കൊല്ലി എന്നിവിടങ്ങളിൽ ഓരോ കേണി നിർമ്മിക്കണം

6. മടക്കിക്കുന്നിൽ നിന്നും പാഴായിപ്പോകുന്ന ശുദ്ധ ജല ഉറവ തടഞ്ഞു നിർത്തി ജലവിതരണ പരിപാടി ആസൂത്രണം ചെയ്യാൻ വളരെ കുറഞ്ഞ ചിലവിൽ ഏകദേശം 20 കുടുംബങ്ങൾക്ക് ശുദ്ധ ജലമെത്തിക്കാൻ കഴിയും

7. തോണിക്കടവ് പണിയക്കോളനിയിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുക.

2. പൊതുജനാരോഗ്യം

പൊതു ജനാരോഗ്യ രംഗത്ത് ഈ പ്രദേശം ജില്ലയുടെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. ചികിത്സ രംഗത്ത് ഇവിടത്തുകാർ തല മുറകളിൽ നിന്ന് കൈമാറി എടുത്ത ഒറ്റമൂലിമരുന്നുകൾ, നാടൻ ചികിത്സാ വിധികൾ തുടങ്ങിയവ ഇന്നും പിൻതുടർന്നു പോരുകയാണ് 31:75 ച:കി:മീ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ ഒരു അതിർത്തി പ്രദേശമായ വാളൽ ഗ്രാമത്തിലാണ് ഈ പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്. ഇവിടേയാകട്ടെ, നിലവിൽ യാതൊരു വിധയാത്രാ സൗകര്യവും ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ ഉള്ളവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. മാത്രവുമല്ല 1974 ൽ ജി. ആർ. ഡി. ആയി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനം 1990 ൽ പ്രാഥമിക ആരോഗ്യകേന്ദ്രമായി ഉയർത്തി എങ്കിലും അതിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഒന്നും തന്നെ ഇപ്പോഴും ഇവിടെ ഇല്ല. ഈ പ്രാഥമിക ആരോഗ്യ കേന്ദ്രം അതിന്റെതായ അർത്ഥത്തിൽ പ്രവർത്തിച്ചു തുടങ്ങണമെങ്കിൽ വൈദ്യുതി കണക്ഷൻ ലഭിക്കുകയും, ജീവനക്കാരുടെ കോട്ടേഴ്സ് നിർമ്മിക്കുകയും ചെയ്യണം. ഇതു കൂടാതെ ഈ പി. എച്ച്. സി. യുടെ കീഴിൽ മെച്ചന, കുറുമ്പാലക്കോട്ട, മന്ദലം, കരീംകുറ്റി എന്നിവിടങ്ങളിൽ ഓരോ ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ കരിംകുറ്റിയിലെ ഫാമിലി വെൽഫെയർ സെന്റർ ഒഴിച്ച് ബാക്കിയുള്ളവ എല്ലാം ഇന്ത്യാപോപ്പുലേഷൻ പ്രോജക്ട് III യുടെ ഭാഗമായി 1987 ൽ നിർമ്മിച്ച് പ്രവർത്തനം തുടങ്ങിയ കോൺക്രീറ്റ് കെട്ടിടങ്ങളാണ്. കുറുമ്പാലക്കോട്ടയിൽ ലേഡി ഹെൽത്ത് ഇൻസ്ട്രക്ടർക്കായി ഒരു ക്വോട്ടേഴ്സും നിർമ്മിച്ചിട്ടുണ്ട്, എന്നാൽ കരിംകുറ്റിയിൽ ഉള്ളത് 1964 ൽ നിർമ്മിച്ചതും തീർത്തു ഉപയോഗ ശൂന്യമായിക്കഴിഞ്ഞിരിക്കുന്നതുമായ ജീർണ്ണിച്ച കെട്ടിടമാണ്.

20 സെന്റ് സ്ഥലം സ്വന്തമായുള്ള ഈ സെന്റർ ഇപ്പോൾ തുറന്ന് പ്രവർത്തിക്കാൻ പറ്റാത്ത വിധം നാശോന്മുഖമായിരിക്കയാണ്. അതിനാൽ ഈ സെന്റർ കാലോചിതമായി പുതുക്കി നിർമ്മിക്കേണ്ടത് വളരെ പ്രാധാന്യമേറുന്ന വസ്തുതയാണ്.

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രാഥമിക ചികിത്സക്ക് പോലും 25 കിലോ മീറ്ററിൽ അധികം സഞ്ചരിച്ച് ജില്ലാ ആസ്ഥാനമായ കല്പറ്റയെ ശരണം പ്രാപിക്കേണ്ടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ആയതിനാൽ കോട്ടത്തറ പ്രാഥമിക ആരോഗ്യകേന്ദ്രം പത്ത് ബെഡ്ഡുള്ള എങ്കിലും ഉള്ള ആശുപത്രിയാക്കി വികസിപ്പിക്കേണ്ടതാണ്. എല്ലാ സബ് സെന്ററുകളുടെയും അറ്റ കുറ്റപ്പണികൾ അത്യാവശ്യമായി നിർവ്വഹിക്കേണ്ടതാണ്.

ആതുര സേവന രംഗത്ത് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ നില തീർത്തും നിരാശാജനകമാണ്. കോട്ടത്തറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഔട്ട്

സബ്സെന്ററുകളുടെ പേരും ആവശ്യമായ അറ്റകുറ്റപ്പണികളും

1. ഐ. പി. സെന്റർ മെച്ചന	(1) ചുറ്റുമതിൽ ഇടിഞ്ഞു കിടക്കുന്നത് റിപ്പയർ ചെയ്യുക (2) കിണറിന്റെ പാറപ്പറ്റ് തകർന്ന് കിടക്കുന്നത് റിപ്പയർ ചെയ്യുക. (3) വൈദ്യുതി കണക്ഷൻ നല്കുക.
2. ഐ. പി. പി. സെന്റർ കുറുമ്പാലക്കോട്ട	(1) കിണർ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ വറ്റിപ്പോകുന്നു. ആഴം വർദ്ധിപ്പിച്ച് ജല ലഭ്യത ഉറപ്പു വരുത്തുക. (2) വൈദ്യുതി കണക്ഷൻ നല്കുക.
3. ഐ. പി. പി. സെന്റർ മന്ദലം	(1) കക്കൂസ്സ് ഭാഗീകമായി തകർന്നിരിക്കുന്നു. റിപ്പയർ ചെയ്യുക. (2) കിണറിലെ വെള്ളം, മലീനജലം നിറഞ്ഞ് നാശമാകുന്നു ഇത് മാറ്റിയെടുക്കുക.
4. എഫ്. ഡബ്ബ്യു. സെന്റർ കരിംകുറ്റി	(1) ബിൽഡിംഗ് താമസയോഗ്യമല്ലാത്തതിനാൽ കാലോചിതമായി പുതുക്കിപ്പണിയുക (2) വൈദ്യുതി കണക്ഷൻ നല്കുക.

പേഷ്യന്റ് രജിസ്റ്ററിൽ നിന്നും ലഭിച്ച വിവരങ്ങൾ പരിശോധിച്ചാൽ നമ്മുടെ പ്രദേശത്തെ രോഗങ്ങളുടെ സ്വഭാവം മനസ്സിലാക്കാൻ എളുപ്പമാണ്.

വർഷം	ഒ. പി.	ത്വക്രോഗം	വാതരോഗം	പകച്ചവ്യാധികൾ	മറ്റുള്ളവ
1992–93	6152	689	714	3875	784
1993–94	6343	701	824	3945	873
1994–95	2720	299	486	1713	222
1995–96	858	86	145	547	80

ഹോമിയോ, ആയുർവേദ ആശുപത്രികളിലെ രജിസറ്റർ കൂടി പരിശോധിച്ചാൽ രോഗികളുടെ എണ്ണം ഇനിയും എത്രയോ ഇരട്ടിയാകും. റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങളിൽ 80% ശതമാനവും പകർച്ച വ്യാധികളും സാംക്രമിക രോഗങ്ങളുമാണ്. മുകളിലെ കണക്കുകളിൽ നിന്ന് 1994–95, 1995–96 വർഷങ്ങളിൽ രോഗികളുടെ എണ്ണം വളരെ കുറഞ്ഞതായി കാണുന്നു. ഇതിന് കാരണം ഇവിടെ സ്ഥിരമായി ഒരു ഡോക്ടർ ഇല്ല എന്നുള്ളതാണ്. ഇതിനർത്ഥം ബാക്കിയുള്ള രോഗികൾ പ്രാഥമിക ചികിത്സക്കായി ഏകദേശം 25 കി. മീറ്റർ അകലെയ്ക്ക് യാത്ര ചെയ്യേണ്ടിവന്നു എന്നുള്ളതാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഒരൊറ്റ അലോപ്പതി, ഹോമിയോ ആശുപത്രി പോലും ഇല്ല. മൈലാടിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ ആയുർവേദ ക്ലിനിക്ക് മാത്രമാണ് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആതുരശുശ്രൂഷാരംഗത്തെ ഏകസ്ഥാപനം. ഇതിന് പരിഹാരം ആകണമെങ്കിൽ കോട്ടത്തറ പ്രാഥമിക ആരോഗ്യദ്രം ആയുർവേദ ഡിസ്പൻസറികൾ ഹോമിയോ ഡിസ്പൻസറി എന്നിവിടങ്ങളിൽ സ്ഥിരം ഡോക്ടർമാർ, അനുബന്ധ ജീവനക്കാർ എന്നിവരെ നിയമിക്കുകയും ആവശ്യാനുസരണം മരുന്ന് വിതരണം ചെയ്യാനുള്ള സംവീധാനങ്ങൾ നടപ്പാക്കുകയുമാണ് വേണ്ടത്.

കോട്ടത്തറ പഞ്ചായത്ത് അഞ്ചാം വാർഡിൽ ഏതു വിധത്തിലുള്ള ഒരു ആശുപത്രി അനുവദിക്കുകയാണെങ്കിലും ആവശ്യത്തിന് സ്ഥലം നല്കുന്നതാണെന്ന് വാർഡ് വികസനസമിതി റിപ്പോർട്ട് ചെയ്യുന്നു.

ആയുർവേദ ഡിസ്പെൻസറികൾ

കോട്ടത്തറ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് രണ്ട് ആയുർവേദ ഡിസ്പൻസറികൾ പ്രവർത്തിക്കുന്നു. രണ്ടാം വാർഡിലെ മെച്ചനയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറിയിൽ പ്രതിദിനം ശരാശരി 50 രോഗികൾ എങ്കിലും ചികിത്സക്കായി എത്തുന്നുണ്ട്. 15 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും തീർത്തും അനാരോഗ്യകരമായ ചുറ്റുപാടിൽ വാടകക്കെട്ടിടത്തിലാണ് ഇന്നും പ്രവർത്തിക്കുന്നത്. ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിഞ്ഞ് പ്രവർത്തനം വിപുലപ്പെടുത്തിയാൽ ചികിത്സക്ക് എത്തുന്നവരുടെ എണ്ണം ഇനിയും 4 മടങ്ങ് എങ്കിലും വർദ്ധിക്കും. ഈ സ്ഥാപനത്തിന് ശുദ്ധജലസൗകര്യം ഏർപ്പെടുത്തുക ചുറ്റുമതിൽ പണിയുക, വൈദ്യുതി കണക്ഷൻ നല്കുക എന്നുള്ളതും അടിയന്തിര പ്രധാന്യമർഹിക്കുന്നവയാണ്.

ഹോമിയോ ഡിസ്പൻസറി

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക

കോട്ടത്തറ ആയുർ വേദ ഡിസ്പൻസറി (മെച്ചന) യുടെ ഔട്ട് പേഷ്യന്റ് രജിസ്റ്റർ

വർഷം	ഒ. പി.	ത്വക്രോഗം	വാതരോഗം	പകച്ചവ്യാധികൾ	മറ്റുള്ളവ	ആകെ
1992–93	12243	4222	7010	–	1011	12248
1993–94	14239	5200	8530	–	509	14239
1994–95	10961	4061	6000	–	900	10961
1995–96	17745	7500	9200	–	1045	17745

ഹോമിയോ ഡിസ്പൻസറിയുടെ കാര്യവും വളരെ ശോചനീയമാണ്. സ്വന്തമായി കെട്ടിടം പണി പൂർത്തിയായെങ്കിലും ഇന്നും വാടകക്കെട്ടിടത്തിൽ തന്നെയാണ് ഇത് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ ആസ്ഥാനമായ വെണ്ണിയോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ശുദ്ധജല സൗകര്യമോ, വൈദ്യുതി കണക്ഷനോ ഇതുവരേയും ലഭിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ കാര്യങ്ങളിൽ നിന്ന് നമ്മുടെ പഞ്ചായത്ത് ആതുര സേവന രംഗത്ത് ശൈശവതലത്തിൽ പോലും എത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നുണ്ടല്ലോ ഇത് ഈ പ്രദേശത്തിന്റെ പൊതുവായ പിന്നോക്കവസ്ഥക്ക് നേരെയാണ് വിരൽ ചൂണ്ടുന്നത്. ആയതിനാൽ ആതുര സേവന രംഗത്ത് ഇനിയും വളരെ കൂടുതൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

ഏറ്റവുമധികം ആദിവാസികളും അശരണരും താമസിക്കുന്ന പ്രദേശങ്ങളിലൊന്ന് എന്ന നിലയ്ക്ക് ചികിത്സാർത്ഥം വിദൂര സഞ്ചാരം അവസാനിപ്പിക്കുമാറ് കോട്ടത്തറ പഞ്ചായത്തിന് കീഴിൽ ഒരു ആശുപത്രിയെങ്കിലും ഉണ്ടാവാൻ ഉള്ള നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്– അഥവാ കോട്ടത്തറ പ്രാഥമിക ആരോഗ്യ കേന്ദ്രം രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയുമാറ് വികസിപ്പിക്കുക എന്നുള്ളതാണ്.

പ്രശ്നങ്ങൾ

1. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയില്ല.
2. P.H.C യിൽ സ്ഥിരം ഡോക്ടർ ഇല്ല. വൈദ്യുതിയില്ല, കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല. വെള്ള സൗകര്യമില്ല. റോഡ് സൗകര്യമില്ല.
3. ഹോമിയോ ഡിസ്പെൻസറിയുടെ സ്വന്തമായ കെട്ടിടം വൈദ്യുതികരിച്ചില്ല. വെള്ള സൗകര്യമില്ല.
4. ആയുർവേദ ഡിസ്പൻസറിയുടെ കോട്ടത്തറയിലെ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞെങ്കിലും, വെള്ളവും വൈദ്യുതിയും ഇല്ല. ചുറ്റും മതിലില്ല.
5. സബ്സെന്ററുകൾ വേണ്ട രീതിയിൽ ജനങ്ങൾക്ക് ഉപകാര പ്രദമാകുന്നില്ല. ഈ സെന്ററുകളിൽ ആവശ്യത്തിന് പ്രാഥമിക സൗകര്യങ്ങളില്ല.
6. സാമ്പത്തിക മരുന്നുകളുടെ ലഭ്യതയില്ല.
7. സാംക്രമിക രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല.
8. മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായി നടക്കാറില്ല

നിർദ്ദേശങ്ങൾ

1. വാളൽ സ്ഥിതി ചെയ്യുന്ന PHC യുടെ പ്രാഥമിക സൗകര്യങ്ങൾ ഉടൻ ചെയ്യുക. സ്ഥിരം ഡോക്ടർ ഉണ്ടാകുന്ന സ്ഥിതിയുണ്ടാവുക.
2. മെച്ചന ആയുർവേദ ഡിസ്പൻസറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുക വൈദ്യുതി വെള്ളസൗകര്യമെത്തിക്കുക.
3. പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് ജനങ്ങൾക്ക് കൂടുതൽ ചികിത്സാസൗകര്യം കിട്ടാൻ വെണ്ണിയോടോ, കോട്ടത്തറ ഡാം പരിസരമോ കേന്ദ്രീകരിച്ച് മറ്റൊരു PHC ആരംഭിക്കുക.
4. സബ്സെന്ററുകൾ കേന്ദ്രീകരിച്ച് അമ്മമാർക്കും മറ്റും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
5. 4, 6, 7 വാർഡുകളിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.

പരിസര ശുചിത്വം

തികച്ചും ഗ്രാമീണ മേഖലയായതിനാൽ ഫാക്ടറികൾ, വാഹനങ്ങൾ, നഗരങ്ങൾ തുടങ്ങിയവമൂലം പ്രദേശം മലിനമാകുന്നില്ല. എന്നാൽ ശരിയായ ആരോഗ്യസംരക്ഷണചര്യകൾ പാലിക്കുന്നതിനാൽ ഗ്രാമീണർ ഉത്സുകരല്ലാത്തതിനാലും അതിനുള്ള സാഹചര്യങ്ങൾ അപ്രാപ്യമായതിനാലും പരിസര മലിനീകരണം ഒരു തുടർക്കഥയാണ്.

പരിസര മലിനീകരണത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് തുറസ്സായ സ്ഥലങ്ങളിലെ മല മൂത്ര വിസർജ്ജനം തന്നെ. നമ്മുടെ ഗ്രാമീണ മേഖലയിൽ എല്ലാ വിടുകൾക്കും ശരിയായ വിധത്തിലുള്ള കക്കൂസുകൾ ഇല്ല എന്നതാണ് ഇതിന് പ്രധാന കാരണം. വയനാടിന്റെ പ്രത്യേക ജീവിതരീതിയിൽ, ഇവിടെ തിങ്ങിനിറങ്ങ ജനവാസം ഇല്ലാത്തതിനാൽ, സാനിറ്ററി ലാട്രിന്റെ ആവശ്യകത സാധാരണ ജനങ്ങൾ മനസ്സിലാക്കിയിട്ടില്ല. ഇപ്പോൾതന്നെ പലരും കക്കൂസ് ഉപയോഗിക്കുന്നത് മല വിസർജ്ജനത്തിന് ഒരു മറ വേണം എന്നതുകൊണ്ട് മാത്രമാണ്. ആയതിനാൽ കക്കൂസ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും, കക്കൂസുകൾ പരിസര ശുചീകരണത്തിലും പകർച്ച വ്യാധി നിയന്ത്രണത്തിലും വഹിക്കുന്ന പങ്കിനെക്കു

റിച്ച് സാമാന്യ ജനങ്ങളിൽ അവബോധം വളർത്തേണ്ടിയിരിക്കുന്നു. ഇതോടൊപ്പം "ഓരോ വീട്ടിനും ഓരോ കക്കൂസ്" എന്ന പ്രാഥമിക ശുചീകരണ കർമ്മം പ്രാവർത്തികമാക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെയും വിവിധ ഏജൻസികളുടെയും ധനസഹായത്തോടെ നടപ്പാക്കാൻ കഴിയുന്ന ഈ പരിപാടി നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കാൻ ബന്ധപ്പെട്ടവർ പ്രഥമ പരിഗണന നൽകേണ്ടതാണ്.

കോട്ടത്തറ പഞ്ചായത്തിലെ ഓരോ വാർഡിലും ഉള്ള വിവിധ തരം കക്കൂസുകളുടെ കണക്കുകൾ പട്ടികയിൽ ചേർക്കുന്നു.

ഇനം	വാർഡ് I	വാർഡ് II	വാർഡ് III	വാർഡ് IV	വാർഡ് V	വാർഡ് VI	വാർഡ് VII	വാർഡ് VIII
ഇ. എസ്.പി.	37	40	72	2	27	40	115	31
സെപ്ടിക് ടാങ്ക്	65	10	96	28	92	79	42	83
മറ്റുള്ളവ	267	208	201	37	141	275	244	142

കക്കൂസ് ഇല്ലായ്മയും ഉള്ളവയുടെ ശരിയായ ഉപയോഗ പരിചരണ മില്ലായ്മയുമാണ് നമ്മുടെ പഞ്ചായത്തിലെ രോഗ സംക്രമണങ്ങൾക്ക് മൂലഹേതുവായിട്ടുള്ളത്. ഇത്തരം സാമൂഹിക ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ അതാത് പ്രദേശങ്ങളിലെ ആരോഗ്യ പ്രവർത്തകരുടെ സേവനം ശരിയാംവിധം പ്രയോജനപ്പെടുത്തിയാൽ മതിയാകും. രോഗസംക്രമണ കാരണങ്ങളും അവയ്ക്കുള്ള സാമൂഹിക പ്രതിരോധ പ്രവർത്തനങ്ങളെയും കുറിച്ച് സാമാന്യ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ആരോഗ്യ പ്രവർത്തകർക്ക് കഴിയണം. ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിമിതമായ തോതിൽ കക്കൂസുകൾ അനുവദിക്കുമ്പോൾ അതിന്റെ യഥാർത്ഥ പ്രായോക്താക്കളെ കണ്ടെത്താനും നിർദ്ദേശിക്കാനുമുള്ള ചുമതലകൂടി ആരോഗ്യ പ്രവർത്തകരെ ഏൽപ്പിക്കേണ്ടതാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കോട്ടത്തറ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മാത്രം റഡിസ്റ്റർ ചെയ്ത സാംക്രമിക രോഗങ്ങളുടെ പട്ടിക ഈ നിർദ്ദേശത്തെ സാധൂകരിക്കാൻ പോന്നതാണ്.

ജലത്തിലൂടെയും വായുവിലൂടെയും പകരുന്ന രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ ഏകദേശം 60 % മുകളിലാണ്. ഈ രോഗങ്ങൾ പടർന്നു പിടിക്കാനുള്ള ഒരു പ്രധാനകാരണം പൊതു മലത്തിലൂടെയുള്ള രോഗാണുബാധയാണ്. ഇതനെക്കുറിച്ച് സാധാരണ ജനങ്ങൾക്ക് വേണ്ടുന്ന അറിവ് ഇനിയും ലഭിച്ചിട്ടില്ല.

രോഗസംക്രമണത്തിന് മറ്റൊരു പ്രധാന ഹേതു ഈച്ചയാണ്. ജലത്തിൽ കൂടിയെന്നപോലെ വായുവിൽക്കൂടിയും പരിസര സമ്പർക്കത്തിലൂടെയും രോഗം പരത്താൻ ഈച്ചകൾക്ക് കഴിയുന്നു. വരൾച്ചാകാലഘട്ടങ്ങളിൽ ഈച്ചകൾ പെരുകുകയും, ബേക്കറികൾ, ഹോട്ടലുകൾ , പഴം, പച്ചക്കറികൾ, മത്സ്യ-മാംസശാലകൾ എന്നിവ രോഗങ്ങളുടെ ഉറവിട കേന്ദ്രങ്ങളുമാകുന്നു.

ഭക്ഷണ വില്പനശാലകൾ അനുവദിക്കുമ്പോൾ നിയമപരമായി വേണ്ടുന്ന എല്ലാ സൗകര്യങ്ങളും നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇതിനായി പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട് നടപ്പാക്കന്ന ഫാക്ടറികൾ, ഇൻഡസ്ട്രികൾ, ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യ- മാംസ മാർക്കറ്റുകൾ, മധുരപലഹാര വിൽപനശാലകൾ തുടങ്ങിയവർക്ക് അനുമതി കൊടുക്കുന്നതിന് മുമ്പായി ആരോഗ്യവകുപ്പ് അധിതൃതരുടെ അഭിപ്രായങ്ങൾകൂടി തേടേണ്ടതാണ്. അധികൃതമായി ആടുമാടുകളെ അറക്കുന്നതും വില്ക്കുന്നതും കർശനമായി നിരോധിക്കേണ്ടതും അങ്ങിനെ ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പുഴയോരങ്ങളിൽ വച്ചുള്ള മാട്

വർഷം	ഔട്ട് പേഷ്യന്റ്	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993–94	6343	2670	1275	–	2400
1994–95	2720 1	251	462	–	1007
1995–96	858	334 1	71	–	353

അറവ് കർശനമായി വിലക്കേണ്ടതാണ്. പഞ്ചായത്തിന് പൊതുവായ അറവുശാല ഉണ്ടാക്കേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ആരെയും മാംസം വില്പന അനുവദിച്ചുകൂട.

പൊതു കക്കൂസും മൂത്രപ്പുരയും

പഞ്ചായത്ത് ആസ്ഥാനമായ വെണ്ണിയോട് കോട്ടത്തറ ഡാം സൈന്റ് മെച്ചന എന്നിവിടങ്ങളിൽ പൊതു മൂത്രപ്പുര നിർമ്മിക്കേണ്ടതാണ്.

കൊതുക് പരത്തുന്ന വിവിധ തരം രോഗങ്ങൾക്കെതിരെ ബോധവൽക്കരണ- പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്. കെട്ടിനിൽക്കുന്ന വെള്ളം കൊതുക് വിമുക്തമാക്കുക , കലാകാലങ്ങളിൽ കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവക്ക് ബഹുജന പങ്കാളിത്തത്തോടെ നേതൃത്വം കൊടുക്കേണ്ടതാണ്.

പൊതു ശ്മശാനം

ഓരോ വാർഡ് തലത്തിലും പൊതു ശ്മശാനം വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടെങ്കിൽ പഞ്ചായത്തിന്റെ ജനസാന്ദ്രതക്ക് ആനുപാതികമായി വിസ്തൃതവും സുരക്ഷിതവുമായ ഒന്നോ രണ്ടോ പൊതു ശ്മശാനം അത്യന്താപേക്ഷിതമാണ്.



ഗതാഗതം



ഒരു നാടിന്റെ സർവ്വോന്മുഖ പുരോഗതിക്ക് സഹായിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ഗതാഗതം. കോട്ടത്തറ പഞ്ചായത്ത് 1963 ൽ രൂപീകൃതമായിട്ട് നാളിതുവരെ പിന്നിട്ടിട്ടും ഗതാഗത രംഗത്ത് കാര്യമായ പുരോഗതി കൈവന്നിട്ടില്ല. 7 കി. മി ദൈർഘ്യം വരുന്ന വെണ്ണിയോട് കണ്ണിക്കാട് കോട്ടത്തറ ഡാം മുതൽ കോളനി മുക്കുവരെയുള്ള 1കി. മി റോഡും കഴിച്ചാൽ മറ്റൊരു സ്ഥലത്തും ബസ്സ് യാത്രാ സൗകര്യം ഈ പഞ്ചായത്തിലില്ല.

ഇപ്പോൾ പഞ്ചായത്തിൽ നിലവിലുള്ള 84.25 KM റോഡിൽ 18.50 KM PWD ഏറ്റെടുത്തതാണ്. ഇതിൽ തന്നെ 10 KM മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. അതു തന്നെ പുനപ്രവർത്തി നടത്തേണ്ട സമയം അധിക്രമിച്ചിരിക്കുന്നു. പഞ്ചായത്ത് സ്വയം ഏറ്റെടുക്ക് നിർമ്മിച്ചിട്ടുള്ള 65.75 KM റോഡിൽ 19.3 KM പണി പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന നല്ലൊരു ശതമാനം റോഡുകളും ശൈശവാവസ്ഥ പിന്നിട്ടില്ല.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണവുമായി ബന്ധപ്പെടുത്തിയാൽ 1 ച. കീ. മീറ്ററിന് ശരാശരി 2.65 KM റോഡു മാത്രമേ ഗതാഗത യോഗ്യമായി

പട്ടിക No. I

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മി	വീതി മീറ്റർ	ബസ്സ് മറ്റയാത്രാ സൗകര്യം
1.	വെണ്ണിയോട്- കണ്ണിക്കാട്	PWD	7	8	ഉണ്ട്
2.	കരിഞ്ഞകുന്ന്- കോട്ടത്തറ	PWD	2	8	ഇല്ല
3.	നീരൂർകുന്ന്- കല്ലങ്കാരി	PWD	1	8	ഇല്ല
4.	വാളൽ- മാടക്കുന്ന്	പഞ്ചായത്ത്	2	6	ഇല്ല
5.	മെച്ചന- മുണ്ടക്കുറ്റി	പഞ്ചായത്ത്	0.5	6	ഇല്ല
6.	മെച്ചന - ചുണ്ടൻകോട്	പഞ്ചായത്ത്	0.5	6	ഇല്ല
7.	കാരക്കുന്ന് കണ്ണന്തോട്	പഞ്ചായത്ത്	3.6	8	ഇല്ല
8.	കോളനിമുക്ക് - വീട്ടിയേരി	പഞ്ചായത്ത്	2	8	ഇല്ല
9.	കണ്ണിക്കാട് കരിങ്കുറ്റി	പഞ്ചായത്ത്	1. 3	8	ഇല്ല
10.	മലന്തോട്ടം - മടക്കിമല	പഞ്ചായത്ത്	1. 8	8	ഇല്ല
11.	കരിങ്കുറ്റി - പാലവയൽ	പഞ്ചായത്ത്	3	8	ഇല്ല
12.	വണ്ടിയാമ്പറ്റ - പാലമൂല	പഞ്ചായത്ത്	1	8	ഇല്ല
13.	കോട്ടത്തറ - കണ്ണിക്കാട് (വണ്ണ്ടിയാമ്പറ്റ വ)	PWD	5	8	ഇല്ല

ക്കുമ്പോൾ ഇത് 0.92 KM താഴയെ വരുന്നുള്ളൂ എന്നു കാണാം. മൊത്തം ജനസംഖ്യയും ടാർ ചെയ്ത റോഡിന്റ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 0.02 CM റോഡു മാത്രമേയുള്ളൂ.

പഞ്ചായത്തിലെ പ്രധാനറോഡായ വെണ്ണിയോട് റോഡ് ഒഴിച്ചാൽ മറ്റു റോഡുകളിലെല്ലാം വാഹന സാന്ദ്രത വളരെ കുറവാണ്. മേൽ പറഞ്ഞ റോഡിൽ KSRTC യുടെ 2 സ്ഥിരം സർവ്വീസും ഒരു സ്വകാര്യ ബസ്സും കുറച്ചു ജീപ്പുകളും സർവ്വീസ് നടത്തുന്നു. ഇതിൽ നിന്നു തന്നെ പഞ്ചായത്തിലെ ഗതാഗത രംഗത്തെ ശോച്യാവസ്ഥയുടെ ശരിയായ ചിത്രം നമുക്ക് ലഭ്യമാണെങ്കിലും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തത ഈ രംഗത്തെ വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയായി തീർന്നിരിക്കുന്നു. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക No. I

മെറ്റൽ റോഡുകളും പ്രധാന മൺ റോഡുകളും

നിലവിലുള്ള ടാർ റോഡുകളുടെ ദൂരത്തെക്കാൾ വളരെ കൂടുതലാണ് വികസനം കാത്തുകിടക്കുന്ന മെറ്റൽ റോഡുകളും അതോടൊപ്പം തന്നെ ഇനിയും ശൈശവദശമാറിയിട്ടില്ലാത്ത മൺറോഡുകളും. പഞ്ചായത്തിൽ ഏകദേശം 11.8 KM ഓളം മെറ്റൽ ചെയ്ത റോഡുകളുണ്ട്. പ്രധാനപ്പെട്ട പ്രദേശങ്ങളുമായി ബന്ധപ്പെടാൻ ഇന്നും മെറ്റൽ റോഡുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇവിടെയുള്ളത്. ഉൾപ്രദേശങ്ങളിലുള്ള ഭൂരിഭാഗം റോഡുകളും മൺറോഡുകളാണ്. ഇത് ഏകദേശം 43.15 KM ഓളം വരും. പഞ്ചായത്തിലെ പ്രധാന മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും പട്ടിക താഴെ കൊടുക്കുന്നു.

റോഡു നിർമ്മാണം

പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പ്രധാന പ്രശ്നം നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ്. റോഡുകളുടെ ഗുണനിലവാരമില്ലായ്മമ മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം മെച്ചപ്പെടുത്തുക എന്നീ പ്ശ്നങ്ങളും സജീവമായ ചർച്ചയിൽ വന്നവയാണ്. അതിലുപരിയായി പഞ്ചായത്തിൽ ഉടൻ ഏറ്റെടുത്ത് പണി തുടങ്ങേണ്ട 22 ഓളം റോഡുകളെ സംബന്ധിച്ച് വിവിധ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

പട്ടിക No. II

നമ്പർ	റോഡ്	ഉടമസ്ഥത	നീളം (കി. മീ)	വീതി (മീറ്റർ)
1.	വെണ്ണിയോട് – ചെന്നലോട്	PWD	3.2	8
2.	വെണ്ണിയോട് – അരമ്പറ്റക്കുന്ന്	PWD	3	8
3.	വെണ്ണിയോട് – കരിഞ്ഞകുന്ന്	PWD	1	8
4.	അടുവൻ കുന്ന് – പാത്തിക്കൽകടവ്	പഞ്ചായത്ത്	0.8	8
5.	പാത്തിക്കൽ – മെച്ചന	പഞ്ചായത്ത്	0.5	6
6.	കുറുമ്പാലക്കോട്ട – ഏച്ചോ	പഞ്ചായത്ത്	0.6	6
7.	ചെറുപുഴ– കുറുമ്പാലക്കോട്ട	പഞ്ചായത്ത്	0.7	8
8.	വെണ്ണിയോട് അമ്പലക്കടവ്	പഞ്ചായത്ത്	0.2	6
9.	ചെറുപുഴപാലം മാങ്ങോട്ട്കുന്ന്	പഞ്ചായത്ത്	0.5	8
10.	കരിങ്കുറ്റി – പാലപ്പൊയിൽ	പഞ്ചായത്ത്	1	6
11.	ചെവപ്പടി – അരമ്പറ്റക്കുന്ന്	പഞ്ചായത്ത്	0.5	8
12.	ഈരംകൊല്ലി – പാലപ്പൊയിൽ	പഞ്ചായത്ത്	0.8	6

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട മൺറോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	നീളം (കി.മി)	വീതി (മീറ്റർ)
1	പുതുശ്ശേരി - ഗാന്ധിക്കുന്ന്	പഞ്ചായത്ത്	2. 5	8
2	വാളൽ - കുഴിവയൽ	പഞ്ചായത്ത്	2	6
3	വെണ്ണിയോട് - അടുവൻകുന്ന്	PWD	1. 3	8
4	വൈപ്പിടി - പുതുക്കാട് പടി	പഞ്ചായത്ത്	0.5	6
5	കുരിശുപള്ളി - ഗാന്ധിക്കുന്ന്	പഞ്ചായത്ത്	0.5	6
6	വൈപ്പടി - മദ്രസ	പഞ്ചായത്ത്	0.5	4
7	വെപ്പടി - അരമ്പറ്റക്കുന്ന്	പഞ്ചായത്ത്	0.5	8
8	കുറുമണി - അടുവൻകുന്ന്	പഞ്ചായത്ത്	1. 3	6
9	മെച്ചന - ചെമ്പകച്ചാൽ	പഞ്ചായത്ത്	1	6
10	കൂലവയൻ - കുഴിവയൽ	പഞ്ചായത്ത്	1. 5	6
11	കുഴിവയൻ - വീട്ടിക്കൽ മുണ്ടക്കുറ്റി	പഞ്ചായത്ത്	1. 2	3
12	കുഴിവയൽ - ചൂരൽ മൂല കോളനി	പഞ്ചായത്ത്	1.5	6
13	വട്ടിയോട്ട്കുന്ന് - ചെമ്പകച്ചാൽ	പഞ്ചായത്ത്	0.5	4
14	വെണ്ണിയോട് അമ്പലമുക്ക്	പഞ്ചായത്ത്	1.6	8
15	കള്ളിപ്പാറ - കോളനി റോഡ്	പഞ്ചായത്ത്	1	4
16	കുറുമ്പാലക്കോട്ട - അമ്പലം	പഞ്ചായത്ത്	0.75	6
17	കുറുമ്പാലക്കോട്ട - കുറുമണി	പഞ്ചായത്ത്	3	6
18	വെണ്ണിയോട് - വാത്തിക്കൽകടവ്	പഞ്ചായത്ത	1	6
19	വലിയകുന്ന് - മാങ്ങോട്ട് കുന്ന്	പഞ്ചായത്ത്	1	4
20	മൈലാടി - ജൂബിലി	പഞ്ചായത്ത്	2	6
21	നടുക്കുന്നി - ഈരംകൊല്ലി	പഞ്ചായത്ത്	1	4
22	വീട്ടിയേരി - പാറക്കടവ്	പഞ്ചായത്ത്	0.8	8
23	വീട്ടിയേരി - കരിഞ്ഞകുന്ന്	പഞ്ചായത്ത്	3	6
24	കോട്ടത്തറ - മൈലാടികുന്ന്	പഞ്ചായത്ത്	3.5	6
25	പള്ളിക്കുന്ന് - പാല മൂല	പഞ്ചായത്ത്	3.5	6
26	മൈലാടി - പുത്തൻമിറ്റം	പഞ്ചായത്ത	1	4
27	വാടവള്ളിക്കുന്ന് കോളനി	പഞ്ചായത്ത്	1	4
28	കണ്ണൻ മൂല - മുതലടി	പഞ്ചായത്ത്	1.5	4
29	കൊല്ലിമൂട് - കരിങ്കുറ്റി	പഞ്ചായത്ത്	0.5	3
30	കാപ്പുംകൊല്ലി - ഒന്നാം മൈൽ	പഞ്ചായത്ത്	1.2	6
31	ആനേരി അമ്പലം - ഒന്നാം മൈൽ	പഞ്ചായത്ത്	1	4
32	കോട്ടത്തറ - പാലൂക്കര	പഞ്ചായത്ത്	1.5	6
33	ആനേരി - നാടുകാണിക്കുന്ന്	പഞ്ചായത്ത്	1	6
34	പാറക്കുന്ന് - മലക്കോട്ടൂർ കോളനി	പഞ്ചായത്ത്	3	8

പുതുതായി ഏറ്റെടുത്ത് നടത്തേണ്ട റോഡുകൾ

നമ്പർ	റോഡ്	ദൂരം (കി. മി)
1	തുപ്പിരി മൂല – മാടക്കുത്ത് – നീർച്ചാൽ	3
2	വൈപ്പടി – കുഴിവയൽ മദ്രസ്സ റോഡ്	2
3	ചെറുകണക്കുന്ന് – കുറുമണ്ണി	0.5
4	മെച്ചന – ഉദരംകുന്ന്	0.5
5	മരവയൽ കോളനി	1
6	തേങ്ങാകൊല്ലി കോളനി	1
7	ഇടക്കുന്ന് കോളനി – സ്റ്റേഡിയം	1
8	ചെറുപുഴ – കൊളക്കിചൊട്ടൻ കുന്ന്	1
9	പുത്തൻ വീട് – കനാൽ മന്ദലം	3
10	വീട്ടിയേരി – പാറക്കടവ്	2
11	കാപ്പും കൊല്ലി – മൂപ്പൻകാവ്	1
12	പൂളക്കൊല്ലി – കരിങ്കുറ്റി	1. 5
13	ആ നേരി അമ്പലം – കരിക്കൊല്ലി പൂവ്വാച്ചുള്ളി	1
14	ആലക്കുനി – ആനേരിമുക്ക് അത്തിക്കൽ	0.8
15	ആനേരി കോളനി – കുതിരക്കുണ്ട്	1.5
16	കരിങ്കുറ്റി – പാലൂക്കര കോളനി	1.5
17	മലന്തോട്ടം – നാളുകാണികൊല്ലി	1
18	പൂവനാരിക്കുന്ന് – കുതിരക്കുണ്ട്	1. 5
19	തോണിക്കടവ് – കോളനി റോഡ്	1. 5
20	കരിഞ്ഞകുന്ന് – വെള്ളമ്പാടി പള്ളി	1

നടപ്പാതകളുടെ നിർമ്മാണം

ഈ പ്രദേശങ്ങളിലെ ഉൾപ്രദേശങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിന് നടപ്പാതകൾക്കുള്ള സ്വാധീനം എടുത്തു പറയേണ്ടതാണ്. റോഡുകൾ നിർമ്മിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ നടപ്പാതകളുടെ നിർമ്മാണം വഴി യാത്രാ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഈ പ്രശ്നം ഒരു പ്രധാന ചർച്ചാവിഷയമാവുകയും വിവിധ വാർഡുകളിൽ നിന്നുമായി ഏകദേശം 50 KM ഓളം വരുന്ന 44 നടപ്പാതകളുടെ ആവശ്യകത സൂചിപ്പിക്കുകയും ചെയ്തു.

വലിയ പാലങ്ങളുടെയും ചെറിയ നടപ്പാലങ്ങളുടെയും നിർമ്മാണം

കോട്ടത്തറ പഞ്ചായത്തിലെ മൊത്തം ഗതാഗത ശൃംഖലയിൽ പാലങ്ങളുടെ സ്വാധീനം എടുത്തു പറയത്തക്കതാണ്. പഞ്ചായത്തിലെ മൊത്തം എട്ടു വാർഡുകളേയും ബന്ധപ്പെടുത്തി രണ്ടു പുഴകൾ ഒഴുകുന്നുണ്ട്. വർഷത്തിലെ മുക്കാൽ ഭാഗവും ജനങ്ങളുടെ യാത്ര ചുരുങ്ങിയത് രണ്ടു പാലങ്ങളും താണ്ടിയാണ് അത്യാവശ്യ യാത്ര നടത്തുന്നത്. മാർക്കറ്റുകളോ, വലിയ അങ്ങാടികളോ ഇല്ലാത്ത ഈ പഞ്ചായത്തിലെ യാത്രാദുരിതം അവർണ്ണനീയമാണ്. മഴക്കാലത്തിലെ മൂന്നുമാസങ്ങൾ പുഴകൾ കവിഞ്ഞൊഴുകി

പഞ്ചായത്തിൽ ആവശ്യമുള്ള നടപ്പാതകൾ

വാർഡ്	പേര്
WI	മെച്ചന വാളൽ
W II	
	1 അടുവൻകുന്ന് വാളൽ
	2 മെച്ചന ചെമ്പകച്ചാൽ
	3 മെച്ചന കുഴിവയൽ
	4 അച്ചിലാംകുന്ന് മാതോത്ത് കൊല്ലി
	5 മെച്ചന അടുവൻ കുന്ന് കോളനി
	6 തിരുവത്തുകുന്ന് ചുണ്ടങ്ങോട്
	7 കുലവയൽ അരന്ന്പറ്റകുന്ന്
W III	1 മൈലാടി – പള്ളിത്താഴ
	2 കോഴവയൽ
	3 ചുള്ളിവല
	4 കുറുമ്പാലക്കോട്ട – പാറക്കടവ്
	5 പടവെട്ടിക്കുന്ന്
	6 അമ്പലം റോഡ് – മിച്ചഭൂമി
	7 കുറുമ്പാലക്കോട്ട – കുരിശുമല
	8 വെണ്ണിയോട് – ചെമ്പന്നൂർ കോളനി
	9 കുറുമ്പാലക്കോട്ട – പന്തീരു പറ
	10 മൈലാടി – മുണ്ടോളിപ്പടി
	11 മരവയൽ പാടി – കുറുമണി
W iv	1 വെണ്ണിയോട് G.U.P സ്ക്കൂൾ
	2 ചേലാകുനിക്കുന്ന് – പുഷ്പത്തൂർ
	3 വസ്തിക്കുന്ന് കുളവയൽ
	4 കരിഞ്ഞകുന്ന് – വെള്ളം പാടി
	5 പാത്തിക്കൽ – കൊളവയൽ
	6 ജൂബിലിറോഡ് GUP സ്ക്കൂൾ
	7 മാങ്ങോട്ട്കുന്ന് GUP സ്ക്കൂൾ
	8 വലിയകുന്ന് – ലക്ഷം വീട് കോളനി
	9 കരിഞ്ഞകുന്ന് – ലക്ഷം വീട്
W v	കാക്കൻചാൽ – കോട്ടത്തറ
	കൊറ്റിപ്പാറ – മുണ്ടക്കുറ്റി
	ചോലിയാറ്റ – ലക്ഷംവീട്
	അണക്കെട്ട് – മന്ദലം പൊയിൽ
W vi	ജൂബിലി റോജ് – വനമുറിച്ചിക്കൊല്ലി
	വാളംവയൽ
	വാളംവയൽ – താഴെ മൈലാടിക്കുന്ന്
	പുത്തൻ മിറ്റം – കള്ളിപ്പാറ
	പുത്തൻ മിറ്റം – മലക്കോട്ടൂർ
	പള്ളിക്കുന്ന് – കുറ്റിപ്പുളിക്കൻ
	മൂപ്പൻകാവ് – മുള്ളൻ കുന്ന്
	വാടവള്ളിക്കുന്ന് – ചീരകത്ത്ത
	ചീരകത്ത് – പുഴക്കം വയൽ
	മേലേമൈലാടി – അംഗൺ വാടി
W vii	ചീരാം കുന്ന് – ഊട്ടുപാറ
	കരിംങ്കുറ്റി – പാലൂക്കര
W vii	കണ്ണം മൂല, കരിങ്കുറ്റി നടപ്പാത

ജനങ്ങളെ സുരക്ഷിതമായി പാർപ്പിക്കുന്നത് ഈ പഞ്ചായത്തിലെ സ്ഥിരം പരിപാടിയാണ്. പലസ്ഥലത്തു നിന്നു തോണികളും ബോട്ടും ഇവിടെ എത്തിച്ചു ജനങ്ങളെ മാറ്റിപ്പാർപ്പിക്കുവാൻ ജില്ലാ അധികാരികൾ ഇവിടെ ക്യാമ്പ് നടത്തിവരാറുണ്ട്. സംസ്ഥാന ജനാവിൽ നിന്നും ഇവിടുത്തെ വെള്ളപ്പൊക്ക കെടുതികൾക്ക് ലക്ഷങ്ങൾ ചിലവഴിക്കാറും ഉണ്ട്. പഞ്ചായത്തിലെ വെള്ളപ്പൊക്കം കാണുന്നതിനും, നാശനഷ്ടങ്ങൾ കാണുന്നതിനും വർഷങ്ങൾക്കു മുമ്പ് കേന്ദ്രകൃഷി മന്ത്രി വരെ ഇവിടെ എത്തിയിരുന്നു. എന്നിട്ടും അർഹമായ യാതൊരു പദ്ധതിയും ഇതുവരെ നമുക്ക് കിട്ടിയിട്ടില്ല എന്നതാണ് സത്യം.

1987–88 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ പുഴക്കു കുറുകെ രണ്ടു പാലങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു എന്നതുമാത്രമാണ് ചെറിയ ആശ്വാസമായിട്ടുള്ളത്. എങ്കിലും ജനങ്ങളുടെ ദൈനംദിന യാത്രകൾക്ക് ചെറിയ പാലങ്ങളും അത്യന്താപേക്ഷിതമാണ്. കൊല്ലത്തിൽ ഈ പഞ്ചായത്തിലെ മുക്കാൽ പങ്കും ഫണ്ട് ഈ പാലങ്ങൾ തിന്നു തീർക്കുകയാണ്. സുമാർ 40 ഓളം ചെറുതും വലുതുമായ പാലങ്ങൾ ഒരു ഗ്രാമപഞ്ചായത്തിൽ കൊല്ലാകൊല്ലം പണിയിക്കുക എന്നതുകൊണ്ടു തന്നെ ഇവിടുത്തെ കടവുകളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളു. കൊല്ലത്തിൽ 3 1/2 മാസം ഒരു സ്ഥിരം തോണിയും കടത്തുകാരനേയും പഞ്ചായത്ത് തയ്യാറാക്കിവെക്കാറാണ് പതിവ്. ഇതിനുള്ള ഭാരിച്ച ചിലവും ഈ വരുമാനം കുറഞ്ഞ പഞ്ചായതത്തിനെ അധോഗതിയിലേക്ക് നയിക്കുന്നു. മേൽ പറഞ്ഞ രണ്ടു പാലത്തിന് പുറമെ 95–96 വർഷത്തിൽ MA ബേബി MP യുടെ ഫണ്ട് ഉപയോഗിച്ച് ഒരു കോൺഗ്രീറ്റുപാലം കൂടി ഈ പഞ്ചായത്തിന് സംഭാവന കിട്ടി. പണി നടത്തിക്കൊണ്ടിരിക്കുന്നു. ഇതേപോലെ പത്തോളം കോൺഗ്രീറ്റ് പാലങ്ങൾ പുഴകൾക്കും സ്ലാബിട്ട നടപ്പാലങ്ങൾ പതിനഞ്ചെണ്ണത്തോളം ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്. പഞ്ചായത്ത് റിക്കാർഡുകൾ പ്രകാരം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ മരപാലങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

1. പാത്തിക്കൽ പുഴക്കടവ് പാലം
2. കള്ളംതോട് പുഴക്കടവ് പാലം (കുറുമണി)
3. ചെറുപുഴ ജൂബിലിറോഡ് മൈലാടി പാലം
4. പാലൂക്കര പുഴ പാലം
5. കള്ളം വെട്ടി പുഴ പാലം
6. മുല്ലൂർക്കടവ് പുഴ പാലം

നടപ്പാലങ്ങൾ

1. കല്ലട്ടിക്കടവ് നടപ്പാലം

2. എടക്കുന്നു കോളനി കള്ളംതോട് നടപ്പാലം
3. മക്കിതോട് നടപ്പാലം
4. കേഴവയൽ തോട് നടപ്പാലം
5. പുല്ലാഞ്ഞിക്കുന്ന് നടപ്പാലം
6. ഓണിത്തോട് നടപ്പാലം
7. ചീരാകത്ത് തോട് നടപ്പാലം
8. വാടാവള്ളിക്കുന്ന് നടപ്പാലം
9. പനമുറിച്ചിക്കൊല്ലി നടപ്പാലം
10. വാളവയൽ തോട് നടപ്പാലം

കോൺഗ്രീറ്റ് സ്ലാബുകൾ

1. കുലവയൽ തോട് – വാളൽ കുഴിവയൽ റോഡ്
2. വാളുണ്ടി തോട്
3. കുലവയൽ കുഴിവയൽ
4. കാരക്കുന്ന് മൈലാടി റോഡിൽ കൽവർട്ട്
5. പുവ്വാച്ചുള്ളി തോട്
6. പൂളക്കൊല്ലി തോട്
7. മുതലടി തോട്
8. മലക്കോട്ടൂർ തോട്
9. പുത്തൻ ചിറ്റക്കോട്

പ്രശ്നങ്ങളും സാധ്യതകളും

1. ചുരുങ്ങിയത് 8 മീറ്റർ വീതിയെങ്കിലും ഉള്ള റോഡുകൾ മാത്രമേ പട്ടികയിൽ ഉൾപ്പെടുത്താവു.

2. റോഡുകൾക്ക് പണം അനുവദിക്കുമ്പോൾ അവയുടെ ആവശ്യഗതയും ഗുണഭോക്താക്കളുടെ എണ്ണവും പരിഗണിക്കേണ്ടതാണ്.

3. അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള റോഡുകളിൽ അവയക്കു സാധ്യത കുറയ്ക്കുന്നതിനുവേണ്ടി വളവുകളും കയറ്റങ്ങളും മറ്റും വേണ്ട രീതിയിൽ പുനക്രമീകരണങ്ങൾ നടത്തുക.

4. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുന്നതോടൊപ്പം പാർശ്വഭാഗങ്ങളുടെ വീതിയും ഉറപ്പു വരുത്തുക

5. കൈയേറപ്പെട്ട റോഡ് പുറമ്പോക്ക് ഭൂമികൾ ഒഴിപ്പിക്കുക.

6. റോഡ് സൈഡിലെ സ്ഥിരം സ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക.

7. ടാർ ചെയ്ത ഭാഗത്തിന് ചേർന്നുള്ള വൈദ്യുത കാലുകൾ, ടെലിഫോൺ പോസ്റ്റുകൾ, ബസ് സ്റ്റോപ്പുകൾ എന്നിവ 6 അടി എങ്കിലും അകറ്റി സ്ഥാപിക്കുക.

8. വെണ്ണിയോട് കോട്ടത്തറ റോഡിന്റെ (PWD റോഡ്) ടാർ ചെയ്യാൻ ബാക്കിയുള്ള 1 കി.മീറ്റർ കൂടി ടാർ ചെയ്ത് കൽപ്പറ്റ വെണ്ണിയോട് കോട്ടത്തറ വഴി ഒരു സർക്കുലർ ബസ്സ് സർവ്വീസ് ആരംഭിക്കുന്നത് വളരെ ഗുണകരമായിരിക്കും.

9. റോഡു നിർമ്മാണവുമായി ബന്ധപ്പെട്ടു കിടക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. പ്രധാനമായും കാർഷിക മേഖലയെ ആശ്രയിക്കുന്ന ഈ പഞ്ചായത്തിൽ പുതിയ റോഡുകളുടെ നിർമ്മാണം നല്ലൊരു അളവ് വരെ കാർഷിക വിളകളുടെ നാശത്തിനു കാരണമാകുന്നുണ്ട്. റോഡിന്റെ പാർശ്വങ്ങളിൽ തണൽമരങ്ങളും ഫലവൃക്ഷങ്ങളും വെച്ചു പിടിപ്പിക്കേണ്ടതാണ്.

10. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും, കലുങ്കുകളും, പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്.

11. ബസ്സ് സർവ്വീസ് ഉണ്ടായിട്ടും നിലച്ചുപോയ മാടക്കുന്ന് കൽപ്പറ്റ, കുറുമ്പാലക്കോട്ട, കൽപ്പറ്റ, മെച്ചന കൽപ്പറ്റ എന്നീ.....റൂട്ടുകളിൽ ബസ്സ് റൂട്ടുകൾ അനുവദിക്കുന്നതോടൊപ്പം ടാറിങ്ങ് കഴിഞ്ഞ മറ്റു പ്രദേശങ്ങളെക്കൂടി ബന്ധപ്പെടുത്തി പുതിയ സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.

12. പ്രധാന ബസ്സ്റ്റോപ്പുകളായ വെണ്ണിയോട്, കാരക്കുന്ന്, മൈലാടി, ചെറുപുഴ, കോട്ടത്തറ ഡാം, കോളനിമുക്ക് മേലെമൈലാടി, പള്ളിക്കുന്ന് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.

13. നഞ്ചൻ കോട് – വടകര നിർദ്ദിഷ്ട റയിൽപ്പാതയ്ക്കുള്ള സർവ്വേ പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് നടത്തിയത് മീനങ്ങാടി മുട്ടിൽ കോട്ടത്തറ പടിഞ്ഞാറത്തറ വഴിയായിരുന്നു. ഇത് വീണ്ടും ഇതിലേതന്നെ സർവ്വേ നടത്തേണ്ടതാണെന്നും ആവശ്യപ്പെടുന്നു.

ജനകീയ പദ്ധതിയും റോഡു നിർമ്മാണവും

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായി ഉള്ളത് മനുഷ്യ വിഭവ ശേഷിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യഗതയും സുലഭമായ ആൾബലവും ഒരുമിച്ചു പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ മുന്നിലൊന്നു ഭാഗമെങ്കിലും മനുഷ്യ വിഭവമായി ശേഖരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളുടെ പൂർവ്വ കാല ചരിത്രം പരിശോധിച്ചാൽ അവയെല്ലാം ജനങ്ങളുടെ കൂട്ടായ്മയിൽ നിന്നും ഉയർന്നു വന്നിട്ടുള്ളവയാണ്. ഭാവിയിലും നമുക്ക് ആ പാരമ്പര്യം വീണ്ടെടുത്ത് കൂട്ടായ്മയിലൂടെ ഗതാഗത പ്രശ്നത്തിന് ഒരു മാറ്റം കുറിക്കാം.

ഊർജ്ജം

1963 ൽ രൂപീകൃതമായ ഈ പഞ്ചായത്തിൽ ഊർജ്ജരംഗത്ത് ഇതുവരെയും കാര്യമായ പുരോഗതി കൈവന്നിട്ടില്ല. പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറകും പെട്രോളിയം ഉല്പന്നങ്ങളുമാണ്. ജില്ലയിലെ മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ കണക്കു പരിശോധിച്ചാൽ ശരാശരിയിലും വളരെ കുറവാണെന്ന് ഇവിടുത്തെ വാദ്യുത ഉപഭോഗം എന്ന് കാണാൻ കഴിയും.

പഞ്ചായത്ത് രൂപീകരണശേഷം നീണ്ട മുപ്പത്തിമൂന്നു വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന പ്രദേശങ്ങളിൽ വൈദ്യുതി ഒരു സങ്കല്പം മാത്രമാണ്.

ഈ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് കുട്ടമുണ്ട് – കണിയാമ്പറ്റ സബ്സ്റ്റേഷനിൽ നിന്നാണ്. അധികൃതരുടെ കണക്കുപ്രകാരം പഞ്ചായത്തിൽ പതിനൊന്ന് കേന്ദ്രങ്ങളിൽ ട്രാസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. പള്ളിക്കുന്നു. 2. ആനേരി, 3. വണ്ടിയാമ്പറ്റ, 4. തെക്കുംതറ ഡാം, 5. കാരക്കുന്ന്, 6. വെണ്ണിയോട് 7. വാളൽ, 8. വാളൽ (HED) 9. പുഴക്കലിടം 10. മാടക്കുന്ന്, 11. നാരങ്ങാമൂല. ഇവയൊന്നും അധിക ഭാരം വഹിക്കുന്നവയല്ല. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. പഞ്ചായത്ത് പ്രദേശത്ത് ആകെ 13.5 കിലോമീറ്ററോളം 11 കെ.വി. ലൈനുകളും 32 കി.മീ. ത്രീഫേസ് ലൈനുകളും 73.5 കി.മി. സിംഗിൾ ഫേസ് ലൈനുകളുമാണ്. ഇതിന് പുറമെ പുതുതായി 10 കി.മി. 11 കെ.വി. ലൈനുകളും 60 കി.മി. ത്രീഫേസ് ലൈനുകളും 175 കി.മി. സിംഗിൾ ഫേസ് ലൈനുകളും അനിവാര്യമാണ്. ഇവിടുത്തെ ആകെ വൈദ്യുത ഉപഭോക്താക്കളുടെ എണ്ണം താഴെ പറയുന്നു.

ഗാർഹികം 663, വ്യാപാരം 183, വ്യവസായം 11, കാർഷികം 26

വൈദ്യുത വിതരണരംഗത്തെ പ്രശ്നങ്ങൾ

1. വൈദ്യുതീകരണം പഞ്ചായത്തിലെ ബാക്കിയുള്ള എല്ലാ പ്രദേശങ്ങളിലും മുൻഗണനാടിസ്ഥാനത്തിൽ വിതരണം പൂർത്തീകരിക്കുക. പഞ്ചായത്തിലെ പ്രധാന വീഥികളിൽ ഒന്നും തന്നെ ഇതുവരെയും തെരുവു വിളക്കുകൾ സ്ഥാപിട്ടിട്ടില്ല.

2. വൈദ്യുതി ബോർഡിന്റെ ഓഫീസ് പഞ്ചായത്ത് ആസ്ഥാനത്തുനിന്നും പതിനാറ് കിലോമീറ്ററോളം അകലെ സ്ഥിതിചെയ്യുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു.

3. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് ഒരു സ്ഥിരം പ്രശ്നമായി അവശേഷിക്കുന്നു.

4. പൊതുവെ ആദിവാസി മേഖലയായ ഈ പഞ്ചായത്തിൽ 138 ഓളം വരുന്ന ആദിവാസി കോളനികളിൽ 29 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും 69 എണ്ണം ഇനിയും വൈദ്യുതീകരണം കാത്തുകഴിയുന്നു.

5. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷകരമായിത്തീരുന്ന അവസ്ഥ നിലവിലുണ്ട്.

6. ബോർഡ് ജീവനക്കാരുടെ അനാസ്ഥയും, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖതയും, അഴിമതിയും വിതരണത്തിനുള്ള കാലതാമസവും വിഷമങ്ങൾ സൃഷ്ടിക്കുന്നു.

മറ്റ് ഊർജ്ജ ഉറവിടങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും പാചക ആവശ്യത്തിന് ഉപയോഗിക്കുന്നത് വിറകാണ്. ഒരു കുടുംബത്തിൽ ഒരു ദിവസത്തിൽ ഏകദേശം 10 KG. വിറക് ഇന്ധനമായി ഉപയോഗിക്കുന്നു. വിറക് ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പാച

കാവശ്യത്തിന് മണ്ണെണ്ണയും,പാചക വാതകവും ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം കൂടിവരികയുമാണ്.

പഞ്ചായത്തിലെ മൊത്തം മണ്ണെണ്ണ ഉപയോഗം പ്രതിമാസം ഏകദേശം 12,000 ലിറ്ററോളം വരും. വിവിധ പ്രദേശങ്ങളിലായി 100 ഓളം കുടുംബങ്ങൾ പാചകവാതകത്തെ ആശ്രയിക്കുന്നുണ്ട്. വാഹന സാന്ദ്രത വളരെ കുറവായ ഈ പഞ്ചായത്തിൽ ഡീസൽ, പെട്രോൾ തുടങ്ങിയ ഊർജ്ജ ഉറവിടങ്ങളുടെ ഉപഭോഗം താരതമ്യേന കുറവാണ്. എങ്കിലും പഞ്ചായത്തിലെ വൈദ്യുതി എത്തിപ്പെടാത്ത മേഖലകളിൽ കാർഷികാവശ്യത്തിനും മറ്റും യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് ഡീസലിന്റെ ഉപയോഗം വളരെ പ്രാധ്യാന്യമർഹിക്കുന്നു.

നിർദ്ദേശങ്ങൾ

ഭാവിയിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. നിലവിലുള്ള വൈദ്യുതി വിതരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും, വൈദ്യുതിയുടെ അനാവശ്യ ഉപയോഗം അവസാനിപ്പിക്കുകയും ചെയ്യുക.

2. വൈദ്യുതിയുടെ പ്രസരണ നഷ്ടം തടയുന്നതിനും, അപകടങ്ങൾ ഇല്ലാതാക്കുന്നതിനും ദുരുപയോഗം തടയുന്നതിനും വൈദ്യുത ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. ഈ രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം പൂർണ്ണമായും ഉറപ്പാക്കുന്നതിനും വൈദ്യുതി ബോർഡിന്റെ ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

4. പാരമ്പര്യേതര ഊർജ്ജസ്രോതസായ സൗരോർജ്ജത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ മേഖലകളിലെ വൈദ്യുത ഉപഭോഗം കുറക്കാൻ ആവശ്യമായ പ്രചരണങ്ങളും പ്രോൽസാഹനങ്ങളും നൽകുക.

5. അനർട്ട്, ശാസ്ത്ര സാഹിത്യ പരിഷത്ത് തുടങ്ങിയ സംരംഭങ്ങളുടെ സഹായത്തോടുകൂടി കാര്യക്ഷമതയുള്ള അടുപ്പുകൾ, വിളക്കുകൾ മുതലായവ പ്രചരിപ്പിക്കുകവഴി ഇന്ധന ചിലവ് ഗണ്യമായതോതിൽ കുറയ്ക്കാൻകഴിയും.

6. നല്ലൊരു ശതമാനം ക്ഷീരകർഷകരുള്ള ഈ പഞ്ചായത്തിൽ ചാണകത്തിൽ നിന്നും ഇന്ധനക്ഷമത കൂടിയ പാചക വാതകം ഉല്പാദിപ്പിച്ചുകൊണ്ട് ഊർജ്ജപ്രതിസന്ധി ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും.

7. പഞ്ചായത്തിലെ മിച്ചഭൂമികളിലും റോഡ് പാർശ്വങ്ങളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുക വഴി ഇവിടുത്തെ വിറകുക്ഷാമം ഗണ്യമായി കുറക്കാൻ കഴിയും.

8. കോട്ടത്തറ പഞ്ചായത്തിൽ സർക്കാറിന്റെ സബ്സിഡിയോടുകൂടിയുള്ള പാചക വിതരണ ഏജൻസികൾ തുടങ്ങുക

9. പഞ്ചായത്തിൽ ഒരു ഫോറസ്ട്രി ക്ലബ് രൂപീകരിച്ച് വനസമ്പത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ആവശ്യമായ പ്രോത്സാഹനം നടത്തുകയും ചെയ്യുക.

വയനാട് ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ ഒന്നായ ഇവിടുത്തെ സർവ്വതോന്മുഖ പുരോഗതിക്ക് ഏറ്റവും പ്രധാന ഘടകങ്ങളിൽ ഒന്നാണ് ഊർജ്ജ വിനിയോഗം. ഈ രംഗത്തെ ഇന്നത്തെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഭാവിയിൽ കൂടുതൽ കാര്യക്ഷമമായ ഊർജ്ജവിനിയോഗം നടപ്പാക്കുക വഴി പഞ്ചായത്തിന്റെ സമഗ്ര പുരോഗതി സാക്ഷാത്കരിക്കാൻ കഴിയും എന്നത് വസ്തുതയാണ്.

പാർപ്പിടം



അധികാര വികേന്ദ്രീകരണ പ്രസക്തി പ്രകടമാക്കുന്ന 'പഞ്ചായത്തീരാജ്' സംവിധാന പ്രവർത്തന മേഖലകളിൽ ഗ്രാമീണ ഭവന നിർമ്മാണ പദ്ധതിക്ക് കാര്യമാത്ര പ്രസക്തമായ സ്ഥാനമാണുള്ളത്. വയനാട് ജില്ലയിലെ ഇരുപത്തിനാലു പഞ്ചായത്തുകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കോട്ടത്തറ ഗ്രാമ പഞ്ചായത്ത്. ഈ പ്രദേശത്തെ ഭൂരിപക്ഷമാളുകളും കാർഷികമേഖലയിൽ തൊഴിൽ ചെയ്തു ഉപജീവനം കഴിക്കുന്നവരാണ്.

ആദിവാസികളും കർഷക തൊഴിലാളികളും അവരവരുടെ നിത്യവൃത്തിക്കുവേണ്ടി പാടത്തു പണിയെടുത്തും ചെറിയൊരു വിഭാഗം കരകൗശല ജോലികളിലേർപ്പെട്ടും കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് അവരവരുടെ പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പലപ്പോഴും കഴിയാതെ വരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഒട്ടും തന്നെയില്ലാത്ത ഇല്ലിച്ചീളുകളും ഈറ്റക്കോലുകളും ഉപയോഗിച്ച് കെട്ടി മെനഞ്ഞ ചെറ്റ കുടിലുകളും, ഓല, വിലകുറഞ്ഞ ഷീറ്റുകൾ മുതലായവ ഉപയോഗിച്ചുണ്ടാക്കിയ ചെറുവീടുകളും ഉൾഗ്രാമങ്ങളിൽ പ്രവേശിക്കുന്ന ഏതൊരു വ്യക്തിക്കും ദർശിക്കാൻ കഴിയാവുന്നതാണ്.

ഭവന നിർമ്മാണ മേഖലയിലെ പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

കർഷകരും ഇടത്തരം കൃഷിക്കാരും ഇടകലർന്ന് അങ്ങിങ്ങായി ഇവിടെ കാണാം. മാത്രമല്ല അഞ്ചും ആറും കുടുംബങ്ങൾ ഒരേ കുടിലുനുള്ളിൽ കഴിയുന്ന അസാധാരണ കാഴ്ചയും ഇവിടെ വിരളമല്ല. അധികവും ആദിവാസികളാണ് ഇപ്രകാരം കാണുന്നത്. മൊത്തത്തിൽ അധികം കുടുംബങ്ങൾക്കും സ്വന്തമായ ഭവനങ്ങളില്ല.

ഭൂരഹിതരായ ആദിവാസികൾക്കും ഹരിജൻ കുടുംബങ്ങൾക്കും ഭൂമി അകയർ ചെയ്തു വീടു നിർമ്മിച്ചു കൊടുക്കുന്ന കാര്യത്തിലും ഒരു പരിധിവരെ കോട്ടത്തറ ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തി

പഞ്ചായത്തിലെ ഭവന നിർമ്മാണ ലഭ്യത പട്ടിക

വാർഡ് NO	വർഷം	RLEGP	NREP	IAY	MWS	JRY	SWRC			Total
							ജനറൽ	SC	ST	
1	91-96			4	24		3	2	6	39
2	91-96			6	19		1		2	28
3	91-96			5	13		5	2	17	42
4	91-96			4	10		1		1	16
5	91-96			4	10	2				16
6	91-96			7	10	2	1			20
7	91-96			5	9	3	2	3	2	24
8	91-96			8	7		5	3	6	29

യിട്ടുണ്ട്.

സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ ഭവന രഹിതർക്കു നൽകി വരുന്ന വീടു നിർമ്മാണ ധനസഹായം വളരെ കുറച്ചു കുടുംബങ്ങൾക്കു മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. തുടർന്നും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ഭവന നിർമ്മാണ സഹായം ലഭിക്കുവാനാവശ്യമായ സംവിധാനം ഉണ്ടാകണം.

വിവിധ ഏജൻസികൾ വീടിന് സാമ്പത്തിക സഹായത്തിന് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് അർഹതപ്പെട്ടവരെയല്ല. ഗുണഭോക്തക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകണം.

വിവിധ പദ്ധതികളിലൂടെ ലഭിച്ച വീടുകളും പഞ്ചായത്തിലെ ഭവന രഹിത കുടുംബ കണക്കുകളും വച്ചു നോക്കുമ്പോൾ ഇനിയും അനേകം കുടുംബങ്ങൾക്കും വീട് ലഭ്യമാകേണ്ടിയിരിക്കുന്നു.

ദൈനം ദിനം വർദ്ധിച്ചു വരുന്ന അസംസ്കൃത സാധനങ്ങളുടെയും പണിക്കൂലികളുടെയും നിലവാരമനുസ്സരിച്ച് ഇപ്പോൾ നൽകിവരുന്ന ഭവന നിർമ്മാണ സഹായം വളരെ പരിമിതമാണ്. സാമാന്യമായി ഒരു വീട്ട് പൂർത്തീകരിക്കണമെങ്കിൽ കുറഞ്ഞത് 30,000 രൂപയെങ്കിലും ലഭ്യമാക്കേണ്ടിയിരിക്കുന്നു അതിനു വേണ്ട നിയമപരമായ നീക്കം സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

ഭവന നിർമ്മാണ ഏജൻസികൾ സഹകരണ ഭവന നിർമ്മാണ യൂണിറ്റ് എന്നിവ ഇന്നു നിലവിലില്ലാത്ത ഈ പഞ്ചായത്തിൽ ഇത്തരം സംരംഭങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. പരിസ്ഥിതി പ്രശ്നം രൂക്ഷമാകത്തക്കവിധത്തിൽ വയൽ നികത്തി വീടു നിർമ്മിക്കുന്ന ഒരു വിഭാഗം ആൾക്കാർ ഈ പഞ്ചായത്തിലും സ്ഥാനം പിടിച്ചിരിക്കുന്നു. ഇത് കാർഷിക മേഖലയെ തന്നെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഈ പഞ്ചായത്തിലെ കർഷക തൊഴിലാളികൾ പോലും ആശങ്കാകുലരാണ്.

നിലവിലുള്ള കൂലിനിരക്ക്

വിദഗ്ദ്ധൻ		അവിദഗ്ദ്ധൻ		സ്ത്രീ
ആശാരി	കെട്ടുപണി	ആശാരി	കെട്ടുപണി	
Rs. 150	Rs. 150	Rs. 100	Rs. 110	60

ഇഷ്ടിക വില ആയിരത്തിന് 1250 രൂപയും സിമന്റ് വില ചാക്കിന് 185 രൂപയും മണൽ വില ട്രാക്ടറിന് 300 രൂപയും ഓടിനു വില 5.70, 5.20, 5.00 എന്നീ ക്രമത്തിലുമാണ്. തടിസാധനങ്ങളുടെ വില പ്രതിദിനം കുതിച്ചുയരുന്നു.

മേൽ കാണിച്ച വിധം നിർമ്മാണോപകരണങ്ങളുടെ വില വർദ്ധനവ് ഒരു പരിധിവരെ കുറക്കുന്നതിന് നിർമ്മിതി കേന്ദ്രം മുഖേന വിതരണം നടത്തുന്ന കോൺക്രീറ്റ് കട്ട്ല, ജനൽപാളി, ഹോളോബ്രിക്സ് മുതലായവ ഉപയോഗിക്കാൻ കഴിയണം.

സർക്കാർ വിവിധ പദ്ധതിയിലൂടെ നടപ്പാക്കുന്ന ഭവന വായ്പാധനവും സഹായധനവും വർദ്ധിപ്പിക്കാൻ ഉചിതമായ നടപടി സ്വീകരിക്കുകയും സാധാരണക്കാരന് എത്രയും വേഗം ലഭിക്കുന്നതിനുള്ള നിയമ തടസ്സം ഉദാരമാക്കുകയും ചെയ്യുന്നത്. ഒരു പരിധിവരെ ഭവന ലഭ്യതയ്ക്കാക്കം കൂട്ടും. അനന്തരം ക്രിയാത്മകമായ പരിപാടികൾ ബോധവൽക്കരണ നടത്തിപ്പിലൂടെ ഗ്രാമത്തിന്റെ എല്ലാ മുക്കിലും മൂലയിലും എത്തിക്കുവാൻ സന്നദ്ധ സംഘടനകളും വ്യക്തികളും മുന്നോട്ടു വരണം.

കോട്ടത്തറ പഞ്ചായത്തിലെ ഇപ്പോഴുള്ള 2886 വീടുകളിൽ 133 വീടുകൾ കോൺക്രീറ്റും 1808 വീടുകൾ ഓടിട്ടതും 408 വീടുകൾ ഓലമേഞ്ഞതും 537 വീടുകൾ കുടിലുകളുമാണ്. ഈ പഞ്ചായത്തിലെ യഥാക്രമം 1, 8, 6, 2 എന്നീ വാർഡുകളിലാണ് ആദിവാസികൾ കൂട്ടമായി കാണപ്പെടുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം ഒരേ കുടുംബത്തിൽ തന്നെ കഴിയുന്ന വ്യത്യസ്ത കുടുംബങ്ങളെ വേർതിരിച്ച് ഭൂരഹിതർക്കു ഭൂമി നൽകിയും സ്വന്തമായി വീടു വെക്കാൻ സ്ഥലമുള്ളവർക്ക് ഭവന നിർമ്മാണ സഹായം നൽകിയും ഗ്രാമത്തിന്റെ ഇപ്പോഴുള്ള പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിയും.

നിലവിലുള്ള ആദിവാസി വീടുകളിലധികവും വാസ യോഗ്യമല്ലാത്ത വിധം നശിച്ചുകൊണ്ടിരിക്കുന്നു. അത്തരം വീടുകൾ റിപ്പയർ ചെയ്യാൻ വേണ്ട നടപടി ഉണ്ടാകേണ്ടതാണ്.

എട്ടു വാർഡുകളിലുമായി ഓടിട്ട ഇടത്തരം കുടുംബങ്ങളും കാണാം. കുറഞ്ഞ എണ്ണത്തിൽ മോടിപിടിപ്പിച്ച ആഡംബര ഹർമ്മ്യങ്ങളും നിലവിലുണ്ട്. മറ്റു കെട്ടിടങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നികുതി മാത്രമേ ഇത്തരം കെട്ടിടങ്ങൾക്കുള്ളൂ. ഇപ്രകാരം ധനവിനിയോഗ സൗധങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുകയും പ്രത്യേകം ലഭിക്കുന്ന അത്തരം നികുതിത്തുക പാവപ്പെട്ടവർക്ക് വീടു നിർമ്മിച്ചു കൊടുക്കുന്നതിനുള്ള ഒരു ഫണ്ടായി മാറ്റണമെന്ന് സർക്കാർ തന്നെ നിയമത്താൽ നിഷ്കർഷിക്കാവുന്നതാണ്.

നിലവിലുള്ള വീടുകളുടെ വാർഡുതല തരം തിരിവ്

വാർഡ്	വാർപ്പ്	ഓട്	ഓല	കുടിൽ	ആകെ
1	30	284	45	56	415
2	5	224	184	33	446
3	20	206	13	101	340
4	6	187	35	98	326
5	4	184	40	58	286
6	13	229		135	377
7	24	283	63	31	401
8	31	211	28	25	295
ആകെ	**133**	**1808**	**408**	**537**	**2886**

സർക്കാർ നൽകുന്ന വീടുകൾ മറ്റു പരിഗണകൾ നൽകാതെ യാഥാർത്ഥ ഗുണഭോക്താവിനു തന്നെ ലഭിക്കുന്നുണ്ടോയെന്ന് കർമ്മ സമിതിയുടെ സഹായത്തോടെ പഞ്ചായത്തു വികസന സമിതിയും വാർഡു വികസന സമിതിയും അവലോഹനം ചെയ്തുറപ്പുവരുത്തി പഞ്ചായത്തിൽ റിപ്പോർട്ടു ചെയ്യാൻ കഴിയണം.

പഞ്ചായത്ത് അകയർ ചെയ്ത മെച്ചനയിലുള്ള 3. 04 ഏക്കർ സ്ഥലവും മാടക്കുന്ന് 1 ഏ 85 സെ സ്ഥലവും ചീരാകത്ത് 2ഏക്കർ കുഴിവയൽ 1 ഏക്കർ സ്ഥലവും ഇതുവരെയും പതിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല പഞ്ചായത്തിലുള്ള 20 ഏക്കർ മിച്ച ഭൂമിയും നിലവിലുള്ള മാനദണ്ഡം വെച്ച് പതിച്ചു നൽകുകയാണെങ്കിൽ അർഹതപ്പെട്ടവരെ പുനഃരധിവസിപ്പിക്കാനും കഴിയും. പതിച്ചു നൽകിയ സ്ഥലത്തുള്ളവർക്ക് വീടും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന ഭൂമി 55 സെന്റ് ആണ്. ഈ സ്ഥലത്ത് പഞ്ചായത്ത് ഓഫീസ്, സാംസ്കാരിക നിലയം, പൗണ്ട് എന്നീ കെട്ടിടങ്ങൾ മാത്രമേയുള്ളു. ബാക്കി വെറുതെ കിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഓഫീസ് കോംപ്ലക്സ്, കോട്ടേഴ്സ് എന്നിവ നിർമ്മിക്കുകയും വേണം.

പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ പുഴപുറമ്പോക്ക് ഭൂമിയിലും റോഡ് പുറമ്പോക്കും കയ്യേറി സ്വകാര്യ വ്യക്തികൾ ബിൽഡിംഗ്, കുമ്മട്ടി കടകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഈ പ്രവണത വ്യാപകമായി കണ്ടു വരുന്നു. പൊതു സ്ഥലങ്ങളിൽ ഇങ്ങനെയുള്ള ബിൽഡിംഗ് നിർമ്മാണം തടയാൻ ആവശ്യമായ നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുകയും കൈയ്യേറിയവരെ ഒഴിപ്പിക്കുകയും വേണം.

വീടുവേണ്ടവരുടെ വാർഡു തിരിച്ചുള്ള വിവരം

വാർഡുനമ്പർ	ജനറൽ	SC/ST	ആകെ
I	43	45	88
II	180	77	257
III	87	62	149
iv	68	30	89
v	64	55	119
vi	111	45	156
vii	63	31	94
viii	45	120	165
ആകെ	651	465	1126

ആസൂത്രണ പരിപാടിയുടെ ചരിത്രത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തന ഫലം തുടർന്നു വരുന്ന അഞ്ചു വർഷക്കാലം കൊണ്ട് സ്ഥായിയും നീതിപൂർവ്വവുമായ വിതരണത്തിലൂടെയും വ്യത്യസ്ത വികസന പദ്ധതിയിലൂടെയും പ്രത്യേകിച്ച് ഭവന നിർമ്മാണ വായ്പ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരളവുവരെ പരിഹരിക്കാൻ കഴിയും.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ള ആളുകൾക്ക് സർക്കാറിന്റെ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിയ പല പദ്ധതികളുടേയും പ്രയോജനം ഈ പഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കളിൽ ചെറിയ ശതമാനത്തിനു മാത്രമേ ലഭിച്ചിട്ടുള്ളു. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടേയും തൊഴിലാളി തൊഴിലുടമ സഹകരണ ക്ഷേമനിധി പദ്ധതിയുടേയും ഗുണഭോക്താക്കൾ നാമമാത്രമാണ്. ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി- പട്ടിക വർഗ്ഗ കോർപ്പറേഷൻ മുഖേനയും വനിതാ സാമൂഹ്യക്ഷേമ വകുപ്പു മുഖേനയും ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിലെ നാമമാത്രമായ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

സർക്കാറിന്റെ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കിട്ടായ്മ, ഉദ്ധ്യോഗ തലത്തിലുള്ള ബോധവൽക്കരണക്കുറവ് സാങ്കേതിക് നൂലാമാലകൾ എന്നീ പ്രശ്നങ്ങൾകൊണ്ട് അർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ദാരിദ്ര രേഖക്ക് താഴെയുള്ളവരെ കണ്ടെത്താനുള്ള IRDP സർവ്വേ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. ഇപ്പോൾ IRDP സർവ്വേയിൽ ഉൾപ്പെട്ടതിൽ അനർഹരായ ആളുകൾ കടന്നുകൂടുകയും അർഹരായവർ പെടാതെ പോവുകയും ചെയ്യുന്നു. ഇപ്പോൾ IRDP സർവ്വേയിൽ ഈ പഞ്ചായത്തിലെ 1448 കുടുംബങ്ങൾ പെട്ടിട്ടുണ്ട്.

IRDP യുടെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ VEO സർക്കിൾ മുഖേന സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ VEO ഓഫീസിന്റെ പോരായ്മ പരിഹരിക്കേണ്ടതും ഇതിന്റെ പ്രവർത്തനം പഞ്ചായത്ത് കേന്ദ്രമായ് വെണ്ണിയോടേക്ക് മാറ്റേണ്ടതുമാണ്.

സാമൂഹ്യക്ഷേമ മേഖലയിൽ നടപ്പിലാക്കുന്ന പല വായ്പാ പദ്ധതികളോടും ദേശസാൽകൃത ബാങ്കുകളും മറ്റു സഹകരണ സ്ഥാപനങ്ങളും സഹകരിക്കുന്ന സമീപനത്തിൽ മാറ്റം വരുത്തേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ധനസഹായം കിട്ടുന്നതിന് ഇപ്പോഴുള്ള മാനദണ്ഡങ്ങൾക്ക് അയവു വരുത്തേണ്ടതും വായ്പാ പദ്ധതി ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

DWCRA

സാമൂഹ്യക്ഷേമരംഗത്ത് മഹിളാ സമാജങ്ങളുടെ കീഴിൽ കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ കുറുമ്പാലക്കോട്ട, മെച്ചന, മാടക്കുന്ന്, മൈലാടി, വണ്ടിയാമ്പറ്റ എന്നിവിടങ്ങളിൽ DWCTA യുടെ യൂണിറ്റുകൾ

IRDP സർവ്വേ സഹായലഭ്യത റിപ്പോർട്ട്,
കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	സബ്സിഡി ലഭിച്ച തുക	വായ്പ തുക
92-93	17	62,325	95.525
93-94	25	1,01,388	1,36,328
94-95	26	85,346	1,67,996
95-96	25	1,15,280	3,77,121

DWCRA സഹായ ലഭ്യതാ കണക്ക്
കോട്ടത്തറ ഗ്രാമപഞ്ചായത്ത്

വർഷം	സ്കീമുകളുടെ എണ്ണം	വായ്പ	സബ്സഡി
93–94	10	54,000	46,000
94–95	10	25,000	25,000
95–96	10	1,40,810	44,000

പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിറ്റുകളുടെ ഇന്നുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഈ പഞ്ചായത്തിൽ 4- ാം വാർഡ് ഒഴികെ മറ്റെല്ലാ വാർഡുകളിലും രജിസ്ട്രേഷൻ ചെയ്തു പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇവർക്ക് വേണ്ട പ്രോത്സാഹനം എല്ലാ മേഖലയിൽ നിന്നും നൽകേണ്ടതാണ്.

DWCRA മുഖേന പഞ്ചായത്തിലെ സാധ്യതയുള്ള മുഴുവൻ പ്രദേശങ്ങളിലും വനിതാ യൂണിറ്റുകൾ രൂപീകരിച്ച് സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കുന്ന രീതിയിലുള്ള ആട് വളർത്തൽ, കോഴി വളർത്തൽ, തയ്യൽ പരിശീലനം, കരകൗശല വസ്തു നിർമ്മാണം തുടങ്ങി ഒട്ടനവധി സ്കീമുകൾ പ്രായോഗികമായി നടപ്പിലാക്കേണ്ടതാണ്. ഇവക്ക് ആവശ്യമായ വിപണി കണ്ടെത്തേണ്ടതുമാണ്.

ട്രൈസം

15 നും 35 വയസ്സിനും മദ്ധ്യേ പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നവരാണ്. ഈ പദ്ധതിയുടെ പ്രാധാന്യം പല യുവതീ യുവാക്കളും മനസ്സിലാക്കുന്നില്ല എന്നതാണ് സത്യം. ഈ പരിശീലനം കഴിഞ്ഞുവരുന്ന യുവതീ യുവാക്കൾക്ക് പിന്നീട് തൊഴിൽ അവസരം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ട്രൈസം പരിശീലന ലഭ്യത
കോട്ടത്തറ ഗ്രാമ പഞ്ചായത്ത്

വർഷം	പങ്കെടുത്തവരുടെ എണ്ണം	പരിശീലന വിഷയം
95–96	4	ബുക്ക് ബൈന്റിംഗ്
		ഓട്ടോ ഡ്രൈവിംഗ്
		വയറിംഗ്

ഈ മേഖലയിൽ കൂടുതൽ ഗുണഭോഗ്താക്കളെ കണ്ടെത്തുന്നതിന് പഞ്ചായത്തിലെ യുവജന സന്നദ്ധ സംഘടനകൾക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ കഴിയും. ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്ന രീതി ഉണ്ടാവണം

ടൂൾ കിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് ഇത്

കോട്ടത്തറയിൽ 6 പേർക്കാ മാത്രമാണ് 95–96 വർഷം ലഭിച്ചത്

ആവശ്യക്കാർക്ക് യഥാസമയം ഈ പദ്ധതിയുടെ ഗുണം കിട്ടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആവശ്യമായ സാധനങ്ങളുടെ പട്ടിക നേരത്തെ തയ്യാറാക്കി സാധനങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയണം. ഈ പദ്ധതിയെക്കുറിച്ച് പഞ്ചായത്തിലെ തൊഴിലാളികൾക്ക് വേണ്ടത്ര അറിവില്ല.

CRSP കക്കൂസുകൾ

IRDP സർവ്വേയിൽ പെട്ടവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. കോട്ടത്തറ പഞ്ചായത്തിൽ വിതരണം ചെയ്ത ധന സഹഹായ പട്ടിക ചുവടെ ചേർക്കുന്നു.

വർഷം	CRSP	CD/TSP
93–94 1	9 1	4
94–95	10	5
95–96	15	3

പട്ടിക സൂചിപ്പിക്കുന്നത് അർഹരായ പലർക്കും ഇനിയും ലഭിക്കാനുണ്ട് എന്നതാണ്. അതിനുള്ള സംവിധാനം ഗ്രാമസഭാ സമിതികൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുക എന്നതാണ്.

വില്ലേജ് ഓഫീസുകൾ മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

വില്ലേജ് ഓഫീസ് മുഖേന വിതരണം ചെയ്യുന്ന പ്രധാന ക്ഷേമ പദ്ധതികൾ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയരോഗി പെൻഷൻ, കുഷ്ഠരോഗി പെൻഷൻ, കാൻസർ രോഗി പെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നിവയാണ്. നമ്മുടെ പഞ്ചായത്തിലെ ഇപ്പോഴത്തെ ഗുഭോക്താക്കളുടെ എണ്ണം ചുവടെ പട്ടികയിൽ കൊടുത്തരിക്കുന്നു

വർഷം	1995
വിധവാ പെൻഷൻ	65
വികലാംഗ പെൻഷൻ	29
വാർദ്ധക്യ പെൻഷൻ	11
അവശകലാ പെൻഷൻ	–
അവശകായിക പെൻഷൻ	–
ക്ഷയരോഗ പെൻഷൻ	1
കുഷ്ഠരോഗ പെൻഷൻ	2
കാൻസർ പെൻഷൻ	1
കർഷകതൊഴിലാളി പെൻഷൻ	373

മേൽ പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് കർഷകതൊഴിലാളി പെൻഷൻ മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ കുറച്ചാളുകൾക്കെങ്കിലും കിട്ടുന്നത്. മറ്റ് ധനസഹായ പദ്ധതികൾക്ക് ഇനിയും ധാരാളം അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല എന്നതാണ് വാർഡ് ഗ്രാമസഭകളിൽ നിന്നും ഉർന്നുവന്ന പരാതി. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായ പദ്ധതി അർഹരായ പലർക്കും അപേക്ഷ നൽകാത്തതുകൊണ്ട് ലഭിക്കുന്നില്ല. അതിന് അവരെ ബോധവാന്മാരാക്കണം. മാത്രമല്ല, ധനസഹായം വാങ്ങുന്നവർക്ക് മുടക്കംകൂടാതെ യഥാസമയത്ത് കിട്ടുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

തൊഴിലില്ലായ്മാ വേതനം

നമ്മുടെ പഞ്ചായത്തിൽ 40 യുവാക്കളും 71 യുവതികളുമടക്കം 111 പേർ ഈ വേതനം വാങ്ങുന്നുണ്ട്. ഇതിന്റെ വ്യക്തമായ കണക്കെടുത്ത് പരിശോധിക്കപ്പെടേണ്ടതാണ്. അനർഹർ പലരും കടന്നുകൂടിയിട്ടുണ്ട്. എന്നാൽ അർഹരായവർ അപേക്ഷകൊടുക്കാത്തതുമൂലം കിട്ടാതെ പോകുന്നുമുണ്ട്. ഇത് പരിഹരിക്കണം.

അംഗൺവാടികൾ

കോട്ടത്തറ ഗ്രാമ പഞ്ചായത്തിൽ മൊത്തം 19 അംഗൺവാടികളാണുള്ളത്. സാമൂഹ്യക്ഷേമരംഗത്തും, ആരോഗ്യ, കുടുംബക്ഷേമരംഗത്തും കാര്യമായ സ്വാധീനം ചെലുത്താൻ കഴിയുന്നതാണ് അംഗൺവാടികൾ. എന്നാൽ നമ്മുടെ പഞ്ചായത്തിലെ അംഗൺവാടികളിൽ ചിലതൊഴികെ ഭൂരിഭാഗവും കാര്യക്ഷമമായി നടക്കുന്നില്ല. 3 നും 5 നും ഇടക്ക് പ്രായമുള്ള കുട്ടികളുടെ മാനസീകവും ശാരീരികവുമായ വികസനത്തിനും മുലയൂട്ടുന്ന അമ്മമാരുടേയും, ഗർഭിണികളുടേയും കാര്യത്തിൽ നല്ല ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്ന ഈ സ്ഥാപനങ്ങൾ ഇന്ന് ശ്രദ്ധിക്കപ്പെടാതെ പോകുകയാണ്. അംഗൺവാടികൾ സമീപപ്രദേശത്തെ ജനങ്ങളുടെ സഹകരണത്തോടെ ആകർഷക കേന്ദ്രമാക്കണം. പിഞ്ചുകുട്ടികൾക്ക് ആർത്തുല്ലസിക്കുന്നതിനുള്ള സാഹചര്യമൊരുക്കണം. സമീപ പ്രദേശത്തെ അമ്മമാർക്ക് ഒത്തുചേരാനുള്ള വേദിയാക്കി മാറ്റണം. അംഗൺവാടികൾ വേണ്ടത്ര ബോധവൽക്കരണ പ്രവർത്തനം നടക്കുന്നില്ല. ഒരു അംഗൺവാടിക്ക് വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരു പരിധിവരെ ആ അംഗൺവാടിക്ക് ചുറ്റുമുള്ള ജനങ്ങളുടെ സഹായത്താൽ കണ്ടെത്താൻ കഴിയണം. അംഗൺവാടികൾക്ക് രക്ഷാകർത്താക്കളുടെ ശക്തമായ ഉപദേശക സമിതി ഉണ്ടാക്കിയെടുക്കണം. രണ്ടാഴ്ചകൂടുമ്പോൾ ഈ ഉപദേശക സമിതി യോഗം ചേർന്ന് പ്രശ്നങ്ങൾ വിലയിരുത്തണം. ഉപദേശക സമിതിയുടെ നേതൃത്വത്തിൽ കുട്ടികളുടേയും അമ്മമാരുടെയും ഒത്തുചേരലും കലാ-കായിക മേളകൾ, പ്രധാന ദിനങ്ങൾ ആഘോഷപൂർവ്വം നടത്തുന്ന സ്ഥിതിയും ഉണ്ടാക്കണം. ഇന്ന് നമ്മുടെ രക്ഷിതാക്കളിൽ ചിലരുടെ പിഞ്ചുകുഞ്ഞിനെ തൊട്ടടുത്തുള്ള അംഗൺവാടിയിലേക്ക് വിടാതെ പുലർകാലത്തെ വാഹനത്തിൽ കയറ്റി ഇംഗ്ലീഷ് മീഡിയം നേഴ്സറിയിലേക്ക് വിടുന്ന അവസ്ഥയുണ്ട്. ഇതിനെതിരെ അംഗൺവാടികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. അംഗൺവാടി ജീവനക്കാർക്ക് സർക്കാർ ഇന്നു നൽകുന്ന ധനസഹായം പരിമിതമാണ്. ഇന്നു നൽകുന്ന ധനസഹായം പരിമിതമാണ്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും വേണം.

കുറമ്പാലക്കോട്ട, മെച്ചന അംഗൺവാടികൾ മഹിളാ സമാജം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. എന്നാൽ 4-ാം വാർഡിലെ കരിഞ്ഞകുന്നിലെ 42-ാം നമ്പർ അംഗൺവാടിയും 2-ാം വാർഡിലെ കൂലവയൽ 152-ാം നമ്പർ അംഗൺവാടിയടേയും കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്. അതുപോലെ അംഗൺവാടികൾക്ക് വൈദ്യുതി എത്തിക്കുക, പ്രാഥമിക സൗകര്യങ്ങളായ

കക്കൂസ്, മൂത്രപ്പുര, കുടിവെള്ളം ഇവ ഇല്ലാത്ത അംഗൺവാടികൾക്ക് എത്രയും വേഗം കണ്ടെത്തണം. കുട്ടികളുടെ മാനസീക ഉല്ലാസത്തിന് ആവശ്യമായ കളിപ്പാട്ടം ഉണ്ടാക്കിയെടുക്കണം. 19 അംഗൺവാടികളിൽ 17 എണ്ണത്തിനും കിണർ അത്യാവശ്യമാണ്. അതുപോലെ ചുറ്റുമതിൽ, കളിസ്ഥലം എന്നിവയും കണ്ടെത്താൻ ഗ്രാമപഞ്ചായത്തിന് കഴിയണം. ചേലാക്കുനിക്കുന്ന്, ഈരംകൊല്ലി, കോട്ടത്തറ, വെണ്ണിയോട്, കാക്കഞ്ചാൽ, കുഴിവയൽ എന്നിവിടങ്ങളിൽ പുതുതായി അംഗൺവാടികൾ തുടങ്ങണം.

കർഷക തൊഴിലാളിക്ഷേമനിധി:-

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 25% ആളുകളും കർഷകതൊഴിലാളികളാണ്. എന്നാൽ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർ വളരെ തുച്ഛമാണ്. വിവിധ കർഷക തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്. എന്നാൽ അർഹരായ എല്ലാവരേയും കണ്ടെത്തുന്നതിന് ഈ സംഘടനകൾ ശ്രമിക്കാറില്ല. അനർഹർ കടന്നുകൂടുന്ന പതിവുമുണ്ട്. മാത്രമല്ല ക്ഷേമനിധിയിൽ അംഗങ്ങളായവരെ അവരുടെ മാസവരി കൃത്യമായി ശേഖരിച്ച് ബാങ്കിൽ അടക്കുന്ന സ്ഥിതി ഇല്ല. അതുകൊണ്ട് പലരുടേയും ക്ഷേമനിധി നിന്നുപോകുന്ന സ്ഥിതിയുണ്ട്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ആശാരിമാർ, കെട്ടുപണിക്കാർ, മണൽ തൊഴിലാളികൾ, മരംവെട്ടുകാർ, മൻപാതേ നിർമ്മാണ തൊഴിലാളികൾ തുടങ്ങി ഈ മേഖലയിൽ ധാരാളം തൊഴിലാളികൾ ഓരോ വാർഡിലുമുണ്ട്. എന്നാൽ വിരലിൽ എണ്ണാവുന്നവർ മാത്രമാണ് ക്ഷേമനിധി അംഗങ്ങളായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് ഈ തൊഴിലാളികളെ ക്ഷേമനിധിയുടെ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കി അംഗങ്ങളാക്കുന്ന പ്രവർത്തനം കാര്യക്ഷമമാക്കണം.

വിദഗ്ധ തൊഴിലാളിക്ഷേമനിധി

തയ്യൽക്കാർ, ബാർബർമാർ, കൊല്ലന്മാർ, മരംകയറ്റക്കാർ, തുടങ്ങിയവർക്കുള്ള ഈ ക്ഷേമനിധിയിൽ തയ്യൽ, ബാർബർ മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും ചേരുന്ന സ്ഥിതിയുണ്ട്. എന്നാൽ മറ്റ് അർഹരായ തൊഴിലാളികളെകൂടി ഈ ക്ഷേമനിധിയിൽ അംഗങ്ങളായിചേർത്ത് ആനുകൂല്യങ്ങൾ വാങ്ങിച്ചുകൊടുക്കേണ്ടതാണ്.

പൊതു നിർദ്ദേശം

സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും അർഹരായ ആളുകളുടെ ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ പ്രത്യേക സെൽ രൂപീകരിക്കേണ്ടതാണ്.

പൊതുവിതരണകേന്ദ്രം

പഞ്ചായത്ത് പരിധിക്കുള്ളിൽ കോട്ടത്തറ, പെണ്ണിയോട്, മൈലാടി, വണ്ടിയാമ്പറ്റ, മടക്കിമല എന്നീ സ്ഥലങ്ങളിലായി അഞ്ച് റേഷൻ കടകളാണുള്ളത്. കാർഡുടമകളിൽ ഭൂരിഭാഗവും ഈ കടകളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിന് പുറമെ മാടക്കുന്ന് അരമ്പറ്റക്കുന്ന്, ഒന്നാം മൈൽ മടക്കിമല എന്നീ സമീപ പഞ്ചായത്തിലെ റേഷൻ കടകളിലും രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. പഞ്ചായത്തിൽ ആകെ 2048 റേഷൻ കാർഡുടമകൾ ഉണ്ട്.

റേഷൻ ഷാപ്പുകളുടെ പ്രവർത്തനം ഇന്നുള്ളതിൽ നിന്നും കൂടുതൽ സുഗമമാക്കേണ്ടിയിരിക്കുന്നു. അരി, മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയ വിതരണം ചെയ്യുന്നതിൽ റേഷൻഷാപ്പുകൾ കുറച്ചുകൂടി കാര്യക്ഷമത കാണിക്കണം. മാത്രമല്ല റേഷൻ കടകൾ വഴി സർക്കാർ ആവശ്യസാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുന്ന സ്ഥിതിയുണ്ടാകണം.

പൊതുവിതരണ രംഗത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പഞ്ചായത്തിലെ വെണ്ണിയോട്, കോട്ടത്തറ ഡാം എന്നീ സ്ഥലങ്ങളിൽ മാത്രമാണ് വരുന്നത്. ഇത് പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിൽ കൂടി എത്തുന്ന സ്ഥിതിയുണ്ടാകണം. ഇത് ഇന്നുള്ള ഒരു വിമാനം ഉപയോഗിച്ചാൽ അപ്രായോഗികമാണ്. ആയതുകൊണ്ട് വൈത്തിരി താലൂക്കിൽ മറ്റൊരു വാഹനംകൂടി ഏർപ്പെടുത്തി സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റ് സ്ഥലങ്ങളിൽ കൂടി എത്തിക്കുന്ന സ്ഥിതിയുണ്ടാക്കണം. അല്ലെങ്കിൽ പഞ്ചായത്തിൽ ഒരു സ്ഥിരം മാവേലി സ്റ്റോർ ആരംഭിക്കണം.

ഉപഭോക്തൃ മേഖല കാര്യക്ഷമമാക്കാനും ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാനും വേണ്ടി പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിക്കേണ്ടതാണ്.

സാമൂഹ്യ വനവൽക്കരണം

ഈ പഞ്ചായത്തിൽ ഈ മേഖലയിൽ കാര്യമായ ഒരു പ്രവർത്തനവും നടന്നില്ല. ധാരാളം മരങ്ങൾ വെട്ടിമാറ്റുകയും പരിസ്ഥിതി പ്രശ്നമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഇത് തടയാൻ കഴിയണം. ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ മുഖേന വനവൽക്കരണ പരിപാടി പഞ്ചായത്തിൽ നടപ്പിലാക്കണം. പഞ്ചായത്തിൽ ഒരു ഫോറസ്ട്രി ക്ലബ്ബ് രൂപീകരിക്കണം.

സംസ്കാരം

കോട്ടത്തറ ഗ്രാമപഞ്ചായത്തിന് സാംസ്കാരിക രംഗത്ത് ഉജ്ജ്വലമായ ഒരു ഭൂതകാലം ഉണ്ടായിരുന്നു. തനത് കാലാരൂപവും ഗോത്രസംസ്കൃതിയും കാത്തു സൂക്ഷിക്കുന്ന ഗിരിവർഗ്ഗക്കാരാണ് ഇവിടത്തെ സംസ്കാരത്തിന് അടിക്കല്ലിട്ടത്. തിരുവിതാംകൂറിൽ നിന്നുള്ള ക്രൈസ്തവൻ, ഹിന്ദു കുടിയേറ്റം, മൈസൂരിൽ നിന്നുള്ള ജൈനരുടെ കുടിയേറ്റം സമീപ ജില്ലകളിൽ നിന്നുള്ള മുസ്ലീം കുടിയേറ്റം എന്നിവ ഇവിടം സംസ്കാരങ്ങളുടെ സംഗമഭൂമിയാക്കി.

ചരിത്ര പ്രാധാന്യവും, ഐതിഹ്യബന്ധവും അവകാശപ്പെടുന്ന ക്ഷേത്രങ്ങൾ മതസൗഹാർദ്ദത്തിന്റെ പ്രതീകമായി മുസ്ലീം, ക്രൈസ്തവൻ, ജൈന ആരാധനാലയങ്ങൾ ഇടകലർന്ന് നിലകൊള്ളുന്ന ഇവിടെ വർഗീയ സംഘട്ടനങ്ങളോ മതസ്പർദകളോ നടന്നതിന് തെളിവില്ല. പഞ്ചായത്തിലെ മന്ദലം, വാളൽ തുടങ്ങിയ പ്രദേശം ഒരു കാലത്ത് സാംസ്കാരിക പ്രവർത്തകരുടെ സംഗമ സ്ഥാനമായിരുന്നു. പരിഷ്കാരത്തിന്റെ മലവെള്ളപ്പാച്ചിലിൽ അന്യം നിന്നു പോയ വെള്ളരിനാടകങ്ങൾക്ക് ഒട്ടേറെ തവണ മന്ദലം വേദിയായിരുന്നത് പഴമക്കാരുടെ മനസ്സിലെങ്കിലുമുണ്ടാകും. ഒട്ടേറെ പ്രതിഭാശാലികൾക്ക് ജന്മം നൽകാൻ നമ്മുടെ നാടിനായിട്ടുണ്ട്. കോട്ടത്തറിയിലെ ഗ്രാമീണ നാടകവേദി സംസ്ഥാന തലത്തലിൽ അറിയപ്പെട്ടിരുന്നതാണ്. ജില്ലാ തലത്തിൽ ശ്രദ്ധേയരായ കവികൾ, നാടക കൃത്തുകൾ, കലാകാരന്മാർ എന്നിവ നമുക്കുണ്ട്. ഈ കുറിപ്പ് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള യാത്രക്കിടയിൽ മഹാഭാരതത്തിന്റേയും രാമായണത്തിന്റെയും താളിയോല പ്രതികൾ സ്വന്തമായുള്ള ഏതാനും പഴമക്കാരെ കാണാനായി. സാഹചര്യങ്ങൾ മനുഷ്യരെ സ്വയം പരിഷ്കാരികളാക്കുമ്പോഴും മനസ്സിൽ പഴമയുടെ ചൈതന്യം സൂക്ഷിക്കുന്ന ഇവർ നമ്മുടെ അഭിമാനങ്ങളാണ്.

ഓരോ വർഗ്ഗത്തിന്റെയും തനത് സംസ്കാരം വളർന്ന് വന്നതിന് പിന്നിൽ അവരുടെ ആരാധനാലയങ്ങൾക്കും ചെറുതല്ലാത്ത പങ്കുണ്ട്. ക്ഷേത്രങ്ങളുമായും ആചാരനുഷ്ഠാനങ്ങളുമായും ബന്ധപ്പെട്ട് ഒട്ടേറെ കലാരൂപങ്ങൾ വികസിച്ചിട്ടുണ്ട്. നീരൂർ ശിവക്ഷേത്രം, വെണ്ണിയോട്ട് വിഷ്ണുക്ഷേത്രം, അയ്യത്തുകാവ് പരദേവതാ ക്ഷേത്രം, കുറുമ്പാലക്കോട്ട ദേവീക്ഷേത്രം എന്നിവ നമ്മുടെ നാടിന്റെ ചരിത്രത്തെ സ്വാധീനിച്ച ആരാധനാലയങ്ങളാണ്. അരമ്പറ്റയിലെ ക്രൈസ്തവൻ പള്ളി, മൈലാടി, കരിഞ്ഞകുന്ന്, പുഴക്കംവയൽ എന്നിവിടങ്ങളിലെ മുസ്ലീം പള്ളികൾ, വെണ്ണിയോട്ടെ ജൈനക്ഷേത്രം എന്നിവ ഇവിടെ മതസൗഹാർദ്ദം നിലനിർത്തുന്നതിന് ഗണ്യമായ പങ്കു വഹിച്ചു.

വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും ഭാഗമായി തുടങ്ങിയതും പിന്നീട് സമൂഹത്തിന്റെ പൊതുസ്വത്തായി തീർന്നതുമായ ഒട്ടേറെ ഉത്സവങ്ങളും കലാരൂപങ്ങളും ഉണ്ട്. നീരൂർ, അയ്യോത്ത് കാവ്, ആനേരി, കൊക്കോട്ടുകുന്നിൽ എന്നിവിടങ്ങളിലെ ശിവരാത്രി ആഘോഷം, പ്രതിഷ്ഠാദിനം, തെയ്യം മുതലായവ ഒട്ടേറെ പേരെ ആകർഷിക്കുന്നു. മലന്തോട്ടത്തിൽ മുസ്ലീംഗങ്ങൾ നടത്തുന്ന നേർച്ചയിൽ എല്ലമതസ്ഥരും പങ്കെടുക്കുന്നു. പരിഷ്കാരത്തിന്റെ കടന്നുകയറ്റത്താൽ ഭീഷണിയിലായ ഒട്ടേറെ ആദിവാസികലകൾ നമ്മുടെ നാട്ടിലുണ്ട്. കുറത്തി നാടകം, മലയൻ തിറ, പുത്തരി, കുറിച്യരുടെ നെല്ലുകുത്ത് പാട്ട് മുതലായവ അവരുടെ സംസ്കാരത്തെ കുറിച്ചും ജീവിത രീതിയെ കുറിച്ചും അറിവ് തരുന്നു. ആദിവാസികളിലെ പണിയർ, കുറിച്യർ, കുറവർ, മലയരയർ എന്നീ വിഭാഗങ്ങൾ ഇവിടെയുണ്ട്.

നവനാഗരികതയും കമ്പോള സംസ്കാരവും നമ്മുടെ സംസ്കാരത്തിന് മേൽ കരിനിഴൽ വീഴ്ത്തുന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. ആദിവാസികളുടെ ഒട്ടേറെ കലാരൂപങ്ങൾ പരിപോഷിപ്പിക്കാനാളില്ലാതെ അന്യം നിന്നു കൊണ്ടിരിക്കുകയാണ്.. 1979-ൽ അംഗീകാരം കിട്ടിയ കോട്ടത്തറ പൊതു ജനഗ്രന്ഥാലമുൾപ്പെടെ മിക്ക ഗ്രന്ഥാലയങ്ങളും വായനക്കാരെ തേടുകയാണ്. പുതിയ കാലഘട്ടം അനിവാ

ര്യമാക്കിയ കാരണങ്ങളാൽ വായനയെ ഗൗരവമായെടുക്കുന്നവർ കുറഞ്ഞ് വരികയാണ്. അറിവിന്റെ മേഖലയിലേക്ക് ഇലക്ട്രോണിക് മാധ്യമങ്ങൾ നടത്തുന്ന കടന്നുകയറ്റം ഇതിന് ആക്കം കൂട്ടുന്നു. കേരള സംഗീത നാടക അക്കാദമിയുടെ സഹായം കിട്ടിയിരുന്ന കോട്ടത്തറ യുവശക്തിക്ക് ഇന്നതില്ല. സാംസ്കാരികമായ പിറകോട്ടടിക്ക് ഉദാഹരണം. മിക്ക പ്രദേശങ്ങളിലും കലാകായിക സചിതികൾ പ്രവർത്തിക്കുന്നുണ്ട്. വിഭിന്ന മേഖലകളിൽ കഴിവുള്ളവരുണ്ടെങ്കിലും അവരെ പരിശീലിപ്പിക്കാനോ പ്രോത്സാഹിപ്പിക്കാനോ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല.

ഗ്രന്ഥാലയങ്ങളും ക്ലബുകളും

Iാം വാർഡ്

1. ഗ്രാമ ചൈതന്യ ഗ്രന്ഥാലയം വാളൽ

2. മാടക്കുന്ന് സ്പോർട്ട്സ് ക്ലബ്

3. നീരുരപ്പൻ കകലാമിതി.

IIാം വാർഡ്

4. പൗരസമിതി

5. അർച്ചന ആർട്സ് & സ്പോർട്സ് ക്ലബ്

6. ഉപാസനാ ആർട്സ് & സ്പോർട്സ് ക്ലബ്

III ാം വാർഡ്

7. യുവരഞ്ജിനി കുറുമ്പാലക്കോട്ട

8. പള്ളിക്കുന്ന് സഹൃദയ വായനശാല ആർട്സ് & സ്പോർട്ർർട്സ്

IV ാം വാർഡ്

9. പഞ്ചായത്ത് സാംസ്കാരിക നിലയം. ഗ്രന്ഥാലയം

Vാം വാർഡ്

10. സൺറൈസ്. വീട്ടിയേരി

11. യുവശക്തി കോട്ടത്തറ

12. പൊതുജന ഗ്രന്ഥശാല

VIാം വാർഡ്

13. പുലരി ആർട്സ് & സ്പോർട്സ് ക്ലബ്

VIIാം വാർഡ്

14. യുവശബ്ദം ആർട്സ് & സ്പോർട്സ് ക്ലബ്, വണ്ടിയാമ്പറ്റ

15. പൂളക്കൊല്ലി ട്രൈബൽ ആർട്സ് & സ്പോർട്സ് ക്ലബ്

16. റോട്ടറി ക്ലബ് വണ്ടിയാംമ്പറ്റ

VIIIാം വാർഡ്

17. സന്തോഷ് ആർട്സ് & സ്പോർട്സ് ക്ലബ്

സാംസ്കാരിക നിലയം

18. വിജ്ഞാന കലാവേദി

സാംസ്കാരിക നിലയം

പഞ്ചായത്ത് സാംസ്കാരിക നിലയം വെണ്ണിയോട്ട് സ്ഥിതിചെയ്യുന്നു. 165 അംഗങ്ങൾക്ക് വായിക്കാൻ കേവലം 559 പുസ്തകങ്ങളാണ് ഉള്ളത്. 6 മലയാള പത്രങ്ങൾ വരുന്നുണ്ടെങ്കിലും ആനുകാലികങ്ങൾ ഒന്നും തന്നെയില്ല. ലൈബ്രേറിയൻ പാർടൈമായതിനാൽ സ്ഥാപനം മുഴുവൻ സമയവും പ്രവർത്തിക്കുന്നില്ല.

കായിക രംഗം

വോളീബോൾ, ഷട്ടിൽ എന്നിവയിൽ പ്രശസ്തരായവരും ദേശീയതലത്തിൽ ശ്രദ്ധയാകർഷിച്ച ഓട്ടക്കാരും പഞ്ചായത്തിന്റെ അഭിമാനമാണ്. സംസ്ഥാന അമ്പെയ്ത്തു മത്സരത്തില് പങ്കെടുത്തവർ നമ്മുടെ നാട്ടിലുണ്ട്. വർഷം തോറും അമ്പെയ്ത്തു മത്സരങ്ങൾ നടത്തുന്ന സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ മേഖല വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ വളരെ കുറവാണ്

കണ്ടെത്തലുകൾ

1. സാമൂഹ്യ പ്രശ്നങ്ങളിൽ വായനശാലകളോ യുവജന സംഘടനകളോ കാര്യമായി ഇടപെടുന്നില്ല

2. വായന പത്ര മാസികകളിലൊതുങ്ങുന്നു. ഗൗരവമുള്ള പുസ്തകവായന കുറഞ്ഞ് വരുന്നു.

3. വേണ്ടത്ര പത്രമാസികകളോ പുസ്തകങ്ങളോ ലഭ്യമാകുന്നില്ല

4. സാമൂഹ്യ വിഷയങ്ങളെ കുറിച്ച് ചർച്ചകളോ സെമിനാറുകളോ കാര്യമായി നടക്കുന്നില്ല.

5. ആദിവാസികളും സ്ത്രീകളും ജനകീയ കൂട്ടായ്മകളിൽ വേണ്ടത്ര പങ്കാളികളാവുന്നില്ല.

6. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കൾ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. സാംസ്കാരിക നിലയം ഗ്രന്ഥാലയത്തിൽ പുസ്തക ശേഖരം വർദ്ധിപ്പിക്കണം. ആദിവാസി ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ആയുധങ്ങൾ, ആഭരണങ്ങൾ എന്നിവ ശേഖരിച്ച് സാംസ്കാരിക നിലയത്തിൽ പ്രദർശിപ്പിക്കണം. നിലവിലുള്ള ലൈബ്രേറിയനെ ഫുൾടൈമാക്കണം. സാംസ്കാരിക നിലയത്തിന് സ്റ്റീൽ റേക്ക, മേശ, അലമാര എന്നിവ വാങ്ങണം. സാംസ്കാരിക നിലയത്തിന് മുകളിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കണം.

2. ഗ്രന്ഥാലയങ്ങൾക്ക് മൂന്ന് ദിനപത്രങ്ങളെങ്കിലും നൽകണം. സൗകര്യമുള്ള ഗ്രന്ഥാലയങ്ങൾക്ക് കളർ ടി. വി അനുവദിക്കണം. ഗ്രന്ഥാലയങ്ങൾക്ക് അനുകാലികങ്ങൾ ലഭ്യമാക്കണം. ഗസ്റ്റ് എത്തിക്കണം.

3. വൈദ്യുതി ഇല്ലാത്ത ക്ലബുകൾക്കും ഗ്രന്ഥാലയങ്ങൾക്കും മണ്ണെണ്ണ സൗജന്യമായി കൊടുക്കണം.

4. ക്ലബുകൾക്ക് സൗജന്യമായി സ്പോർട്സ് ഉപകരണങ്ങൾ നൽകണം

5. ഗ്രാമമേളകൾ സംഘടിപ്പിക്കണം

6. ക്ലബുകളുടെ ഒരു കോഡിനേഷൻ കമ്മറ്റി പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം

7. കലാകായിക പ്രതിഭകളെ സാധാരണക്കാരെ പരിചയപ്പെടുത്താൻ അവസരമുണ്ടാക്കണം

8. സാംസ്കാരികോന്നമനത്തിനായി വേണ്ടത്ര തുക അനുവദിക്കണം

9. ആദിവാസി കലകളുടെ പരിപോഷണത്തിനായി സംവിധാനമുണ്ടാക്കണം, ആദിവാസി കലാകാരന്മാരെ ആദരിക്കുകയും അവർക്ക് സാമ്പത്തിക സഹായം നൽകുകയും വേണം.

10. വിൽപ്പാട്ട്, മാർഗം കളി, ദഫ്മുട്ട്, കോൽക്കളി മുതലായ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുകയും നില നിർത്തുകയും വേണം.

11. ഫുട്ബോൾ, വോളിബോൾ, കബഡി, ഷട്ടിൽ എന്നിവക്ക് ഗ്രാമ തല ടീമുകളും പഞ്ചായത്ത് ടീമുകളും ഉണ്ടാക്കുക.

12. വേണ്ടത്ര പരിശീലകരെ കണ്ടെത്തി കായിക രംഗം കാര്യക്ഷമമാക്കുക.

13. കോട്ടത്തറ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ ഒരു ഡിഷ്ആന്റിനു സ്ഥാപിക്കേണ്ടതുമാണ്.

14. ഒന്നാം വാർഡിലുള്ള മിനിസ്റ്റേഡിയത്തിന് ചുറ്റും മതിൽ കെട്ടുക. മിനി സ്റ്റേഡിയം കായിക പരിശീലന വേദിയാക്കുക.

15. കോട്ടത്തറ ഡാം കേന്ദ്രമായിക്കൊണ്ട് മറ്റൊരു സ്റ്റേഡിയം നിർമ്മിക്കുക.

വാർത്താ മാധ്യമങ്ങളും മുതലാളിത്ത സാസ്കാരവും ഒരുക്കുന്ന ചതിക്കുഴികളിൽ നമ്മുടെ സംസ്കാരം ഞെരിഞ്ഞമരാനിടയാകുന്നത് ഗൗരവപൂർവം നോക്കിക്കാണുക. പഴമയോട് കാണിക്കുന്ന ബാലിശമായ നിഷേധവും പരിഷ്കാരത്തെ വാരിപ്പുണരാമുള്ള വ്യഗ്രതയും നമ്മുടെ സംസ്കാരത്തിന് പരിക്കുകളേൽപ്പിക്കുന്നു. നമ്മുടെ സവിശേഷ ചുറ്റുപാടിലും സാഹചര്യത്തിലും വളർന്ന് വന്ന സംസ്കാരത്തെ പോഷിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം.



വനിതാക്ഷേമം

കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ പകുതിയോളം സ്ത്രീകളാണ്. സാമൂഹ്യസാംസ്കാരിക പശ്ചാത്തലത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ചെറിയതോതിലെങ്കിലും ഇവിടെ ഉണ്ടായിട്ടുണ്ട്. ക്ലബ്ബുകളിലൂടെയും സാസ്കാരിക പരിപാടികളിലൂടെയും സ്ത്രീകളുടെതായ പങ്കാളിത്തം ഉണ്ടാവാറുണ്ട്. എന്നാൽ തൊഴിൽ മേഖലകളിലും സാമ്പത്തിക വരുമാനത്തിന്റെ കാര്യത്തിലും സ്ത്രീകളുടെ നിലവാരം വളരെ പുറകിലാണ്. സാമൂഹ്യരാഷ്ട്രീയ കാര്യങ്ങളിൽ സ്ത്രീകളുടെയും, വനിതാ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും ഇടപെടൽ വേണ്ടരീതിയിൽ പഞ്ചായത്തിൽ നടക്കുന്നില്ല.

വിവിധ തൊഴിൽ മേഖലയിൽ കോട്ടത്തറ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിവിവരപ്പട്ടിക താഴെ കൊടുക്കുന്നു. 1991 ലെ സെൻസസ് പ്രകാരം.

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പു. എണ്ണം
കൃഷി	201	1406
കർഷകതൊഴിലാളികൾ	933	1504
കുടിൽ വ്യവസായം	41	129
നിർമ്മാണമേഖല	6	28
കച്ചവടമേഖല	6	205
ഗതാഗതവാർത്താവിനിമയം	1	52
മൃഗസംരക്ഷണം	99	368
മറ്റുള്ളവ	99	178

വനിതകളുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ വിവിധ ഏജൻസികൾ മുഖേന ധാരാളം പദ്ധതികൾ ഉണ്ടെങ്കിലും ഇതിന്റെ ഗുണം മുഴുവനും സ്ത്രീകൾക്ക് കിട്ടുന്ന സ്ഥിതിയിലല്ല. തൊഴിൽ മേഖലയിൽ തന്നെ ഏറെ സാധ്യതയുള്ള കാർഷിക മേഖലയിലെ പരിഷ്കരണം സ്ത്രീകൾക്ക് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുന്ന സ്ഥിതിയിലാണ്.

ചില വാർഡുകളിൽ മഹിളാസമാജങ്ങൾ, സ്വാശ്രയസംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സംഘങ്ങൾക്കും ഒട്ടേറെ പരിമിതികളുണ്ട്.

ആദിവാസി ഹരിജൻ മേഖലകളിലെ സ്ത്രീകളുടെ പൊതുസ്ഥിതി മറ്റു ഇതര സ്ത്രീകളിൽ നിന്ന് വ്യത്യസ്ഥമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും ഈ വിഭാഗം സ്ത്രീകൾ വളരെ പിന്നിലാണ്.

സാക്ഷരതാ പ്രവർത്തനത്തിൽ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ പങ്കാളിത്തം ധാരാളം ഉണ്ടായിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത പ്രവർത്തനത്തിലും തുടർ വിദ്യാഭ്യാസപ്രവർത്തനത്തിലും സ്ത്രീ പ്രവർത്തകരുടെ പങ്കാളിത്തം അഭിനന്ദനം അർഹിക്കുന്നതായിരിന്നു.

പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട മേഖലയിൽ സ്ത്രീകൾക്കായി ഒട്ടേറെ വികസന നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കാൻ കഴിയും.

കാർഷികമേഖലയിലെ മുരടിപ്പു മാറ്റി സ്ത്രീകളുടെ തൊഴിലവസരം വികസിപ്പിക്കണം.

കൂടുതൽ ശാരീരി അദ്ധ്വാനമുള്ളതും സുരക്ഷിതത്വം കുറഞ്ഞതുമായ ജോലികളിൽ നിന്ന് സ്ത്രീകളെ കാർഷികവൃത്തിയിലേക്ക് തിരിച്ചു വിടുന്ന സ്ഥിതിയുണ്ടാവണം.

കന്നുകാലി സംരക്ഷണം, ക്ഷീരസംരക്ഷണം എന്നീ മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയണം.

പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ നാമമാത്രമാണ്. ഈ മേഖല പരിപോഷിപ്പിക്കാൻ സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു വനിതാസഹകരണ സംഘം രൂപീകരിച്ചു എല്ലാ വാർഡുകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി തുന്നൽ പരിശീലന യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാറുനിർമ്മാണം, പപ്പട നിർമ്മാണം, കൊട്ട, പായ, നെയ്ത്തു യൂണിറ്റ്, ഫർണിച്ചർ നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക. ഇതിന് വിപണി കണ്ടെത്താൻ പഞ്ചായത്തിൽ ഒരു സംവിധാനം ഉണ്ടാക്കണം. കൂടാതെ പച്ചക്കറികൃഷി, പൂന്തോട്ടനിർമ്മാണം, വാഴനാര് ഉൽപന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലും സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

IRDP, DWCRA, വനിതാവികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളിൽനിന്നും മേല്പറഞ്ഞ തൊഴിലവസരം സൃഷ്ടിക്കുന്നതിനാവശ്യമായ വിദഗ്ദോപദേശങ്ങളും, സാങ്കേതിക സാമ്പത്തിക സഹായവും ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്.

1. അമ്മമാർക്കും ഗർഭിണികൾക്കും കുട്ടികൾക്കും ആരോഗ്യപരിപാലനത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം.

2. കുടുംബക്ഷേമ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ വനിതാ സംഘടനകളുടെ സഹായം ലഭ്യമാക്കണം.

3. മഹിളാ സമൃദ്ധിയോജനയുടെ പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്തുവാൻ അഭ്യസ്ഥവിദ്യരായ വനിതകളെ വാർഡുതലത്തിൽ സംഘടിപ്പിച്ചു തൊഴിലവസരം ഉണ്ടാക്കാവുന്നതാണ്.

4. ആദിവാസി കോളനികളിലെ അമ്മമാരെ കോളനി കേന്ദ്രീകരിച്ചു സംഘടിപ്പിച്ചു ആരോഗ്യകുടുംബക്ഷേമങ്ങളിൽ ബോധവാന്മാരാക്കുകയും സഹകരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

5. വായനാശാലകളിലും ക്ലബ്ബുകളിലും വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

6. വനിതാസംഘടനകൾ രൂപീകരിക്കുകയും വനിതാജീവനക്കാരേയും കൂടി ഉൾക്കൊള്ളിച്ചു സംയുക്ത കൺവൻഷൻ നടത്തുകയും ചെയ്യേണ്ടതാണ്. എങ്കിൽ മാത്രമേ സ്ത്രീകളിൽ കാണുന്ന അപകർഷതാബോധം ഇല്ലായ്മചെയ്യാൻ കഴിയുകയുള്ളൂ.

7. സ്ത്രീപീഡനം ഒഴിവാക്കുക, സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.



KERALA INSTITUTE OF LOCAL ADMINISTRATION
4328
LIBRARY
THRISSUR-680581

സഹകരണം

1921 ൽ സ്വാതന്ത്ര്യ സമരസേനാനിയും വയനാട്ടിലെ സഹകരണപ്രസ്ഥാനത്തിന്റെ ജനയിതാവുമായ ശ്രീ. എ. എ. ധർമ്മരാജയ്യർ സ്ഥാപിച്ച മടക്കിമല ഐക്യനാണയ സംഘമാണ് പഞ്ചായത്തിലെ, വയനാട്ടിലെതന്നെ ആദ്യത്തെ സഹകണസ്ഥാപനം. ആദിവാസികളെയും പാവപ്പെട്ട കർഷകരെയും അമിതപ്പലിശ ഈടാക്കി വന്നിരുന്നവരുടെ ചൂഷണത്തിൽ നിന്നും, കടക്കെണിയിൽ നിന്നും രക്ഷിക്കാൻ ചെറിയ തോതിൽ തുടങ്ങിയ ഈ ഐക്യനാണയസംഘം 1961 മുതൽ മുട്ടിൽ, കോട്ടത്തറ പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി മടക്കിമല സർവ്വീസ് സഹകണബാങ്ക് എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നതായി ആകെ 3 സഹകണസ്ഥാപനങ്ങളാണുള്ളത്. വെണ്ണിയോട് ക്ഷീരോത്പാദക സഹകണസംഘം, കോട്ടത്തറ ആദിവാസി ഇഷ്ടിക തൊഴിലാളി സഹകണസംഘം അരമ്പറ്റക്കുന്നു വനിതാ വ്യവസായ സഹകരണ സംഘം എന്നിവയാണവ. മടക്കിമല സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രധാന ഓഫീസ് മുട്ടിൽ പഞ്ചായത്തിലെ മടക്കിമലയിൽ സ്ഥിതിചെയ്യുന്നു. ഇതിന്റെ ഒരു ശാഖ ഈ പഞ്ചായത്തിലെ വെണ്ണിയോട് എന്ന സ്ഥലത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. വെണ്ണിയോട് ക്ഷീരോദ്പാദക സഹകണസംഘം വെണ്ണിയോട് ആസ്ഥാനമായും കോട്ടത്തറ ആദിവാസി ഇഷ്ടിക തൊഴിലാളി സഹകരണസംഘം കാരക്കുന്ന് ആസ്ഥാനമായും പ്രവർത്തിക്കുന്നു.

ഇന്നത്തെ അവസ്ഥ

ഭൂരിഭാഗം ജനങ്ങളും കർഷകരായുള്ള ഒരു പ്രദേശമാണ് കോട്ടത്തറ പഞ്ചായത്ത്. ഇവരിൽ ഒരു സഹകരണസംഘത്തിൽ പോലും അംഗമല്ലാത്തവർ വളരെയധികമുണ്ട്. കൂടുതൽ കർഷകരും അംഗമായിട്ടുള്ളത് മടക്കിമല സർവ്വീസ് സഹകരണബാങ്ക്, വൈത്തിരി കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവയിലാണ്. ഇവയെ കർഷകർ യഥാക്രമം ഹൃസ്വകാല ദീർഘകാല വായ്പകൾക്കായി ആശ്രയിക്കുന്നു. വൈത്തിരി താലൂക്ക് മുഴുവൻ പ്രവർത്തന പരിധിയായി വളരെയധികം സഹകണ സ്ഥാപനങ്ങൾ (വിപണന, ലേബർ കോൺട്രാക്ട് തുടങ്ങി വിവിധ തരത്തിലുള്ളവ) രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവുടെ ഒന്നിന്റെ പോലും പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലേക്കെത്തിയിട്ടില്ല. ഇവിടുത്തെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങളും മറ്റും വിപണനം ചെയ്യുന്നതിന് സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടതായാണ് വന്നിട്ടുള്ളത്. വ്യവസായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ഏറെ പിറകിലാണ് നമ്മുടെ പഞ്ചായത്ത്. കോട്ടത്തറ ആദിവാസി ഇഷ്ടികതൊഴിലാളി സഹകണസംഘം മാത്രമാണ് ഇതിനൊരപവാദം. വനിതകളുടെ ഉന്നമനത്തിനായി വനിതാ സഹകണസംഘത്തിന്റെ ആവശ്യകത വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്നിരുന്നു.

വായ്പാ സംഘങ്ങൾ

മടക്കിമല സർവ്വീസ് സഹകരണ ബാങ്കും വൈത്തിരി കാർഷിക ഗ്രാമവികസന ബാങ്കുമാണ് ഇവിടുത്തെ പ്രധാന വായ്പാസംഘങ്ങൾ. ഇവയിൽ ഈ പഞ്ചായത്തിനു മാത്രമായി ഒരു വായ്പാ സഹകരണസംഘം പോലുമില്ല. മടക്കിമല സർവ്വീസ് സഹകണസംഘം മുട്ടിൽ പഞ്ചായത്തിലും താലൂക്ക് അടിസ്ഥാനത്തിലുള്ള വൈത്തിരി കാർഷിക ഗ്രാമവികസന ബാങ്ക് കൽപ്പറ്റയിലുമാണ് സ്ഥിതിചെയ്യുന്നത്.

മടക്കിമല സർവ്വീസ് സഹകരണബാങ്ക്

വയനാട്ടിലെ ഒരു പ്രമുഖ സഹകാരിയായിരുന്ന ശ്രീ. എം. എ. ധർമ്മരാജയ്യർ 1921ൽ സ്ഥാപിച്ച സ്ഥാപനമാണിത്. 1961 മുതൽ മടക്കിമല സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നു. കോട്ടത്തറ, മുട്ടിൽ പഞ്ചായത്തുകളാണിതിന്റെ പ്രവർത്തനപരിധി. ഇതിന്റെ പ്രധാന ഓഫീസ് മുട്ടിൽ പഞ്ചായത്തിലെ മടക്കിമല എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. കോട്ടത്തറ പഞ്ചായത്തിലെ വെണ്ണിയോട്,

ഇതിന്റെ ഒരു ശാഖയും പ്രവർത്തിച്ചുവരുന്നു. ജില്ലാ സഹകരണബാങ്കിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെയാണ് ലോണുകൾ വിതരണം ചെയ്യുന്നത്. ബാങ്ക് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ബാങ്കിന് ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി കോട്ടത്തറ പഞ്ചായത്തിൽ എത്തിക്കാൻ കഴിയുന്നില്ല എന്ന വസ്തുത ഭൂരിഭാഗം ഗ്രാമസഭകളിലും ഉയർന്നു വന്നിരുന്നു. ഈ ബാങ്കിന്റെ വലിയ പ്രവർത്തന പരിധിയാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. ഇതിനു പരിഹാരമായി കോട്ടത്തറ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്ക് അനുവദിക്കേണ്ടതാണ്. മടക്കിമല സർവ്വീസ് സഹകരണബാങ്കിൽ മുട്ടിൽ പഞ്ചായത്തിനെ അപേക്ഷിച്ചു വളരെ കുറച്ചു അംഗങ്ങൾ മാത്രമേ കോട്ടത്തറ പഞ്ചായത്തിനുള്ളൂ. ഈ ബാങ്കിന്റെ ആഭിമുഖ്യത്തിൽ വെണ്ണിയോട് ടൗണിൽ ഒരു വളം വില്പനശാല ഉണ്ടെങ്കിലും അത് തീരെ പ്രവർത്തിക്കുന്നില്ല. വളങ്ങൾക്കും മറ്റുമായി കർഷകർക്ക് സ്വകാര്യവളം വില്പനശാലകളെ ആശ്രയിക്കേണ്ട ദുരവസ്ഥയാണിന്നുള്ളത്. കൃഷിയുടെ അനുബന്ധ വ്യവസായങ്ങളെയും മറ്റും പ്രോത്സാഹിപ്പിക്കുന്നതിൽ ഈ ബാങ്ക് പരാജയമാണ്. ഓണം മുതലായ വിശേഷാവസരങ്ങൾ ബാങ്ക് നടത്തുന്ന ഉത്സവചന്തകൾ ജനങ്ങൾക്കുപകാരപ്രദമാവാറുണ്ട്. പഞ്ചായത്തിൽ മെച്ചന, വാളൽ തുടങ്ങിയ സ്ഥലങ്ങളിൽ റേഷൻ കടകൾ ഈ ബാങ്കിന് നേരിട്ടെടുത്ത് നടത്താവുന്നതാണ് എന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നു വന്നിരുന്നു.

വൈത്തിരി കാർഷിക ഗ്രാമവികസനബാങ്ക്

വൈത്തിരി താലൂക്ക് പ്രവർത്തനം പരിധിയായി പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണിത്. ഈ സ്ഥാപനത്തിലൂടെ കർഷകർക്ക് ദീർഘകാല കാർഷിക, കാർഷികേതര വായ്പകൾ വിതരണം ചെയ്യപ്പെടുന്നു. ഈ പഞ്ചായത്തിലെ വളരെയധികം പേർ ഇതിൽ അംഗങ്ങളായുണ്ട്. ഇതിന്റെ രജിസ്ട്രേഡ് ഓഫീസ് കൽപ്പറ്റയിൽ സ്ഥിതിചെയ്യുന്നു.

വായ്പേതര സംഘങ്ങൾ

വായ്പേതര സംഘങ്ങളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് വെറും മൂന്നെണ്ണം മാത്രമാണ്. വെണ്ണിയോട് ക്ഷീരോദ്പാദക സഹകരണസംഘം, കോട്ടത്തറ ആദിവാസി ഇഷ്ടികതൊഴിലാളി സഹകരണസംഘം എന്നിവയാണവ. ഈ സംഘങ്ങൾ അവയുടെ പ്രവർത്തനമേഖലയിൽ വളരെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്.

വെണ്ണിയോട് ക്ഷീരോദ്പാദക സഹകരണ സംഘം

കോട്ടത്തറ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഏക ക്ഷീരസഹകരണസംഘമാണിത്. ഇതിന്റെ ഓഫീസ് വെണ്ണിയോട് പ്രവർത്തിക്കുന്നു. ഈ സംഘത്തിന് സ്വന്തമായ ഓഫീസ് കെട്ടിടം ഇല്ല. കോട്ടത്തറ പഞ്ചായത്തിലെ 1, 2, 3, 4, 5 വാർഡുകളാണ് ഇതിന്റെ പ്രവർത്തന പരിധി.

ഇന്ന് ഏതാണ്ട് 300 ലിറ്ററോളം പാലാണ് ഇവിടെ ശേഖരിക്കുന്നത്. ഇത് മിൽമക്കും, മറ്റ് സ്വകാര്യസ്ഥാപനങ്ങൾക്കുമായി ലാഭകരമായി വിപണനം നടത്തുന്നു. ഈ പഞ്ചായത്തിൽനിന്നും 353 പേരാണ് ഈ സംഘത്തിൽ അംഗങ്ങളായുള്ളത്. ഇതിൽ 100 ൽ താഴെ അംഗങ്ങൾ മാത്രമേ സ്ഥിരമായി പാൽ സൊസൈറ്റിക്കുന്ന നിൽകുന്നുള്ളൂ. ഈ പഞ്ചായത്തിലെ കാരക്കുന്ന്, വെണ്ണിയോട്, മന്ദലം, മെച്ചന, വാളൽ എന്നീ സ്ഥലങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നുണ്ട്. സംഘം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എങ്കിൽ കൂടിയും ഉൽപാദകർക്ക് പാലിന് ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാതി സാധാരണയാണ്.

പഞ്ചായത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ സംഘം ഇനിയും പ്രയത്നിക്കേണ്ടിയിരിക്കുന്നു. കറവമാടുകളെ വാങ്ങുന്നതിനുള്ള ലോണുകളും മറ്റും സംഘം മുഖേന വിതരണം നടത്തേണ്ടതാണ്. കാലമരണനിധി (Cattle Mortality Fund) രൂപീകരിച്ച് കർഷകർക്കുപകാരപ്രദമാക്കേണ്ടതാണ്.

കോട്ടത്തറ ആദിവാസി ഇഷ്ടിക തൊഴിലാളി വ്യവസായ സഹകരണസംഘം

കാരക്കുന്നത് ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമാണിത്. ഈ പഞ്ചായത്തിലെ ഏക പട്ടികജാതി/ വർഗ്ഗക്കാർക്കുള്ള സഹകരണ സ്ഥാപനമാണിത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഈ സംഘം നഷ്ടത്തിലായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. എന്നാൽ ഇപ്പോൾ സംഘം വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. സ്വന്തമായുള്ള സ്ഥലത്ത് ഇഷ്ടികനിർമ്മാണം നടത്തി വരുന്ന സംഘത്തിൽ അൻപതോളം മെമ്പർമാരാണ് നിലവിലുള്ളൂ. കൂടുതൽ ആൾക്കാരെ സംഘം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കണം.

അരമ്പറ്റിക്കുന്ന് വനിതാ വ്യവസായ സഹകരണ സംഘം

1986 ൽ സ്ഥാപിച്ച ഈ സംഘം വനിതകൾക്കാ

യുള്ള പഞ്ചായത്തിലെ ഏക സഹകരണ സംഘ മാണ്. പടിഞ്ഞാറത്തറ, കോട്ടത്തറ പഞ്ചായത്തുക ളാണിതിന്റെ പ്രവർത്തന പരിധി. ഏതാണ് 20,000 രൂപ യോളം മാത്രം വാർഷിക വിറ്റുവരവുള്ള ഈ സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഫയൽ ബോർഡ്, ഓഫീസ്കവർ, ബൗണ്ട്ബുക്ക് എന്നിവയാ ണിവിടെ നിർമ്മിക്കുന്നത്. കൂടുതലായും ഗവൺമെന്റ് ഓർഡറുകളാണിവിടെ ചെയ്തുകൊടുക്കുന്നത്. വളരെ തുച്ഛമായ നിർമ്മാണകൂലിയേ ഇതിന് ഗവൺമെന്റ് നൽകുന്നുള്ളൂ. ഇത് സംഘത്തിനു വരുന്ന നഷ്ടങ്ങൾക്കൊരു പ്രധാന കാരണമാണ്. ഗവൺമെന്റ് ഓർഡർ പ്രകാരം നിർമ്മിക്കുന്ന സാധ നങ്ങൾ കോഴിക്കോട് ഗവ: സ്റ്റേഷനറി ഡിപ്പോയിൽ എത്തിച്ചു കൊടുക്കേണ്ടതുകൊണ്ട് സംഘത്തിന് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ അധികച്ചിലവു വരുന്നു. ഇത് പരിഹരിക്കണം.

അരമ്പറ്റക്കുന്ന് വനിതാ വ്യവസായ സഹകരണസംഘം

സ്ഥാപിച്ച വർഷം	അംഗങ്ങൾ ജനറൽ	SC/ST	അടച്ചുതീർത്ത മൂലധനം വ്യക്തികൾ	ഗവൺമെന്റ്	ലാഭം/ നഷ്ടം
1986	45	11	Rs. 34200	Rs. 1,50,000	

നിർദ്ദേശങ്ങൾ

1. കോട്ടത്തറ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹക രണബാങ്ക് അനുവദിക്കുക.

2. വനിതാക്ഷേമം ലക്ഷ്യമാക്കി ഒരു വനിതാ സഹക രണസംഘം സ്ഥാപിക്കുക.

3. തൊഴിലാളികളെ സംഘടിപ്പിച്ച് ജനങ്ങൾക്കുപയോ ഗപ്രദമായ വിധത്തിൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

4. വെണ്ണിയോട് ക്ഷീരോദ്പാദക സഹകരണസംഘ ത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിലെ ചില വാർഡുകളിൽ 2, 7, 8 എത്തുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ ഉയർന്നിരുന്നു. ഇതു സംഘം പരി ഹരിക്കുകയോ അല്ലാത്തപക്ഷം ആ പ്രദേശങ്ങ ളിൽ പുതിയ ക്ഷീരസംഘങ്ങൾ അനുവദിക്കു കയോ വേണം.

5. കർഷകർ ഭൂരിഭാഗമുള്ള ഈ പഞ്ചായത്തിൽ കൂട്ടു കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കാവുന്നതാണ്.

6. ഇവിടെ ഒരു ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

7. ഇഷ്ടിക, ഓട് വ്യവസായങ്ങൾക്ക് ഇവിടെ ഉയർന്ന സാധ്യതയാണുള്ളത്. സഹകരണമേഖലയിൽ ഇത്തരം സംരംഭങ്ങൾ കൂടുതലായും ആരംഭിക്കാ വുന്നതാണ്.

8. ഇവിടുത്തെ കാർഷികോൽപ്പന്നങ്ങൾ ലാഭകരമായി വിറ്റഴിക്കുവാൻ ഉതകുന്ന വിധത്തിൽ സഹകരണ വിപണന സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

9. മടക്കിമല സർവ്വീസ് സഹകരണ ബാങ്കിന്റെ വെണ്ണി യോടുള്ള വളം ഡിപ്പോ നിർജ്ജീവമാണ്. ഇതിന് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

10. ഉപഭോക്തൃ മേഖലയിൽ സഹകരണാടിസ്ഥാന ത്തിലുള്ള സംരംഭങ്ങൾ തുടങ്ങി സ്വകാര്യ കച്ച വടക്കാരുടെ ചൂഷണം അവസാനിപ്പിക്കേണ്ട താണ്.

11. വൈത്തിരി കാർഷിക ഗ്രാമവികസന ബാങ്കിന്റെ ഒരു ശാഖ കോട്ടത്തറയിൽ സ്ഥാപിക്കുക.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കോട്ടത്തറ പഞ്ചായത്തിലെ ജനസംഖ്യയുടെ 21% ആളുകളും പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെടുന്നവരാണ്. പട്ടികജാതിയിൽ പെടുന്ന പുലയൻ, മലയൻ, ചെറുമൻ, വണ്ണാൻ, പെരുവണ്ണാൻ എന്നിവരും പട്ടികവർഗ്ഗത്തിൽ പെടുന്ന പണിയർ, കുറിച്ച്യർ, കുറുമർ എന്നീ വിഭാഗങ്ങളുമാണ് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗത്തിൽ അധികം പേരും. ഇതിൽ 80% ആളുകളും പണിയ കുറിച്ച്യ വിഭാഗങ്ങളിൽ പെടുന്നവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അധികംപേരും കോളനികളിലും പട്ടികജാതി വിഭാഗത്തിൽ ഭൂരിഭാഗവും ഒറ്റതിരിഞ്ഞ വീടുകളിലുമാണ് താമസിക്കുന്നത്.

ട്രൈബൽ ഡിപ്പാർട്ട്മെന്റ് മുഖാന്തരം പല വിധ ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് ലഭിക്കുന്നുണ്ടെങ്കിലും ബോധവാന്മാരല്ലാത്തതു കൊണ്ട് പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സന്നദ്ധ സംഘടനകളും സാമൂഹ്യപ്രവർത്തകരും മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതുണ്ട്.

പാർപ്പിടം:- ഈ മേഖലയിലെ 50%ത്തിൽ താഴെ കുടുംബങ്ങൾക്കു മാത്രമേ സ്വന്തമായി വീടുള്ളൂ. ഇല്ലികൊമ്പുകളും മുളകളും കൊണ്ടു നിർമ്മിച്ച കുടിലുകളിൽ ഒന്നിലധികം കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന അവസ്ഥയും കണ്ടു വരുന്നു. പഞ്ചായത്തിൽ നിർമ്മിച്ചു നൽകിയ നിലവിലുള്ള ഓടു വീടുകളിൽ ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. അധികവും താമസയോഗ്യമല്ല. ഈ വിടുകൾ എത്രയും പെട്ടെന്ന് റിപ്പയർ ചെയ്യേണ്ടതുണ്ട്.

ഓരോ വാർഡിലും നിരവധി കോളനികൾ നിലവിലുള്ളതുകൊണ്ട് വാർഡ്തിരിച്ച് കോളനികളുടെ പൊതു സ്ഥിതി മനസ്സിലാക്കാവുന്നതാണ്.

വീടുനിർമ്മാണത്തിന് ആവശ്യമായ സ്ഥലം പഞ്ചായത്ത് അകയ്ക്കൊടുത്തെങ്കിലും അവിടെ പൂർണ്ണമായും വീടു നിർമ്മിച്ചുകൊടുക്കുവാൻ ട്രൈബൽ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലമുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരാവട്ടെ വീടു നിർമ്മിക്കുന്നതിനാവ

വാർഡ് നമ്പർ	കോളനികളുടെ എണ്ണം	അംഗങ്ങൾ	കോളനിയായി അംഗീകരിച്ചത്.	കോളനിയായി അംഗീകരിക്കാത്തത്	വീടിന്റെ സ്വഭാവം				ആവശ്യമുള്ള വീടുകൾ
					ഓട്	വാർപ്പ്	ഓല	കുടിൽ	
1	17	685	14	3	92	14	57	6	22
2	21	503	5	16	48	–	–	40	82
3	10	527	8	2	71	–	27	–	63
4	8	227	3	5	39	–	11	3	34
5	8	367	6	2	39	–	14	5	51
6	7	402	5	2	47	–	18	–	63
7	11	542	9	2	72	–	14	4	21
8	16	631	8	8	72	10	11	–	50

ശ്യമായ സാമ്പത്തിക സഹായം അപര്യാപ്തമായതിനാൽ വീടുപണി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും മെച്ചനയിൽ 30 കുടുംബത്തിന് സ്ഥലം ഏറ്റെടുത്ത് വീടു നിർമ്മിച്ചു കൊടുക്കാൻ ഈ അടുത്ത കാലത്ത് കഴിഞ്ഞിട്ടുണ്ട്. വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചുകൊടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാലും മാത്രമേ ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയൂ.

കുടിവെള്ളം:- പഞ്ചായത്തിലുള്ള 98 കോളനികളിൽ 39 കോളനികൾക്കും കുടിവെള്ള പ്രശ്നപരിഹാരത്തിന് ഇതുവരെ സത്വര പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. പല കോളനികളിലും സർക്കാർ ഏജൻസികൾ കുഴിച്ച ഉപയോഗശൂന്യമായ കിണറുകൾ റിപ്പയർ ചെയ്താൽ കുടിവെള്ളപ്രശ്നത്തിന് കുറേയേറെ പരിഹാരം കാണാൻ കഴിയും. ചില പ്രദേശങ്ങളിൽ ഒരു കിണറുപോലും നിലവിലില്ലാത്ത കോളനികളുമുണ്ട്. കോളനികളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകം എഴുതിയതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല.

വാർഡ്കോളനിയുടെ		വൈദ്യുതി		ഗതാഗതം			കുടിവെള്ളം
നമ്പർ	എണ്ണം	ഉള്ളത്	ഇല്ലത്തത്	ഉള്ളത്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്
1	17	8	9	2	15	8	9
2	21	5	16	6	15	9	12
3	10	1	9	6	4	8	2
4	8	–	8	3	5	6	2
5	8	2	6	5	3	6	2
6	7	3	4	6	1	6	1
7	11	4	7	6	5	6	5
8	16	6	10	10	6	10	6

പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി ചെറിയതോതിൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പല കോളനികളിലും ഒരു കക്കൂസ് പോലും നിലവിലില്ലാത്ത അവസ്ഥയാണ് ഇന്ന് ഉള്ളത്. പൊതു സ്ഥലത്തും, പുഴപുറമ്പോക്ക് സ്ഥലത്തുമാണ് മലമൂത്രവിസർജ്ജനം ചെയ്യുന്നത്. പണിയ വിഭാഗത്തിൽപ്പെട്ട കോളനികളിലാണ് അധികമാളുകൾക്കും കക്കൂസുകൾ നിലവിലില്ലാത്തത്. പല ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്ന ഈ പ്രശ്നം പഞ്ചായത്ത് ഒരു കോളനികളിൽ ഒരു കക്കൂസെങ്കിലും നിർമ്മിച്ച് എത്രയും പെട്ടെന്ന് പരിഹാരം കാണേണ്ടതുണ്ട്. ഏതു സമയത്തും പകർച്ചവ്യാധികൾ പിടിപെടുന്ന അവസ്ഥയിലാണ് അധിക കോളനിനിവാസികളും.

വൈദ്യുതി:- ഗ്രാമപഞ്ചായത്തിലെ 90% പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിലും വൈദ്യുതി ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. ചില പ്രദേശങ്ങളിലെ കോളനികളിൽ വൈദ്യുതി എത്തിക്കൻ ഭൂമമായ സാമ്പത്തികം വരുന്നതുകൊണ്ട് അനർട്ടിന്റെ സൂര്യവിളക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ഈ വിഭാഗത്തിന് പുരോഗമിക്കാൻ സാധിച്ചിട്ടില്ല. സാമൂഹ്യസാമ്പത്തിക രംഗത്ത് ചൂഷണങ്ങൾക്ക് വിധേയമാകുന്നതിനാൽ ഇവരുടെ ഉന്നതി എന്നും കടലാസുകളിൽ മാത്രം ഒതുങ്ങുകയാണ്. പട്ടികവർഗ്ഗത്തിൽ പെടുന്ന നായക്കന്മാർ, പണിയർ എന്നീ വിഭാഗത്തിൽ പെടുന്നവർ സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും വളരെ പുറകിലാണ്. മറ്റൊരു

വിഭാഗമായ കുറിച്ച്യർ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് പല മേഖലകളിലും താരതമ്യേന ഉയർന്നു നിൽക്കുന്നു. പണിയ വിഭാഗവും കുറിച്ച്യവിഭാഗവും തമ്മിൽ ജാതിപരമായ അയിത്തം ഇന്നും ഇവിടെ നിലനിൽക്കുന്നു. ജനകീയ ആസൂത്രണത്തിന്റെ ഫലമായെങ്കിലും ഇതിന് ഒരു പരിഹാരം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർ വിദ്യാഭ്യാസപരമായി വളരെ പുറകിലാണ്. ദാരിദ്ര്യം രക്ഷാകർത്താക്കളുടെ നിരക്ഷരത എന്നീ കാരണങ്ങൾകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോകുന്ന അവസ്ഥ വ്യാപകമായി കണ്ടുവരുന്നു. ഈ രംഗത്ത് വളരെയധികം ആനുകൂല്യങ്ങൾ സർക്കാറിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുപോലും കുട്ടികളെ സ്ക്കൂളിൽ അയക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾ വീഴ്ചവരുത്തുന്നു. മാതാപിതാക്കളെ ബോധവൽക്കരിക്കുകയും സാക്ഷരതാ പഠനകേന്ദ്രങ്ങൾ ഊർജ്ജിതപെടുത്തുകയും ചെയ്യണം.

തൊഴിൽ:- കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിയുന്ന കർഷകത്തൊഴിലാളികളാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽ അധികവും. എന്നാൽ ഏക്കർ കണക്കിന് സ്വന്തമായി കൃഷിഭൂമിയുള്ള കുറിച്ച്യ വിഭാഗത്തിൽപെട്ട പട്ടികവർഗ്ഗക്കാരുണ്ട്. പുലയവിഭാഗത്തിൽപെടുന്ന ഏതാനും കുടുംബങ്ങൾ പായനെയ്ത് കൊണ്ട് ജീവിക്കുന്നുണ്ട്. കൈതഓല കിട്ടാനുള്ള ബുദ്ധിമുട്ട് ഈ തൊഴിലിനെ സാരമായി ബാധിക്കുന്നു. കൊട്ട, മുറ എന്നിവ ഉണ്ടാക്കുന്നവരും പഞ്ചായത്തിൽ നിലവിലുണ്ട്. ഈ തൊഴിൽ ചെയ്യുന്നവരെ ആനുകൂല്യങ്ങൾ കൊടുത്ത് സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇവരുടെ തൊഴിൽ ഉറപ്പുവരുത്തി ജീവിതനിലവാരം ഉയർത്താൻ കഴിയണം.

കലാകായിക രംഗം:- ഏഴാം വാർഡിലെ പൂളകൊല്ലിയിൽ സ്ഥിതിചെയ്യുന്ന ഒരു ട്രൈബൽ ആർട്സ് സ്പോർട്സ് ക്ലബ്ബ് മാത്രമാണ് നിലവിലുള്ളത്. എന്നാൽ വിവിധ പ്രദേശങ്ങളിലെ ക്ലബ്ബുകളിൽ കലാകായികരംഗത്ത് സജീവമായി പട്ടികവർഗ്ഗത്തിൽപെട്ടവർ പങ്കെടുക്കാറുണ്ട്. കരിംകുറ്റിയിലെയും മെച്ചനയിലെയും പട്ടികവർഗ്ഗത്തിൽപെട്ട കുറിച്ച്യവിഭാഗത്തിന് മുൻതൂക്കമുള്ള ക്ലബ്ബുകളിൽ പഞ്ചായത്ത് ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഫുട്ബോൾ മത്സരങ്ങൾക്ക് സ്ഥിരം സമ്മാനം കിട്ടാറുണ്ട്. ഇവർക്ക് ശരിയായ വിധത്തിൽ പരിശീലനം നൽകുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ടീമാക്കിയെടുക്കുകയും ചെയ്താൽ മികച്ച കായികതാരങ്ങളായി വളർത്തിയെടുക്കാൻ കഴിയും.

സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ കേരളത്തിന് തന്നെ മാതൃകയാവുന്ന വിധത്തിൽ ആദിവാസി അംഗങ്ങൾ മാത്രമുള്ള ഒരു കലാട്രൂപ്പ് കോട്ടത്തറ വീട്ടിയേരി പ്രദേശങ്ങളിൽ രൂപീകരിക്കുകയും, ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കലാപരിപാടി അവതരിപ്പിക്കുകയുമുണ്ടായി. ജനകീയ ആസൂത്രണത്തിന്റെ പ്രവർത്തനത്തിനും അവരെ ബോധവത്ക്കരിക്കാനുമുള്ള പ്രവർത്തനത്തിന് ഇവരെ മുൻപന്തിയിൽ നിർത്താൻ കഴിയണം. കാക്കരസ്, കുറത്തി നാടകങ്ങൾ മുതലായ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്ന പട്ടികവർഗ്ഗത്തിൽ പെടുന്ന പഴയ ആളുകളും നിലവിലുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

ട്രൈബൽ ഡിപ്പാർട്ടുമെന്റ് മുഖേന പട്ടികവർഗ്ഗത്തിൽ പെടുന്ന പണിയ വിഭാഗങ്ങൾക്ക് ഫുഡ് പ്രോഗ്രാം വഴി നൽകുന്ന അരിയും പയറുവർഗ്ഗങ്ങളും കാശും അർഹതപ്പെട്ട എല്ലാ ആളുകൾക്കും ലഭിക്കുന്നില്ല. അർഹതപ്പെട്ട എല്ലാ ആളുകളെയും ഇതിൽ ഉൾപ്പെടുത്തുകയും ഇതിന്റെ വിതരണവും പഞ്ചായത്തുവഴി നടത്തിയാൽ കുറ്റമറ്റതാക്കാൻ കഴിയും.

ട്രൈബൽ ഡിപ്പാർട്ടുമെന്റ് മുഖേന സഞ്ചരിക്കുന്ന ആരോഗ്യക്ലിനിക്ക് ആഴ്ചയിൽ ഒരു ദിവസമെങ്കിലും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തി രോഗികളെ പരിശോധിക്കേണ്ടതാണ്.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് കോട്ടത്തറ-വെങ്ങപ്പള്ളി പഞ്ചായത്തുകൾക്ക് സംയുക്തമായി വെങ്ങപ്പള്ളി പഞ്ചായത്തിലെ പിണങ്ങോടിന് അടുത്താണ് സ്ഥിതിചെയ്യുന്നത്. ഇതുമൂലം ഈ പഞ്ചായത്തിലെ ആദിവാസികൾ ഓഫീസുമായി ബന്ധപ്പെടാൻ വളരെ ബുദ്ധിമുട്ടുന്നു. ഏകദേശം ഇരുപതിൽ അധികം കിലോ മീറ്റർ സഞ്ചരിച്ചാൽ മാത്രമേ ഈ ഓഫീസിൽ എത്തുകയുള്ളൂ. ഈ പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് തുടങ്ങുകയോ, ഇല്ലെങ്കിൽ ഇപ്പോൾ പിണങ്ങോട് സ്ഥിതി ചെയ്യുന്ന ഓഫീസ് പ്രവർത്തനം ആഴ്ചയിൽ മൂന്നുദിവസം കോട്ടത്തറ പഞ്ചായത്ത് കേന്ദ്രത്തിൽ പ്രവർത്തിക്കേണ്ടതാണ്.

പത്തിൽ അധികം കുടുംബങ്ങൾ ഉള്ള എല്ലാ കോളനികളും സർക്കാർ അംഗീകരിക്കുക.

ടി. വി. അനുവദിക്കുന്ന കോളനികളിൽ എല്ലാവർക്കും കാണുന്നതിനുള്ള ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുക.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ തൊഴിൽ ഉറപ്പുവരുത്താൻ പാട്ടവ്യവസ്ഥയിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് ഭൂമി വാങ്ങി വിവിധ കൃഷിപണികൾ നടത്തി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ സർവ്വീസ് സഹകരണസംഘങ്ങൾ രൂപീകരിക്കുക.

അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ മുഖേന നൽകുന്ന ധനസഹായം ഏകോപിച്ച് ഗ്രാമപഞ്ചായത്ത് വഴി നൽകുക.

കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

പായനെയ്ത്ത്, കൊട്ട, പരമ്പ് മുതലായവയുടെ നിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

വിവിധ ഡിപ്പാർട്ടുമെന്റ് മുഖാന്തരം ആദിവാസി ക്ഷേമത്തിന് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഏകോപിപ്പിച്ച് പഞ്ചായത്തുവഴി വിതരണം നടത്തുകയും ചെയ്താൽ പഞ്ചായത്തിലെ ജനസംഖ്യയുടെ കാൽഭാഗത്തോളം വരുന്ന ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയും കൂട്ടായ ഇടപെടലിലൂടെ പിന്നോക്ക അവസ്ഥ മാറ്റിയെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വളർത്തികൊണ്ടു വരേണ്ടതാണ്.

വിഭവസമാഹരണം

തികച്ചും കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗവും അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിൽ വിഭവം കാർഷിക മേഖലയെ ആശ്രയിക്കേണ്ടിയിരിക്കുന്നു. കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രധാന ധനാഗമ മാർഗ്ഗവും കെട്ടിടനികുതിയാണ്. മൊത്തം 3772 കെട്ടിടങ്ങളാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ളത്. ഈ കെട്ടിടങ്ങളുടെ നികുതിയിനത്തിൽ കുടിലുകൾ ഒഴിവാക്കിയാൽ 1,02,270 രൂപയാണ്. വരുമാന മാർഗ്ഗം കൂടാതെ പുഴയിൽ നിന്നു മണൽ ലേലത്തിൽ നിന്ന് നാലു ലക്ഷം രൂപയും (കഴിഞ്ഞകൊല്ലം ഒഴികെ) പഞ്ചായത്തിന്റെ വരുമാനമാണ്.

നികുതി കൃത്യസമയത്ത് കൊടുക്കുന്ന കാര്യത്തിൽ ജനങ്ങൾ ഇന്നും ബോധ ബോധവാന്മാരല്ല. നികുതി കൊടുക്കുക എന്നത് ജനങ്ങളുടെ കടമയായി മാറണം. മൊത്തം പഞ്ചായത്തിന്റെ വരുമാനം 95-96 വർഷത്തിൽ 5.50 ലക്ഷമാണ്. എന്നാൽ പഞ്ചായത്തിന്റെ ഭരണം, പൊതുമരാമത്ത്, മറ്റു ചിലവുകൾ

വരവ് ചിലവ് പട്ടിക

വരവ്

ക്രമനമ്പർ	ഇനം	വരുമാനം തുക	95-96 പിരിവ്	ബാക്കി
1	കെട്ടിട നികുതി	1,02,270.00	83,071.00	19,199.00
2	സർവ്വീസ് ചാർജ്	3,071.00	2,471.00	600.00
3	തൊഴിൽ നികുതി	39,400.00	36,240.00	3,160.00
4	ലൈസൻസ് ഫീ	4,625.00	4,625.00	-
5	മണൽ ലേലം	4,00,000.00	4,00,000.00	-
	ആകെ	5,49,366.00	5,26,407.00	22,959.00

ചിലവ്

ക്രമനമ്പർ	ഇനം	തുക
1	ഭരണം	8,89,604.00
2	പൊതുമരാമത്ത്	4,72,872.00
3	വിദ്യാഭ്യാസം	8,000.00
4	അനാമത്ത്	1,26,874.00
	ആകെ	14,97,350.00

എന്നിവ നോക്കുകയാണെങ്കിൽ ഫണ്ട് കമ്മിയാണ്.

പഞ്ചായത്തിന്റെ കമ്മി നികത്തുന്നത് സർക്കാർ ഗ്രാന്റുകളും മറ്റും കിട്ടുന്നതുകൊണ്ടാണ്. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ ഇന്നുള്ള വരുമാനമാർഗ്ഗം ഉപയോഗിച്ചു മുമ്പോട്ടു കൊണ്ടുപോവാൻ കഴിയാത്ത സ്ഥിതിയിലാണ്. സർക്കാറിന്റെ വിവിധ മേഖലകളിൽ നിന്ന് കിട്ടുന്ന ഗ്രാന്റുകൾ മറ്റു ഏജൻസികൾ മുഖേന കിട്ടുന്ന ധനസഹായം യഥാസമയത്തിന് പഞ്ചായത്തിൽ എത്തുന്നില്ല. ഇതിനുവേണ്ടി ഭരണാധികാരികളെ സ്വാധീനിക്കേണ്ട സ്ഥിതിയാണ് ഇന്ന്. പല പ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പല ഫണ്ടും പഞ്ചായത്തിൽ എത്തുന്നത്. സർക്കാർ ഇന്ന് നീതിപൂർവ്വമായല്ല ഫണ്ട് വിതരണം നടത്തുന്നത്. ജനസംഖ്യ, ദാരിദ്ര്യരേഖക്ക് താഴെക്കിടയിലുള്ളവരുടെ എണ്ണം, പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ, സ്ത്രീകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നീതിപൂർവ്വകമായി ഫണ്ടു വിതരണം നടത്തേണ്ടതാണ്.

നിലവിൽ പഞ്ചായത്തിന്റെ നികുതി, ലേലവരുമാനം എന്നിവ പിരിച്ചെടുക്കുന്നതിലും ശേഖരിക്കുന്നതിലും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വികസിപ്പിക്കുന്നതിനുള്ള പുതിയ ധനാഗമമാർഗ്ഗവും കണ്ടെത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാന മാർഗ്ഗത്തിൽ ഒരിനമാണ് മണൽലേലം. ലക്ഷങ്ങൾ വരുമാനമുണ്ടെങ്കിലും മണൽവാരൽ പരിതഃസ്ഥിതി പ്രശ്നമുണ്ടാക്കുന്നു. അതുകൊണ്ടു നിബന്ധനകൾ കൃത്യമായി പാലിക്കുന്നതിന് വാർഡുതലത്തിൽ പുറമ്പോക്ക് സംരക്ഷണസമിതി രൂപീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ:

1. കെട്ടിടനികുതി പരിഷ്കരിക്കുക.
2. പുഴപുറമ്പോക്കിൽ വീണുകിടക്കുന്ന മരങ്ങൾ ലേലം ചെയ്യുക.
3. പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളുടെയും, ബാങ്കുകളുടെയും, L .I.Cകളുടെയും മറ്റും ധനസഹായത്താൽ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.
4. നാഷണൽ സേവിംഗ് അക്കൗണ്ടിൽ കോട്ടത്തറയിലെ മുഴുവൻ ജനങ്ങളേയും അംഗങ്ങളാക്കി നിക്ഷേപം സ്വരൂപിക്കുക. ഇതിൽ നിന്ന് സർക്കാർ വികസനത്തിനുവേണ്ടി ഇപ്പോൾ നൽകുന്ന 20% എന്നത് 50% ആക്കി ഉയർത്തുക.
5. ലൈസൻസ് ഫീസു പരിഷ്കരിക്കുക. എല്ലാ തരത്തിലുള്ള കച്ചവടങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും ഫീസ് ശാസ്ത്രീയമായി ചുമത്തുക.
6. തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുക.
7. നികുതികളും ഫീസുകളും കൊടുക്കുക എന്നത് വികസന പ്രവർത്തനത്തിൽ പങ്കാളികളാവുക എന്നതിന് തുല്യമാണ് എന്ന ബോധം ജനങ്ങളിലെത്തിക്കണം. ഈ വർഷത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് വേണ്ടി വാർഡു വികസനസമിതികളുടെ ശ്രദ്ധയുണ്ടാകണം.

വികസനപ്രവർത്തനങ്ങൾ എല്ലാം സർക്കാർ ഏറ്റെടുക്കണം എന്ന ജനങ്ങളുടെ സ്ഥിതി മാറണം. ഓരോ ഗ്രാമസഭകളിലും ഉയർന്നുവന്ന വികസന പ്രവർത്തനത്തിന് 50% മനുഷ്യാദ്ധ്വാനം സ്വരൂപിക്കാൻ നമുക്കു കഴിയണം. എങ്കിലേ നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. ഇതിലൂടെ ജനങ്ങളുടെ കൂട്ടായ്മ സഹകരണവും വികസന പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിക്കാനും കഴിയും.

9. പഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കുക. നികുതികൾ ഫീസുകൾ എന്നിവ പിരിക്കുന്ന കൂട്ടത്തിൽ ഒരു ചെറിയൊരു തുക കൂടി ശേഖരിച്ചു ഈ നിധിക്ക് പണം കണ്ടെത്താം. ഇങ്ങനെ സ്വരൂപിക്കുന്ന നിധിയിൽ നിന്നും, മാരകരോഗം പിടിപെട്ടു കിടക്കുന്ന നിർദ്ദനരായ കുടുംബങ്ങളേയും, വെള്ളപ്പൊക്കം, കാലവർഷക്കെടുതി, ഇടിമിന്നൽ, തീപ്പിടുത്തം എന്നിവയ്ക്ക് ഇരയാവുന്ന കുടുംബങ്ങളെയും സഹായിക്കാം.
10. റൂറൽ ഡവലപ്മെന്റ് ബോർഡിന്റെ സഹായത്താൽ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ, കോട്ടത്തറ, വെണ്ണിയോട് എന്നീ സ്ഥലങ്ങളിൽ ഷോപ്പിങ്ങ് കോപ്ലക്സ് സ്ഥാപിക്കുക.
11. കാർഷിക തൊഴിൽ നികുതി നാലര ഹെക്ടറിനു മുകളിൽ ഭൂമിയുള്ള ഭൂവുടമകൾക്ക് ചുമത്തുക.
12. പഞ്ചായത്തിന്റെ സ്വന്തമായ ഭൂമി അളന്ന് തിട്ടപ്പെടുത്തി വേലികെട്ടി സംരക്ഷിക്കുക.

ഉപസംഹാരം

വയനാട് ജില്ലയിലെ അവികസിത പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. കർഷകരും കൂലിത്തൊഴിലാളികളുമാണ് ജനങ്ങളിലധികവും. ചരിത്രപ്രാധാന്യവും സാംസ്കാരിക പശ്ചാത്തലവും അവകാശപ്പെടാവുന്ന പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ആശാവഹമല്ല. വരുമാനമാർഗം കെട്ടിട- തൊഴിൽ നികുതികളിലൊതുങ്ങുന്നു. വരവും ഭരണ ചെലവും പരസ്പരം പൊരുത്തപ്പെടുത്താനാകാറില്ല.

നിലവുലുള്ള സാഹചര്യകത്തിൽ പൊതുജനസഹകരണത്തോടെ സ്ഥിതിഗതികൾ മെച്ചപ്പെടുത്താനുള്ള ശ്രമമാണ് ബോർഡ് നടത്തുന്നത്. സർക്കാറിന്റെ പുതിയ വികസന പദ്ധതികൾ ഇതിന് ആക്കം കൂട്ടുമെന്ന് കരുതുന്നു. പരിചരണവും പ്രോത്സാഹനവും ആവശ്യപ്പെടുന്ന മേഖലകൾ ഒട്ടേറെയാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്ത് ആ മേഖലയുടെ വികസനത്തിനായി കൂടുതൽ പണം മുടക്കേണ്ടതുണ്ട്. സ്കൂളുകൾക്ക് അടിസ്ഥാന ഭൗതികസാഹചര്യങ്ങളെങ്കിലും ഒരുക്കിക്കൊടുക്കുവാൻ നമുക്ക് കഴിയണം. വിദ്യാഭ്യാസ മേഖലയിലെ ജനകീയ ഇടപാടിൽ ആ മേഖലയുടെ വികസനത്തെ ത്വരിതപ്പെടുത്തും. PTA മാതൃസംഗമം എന്നിവ ഓരോ കലാലയത്തിലും സജീവമായി പ്രവർത്തിക്കണം. പഞ്ചായത്ത് തലത്തിൽ പ്രഗത്ഭരടങ്ങിയ ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കപ്പെടണം. D.P.E.P. യുടെ വില്ലേജ് എഡ്യുക്കേഷൻ കമ്മറ്റികൾ സജീവമാക്കണം. കോട്ടത്തറ G.V.P. പരിസരത്ത് ഉടനെ ഉദ്ഘാടനം ചെയ്യപ്പെടുന്ന ക്ലസ്റ്റർ റിസോഴ്സ് സെന്റർ അദ്ധ്യാപക പരിശീലനത്തിനും വിദ്യാഭ്യാസ ചർച്ചകൾക്കും വേദിയായിത്തീരും.

അവശതയനുഭവിക്കുന്ന ദളിത് ജനവിഭാഗത്തിന്റെ പ്രശ്നമാണ് പരിഗണിക്കപ്പെടേണ്ട മറ്റൊരു കാര്യം. പഞ്ചായത്തിന്റെ പ്രസിഡണ്ട് പദവിതന്നെ ആ വിഭാഗത്തിന് സംവരണം ചെയ്യപ്പെട്ടതിൽ നിന്ന് പ്രസ്തുത വിഭാഗത്തിന് നൽകേണ്ട പരിഗണനയുടെ പ്രാധാന്യം വ്യക്തമാകുമല്ലോ. ആദിവാസികളുടേയും പിന്നോക്ക വിഭാഗങ്ങളുടെയും ഉന്നമനത്തിനായി നൽകുന്ന ഗവൺമെന്റ് ഫണ്ടുകൾ അവകാശികളുടെ പക്കൽ എത്തിച്ചേരുന്നില്ല എന്ന പരാതി നിലവിലുണ്ട്. അടിസ്ഥാന വർഗ്ഗത്തിന്റെ ഉന്നമനത്തിനായി ചെലവിടുന്ന തുകയത്രയും അർഹരുടെ കൈകളിലെത്തിക്കുന്നതിന് ശ്രമം വേണ്ടിയിരിക്കുന്നു.

കാലവർഷക്കെടുതികളാണ് മറ്റൊന്ന് മഴക്കാലം നമ്മുടെ പുഴകളും വയലുകളും നിറഞ്ഞ് കവിയുന്നു. വെള്ളത്താൽ ചുറ്റപ്പെട്ട പല കുന്നുകളും മഴക്കാലത്ത് ഒറ്റപ്പെട്ടുപോവുക ഇവിടെ പതിവാണ്. ആവശ്യമുള്ള പ്രദേശങ്ങളിലൊക്കെ പാലങ്ങൾ നിർമ്മിക്കാൻ നമുക്കായിട്ടില്ല. വീട്ടിയേരിയിലും മെച്ചനയിലും പുഴക്ക് കുറുകെ കെട്ടിയിട്ടുള്ള തൂക്കുപാലങ്ങളിലൂടെയുള്ള യാത്ര ദുസ്സഹമാണ്. വർഷകാലത്ത് ഒട്ടേറെ പേർ നമ്മുടെ പുഴയിൽ വീണ് മരിക്കാനിടയായിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിലൊക്കെ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ ഇനിയും വൈകിക്കൂടാ.

വേണ്ടത്ര യുവജന സഞ്ചയനവും പ്രകൃതിവിഭവങ്ങളും നമുക്കുണ്ടെങ്കിലും അത് രണ്ടും സമർത്ഥമായി ഉപയോഗപ്പെടുത്തി തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയുന്നില്ല. ഈ ജനസംഖ്യയിൽ സ്ത്രീപു

രഷന്മാർ എതാണ്ട് തുല്യരാണിവിടെ. സ്ത്രീകളുടെ കർമ്മശേഷി പ്രയോജനപ്പെടുത്താനും അവർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയുന്ന വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ കുറവാണെന്ന് ആ മേഖലയിൽ പഠനം നടത്തിയ കോർ ഗ്രൂപ്പ് റിപ്പോർട്ട് തന്നിരിക്കുന്നു. അതിനാൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലും സ്ത്രീകളെ സമൂഹത്തിന്റെ പൊതു ധാരയിലേക്ക് കൊണ്ടുവരുന്നതിനും ആസൂത്രണ ശ്രമങ്ങൾ വേണം.

ജലസേചനം, കുടിവെള്ള പ്രശ്നം, കൃഷി, വ്യവസായം, ആരോഗ്യം എന്നീ മേഖലകളിൽ നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അതാത് കോർ ഗ്രൂപ്പുകൾ തയ്യാറാക്കിയ ഗഹനമായ പഠനങ്ങൾ മുൻതാളുകളിലുണ്ട്. ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ച പോലെ പഞ്ചായത്തിന് സാമ്പത്തികമായി പരിമിതികൾ ഉണ്ട്. ജനങ്ങളുടെ അവസരോചിതമായ ഇടപെടലും സഹായവും ഉറപ്പുവരുത്താനായാൽ ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാനാവുമെന്നാണ് ബോർഡിന്റെ വിലയിരുത്തൽ. കല്യാശ്ശേരി, വള്ളിക്കുന്ന് തുടങ്ങിയ പഞ്ചായത്തുകൾ നമുക്ക് മാതൃകയാണ്. പുനരർപ്പണ ദിനത്തോടനുബന്ധിച്ച് ലക്ഷങ്ങൾ വിലയിടാവുന്ന പ്രവൃത്തികൾ നമ്മുടെ പഞ്ചായത്തിൽ തുടങ്ങിക്കഴിഞ്ഞു.

ഗതാഗത സൗകര്യത്തിന്റെ കാര്യത്തിലും നമ്മുടെ പഞ്ചായത്ത് പിന്നിലാണ്. പഞ്ചായത്ത് ആസ്ഥാനമായ വെണ്ണിയോട്ടേക്ക് പോലും ആകെ 3 ബസ്സുകളാണ് ഉള്ളത്. കൂടുതൽ K.S.R.T.C. ബസ്സുകളനുവദിക്കാൻ അധികൃതർ തയ്യാറാവേണ്ടതാണ്.

ഈ വികസന രേഖയുടെ അവസാനതാളുകളിലൂടെ നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളെപറ്റി ഒരോട്ടപ്രദക്ഷിണം മാത്രമാണ് ഞാൻ നടത്തിയത്. പുതിയ പഞ്ചായത്ത് നിയമം വന്നതിന് ശേഷം രൂപീകരിക്കപ്പെട്ട പ്രഥമ ബോർഡാണിത്. അധികാര കൈമാറ്റത്തെ സംബന്ധിച്ച പല നിയമങ്ങളും രൂപീകരിക്കപ്പെട്ട് വരുന്നതേയുള്ളു. മെമ്പർമാരിൽ പലരും പുതുമുഖക്കാരാണ്. ഈ അവസരത്തിൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി ഈ പഞ്ചായത്തിലെ സർവ്വരുടേയും സഹകരണവും സഹായവും ഞാൻ ആവശ്യപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനം മുന്നിൽ കണ്ട് ഒട്ടേറെ പേർ രാപകൽ കഷ്ടപ്പെട്ട് തയ്യാറാക്കിയ വികസന രേഖയാണ് നിങ്ങളുടെ കൈകളിലുള്ളത്. ഗവേഷകരോ പണ്ഡിതരോ അല്ല ഇതിന് പിന്നിൽ. സ്വാഭാവികമായി ന്യൂനതകൾ കണ്ടേക്കാം. അഭിപ്രായങ്ങൾക്കും വിമർശനങ്ങൾക്കും ഇതിന്റെ പ്രതി ഉപയോഗപ്പെടുത്തുക. അങ്ങനെ ഇത് നമ്മുടെ നാടിന്റെ വികസനത്തിനുള്ള മാർഗരേഖയാകട്ടെ. ഈ രേഖ തയ്യാറാക്കുന്നതിന് സഹായിച്ചവർ ഒട്ടേറെയാണ്. എഞ്ചിനിയർമാർ, വ്യവസായികൾ, അദ്ധ്യാപകർ, പഴമക്കാർ, കർഷകർ, സർക്കാർ ഉദ്യോഗസ്ഥർ ..... എല്ലാവർക്കും ഞാൻ പഞ്ചായത്തിന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. പഞ്ചായത്തിന്റെ വികസനത്തിനായി എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന രേഖ ഇവിടെ ഉപസംഹരിക്കുന്നു.

വി.സി. അച്ചപ്പൻ
പ്രസിഡണ്ട്
കോട്ടത്തറ ഗ്രാമ പഞ്ചായത്ത്.

1. കൃഷി, ജലസേചനം, മത്സ്യബന്ധനം, മൃഗ പരിപാലനം

വി.സി. അച്ചപ്പൻ (ചെയർമാൻ)

അനൂപ് (കൃഷി ഓഫീസർ കോട്ടത്തറ)

എം. വേലായുധൻ

വി.എസ്. സ്കറിയ (കൃഷി അസിസ്റ്റന്റ്)

സി.എച്ച്. സുപ്പി

സ്കറിയ മനയത്തുശേരി

കെ. അബ്ദുള്ള

പി.കെ. ജോണി.

ജോസഫ് കടമല

2. വിദ്യാഭ്യാസം- സംസ്കാരം

പി.കെ. രാജൻ (ചെയർമാൻ)

എം. യൂസഫ് (കൺവീനർ)

മധുമാസ്റ്റർ

കെ.കെ. രാമകൃഷ്ണൻ

ടി. അബ്ദുൾ ഗഫൂർ

സി. ഭാസ്കരൻ

3. ആരോഗ്യം, കുടിവെള്ളം, പരിസരശു ചിത്വം

വി.ജെ. ദേവസ്യ (ചെയർമാൻ)

യു.എൻ. സുധാകരൻ (കൺവീനർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ)

ടി. അബ്ദുള്ള

കെ. പി. കുഞ്ഞികൃഷ്ണൻ

കെ.ജെ. ഫ്രാൻസിസ്

പി.ഡി. ജോയി.

ഒ. എസ്. സുരേഷ്ബാബു

4. വ്യവസായം, ഗതാഗതം, ഊർജ്ജം

വി.ജെ. ജോസ് (ചെയർമാൻ)

എ.കെ. രാജേഷ് (കൺവീനർ, സബ് എഞ്ചിനിയർ KSEB)

ഇ. ബാലകൃഷ്ണൻ

കെ.സി. സജി

പി.കെ. ഗോപി.

ടി. ഇബ്രാഹിം

ഇ. ചന്ദ്രശേഖരൻ നായർ

ടി.യു. ജോസഫ്

കെ.ജി. ബിനു.

5. ഭവന നിർമ്മാണം

പി. കുഞ്ഞബ്ദുള്ള (ചെയർമാൻ)

അപ്പു (കൺവീനർ VEO കോട്ടത്തറ)

പി. കൃഷ്ണദാസ്

കെ.യു. മാത്തുക്കുട്ടി.

റോസമ്മച്ചാക്കോ

കെ.എ. സലീം.

വി.വിജയകുമാർ

ഇ.എഫ്. ജോണി.

വി.പി. ശങ്കരൻ

സി. പ്രദീപ്

കെ.ശിവശങ്കരൻ

6. സാമൂഹ്യക്ഷേമം, വനിത

ജലജ രാമചന്ദ്രൻ (ചെയർമാൻ)

നാരായണൻ നായർ (കൺവീനർ, വില്ലേജ് ഓഫീസർ)

വി.ഡി. രാജു

ഒ. ജെ. മാത്യു

പി.വി. ഗീത

സി. പത്മ

എം. രമാദേവി

കൃഷ്ണൻകുട്ടി

ധനലക്ഷ്മി

ഏലിക്കുട്ടി

കെ.എം. ആലി

7. സഹകരണം – വിഭവ സമാഹരണം

ബ്രിജീത്താ കാര്യാക്കോസ് (ചെയർമാൻ)

കെ.എം. നാരായണൻ നായർ (കൺവീനർ)

എം.പി. രാജേന്ദ്രൻ

കെ. എസ്തഫാൻ

എം. മധു

എം. ഹരിദാസൻ

ഡോ. പി. കുമാരൻ

ഇ.എം. വർക്കി

എം. കുഞ്ഞമ്മദ്

8. പട്ടികജാതി– പട്ടിക വർഗ്ഗക്ഷേമം

എ.കെ. ലക്ഷ്മിക്കുട്ടി (ചെയർമാൻ)

കെ. എ. വെള്ളൻ (കൺവീനർ)

കെ.യു. ഭാസ്കരൻ

എം. ആനന്ദകുമാർ

ഓ. രാഘവൻ

കെ. ബൽറാം

ടി.ജി. ശങ്കരൻ

ഇ.കെ. ശ്രീധരൻ

ദാമോദരൻ തോടുംപാടി

9. ചരിത്രം

വി.ഡി. തോമസ് (ചെയർമാൻ)

വി.എസ്. ശങ്കുണ്ണി (കൺവീനർ)

വി.കെ. ശ്രീധരൻ

കെ. ചന്തുക്കുറുപ്പ് മാസ്റ്റർ

വി.കെ. കണാരൻ നായർ

എം. ഗോപാലൻ മാസ്റ്റർ

എൻ.ടി. ശേഖരൻ നായർ


വയനാട് ജില്ല

കോട്ടത്തറ ഗ്രാമപഞ്ചായത്ത്